240340

# ദവററിലെ ഒയന്നാമൻ

(നോവൽ)

പി. ഗോപാലപിള്ള

# ചോറ്റിലെ ചെന്താമര

(നോവൽ)

240340

പി. ഗോപാലപിള്ള

Sm 8864
A 3371

വിതരണം:

**പരിഷത്ത് ബുക്സ്റ്റാൾ, എറണാകുളം.**

വില 2-50.

# പ്രസ്താവന

പ്രസിദ്ധന്മാർക്കു പ്രസ്താവനവേണ്ടാ. അജ്ഞാതനായ എന്നെ തന്നത്താൻ ഒന്നു കൊട്ടിയറിയിക്കാനാണു് ഈ പ്രസ്താവന.

അഞ്ചു കൊല്ലങ്ങൾക്കു മുമ്പു ഞാൻ സർക്കാർ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു. ആയിടക്കു "വിജയനും ജയനും" എന്നൊരു കഥയെഴുതി. "എൻ. ബി. എസ്സ്"കാരാണു് അതു പ്രസിദ്ധപ്പെടുത്തി വില്പന നടത്തുന്നതു. ജനസാമാന്യം ആ ആഖ്യായികയോടു വാത്സല്യപൂർവ്വം പെരുമാറിയതു കൊണ്ടു എൻെറ സഭാകമ്പം അല്പംമാറിയിട്ടുണ്ടു്

ഇതു രണ്ടാമത്തെ കൃതിയാണു്. വായിച്ചിട്ടുള്ള ആഖ്യായികകളിലെ ചില രംഗങ്ങളും മനോധർമ്മവും കൂട്ടിയിണക്കി രൂപീകരിച്ചതാണു് ഈ കഥ. ആദ്യസന്താനത്തോടുള്ള വാത്സല്യം ഇതിനോടും സഹൃദയലോകം കാണിക്കുമെന്നാണു് എൻെറ പ്രതീക്ഷ.

വർണ്ണശബളമായ സുരഭിലകസുമങ്ങൾ കൊണ്ടു നിരവധി അനുഗൃഹീത കലാകാരന്മാർ കൈരളിയെ പൂജിക്കുന്ന മഹാക്ഷേത്രത്തിൽ കുറെ തൊട്ടാവാടിപ്പൂവുമായി പ്രവേശിക്കുന്നതു് സാഹസമാണെന്നു് എനിക്കറിയാം. ദേവിയെ പൂജിക്കാൻ യാതൊരു വിധമായ യോഗ്യതയും എനിക്കില്ലാ. മാതാവിനെക്കുറിച്ചു അല്പം ഭക്തിയുണ്ടെന്നു മാത്രം പറയാം.

ഒരു സാഹിത്യകാരനാകണമെന്നുള്ള മോഹം എനിക്കില്ലാ. വാർദ്ധക്യത്തിലേക്കു കാലൂന്നിയശേഷം പേനയെടുക്കുന്ന ഞാൻ ഇനി സാഹിത്യകാരനായി ത്തീരാൻ സാദ്ധ്യതയില്ലാ.

പിന്നെ എന്തിനാണു് എഴുതാൻ തുനിഞ്ഞതു്? വിശ്രമം കൊള്ളാമായിരുന്നില്ലേ? എന്നുള്ള ചോദ്യങ്ങൾ ഉണ്ടാകാം. വാസ്തവം പറയുകയാണെങ്കിൽ, അനദ്ധ്യായ കാലത്തു വല്ലതും കുത്തിക്കുറിച്ചു സമയം ചിലവഴിക്കാമെന്നു വിചാരിച്ചുപോയി എന്നേ സമാധാനം കാണുന്നുള്ളു.

അടുത്ത കാലങ്ങളിൽ മിന്നിത്തിളങ്ങാൻ തുടങ്ങിയിട്ടുള്ള സാഹിത്യതാരങ്ങളുടെ പുതിയ പ്രസ്ഥാനങ്ങളും പ്രയോഗകൌശലവും, കലാചാതുരിയും, നാനാമുഖമായി ഉയർന്നു പരന്നു പോകുന്ന സങ്കല്പശക്തികളും, സുന്ദരശൈലിയും, എന്നെ പുളകം കൊള്ളിക്കുന്നുണ്ടു്. വിദഗ്ദ്ധ ചിത്രകാരന്മാരെ അമ്പരപ്പിക്കുന്ന അത്ഭുത ചിത്രങ്ങൾ അവർ തൂലികാഗ്രത്താൽ രചിക്കുന്നു. അവർ നിർമ്മിക്കുന്ന പ്രകൃതിചിത്രങ്ങളുടെ മനോഹാരിത പ്രകൃതിദേവിയെ അസൂയപ്പെടുത്തുന്നു. ജനഹൃദയങ്ങളുടെ നിഗൂഢതലങ്ങളിൽ മൂകമായി കിടക്കുന്ന വീണക്കമ്പികൾ അവർ മൃദുവായി സ്പർശിച്ചു സാന്ദ്രമധുരമായ സംഗീതം ഉളവാക്കുന്നു. സാമാന്യ മനുഷ്യരുടെ സുഖദുഃഖങ്ങൾ—ജീവിതഗതികൾ—വിചാര വികാരങ്ങൾ—സംഭാഷണശൈലി—മുതലായവ വിസ്മയാവഹമായവിധം ചിത്രീകരിച്ചു ഹൃദയങ്ങളെ തുടിപ്പിക്കുന്നു. അവരുടെ സജീവ സൃഷ്ടികൾ സ്ഥാനഭേദങ്ങളെയും, പ്രായഭേദങ്ങളെയും, പ്രകൃത വ്യത്യാസ

ങ്ങളെയും അതിക്രമിച്ചു. സകലരേയും സുഖിപ്പിക്കുന്നു, ചിരിപ്പിക്കുന്നു, കരയിപ്പിക്കുന്നു.

മററൊരു പ്രത്യേക വിശേഷംകൂടി അവർക്കുണ്ടു്. ജീവിത വൈവിദ്ധ്യങ്ങളെ പ്രകൃതിയിലേക്കു ഉദാസിക്കുന്നു. ആ പ്രകൃതിയെ പശ്ചാത്തലമാക്കിയിട്ടു, സംഭവങ്ങളുടെയും, വികാരങ്ങളുടെയും ചിത്രമെഴുതുന്നു. അങ്ങിനെ പ്രകൃതിഭാവങ്ങളും മനുഷ്യൻെറ അവസ്ഥകളും അനുരജ്ഞിപ്പിച്ചു കൊണ്ടുപോകുന്നതു കൊണ്ടു് കലാസൃഷ്ടിക്കു കൂടുതൽ തിളക്കവും ഓജസ്സും ലഭിക്കുന്നു.

സൈര്യമായി അവർ നിലകൊള്ളുന്ന ഉപരിതലങ്ങളിലേക്കു ആശ്ചര്യപൂർവ്വം നോക്കിനില്ക്കാനെ ഈയുള്ളവർക്കു കഴിവുള്ളു.

സാഹിത്യപരിശ്രമികൾ സഹകരിച്ചു, മേലേക്കുമേലെ അനേകം എടുപ്പുകളും, മുറികളുമുള്ള ഒരു രമ്യഹർമ്മ്യം കൈരളീദേവിക്കായി ഉണ്ടാക്കിയിട്ടുണ്ടെന്നു വിചാരിക്കുക. ഒന്നാംകിട സാഹിത്യകൃതികൾ ഏററവും മുകൾ ഭാഗത്തെ മുറികളും, മട്ടുപ്പാവുകളും ആകുന്നതാണു്. ശേഷം കൃതികൾ അവയുടെ നിലയും വിലയുമനുസരിച്ചു, ആ ഉത്തുംഗനിലയനത്തിൻെറ ഓരോ ഭാഗങ്ങളാകും. ഏററവും താഴെയാണെല്ലാ നടക്കല്ലുകൾ. ചവുട്ടിക്കേറാനുള്ളവയാണെങ്കിലും അവയും കെട്ടിടത്തിൻെറ അംശങ്ങൾ തന്നെ. ഒരു നടക്കല്ലായിട്ടെങ്കിലും, ഈ കൃതി ഭവിച്ചാൽ ഭാഗ്യമായി.

സുന്ദരമായ ഒരു ശൈലി കൈവരാൻ എളുപ്പമല്ലാ. അനുഗ്രഹീതരായ അപൂർവ്വം ചിലർക്കു മാത്രമാണു് ഇതു സ്വാധീനമുള്ളതു്. എൻെറ ശൈലിയും, സമ്പ്രദായങ്ങളും, ഒരു പഴഞ്ചൻ പോക്കാണു്. പാത്ര

സൃഷ്ടിയിലും, ഭാഷാപ്രയോഗത്തിലും, പല പിശകുകളും അഭംഗികളും ഈ കൃതിയിൽ കണ്ടേക്കാം. സഹൃദയന്മാർദയാ ദൃഷ്ടിയോടുകൂടി വീക്ഷിച്ചാൽ എനിക്കു സമാധാനമായി.

കഥയിലെ ചില സംഭവങ്ങൾ അസംഭാവ്യങ്ങളെന്നു തള്ളത്തക്കതല്ലാ. അസാധാരണതകൾ എന്തെല്ലാം ഈ ലോകത്തിൽ സംഭവിക്കുന്നു. ജീവിതത്തിൽ ഉച്ചനീചതത്വങ്ങൾ സംഭവിക്കാമെന്നും, അധഃപതനം കൊണ്ടു നിരാശപ്പെടാനില്ലെന്നും, തട്ടിപ്പിടഞ്ഞെഴുനേററു മേല്പോട്ടുകയറാൻ സാദ്ധ്യമാണെന്നും, ഏററവും നികൃഷ്ടനെന്നു കരുതുന്ന പാപിഷ്ഠനു, പുണ്യവാളനായി ഉച്ചക്കോടിയിലേക്കുയരാൻ സാദ്ധ്യതയുണ്ടെന്നും മററുമുള്ള യഥാർത്ഥങ്ങളാണു് കഥയുടെ സാരാംശങ്ങൾ.

ഒരു നോവലിൻെറയൊ, ആഖ്യായികയുടെയൊ വിശദലക്ഷണങ്ങൾ ഇതിനുണ്ടാകുമൊ എന്നു ഞാൻ സംശയിക്കുന്നു. ആ ലക്ഷണങ്ങളെല്ലാം വരുത്തികൂട്ടണമെന്നു മനഃപൂർവ്വം വിചാരിച്ചിട്ടുമില്ലാ. മനോധർമ്മമനുസരിച്ചു ഒരു കഥ എഴുതിക്കൊണ്ടുപോയി എന്നേ പറയാനുള്ളൂ.

പ്രത്യക്ഷത്തിൽ തന്നെ ഈ കൃതിക്കു സാരമായ ഒരു കുറവുണ്ടു്. ഇതിൽ ഫലിതം ഇല്ലെന്നു കാണാം. ഫലിതം പ്രയോഗിക്കുന്നതിനു എനിക്കു വിരുതുമില്ല.

ഇതിൽ അവിടവിടെയായും, ഒടുവിലത്തെ അദ്ധ്യായങ്ങളിലും കുറെ വേദാന്തതത്വങ്ങൾ വിതറിയിട്ടുണ്ടു്. അവ മുഷിപ്പനും, അരോചകവുമെന്നു തോന്നുന്നവർക്കു, ആ ഭാഗങ്ങൾ തള്ളി മുന്നോട്ടു പോകാം.

എന്നാൽ ആത്മജിജ്ഞാസുക്കളുടെ, ചിന്തകൾ ഇള
ക്കിവിടാനുള്ള വക വല്ലതും കണ്ടേക്കുമെന്നാണ്, എ
നിക്കു തോന്നുന്നതു്.

അച്ചടിപ്പിശകുകൾ അല്പാൽപം സംഭവിച്ചിട്ടു
ണ്ടെന്നു സമ്മതിക്കുന്നു. പുസ്തകം അച്ചടിച്ചുതരാൻ ഉ
ത്സാഹിച്ച എൻെറ മാന്യസഹോദരൻ ശ്രീ. മജീദുമര
യ്ക്കാർ അവർകളോടും "ദി ന്യൂ പ്രിൻറിംഗ് ഹൗസ്"
കാരോടും എനിക്കു നന്ദിയും, സ്നേഹവുമുണ്ട്.

എൻെറ സൽഗുരുദേവൻെറ തൃപ്പാദങ്ങളിൽ ഈ
കൃതി സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ-

പി. ഗോപാലപിള്ള
"കാർത്തികേശപുരം"
പെരുമ്പാവൂർ
കേരളാസ്റ്റേററ്.

Printed at "The New Printing House" Perumbavoor.

# ചേററിലെ ചെന്താമര

## I

ചേററിലുണ്ടാകുന്ന ചെന്താമരപ്പൂക്കളിൽ ചിലവക്കു, പൂജാപുഷ്പങ്ങളാകാനും, മഹാക്ഷേത്രങ്ങളിലെ ദിവ്യവിഗ്രഹങ്ങളിൽ ചെന്നുപററാനും, യോഗം ലഭിക്കുന്നുണ്ട്. പങ്കത്തിൽ ജനിച്ചു, പങ്കത്തിൽ വളന്നു, മലിനമായി ഭവിച്ച ഈ പങ്കജത്തിൻെറ ജീവിതത്തിനു അവയോടു ഏതാണ്ടു സാദൃശ്യമുണ്ടെന്നു തോന്നുന്നു.

മനുഷ്യൻ പരിസരങ്ങളെ സൃഷ്ടിക്കുന്നോ, അതൊ, പരിസരങ്ങൾ മനുഷ്യനെ ഭാഷപ്പെടുത്തുന്നോ, എന്നുള്ളതു ഇന്നും വാദവിഷയമായിട്ടാണ് കിടക്കുന്നതു്. പരിസരങ്ങളെ അതിക്രമിച്ചു്, അതിജീവിച്ചു, അസാധാരണ വ്യക്തികൾ അസുലഭമായിട്ടെങ്കിലും, ഉണ്ടായിട്ടുണ്ടു്. എന്നാൽ നൂററിനു തൊണ്ണൂറെറാൻപതേമുക്കാലെ അരയ്ക്കാലും, പരിസരങ്ങൾക്കു വിധേയരായിട്ടാണ് കാണുന്നതു്. എൻെറ ജീവചരിത്രം പരിസരങ്ങൾക്കുള്ള പ്രാബല്യത്തെ ദൃഷ്ടാന്തീകരിക്കാൻ ഒരു മകുടോദാഹരണമാണു്.

പിംഗള—മദലനമറിയം—വാസവദത്ത-മുതൽ പേരുടെ പട്ടികയിൽ ചേന്നവളാണ് ഞാൻ. ആയുഷ്ക്കാലത്തിൽ പകുതിയിലധികവും ഹീനമായിരുന്നെങ്കിലും, പൂർവ്വസുകൃതംകൊണ്ടും, സർവ്വോപരി സർവ്വേശ്വരൻെറ കാരുണ്യാതിരേകംകൊണ്ടും, ജീവിതത്തി

ന്റെ യഥാർത്ഥലക്ഷ്യം എന്തെന്നറിവാനും ധർമ്മപഥത്തിൽ ചരിക്കാനും ഇവൾക്കു ഭാഗ്യമുണ്ടായി.

വെറും ഏഴയായ ഇവളുടെ മലിനചരിതം ലോകസമക്ഷം അവതരിപ്പിക്കാൻ തുടങ്ങുന്നതു് അതിസാഹസവും, അധികപ്രസംഗവും ആണെന്നു തോന്നിയേക്കാം. എന്നെപ്പോലെയുള്ള ഏഴകൾക്കു, ഞാൻ അഭിമുഖീകരിക്കേണ്ടി വന്നതുപോലെയുള്ള പ്രലോഭനങ്ങളിൽ നിന്നും, അപകടങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി രക്ഷപ്പെടാനും, ജീവിതം വഴുതിപ്പോകാതിരിക്കാനും, യഥാർത്ഥജീവിതലക്ഷ്യം മുൻനിറുത്തി ജീവിക്കാനും; ഒരുപക്ഷേ എന്റെ ശോകചരിതം പ്രയോജനപ്പെട്ടേക്കാം ഇതാണു് ഈ സാഹസത്തിനുള്ള സമാധാനം.

ഈ ദുർബ്ബലയെ ദയാദൃഷ്ടിയോടും, സാഹോദര്യബുദ്ധിയോടും കരുതിക്കൊള്ളണമെന്നു്, ലോകത്തോടു കൂപ്പുകൈകളോടെ പ്രാർത്ഥിച്ചുകൊള്ളുന്നു.

പീഠിക കൂടുതൽ നീട്ടാതെ എന്റെ ജീവിതകഥ ആരംഭിക്കട്ടെ.

## II

“തിരുച്ചന്തൂർ” എന്ന സ്ഥലത്തെക്കുറിച്ചു കേട്ടിരിക്കുമല്ലോ അവിടെ നിന്നും നാലുമൈൽ വടക്കു പടിഞ്ഞാറുള്ള ഒരു കുഗ്രാമത്തിലാണു് എന്റെ ജനനം. വെറും ഒരു നാട്ടിൻപുറം. പ്രകൃതിദേവിയുടെ കേളീരംഗമാണു് അവിടം. വൃക്ഷങ്ങളും സസ്യങ്ങളും നിറഞ്ഞ കുന്നുകൾ, ഫലസമൃദ്ധമായ സമതലങ്ങൾ, മരതകഛവി വീശുന്ന പാടങ്ങൾ, പാട്ടുപാടിക്കൊണ്ടു പായുന്ന ശ്യാമളനിറം പൂണ്ട അരുവികൾ, താമരപ്പൊയ്കകൾ മുതലായവ ഉള്ളഴിഞ്ഞു പ്രകൃതി പ്രസാദിച്ച എ

ന്നുള്ളതിനു സാക്ഷ്യങ്ങളാണ് പുൽമേഞ്ഞ അനേകം വീടുകളും, ഇടയ്ക്കിടെ ചെറിയ കോവിലുകളും, ആ ദേശത്തു കാണാം.

എൻെറ മാതാമഹി പേരും പെരുമയും പൂണ്ട ഒരു ദേവദാസിയായിരുന്നു എന്നു കേട്ടുകേൾവിയുണ്ട്. ഉദ്ഗന്ധം പേറുന്ന ആ തൊഴിലിൽ എൻെറ അമ്മ സ്വമാതാവിനെ അനുഗമിച്ചില്ല. ആ ദേശത്തുകാർ അമ്മയെ അസാധാരണ ലാവണ്യധാമമെന്നു വാഴ്ത്താറുണ്ടായിരുന്നു യൌവ്വനത്തിൽ പ്രവേശിച്ചതിനു ശേഷം ചില കാമുകഭൃംഗങ്ങൾ ആ യുവതിയെ ചൂഴം വച്ചു എന്നും, ചില പ്രേമനാടകങ്ങൾ നടന്നു എന്നും ജനങ്ങൾ പറഞ്ഞിട്ടുണ്ട്. മാതാവിൻെറ 24–ാമത്തെ വയസ്സിൽ, ഒരു വർത്തകപ്രമാണി അവരെ ഭാര്യയാക്കി തിരുനൽവേലിക്ക് കൊണ്ടുപോന്നു.

അമ്മ ആകെ മൂന്നു പ്രസവിച്ചു. പ്രസവത്തിനെല്ലാം അവർ ഗ്രാമത്തിലേക്കു പോരികയായിരുന്നു. രണ്ടു ജ്യേഷ്ഠന്മാർ ഉണ്ടായശേഷം പത്തുകൊല്ലം കഴിഞ്ഞാണ് ഞാൻ ജനിച്ചതു്. ഒടുവിലത്തേതായതുകൊണ്ട്, എന്നെ വയറുകഴുകി പെററതാണെന്നു പറയാം. എനിക്കു 6 മാസം പ്രായമുള്ളപ്പോൾ അമ്മ ചരമമടഞ്ഞു. അന്നു 55 വയസ്സുണ്ടായിരുന്ന അച്ഛൻ പിന്നീടു വിവാഹം കഴിച്ചില്ല.

പ്രധാന നിരത്തിൽ, അകത്തോട്ടു മാറിയ ഒരു ഊക്കൻ ശ്രാമ്പിയിലായിരുന്നു ഞങ്ങളുടെ താമസം. നിരത്തിനെതൊട്ടു അച്ഛൻെറ കടകളും, ഒരു നീളൻ പണ്ടകശാലയും സ്ഥിതിചെയ്തു.

5 വയസ്സുവരെ ആയകളെ ഏർപ്പെടുത്തി അച്ഛൻ എന്നെ വളർത്തി. പിന്നീടു ഗ്രാമത്തിലുള്ള അമ്മയു

ടെ സ്ഥലത്തേക്കു അയച്ചു. അവിടെ മാതാമഹിയും, മററു സ്ത്രീജനങ്ങളും ഉണ്ടായിരുന്നു. എൻെറ ബാല്യ കാലം മിക്കവാറും നാട്ടിൻപുറത്താണ് കഴിഞ്ഞത്. ആ കാലം ജീവിതത്തിൽ ഏററവും ആനന്ദസന്ദായക മായിട്ടു തോന്നുന്നു. കുന്നിൻപുറങ്ങളിലും, താമര പ്പൊയ്കകളുടെയും അരുവികളുടെയും സമീപങ്ങളിലും, അലഞ്ഞുതിരിഞ്ഞു, പ്രകൃതിയുടെ അകൃത്രിമ രാമണീ യതകളോടു അലിഞ്ഞുചേർന്നു. "കാട്ടുപൂങ്കുയിൽ പോല യെപ്പോലെ പാട്ടുപാടുന്ന ജീവിതം" നയിച്ചു. ഹാ! ആ സൌവർണ്ണദിനങ്ങളും ഹൃദയത്തുടിപ്പുകളും, പൊൻ കിനാവുകളും..... ...

7 വയസ്സിനുശേഷം ഗ്രാമവിദ്യാലയത്തിലും, അ ന്യ ഉപാദ്ധ്യായന്മാരുടെ കീഴിലും, എൻെറ വിദ്യാ ഭ്യാസം നടന്നു. തമിഴ്-സംസ്കൃതം-ഇംഗ്ലീഷ്-സം ഗീതം-നടനകല ഇവയെല്ലാം എന്നെ അഭ്യസിപ്പി ച്ചു. 15 വയസ്സുവരെ അനദ്ധ്യായമില്ലാതെ ഞാൻ പ ഠിച്ചു. വിശേഷിച്ചു, ഒരു മലയാളിക്കു ഠിഷ്യപ്പെട്ടു മലയാളഭാഷയും വശമാക്കി.

ഞാൻ തികഞ്ഞ ഒരു ലാവണ്യവതിയായിത്തീ രുമെന്നുള്ള പ്രതീക്ഷ, എൻെറ ബാല്യം മുതല്ക്കേ സമീ പവർത്തികളിൽ കാണപ്പെട്ടു. 15-ാമത്തു വയസ്സു മു തൽ എൻെറ രൂപം യുവാക്കന്മാരുടെ ലോകത്തിൽ വ ലിയ കോളിളക്കമുണ്ടാക്കി. അത്യാർത്തിയോടുകൂടി യ നിരവധി നയനങ്ങൾ എന്നിൽ തറച്ചുതുടങ്ങി. മാന്യനിലയിലുള്ള പല യുവാക്കളുടെയും വിവാഹാ പേക്ഷകൾ അച്ഛൻ തിരസ്കരിക്കയാണുണ്ടായതു്. അ ദ്ദേഹത്തിൻെറ ആലോചനയിൽ അനുരൂപനെന്നു തോന്നിയതു ഒരു വമ്പിച്ച വണിക്കിൻെറ ഏകസ

ന്താനമായ മുരുകേശനെയാണ്. പ്രഥമദൃഷ്ട്യാ ആ യുവാവിനെ സംബന്ധിച്ച അന്നു ആക്ഷേപാർഹമായി ഒന്നും പ്രത്യക്ഷപ്പെട്ടില്ലാ. കാഴ്ചയിൽ സുഭഗൻ–സാമാന്യവിദ്യാഭ്യാസം–ധനികൻെറ ഒററമകൻ–ഭാരിച്ച സ്വത്തിന്നവകാശി–പകിട്ടും ചിമിട്ടുമുള്ള യൌവ്വനക്കൊഴുപ്പ്–കൂടുതൽ മറെറന്തു വേണം.

എൻെറ 17–ാമത്തു വയസ്സിൽ ആ യുവാവിനെക്കൊണ്ടു എന്നെ കെട്ടിച്ചു. നാലു ദിനരാത്രികൾ ആ പട്ടണം ഇളക്കിമറിച്ച ഒരു മഹോത്സവമായിരുന്നു ഞങ്ങളുടെ കല്യാണം. അഞ്ചാംദിവസം എന്നെ ഭർത്തൃഗൃഹത്തിലേക്ക് കൊണ്ടുപോയി.

8 കൊല്ലം ഞങ്ങൾ ഒരുമിച്ചുകഴിഞ്ഞു. എൻെറ 18–ാമത്തു വയസ്സിൽ ഒരു പുത്രിയും, 21–ാമത്തു വയസ്സടുപ്പിച്ച ഒരു പുത്രനും ജനിച്ചു. പുത്രനുണ്ടായ കൊല്ലം ഭർത്താവിൻെറ അച്ഛൻ മരിച്ചു. വ്യാപാരത്തിൻെറ ചുമതലകൾ മുഴുവൻ മുരുകേശൻ വഹിക്കേണ്ടി വന്നു. പ്രകൃത്യാ അലസനായ അദ്ദേഹത്തിന്നു വ്യാപാരകൌശലമൊ, പ്രായോഗിക ബുദ്ധിയൊ, എന്തെങ്കിലും ജീവിതലക്ഷ്യമൊ ഇല്ലായിരുന്നു.

രണ്ടാമത്തെ കുഞ്ഞിന്നു ഒന്നരവയസ്സുള്ളപ്പോൾ എൻെറ അച്ഛനും കാലഗതിയെ പ്രാപിച്ചു. കല്യാണം കഴിഞ്ഞു രണ്ടുകൊല്ലം ആകുന്നതിന്നു മുമ്പു മുതല്ക്കേ ഭർത്താവിൻെറ ആന്തരശൂന്യതയും, മനോദൗഷ്യങ്ങളും, ഹൃദയദാരിദ്ര്യവും, വാക്കുകളിലും, പെരുമാററത്തിലും, പ്രവർത്തികളിലും പ്രത്യക്ഷപ്പെട്ടു തുടങ്ങി. കിട്ടാവുന്നക്കിന്നെമട്ടിൽ, വലിയ ശിപാർശ ചെയ്തും, 20000ഉറുപ്പിക സ്ത്രീധനം കൊടുത്തും, അച്ഛൻ എനിക്കു കെട്ടിയവനെ വാങ്ങിത്തന്നതാണ്. ആ സംഖ്യയിൽ നി

ന്നു ഉടനടി 3000രൂപാ കൊടുത്തു ഒരു സാററ്റും, രണ്ടു അറേബ്യൻ കുതിരകളും, വെള്ളിക്കോപ്പുകളും, ഭർത്താവു വാങ്ങി. രണ്ടു പിതാക്കളുടെയും ഹിതത്തിനു വിപരീതമായിട്ടാണു് ഈ അനാവശ്യം കാണിച്ചതു്. പട്ടണത്തിൽക്കൂടി അഹങ്കാരമായി ഞങ്ങൾ സാററ്റു ഓടിച്ചുപോയിരുന്നപ്പോൾ അച്ഛന്മാർ രണ്ടുപേരും കാൽനടയായി സഞ്ചരിച്ചു. വേണമെങ്കിൽ ഏതു വാഹനങ്ങളും വാങ്ങാനുള്ള കെല്പു അവൎക്കുണ്ടായിട്ടും. കഠിനമായി പരിശ്രമിച്ചു, ശരീരവും ബുദ്ധിയും വിയർത്തു പണമുണ്ടാക്കുന്നവരേ അതു സൂക്ഷിക്കയുള്ളു. ആനപ്പുറത്തിരിക്കുന്നവൻ ആനയുടെ നടയെക്കുറിച്ചു ചിന്തിക്കയില്ല.

ഏകദേശം 5 കൊല്ലംകൊണ്ടു സ്ത്രീധനത്തിൽ ബാക്കിയുണ്ടായിരുന്ന പണവും നാമാവശേഷമായി. ഏതെല്ലാം ചാലുകളിൽക്കൂടി എങ്ങിനെ ഒഴുകിപ്പോയെന്നു എനിക്കും നിശ്ചയമില്ല.

ഈ ആത്മകഥാ കഥനം സത്യവും, വിശ്വാസയോഗ്യവും ആയിരിക്കണമെങ്കിൽ, എൻെറ കണവൻെറ ന്യൂനതകൾ മറച്ചുവയ്ക്കാൻ പാടില്ല. കഴിയുന്നത്ര നിഷ്പക്ഷനിലയിൽ നിന്നുകൊണ്ടു, ശരിയായ ഒരു ചിത്രംവരയ്ക്കാൻ ഞാൻ ശ്രമിയ്ക്കാം.

ശരീരത്തിൻെറ കോമളിമയും, ആരോഗ്യവും ഒഴിച്ചാൽ ഭർത്താവിനെക്കുറിച്ചു മെച്ചമായി മറെറാന്നും പറയാനുണ്ടായിരുന്നില്ല. ദുർവൃത്തന്മാരായ ചങ്ങാതിമാർ അടുത്തുകൂടി ആ വിചാരശൂന്യനെ പല മണ്ടൻകളികളിലും ഉൾപ്പെടുത്തി. കൂട്ടർ കൊട്ടുന്ന താളങ്ങൾക്കെല്ലാം ഒപ്പിച്ചുതുള്ളാൻ സദാസന്നദ്ധനായിരു

S/8601

ന്നു ആ മനുഷ്യൻ. മാങ്ങയുള്ളപ്പോൾ മാവിൻചുവട്ടിൽ ആളുകൾ കൂടും. മാങ്ങ ഒടുങ്ങുമ്പോൾ ആരെയും കാണുകയില്ല അതുപോലെ സമ്പത്തുള്ളപ്പോൾ അന്തേവാസികളുടെയും കർണ്ണജപന്മാരുടെയും തിക്കും തിരക്കുമായിരിക്കും സമ്പത്തു വിട്ടുമാറുമ്പോൾ മഷിയിട്ടുനോക്കിയാലും അവരെ കാണുകയില്ല. ഇതാണ് എക്കാലത്തെയും ലോകരീതി.

അനാവശ്യമായ ആഡംബരങ്ങൾ—പണം വച്ചുള്ള പന്തായക്കളികൾ—മദ്യപാനം ഇത്യാദി പണം വാർന്നുചോർന്നു പോകാനുള്ള വിടവുകൾ പലതാണെല്ലൊ. അതെല്ലാം ഇവിടെയും ഉണ്ടായി. ഭർത്താവു വീട്ടിൽ വരുന്നതു തന്നെ വളരെ അപൂർവ്വമായി. വന്നാൽ തന്നെയും എന്നെയോ അരുമക്കുഞ്ഞുങ്ങളെയോ തിരിഞ്ഞുനോക്കുകപോലുമില്ലാ. "മീന" എന്ന മൂത്ത കുട്ടി ആഹ്ലാദമായി "അച്ഛാ" എന്നു വിളിച്ചുകൊണ്ടു മടിയിൽ കയറിയാൽ, "ഫോ! ചലമ്പാതെ" എന്നു ആക്രോശിച്ചുകൊണ്ടു ഓടിച്ചുകളയും. യാതൊരു കാരണവും കൂടാതെ ചിലപ്പോൾ അവളെ അടിച്ചിട്ടുമുണ്ടു്. എന്നെ കാണുന്നതു ചതുർത്ഥിപോലായി. ഭക്തിയോടുകൂടി ഞാൻ കൊണ്ടുവയ്ക്കുന്ന ആഹാരം തൊടുകയില്ല. ഒന്നുരണ്ടു തവണ എടുത്തു മുററത്തേക്ക് എറിയുകയും ചെയ്തു.

കുട്ടികളെ ഉറക്കിയിട്ടു, രാത്രി മുഴുവൻ ഉറക്കമിളച്ചു കാത്തിരിക്കുക എന്നുള്ളതു എൻെറ പതിവുസാധനയായി. വളരെ അപൂർവ്വമായി വന്നു കയറുന്ന അവസരങ്ങളിൽ തരിമ്പും സ്നേഹമില്ലാതെ, കടുത്ത മൂർഖതയോടുകൂടിയായിരുന്നു എന്നോടുള്ള പെരുമാററം. എന്തെങ്കിലും നിസ്സാരസംഗതിയെ ഊന്നി ഒരു വഴക്കു

തുടങ്ങും.. അതു മൂത്തു മൂത്തു പൊട്ടുന്നനവെ ഇറങ്ങി പ്പോവുകയും ചെയ്യും. ഒരിക്കൽ എന്നെ ഒന്നു ചവുട്ടിയതിൻെറ കേടു ഇന്നും വിട്ടുപോയിട്ടില്ല. ചുടുകണ്ണുനീരിൽ കുളിച്ചും, അതു കുടിച്ചും ഞാൻ എത്രയെത്ര ദിനരാത്രികളാണു് കഴിച്ചുകൂട്ടിയിട്ടുള്ളതു്.

യൌവ്വനത്തിൽ കാലൂന്നിയ സോദരികളോടു ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ എനിക്കുണ്ടായ അനുഭവം നിങ്ങൾക്കു വരാതിരിക്കേണമെ എന്നു ഉള്ളഴിഞ്ഞു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. നീചനും മന്ദനുമായ ഒരുവൻ ഭർത്താവാകുന്നതിനെക്കാൾ ആജന്മകന്യകാത്വം എത്രയൊ അഭിലഷണീയമാണു്. "കാണാൻമാത്രം നല്ലതു തിന്നാൻ കൊള്ളുകയില്ലാ" എന്നൊരു ചൊല്ലുണ്ടല്ലൊ. നിങ്ങളുടെ അപക്വനിലയിൽ, ബാഹ്യസൌന്ദര്യമൊ, സ്വത്തൊ, പുറംപൂച്ചുകളൊ, ഭ്രമിപ്പിച്ചു വഴിതെററിക്കാൻ ഇടയുണ്ടു്. അവയ്ക്കു മാത്രമായി വില കല്പിക്കരുതു്. എപ്പോഴും ആന്തരസൌന്ദര്യത്തിനാണു് വില. വിവാഹാപേക്ഷകന്മാരിൽ, സ്വഭാവവൈശിഷ്ട്യവും ഹൃദയവും ഉണ്ടൊ എന്നു അറിയേണ്ടതു അത്യാവശ്യമാണു്. ഇതിൽ രക്ഷകർത്താക്കൾ പ്രത്യേകം ജാഗ്രതയായിരിക്കണം. അനുഭവിക്കാനുള്ള നിങ്ങളും കഴിവുപോലെ അന്വേഷിച്ചുകൊള്ളണം. പ്രഥമദൃഷ്ടിയിൽ തോന്നുന്ന പ്രേമാവേശം മായികമാണു്. ശരൽക്കാലത്തെ മഴപോലെ അതിനു സ്ഥിരസ്ഥായിത്വം ഉണ്ടാകാറില്ല. കാഞ്ഞവെള്ളത്തിൽ വീണ പൂച്ച വെള്ളം കണ്ടാൽ നടുങ്ങും. എൻെറ ശോകാനുഭവം ഓർമ്മിച്ചാണു് ഇപ്രകാരം പുലമ്പുന്നതു്. എന്നെ തെററിദ്ധരിക്കരുതു്.

മണ്ടന്മാർ പല തരമാണ്. നീചനായ മണ്ടൻ—ഹൃദയമില്ലാത്ത മണ്ടൻ—അകം പൊള്ളയായ മണ്ടൻ—ഭ്രാന്തനായ മണ്ടൻ—ഇങ്ങിനെയെല്ലാം വകഭേദങ്ങൾ ഉണ്ടു്. ഇവരുടെ ഒരു പ്രതിനിധി വന്നുകൂടി ജീവിതം കെടുത്താതിരുന്നാൽ പുണ്യമായി. എന്റെ ആമ്പിടിയാൻ ഇപ്പറഞ്ഞ എല്ലാ വിഭാഗങ്ങളിലും പെട്ടിരുന്നു. നാലുപേർ കൂടുന്നിടത്തു അദ്ദേഹം കാര്യഗൌരവമായി പെരുമാറുകയൊ, സഭ്യമായി സംസാരിക്കുകയൊ ചെയ്തിട്ടില്ല. പടക്കം പൊട്ടിക്കുന്നതുപോലെ അന്തസ്സാരമില്ലാതെ ഉറക്കെ ചിരിക്കും. എന്നാൽ വഴങ്ങാത്ത നിർബ്ബന്ധബുദ്ധിയും, ഹൃദയകാഠിന്യവുംകൂടി ച്ചേർന്നതായിരുന്നു മററൊരുവശം. എന്നോടു ഭ്രാന്തനെപ്പോലെയാണു് പെരുമാറിയതു്. അകാരണമായി കോപാഗ്നി ജ്വലിപ്പിച്ചു, കൊലപാതകംവരെ ആയിട്ടുണ്ടു്. താലികെട്ടിയ ആളിൽ നിന്നു പ്രേമത്തിന്റെ ഒരു കണിക ലഭിക്കാൻ എരിപൊരികൊണ്ടു് ഞാൻ ദാഹിച്ചിട്ടുണ്ടു്. ലോകത്തിൽ ഏററവും വിലയുള്ളതു പ്രേമത്തിനാണു്.

"സമ്പൂതമപ്രേമ സിദ്ധിക്കു, പച്ചില
കുമ്പിളുംകോട്ടി ഞാൻ പിച്ചതെണ്ടാം
വേണമെങ്കിലാ രാഗവേദിയിൽ വച്ചു മൽ
പ്രാണനെക്കൂടി ഞാൻ സന്ത്യജിക്കാം."

എന്റെ രണ്ടു ചേട്ടന്മാക്കു എന്നെക്കാൾ പത്തു വയസ്സും അതിനപ്പുറവും പ്രായക്കൂടുതലുണ്ടായിരുന്നു. മുരുകേശന്റെ സംഘത്തിൽ ചേൎന്നു അവരും വളരെ ദുഷിച്ചവരായി. പ്രഭുത്വത്തിന്റെ കൂടപ്പിറപ്പാണല്ലൊ അലസത. കാര്യപ്രാപ്തിയും, പൌരുഷവും, മനുഷ്യത്വവും, തീരെ നശിച്ചു് അവരും മൃഗങ്ങളായിത്തീർ

ന്നു. അച്ഛന്റെ മരണശേഷം വസ്തുവകകൾക്കും, കെട്ടിടങ്ങൾക്കും, വ്യാപാരത്തിനും, സഹോദരന്മാർ അവകാശപ്പെട്ടവരായി. ഞാനും, സന്താനങ്ങളും ഭർത്തൃഗൃഹത്തിൽ തന്നെ കഴിഞ്ഞുകൂടി. ഭർത്താവിന്റെ ഉദാസീനതയും, അശ്രദ്ധയും നിമിത്തം വ്യാപാരം ദിനംപ്രതി മന്ദീഭവിച്ചും, അധഃപതിച്ചും; നാശഗർത്തത്തിലേക്കു പാഞ്ഞു. കടങ്ങൾ വർദ്ധിച്ചു വർദ്ധിച്ചു സ്വത്തിൽ കവിഞ്ഞു. സ്വത്തുക്കളിലേക്കു, നിയമനടപടികൾവഴി, ഉത്തമർണ്ണരുടെ ആക്രമണം ആരംഭിച്ചു. ഓരോന്നായി വസ്തുവകകളും, പിന്നീടു വ്യാപാരച്ചരക്കുകളും, കെട്ടിടങ്ങളും അവരുടെ കൈവശത്തിലാകാൻ തുടങ്ങി.

സംഭവിക്കാൻ പോകുന്ന ദുരന്തങ്ങളുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതു മുതൽ, ഏററവും ശാന്തമായ രീതിയിൽ ഞാൻ അദ്ദേഹത്തെ പലപ്പോഴും ഗുണദോഷിച്ചുനോക്കി. അപ്പോഴെല്ലാം നിയന്ത്രണാതീതമായ കോപാവേശത്തോടുകൂടി എന്നെ ശകാരിക്കയാണു് ഉണ്ടായതു്. ഒരിക്കൽ മൃഗീയമായ ഒരു ചവുട്ടേററു ഞാൻ നിലംപതിച്ചു. എന്റെ ദയനീയമായ അഭ്യർത്ഥനകളൊ, ബാഷ്പവർഷമൊ, കാലുപിടിച്ചു കേണുകൊണ്ടുള്ള പ്രാർത്ഥനകളൊ—യാതൊന്നും അല്പമാത്രവും അങ്ങോട്ടു ഏശിയില്ലാ.

അങ്ങനെ ഇരിക്കുമ്പോഴാണു് വസതി കൂടി നഷ്ടപ്പെട്ടതു്. അതു ലേലത്തിൽ പിടിച്ച ഉത്തമർണ്ണന്റെ ദയവുകൊണ്ടു പുരയിടത്തിന്റെ ഒരു മൂലയിൽ നിന്നിരുന്ന കുടിലിലേക്കു ഞാനും കുഞ്ഞുങ്ങളുംമാറി. വെറും അടകുടികളെപ്പോലെ ആയിരുന്നു ഞങ്ങൾ. താമസത്തിനു ഒരു വാടക വേണമെന്നു ലേലക്കാരൻ ശഠിച്ചു.

വസ്ത്രങ്ങളും, രണ്ടു പെട്ടികളും, ഏതാനും മൺപാത്രങ്ങളും മാത്രം അങ്ങോട്ടുമാററി. മററു ജംഗമങ്ങൾ കൈവിട്ടു കെട്ടിടത്തിൽ തന്നെ കിടന്നു. കുടിലിൽ ചെന്നതിനു ശേഷം അർദ്ധപ്പട്ടിണിയായി ഒരാഴ്ച കഴിഞ്ഞു.

ഒരു രാത്രിയിൽ മദ്യപാനംകൊണ്ടു മദോന്മത്തനായി മുരുകേശൻ കുടിലിൽ വന്നു കിടന്നു. പുലർച്ചയ്ക്കു മുമ്പു രണ്ടു കൂട്ടുകാർ കയറിവന്നു അദ്ദേഹത്തെ ഉണർത്തി. അവർ തമ്മിൽ കുറച്ചുനേരം എന്തോ മന്ത്രിക്കുന്നതു കേട്ടു. പിന്നീടു ഒരക്ഷരംപോലും എന്നോടു ഉരിയാടാതെ അദ്ദേഹം അവരൊന്നിച്ചു ഇറങ്ങിപ്പോയി. പകൽ മുഴുവൻ അവിടെങ്ങും കണ്ടില്ല. രാത്രിയിൽ, കയ്യിലുണ്ടായിരുന്ന അല്പം അരിയിട്ടു ഒരു കഞ്ഞിയുണ്ടാക്കി കുട്ടികൾക്കു കൊടുത്തു അവരെ ഉറക്കി. അതിനുശേഷം നിരാഹാരവ്രതത്തോടുകൂടി കണ്ണുനീരുമൊലിപ്പിച്ചു ഞാൻ കാത്തിരുന്നു. പിറേറദിവസവും കണ്ടില്ല. ഒരാഴ്ചകഴിഞ്ഞു—ഒരു മാസം കഴിഞ്ഞു—മാസങ്ങൾകഴിഞ്ഞു.

കുതിരസാററും, മണിമേടയും, ധാടിമോടികളും എത്രവേഗം മാഞ്ഞുമറഞ്ഞു. ഈശ്വരാ! എല്ലാം മായികം—സ്വപ്നം.

## III

കൊടുതായ ദാരിദ്ര്യവഹ്നി ശമിപ്പിക്കാൻ യാതൊരു പോംവഴിയും കണ്ടില്ല, യാതൊരു ആഹാരസാധനങ്ങളും ഇല്ലാത്ത നിലയെത്തി. കയ്യിൽ പൈസയുമില്ല. എൻെറ മക്കൾ മീനാക്ഷിയും സുന്ദരേശനും വിശപ്പു സഹിക്കാൻ വയ്യാതെ ദയനീയമായി നി

ലവിളിച്ചു. ഞാൻ വെന്തുരുകി. എന്റെ ചങ്കുപൊടിഞ്ഞു. "ജഗദാംബികെ! ദേവീ!" എന്നു ഞാനും രോദിച്ചു. ദുഃഖത്തിന്റെ ആഴംകൊണ്ടു ബാഷ്പപൂരം ബഹിർഗമിച്ചില്ല. കുട്ടികളുടെ വാടിക്കരിഞ്ഞ വദനം കാണാൻ കെല്പില്ലാതെ, ഞാൻ കുഴഞ്ഞുതളൎന്നു.

കുടിലിലേക്കു മാറിയ ദിവസം എന്റെ വിശ്വസ്ത ഭൃത്യ "മംഗളം" അവളുടെ വീട്ടിലായിരുന്നു. അവൾ തിരിച്ചു വരണമെന്നു ഞാൻ അശേഷം ആഗ്രഹിച്ചില്ല. എന്നാലും അവൾ വന്നു.

മംഗളം എന്നെക്കാൾ നാലഞ്ചുവയസ്സിനു ഇളപ്പമായിരുന്നു. കേവലം ഭൃത്യയുടെ നിലയിലല്ലാ അവൾ എന്നെ സേവിച്ചതു്. ഒരുത്തമ സഖിയും, ഉപദേഷ്ടാവും കൂടിയായിരുന്നു. വിദ്യാഭ്യാസത്തിലും, ബുദ്ധിശക്തിയിലും, പക്വതയിലും എന്നെക്കാൾ കവിഞ്ഞുനിന്നു. സംസ്കൃതവും, മലയാളവും അവൾ നല്ലവണ്ണം പഠിച്ചിരുന്നു. സമ്പത്തിലും, ദാരിദ്ര്യാവസ്ഥയിലും അവൾ വേർപെട്ടില്ലാ. എന്റെ നിർഭാഗ്യത്തിൽ സസന്തോഷം പങ്കുകൊള്ളുകയും, എന്നെ നിർവ്യാജം സ്നേഹിക്കുകയും ചെയ്തു. നിബിഡമായ കാർമേഘപടലത്തിലെ രജതരേഖയായിരുന്നു എന്റെ മംഗളം. ആകൃതിയിലും, പ്രകൃതിയിലും ഇത്ര സൌന്ദൎയ്യവും, മാധുൎയ്യവും നിറഞ്ഞ ഒരു പെൺകൊടി ആ ദേശത്തില്ലായിരുന്നു എന്നു തീർത്തുപറയാം. പല വിശിഷ്ട ഗുണങ്ങളുടെയും ഒരു ഭൂമികയായി അവൾ വിളങ്ങി. വിശേഷിച്ചു നിഷ്കളങ്കമായ ഈശ്വരഭക്തിയുടെ സൌരഭ്യം അവളിൽ നിന്നു പ്രസരിച്ചു.

എന്നെപ്പോലെ മംഗളത്തിനും രണ്ടു ദിവസത്തെ കരിംപട്ടിണി വേണ്ടിവന്നു. എൻെറ പാരവശ്യവും മ്ലാനതയും കണ്ടു സഹികെട്ടു അവൾ പറഞ്ഞു.

"എല്ലാവർക്കും എല്ലാ അവസ്ഥകളിലും പരംപൊരുൾ മാത്രമാണ് അവലംബം. എങ്കിലും ഞാൻ ഒന്നു പറഞ്ഞുകൊള്ളുന്നു. എൻെറ എളിയ ബുദ്ധിയിൽ പ്രകാശിച്ച ഒരു പോംവഴിയാണ്. ചേട്ടന്മാരുടെ അടുക്കൽ കൊച്ചമ്മ ഒന്നു പോയി സങ്കടമറിയിച്ചാൽ എന്തെങ്കിലും പരിഹാരം ഉണ്ടാകാതിരിക്കുമൊ? അവരും മനുഷ്യരാണല്ലൊ."

ഞാൻ:—"നിൻെറ ആശയം നല്ലതു തന്നെ. ആദ്യമായിട്ടാണ് അവരുടെ സഹായം ആവശ്യപ്പെടാൻ പോകുന്നതു്. ഏകസഹോദരിയുടെ അപേക്ഷ അവർ നിരസിക്കുകയില്ലെന്നു തോന്നുന്നു."

സഹോദരന്മാരുടെ ഗൃഹത്തിലേക്കു ഞാൻ നടന്നു. നഭോമദ്ധ്യത്തിൽ നിന്നു സൂര്യൻ തീ ചൊരിയുകയായിരുന്നു. പട്ടണവീഥിയിൽ കൂടി പാദചാരിണിയായി അന്നു ഇദംപ്രഥമമായിട്ടാണ് പോയതു്. തലയും, കാലും ഒരുപോലെ പൊള്ളി. രണ്ടു നാളത്തെ പട്ടിണിനിമിത്തം തലകറങ്ങി-കാലിടറി. എതിരെ ഒരു മഹിഷമാണ് ശകുനം വന്നതു്. വിയർപ്പിൽ കുളിച്ച്, തളർന്നു വലഞ്ഞു, ഒരു വിധത്തിൽ ഞാൻ ആ ഭവനത്തിൽ ചെന്നുപററി.

അരമണിക്കൂർ മുററത്തു നിന്നു. മൂത്തചേട്ടൻ അതിലെ വന്നപ്പോൾ എന്നെ കണ്ടു. എൻെറ മലിനവസ്ത്രങ്ങളും, പ്രാകൃതഭാവങ്ങളും, അദ്ദേഹത്തിനു അഭിമാനക്കുറവായെന്നു തോന്നി. അതായിരിക്കണം എ

ന്നോട്ട മിണ്ടാതിരുന്നതു്. അവിടെ നിന്നു അനിയനെ വിളിച്ചു. അനിയൻ വന്നു എന്നോട്ട ചോദിച്ചു.

"കുഞ്ഞേ! എന്താണു് വിശേഷം. എന്തിനായിട്ടു ഇങ്ങോട്ടു പോന്നു. നിന്നെ കണ്ടിട്ടു വളരെ നാളായല്ലൊ. സുഖമാണല്ലൊ".

ആത്മാർത്ഥതയില്ലാത്ത ഓരോ വാക്കും പുഛരസത്തിൽ പൊതിഞ്ഞതായിരുന്നു. കൊച്ചേട്ടന്റെ മുഖത്തു ആ രസം നടമാടി. എന്റെ പാദം മുതൽ ഉച്ചിവരെ തരിച്ചു.

ഞാൻ:—സുഖവും ഞാനുമായി വേർപിരിഞ്ഞിട്ടു പല കൊല്ലങ്ങളായി. വന്ന കാര്യം ധരിപ്പിക്കാൻ ഒട്ടധികം വൈമനസ്യമുണ്ടു്. ഞാനും കുട്ടികളും ആഹാരം കഴിച്ചിട്ടു ഇന്നു മൂന്നായി.

കൊച്ചേ:—ഛേ! അങ്ങിനെ വരുമൊ? ഞാൻ വിശ്വസിക്കുന്നില്ലാ. നിന്റെ കെട്ടിയവൻ എവിടെ പോയി? അയാൾ പെരിയ മുതലാളിയല്ലെ?

ഞാൻ:—അദ്ദേഹം പാപ്പരായ കഥ ഈ പട്ടണമൊട്ടുക്ക പാട്ടാണു്. ഞങ്ങളെ വിട്ടുപോയിട്ടു മാസങ്ങൾ കഴിഞ്ഞു. ഞങ്ങൾ വഴിയാധാരമായി.

കൊച്ചേ:—ഒന്നു നോക്കുമ്പോൾ തുലഞ്ഞുപോയതു വളരെ നന്നായി. ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്ത ആ ധൂർത്തൻ നാടുവിട്ടാലെന്തു, മരിച്ചാലെന്തു്?

എന്റെ ഹൃദയത്തിൽക്കൂടി ഒരു മിന്നൽ പാഞ്ഞു.

ഞാൻ: അയ്യൊ—കൊച്ചേട്ടാ—കുറ്റപ്പം പറയരുതു്. എന്റെ കാലക്കേടിനു ഇങ്ങിനെയെല്ലാം വന്നു കലാ

ശിച്ചു. എൻെറ കഷ്ടസ്ഥിതിയിൽ അലിവുതോന്നി കഷ്ടിച്ചുഷ്ടിക്കുള്ള വക ദയവായി തന്നു രക്ഷിക്കണം.

കൊച്ചേ:-കെട്ടികൊടുത്തു ഒരുത്തൻെറ പെടലിക്കു വച്ചു കഴിഞ്ഞാൽ നിനക്കു ചിലവിനും മററും അവകാശപ്പെടാനുള്ള ന്യായമെന്തു? ചട്ടമേതു? തലയിലെഴുത്തെന്നു സമാധാനിച്ചു കൊള്ളണം.

ഞാൻ:-ചട്ടവും വകുപ്പും എനിക്കു നിശ്ചയമില്ലാ. കെട്ടികൊടുത്തെന്നു വച്ചു രക്തബന്ധം നശിക്കുമൊ? ഞാൻ നിങ്ങളുടെ സഹോദരി അല്ലാതായിട്ടുണ്ടോ? സ്നേഹമുണ്ടെങ്കിൽ ധാർമ്മികനിയമമനുസരിച്ചു എനിക്കും കുട്ടികൾക്കും ആഹാരത്തിനുള്ളതു പ്രതിമാസം തരണം.

കൊച്ചേ:-നിയമങ്ങൾ ഉദ്ധരിച്ചതുകൊണ്ടു കാര്യം നടപ്പില്ലാ. നിൻെറ കർമ്മഫലം മാററാൻ മററുള്ളവർക്കു ബാദ്ധ്യതയില്ലാ.

ഇതെല്ലാം കേട്ടുകൊണ്ടു നിന്ന വല്ല്യേട്ടൻ പല്ലു ഞെരിച്ചുകൊണ്ടു പറഞ്ഞു.

എടീ! നിൻെറ കേസു ഭംഗിയായി വാദിക്കുന്നുണ്ടു്. പക്ഷെ നിങ്ങൾ തല മറന്നു എണ്ണതേച്ചു. അതിരു കടന്നു ക്രമാതീതമായി മേളിച്ചു. അതിൻെറയെല്ലാം ഫലമാണു് ഇപ്പഴത്തെ അവസ്ഥ.

ഞാൻ:-ശരി തന്നെ. ഞാൻ വെറും ഒരു യാചകിയായിത്തീർന്നു. എൻെറ അരുമക്കുഞ്ഞുങ്ങളെ വിചാരിച്ചു ഒരു 25 രൂപായെങ്കിലും മാസം തരണമെന്നാണു് ഇവളുടെ പ്രാർത്ഥന.

വല്ല്യേ: ഓഹോ! മാസപ്പടിവേണമെന്നായൊ? തുകയും ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞോ?

ഞാൻ:-അതല്ലാ. ചാകാതെ കിടക്കുന്നതിനുള്ള വക യാചിക്കുന്നു എന്നേയുള്ളൂ.

കൊച്ചേ:-ഇങ്ങിനെ യാചിച്ചു ജീവിക്കുന്നതിനെക്കാൾ ചാകുന്നതാണു് നല്ലതു്.

ഞാൻ:-കഠിനം-മഹാകഠിനം. ഇങ്ങിനെ പറയരുതു്. നിങ്ങൾക്കു ഉടപ്പിറന്നവളായി മരുന്നിനു ഞാനല്ലെ ഉള്ളു.

വല്യേ:-അധികമൊന്നും പ്രസംഗിക്കാതെ പുറത്തിറങ്ങു. ഇവിടെ കടിക്കുന്ന പട്ടിയുണ്ടു്.

സംസാരത്തിൻെറ അവസാന ഭാഗങ്ങൾ ഉച്ചത്തിലായിരുന്നു. വിശേഷവസ്ത്രങ്ങൾ ധരിച്ചു, ആഭരണഭൂഷിതകളായ രണ്ടു സ്ത്രീകൾ വെളിയിലേക്കു എത്തി നോക്കുന്നതും, എന്നെ ചൂണ്ടി പരിഹാസമായി ചിലതു സംസാരിക്കുന്നതും കാണപ്പെട്ടു. അവർ നാത്തൂന്മാരായിരിക്കണം.

എൻെറ അഭിമാനത്തിനു കടുതായ ക്ഷതം തട്ടി. തലകറങ്ങി വീഴുമെന്നു തോന്നി. ചേട്ടന്മാർ അകത്തേക്കു പോയി. സങ്കടത്തോടും, ഇച്ഛാഭംഗത്തോടും, ഇഴഞ്ഞിഴഞ്ഞു ഞാൻ പുറത്തു കടന്നു. മനോവേദനക്കു വളരെ ആഴമുണ്ടായിരുന്നതുകൊണ്ടു കണ്ണുനീർ വന്നില്ലാ.

"അമ്മ ഇപ്പോൾ വരും. തങ്കക്കുട്ടികൾക്കു പാപ്പവും പഴവും കൊണ്ടുവരും" എന്നെല്ലാം പറഞ്ഞു, മംഗളം കുഞ്ഞുങ്ങളെ മെരട്ടി നിറുത്തിയിരുന്നു. ഞാൻ പടി കടന്നപ്പോൾ കുട്ടികൾ ഓടി വന്നു എൻെറ അരക്കു കെട്ടിപ്പിടിച്ചു. യാതൊന്നും കൊണ്ടുവന്നിട്ടില്ലെന്നറിഞ്ഞപ്പോൾ അവർ ഉച്ചത്തിൽ മുറവിളികൂട്ടി.

കണ്ണുകൾ തുടച്ചുകൊണ്ടു ഞാൻ പെട്ടി തുറന്നു. എൻെറ ഒരു ചേലയെടുത്തു മംഗളത്തിൻെറ പക്കൽ കൊടുത്തു. ഇംഗിതം ധരിച്ചുകൊണ്ടു അവൾ പുറത്തേക്കു പോയി. 50 രൂപാ വിലയുള്ള ചേല 25 രൂപാക്കു വിററു. പലഹാരങ്ങളും, പഴവും, അരിയും മററു സാധനങ്ങളും അവൾ വാങ്ങിക്കൊണ്ടു വന്നു. ആഹ്ലാദംകൊണ്ടു കട്ടികൾ തുള്ളിച്ചാടി രണ്ടാഴ്ച വട്ടത്തേക്കു ഏരിപൊരിച്ചിൽ കൂടാതെ കഴിഞ്ഞു.

വീണ്ടും ആഹാരപ്രശ്നം നേരിടേണ്ടി വന്നു. പെട്ടിയിൽ 3ചേലകൾ ഉണ്ടായിരുന്നവ കീറിത്തുടങ്ങിയിരുന്നു. ആഭരണങ്ങളെല്ലാം ഭത്താവു നേരത്തെ തന്നെ വിററു കഴിഞ്ഞു. സ്വർണ്ണത്തിൻെറയൊ, വെള്ളിയുടെയൊ ഒരു പൊടി ഉണ്ടായിരുന്നില്ലാ. കീറച്ചേലകൾ വിലയ്ക്കെടുക്കാൻ ആരുണ്ടാകും? അഥവാ തുച്ഛവിലയ്ക്കു കൊടുത്താൽ ഈറൻ മാറാനില്ലാതെ ഞാനും മംഗളവും അവധൂതവൃത്തി അവലംബിക്കേണ്ടിയുംവരും. ആകപ്പാടെ വിഷമിച്ചു.

ഒററ ഓട്ടുപാത്രമുണ്ടായിരുന്നതിൽ കൈ വച്ചു. അതു വിററു രണ്ടുദിവസം തള്ളിനീക്കി. അടുത്തദിവസം ഞങ്ങളെല്ലാം പച്ചവെള്ളം മാത്രം അശിച്ചു. കട്ടികൾ കരഞ്ഞു കരഞ്ഞു് ബോധം കെട്ടു. കരയാൻ പോലും കെല്പില്ലാതെ പൈതങ്ങൾ കിടക്കുന്നതും അവരുടെ ഉദരങ്ങൾ പൊങ്ങിത്താഴുന്നതും കണ്ടപ്പോൾ എൻെറ അന്തരംഗം തകർന്നു. അരുവിച്ചാട്ടം പോലെ അശ്രു പ്രവഹിച്ചു. മംഗളവും കരഞ്ഞു.

മംഗളം കണ്ണു തുടച്ചു പുറത്തേക്കു പോകുന്നതു കണ്ടു. അച്ഛൻെറ ഒരു സഹോദരി ഒരു മൈൽ അകലെ താമസിച്ചിരുന്നു. ദരിദ്രയും, ഏകയും ആയ ഒരു വൃദ്ധ

വിധവയായിരുന്നു അവർ. അവരെ മംഗളം കൂട്ടികൊണ്ടുവന്നു. എൻെറ മുമ്പിലത്തെ ക്ഷേമവും അന്നത്തെ ക്ഷാമവും വിചാരിച്ചപ്പോൾ ആ സാധു അമ്മായി വളരെ സങ്കടപ്പെട്ടു. ഭൃത്യ എല്ലാ സംഗതികളും വിശദമായി അവരെ ധരിപ്പിച്ചിരിക്കണം.

അമ്മാ:–മകളെ പങ്കജം! ഇങ്ങിനെയെല്ലാം വരുമെന്നു ആരു വിചാരിച്ചു. എങ്കിലും നിൻെറ അണ്ണന്മാർ ഇത്ര കടുപ്പക്കാരോ! കുട്ടിക്കാലത്തു അവർ എന്നോടുകൂടി ധാരാളം കഴിഞ്ഞിട്ടുണ്ട്. തള്ളയെക്കാൾ കൂറോടുകൂടിയാണു് ഞാൻ അവരോടു പെരുമാറിയതു്. അന്നു ഈ അമ്മാവിക്കു പണമുണ്ടായിരുന്നു. ഏതായാലും ഞാൻ അവരോടു ഒന്നു ചോദിച്ചുനോക്കട്ടെ. ഇറങ്ങിയിട്ടുവരാം.

മടിക്കുത്തിൽ നിന്നു അമ്മായി 4 അണയെടുത്തു മംഗളത്തിനോടു പഴം വാങ്ങിക്കൊണ്ടു വരാൻ പറഞ്ഞു. ബോധമില്ലാതെ കിടന്ന കിടാങ്ങൾ മൃതസഞ്ജീവനിയേററപോലെ ചാടി എണീററു. പഴത്തിൻെറ തൊലി കളയാൻ അവർക്കു സമ്മതമല്ലായിരുന്നു.

അമ്മായി ഉടനെപോയി. അവരുടെ പരിശ്രമം വിജയകരമാകുമെന്നു എനിക്കു പ്രത്യാശയുണ്ടായിരുന്നില്ല.

വൈകുന്നേരം അവർ വന്നു. നിരാശകൊണ്ടു മുഖം വളിച്ചിരുന്നു. "അവററങ്ങൾ മനുഷ്യരല്ല. ചെന്നായ്ക്കളാണു്." എന്നു സഗൽഗദം പിറുപിറുത്തു.

ഇരുളാണ്ടുകിടന്ന ഭാവിയെ കുറിച്ചു ഞങ്ങൾ ഗാഢമായി ചിന്തിച്ചു. മംഗളമാണു് ഒടുവിൽ ഒരു തീരുമാനത്തിൽ എത്തിച്ചതു്. അവൾ പറഞ്ഞു "എ

ന്നായാലും കുട്ടികഠം പട്ടിണി കിടന്നു മരിക്കാൻ ഇട യാകരുതു്. തള്ളയുടെ കഥകിടക്കട്ടെ മീനാക്ഷിയെ അനാഥമന്ദിരത്തിൽ ചേർക്കണം. പിന്നെ സുന്ദര ത്തിൻെറകാൎയ്യമാണു്. എൻെറ വീട്ടിനു സമീപം അൽ പം ചാർച്ചയുള്ള ഒരു കൃഷീവലനുണ്ടു്. ദയാലുവാ ണു്. അയാഠംക്കു കുട്ടികളില്ല. സുന്ദരത്തിനെ തൽ ക്കാലം അവിടെ ഏല്പിക്കാം."

അന്നു മീനക്കു കഷ്ടിച്ചു 9–ം സുന്ദരനു 6–ം വയ സ്സായിരുന്നു. ഗത്യന്തരമില്ലാത്തതുകൊണ്ടു, കഠിന മായ ഹൃദയവേദനയോടുകൂടി ആ അഭിപ്രായത്തിനു ഞാൻ വിധേയയായി. ദാരിദ്ര്യത്തിൻെറ പാതാളഗ ൎത്തത്തിൽ പതിച്ച പരമ നിരാലംബയായ ഞാൻ മ റെറന്തു ചെയ്യാനാണു്? അന്ധകാരപടലത്തിൽ അൽ പം വെളിച്ചം നൽകിയിരുന്ന പൊന്നിൻ വിളക്കുക ഠം അങ്ങിനെ മാററപ്പെട്ടു.

അന്നുവൈകുന്നേരം മീനയെ അഗതിമന്ദിരത്തി ലെത്തിച്ചു. സുന്ദരം കർഷകൻെറ പക്കലുമായി. അ യാളും സുശീലയായ കെട്ടിയവളും ഒരു നിധികിട്ടിയ സന്തോഷത്തോടെ എൻെറ അരുമക്കുഞ്ഞിനു സ്വാഗത മരുളി. ഓമനമക്കളുടെ വേർപാടു സമയത്തു എനിക്കു പ്രജ്ഞയില്ലായിരുന്നു.

ശോകമൂകങ്ങളും, വേദനാപൂർണ്ണങ്ങളും, ആയ ദി നരാത്രികഠം ഇഴഞ്ഞിഴഞ്ഞുപോയി. സമയം നിശ്ച ലമായി നിൽക്കുന്നു എന്നാണു് എനിക്കു തോന്നിയതു്. സദാ ഒരു വീർപ്പുമുട്ടൽ. ഞാൻ ഉറങ്ങിയില്ലാ. കു ളിച്ചിട്ടില്ല. വെള്ളം മാത്രം കഴിച്ചു. ശരീരം അ സ്ഥിയും തോലുമായി. മംഗളം എൻെറ കഷ്ടതക

ളിൽ സർവ്വാത്മനാ പങ്കുകൊണ്ടു. അവരുടെ സഹവാസവും, പ്രസന്നതയും, സ്നിഗ്ദ്ധമൃദുലവചസ്സുകളും മാത്രമാണ് എൻെറ പ്രാണനെ പിടിച്ചുനിറുത്തിയതു്. അവളിൽ സദാ മുന്തിനിന്ന സമചിത്തതയുടെയും, ശാന്തിയുടെയും രഹസ്യം എന്താണെന്നു ഞാൻ ഒരിക്കൽ ചോദ്യം ചെയ്തു. മന്ദഹാസപൂർവ്വം അവൾ പറഞ്ഞു:–

"കഴിഞ്ഞ 3 കൊല്ലങ്ങളായി സമയം കിട്ടുമ്പോൾ ശങ്കരഭക്തൻെറ ആശ്രമത്തിൽ ഞാൻ പോകാറുണ്ടു്. ആ വൃദ്ധൻ പുരാണകഥകളും, തത്വങ്ങളും ധാരാളം പറയും. സീത, സാവിത്രി, നാളായണി, സീമന്തിനി മുതലായ ആർഷഭാരതത്തിലെ ആദർശമണിദീപങ്ങളുടെ ചരിത്രങ്ങൾ ഭക്തിസംവർദ്ധകമായ രീതിയിൽ വിശദീകരിക്കാറുണ്ടു്. ആത്മലക്ഷ്യം വിസ്മരിക്കാതെ, ശുദ്ധമായും, ത്യാഗപരമായും ജീവിക്കണമെന്നാണ് അദ്ദേഹത്തിൻെറ ഉപദേശം. നിത്യാനുഷ്ഠാനത്തിനു ഒരു ഉപാസനക്രമവും ജപിക്കാൻ ഒരു മന്ത്രവും എനിക്കു തന്നിട്ടുണ്ടു്. സത്യവസ്തു ഒന്നേയുള്ളു എന്നും, വെള്ളത്തിൽ തിരപോലെ പ്രപഞ്ചം അതിൽ പ്രകാശിക്കുന്നതാണെന്നും എനിക്കു ഉറപ്പാണു്. എന്തു സംഭവിച്ചാലും ഞാൻ കുഴയുകയില്ല"

ഞാൻ:–ജീവരാശികളെ നട്ടം തിരിക്കുന്ന ഈശ്വരൻ സത്യവസ്തുവാണെന്നു എനിക്കുവിശ്വാസമില്ല.

മാഗ:- ഒരിക്കലും അങ്ങിനെ പറയരുതു്. സീതയും മററും എത്ര കഷ്ടപ്പെട്ടു.

ഞാൻ:–എനിക്കു സീതയെപ്പോലെ ആകണ്ടാ.

മംഗ:–അതെന്താണു്?

ഞാൻ:– അവരെ പത്തു പതിനാലുകൊല്ലം രാവണനല്ലെന്നു വച്ചു പൊറുപ്പിച്ചതു്?

മംഗ:–എങ്കിൽ തീയിൽ ചാടിയപ്പോഴം ചാമ്പലാകുമായിരുന്നു.

ഞാൻ:–ആരുകണ്ടു, തീയിൽ ചാടിയതു്. വെറും കെട്ടുകഥ.

മംഗ:–രാവണൻ പൊറുപ്പിച്ചു എന്നു വിചാരിക്കുന്നതു തെററിധാരണ.

മംഗളത്തിന്റെ മുഖം വാടി. സംഭാഷണം അവൾ മുമ്പോട്ടു കൊണ്ടുപോയില്ല.

അന്നത്തെ എന്റെ അപക്വതയും, വിചാരശൂന്യതയുമനുസരിച്ചു ഞാൻ അസംബന്ധം പറഞ്ഞതാണ്. ഇന്നു മനസ്ഥാപിക്കുന്നു. വികാരതരളിതയാകാതെയും, കോരിത്തരിപ്പുകൂടാതെയും സീതയെ സ്മരിക്കാൻ ഇപ്പോൾ സാധ്യമല്ല.

IV

ഭർത്താവിന്റെ മേടയും, സ്ഥലവും ലേലത്തിൽ കൊണ്ടതു ഒരു വേണുഗോപാലനായിരുന്നു. അയാൾ എന്റെ കുടിലിനു 2 രൂപാ മാസവാടക നിശ്ചയിച്ചു. ഒരു കൊല്ലത്തെ സംഖ്യ കുടിശിഖയായപ്പോൾ ആ മനുഷ്യൻ കുടിലിൽ കയറി വന്നു പരുഷമായി സംസാരിക്കുകയും പുറത്തിറക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. ഞാൻ കേണുവീണപേക്ഷിച്ചപ്പോൾ ഒന്നു മയപ്പെട്ടു.

മുരുകേശന്റെ വക വിശേഷപ്പെട്ട കസേരകൾ, മേശകൾ, സെററികൾ, കട്ടിലുകൾ, പ്ലേററുകൾ മുതലായി ലേലത്തിൽ ഉൾപ്പെടാത്തവ ഒരു മുറിയിൽ

സൂക്ഷിക്കപ്പെട്ടിരുന്നു. അവയുടെ എണ്ണങ്ങളും, വിവരണങ്ങളും ഞാൻ അറിഞ്ഞിരുന്നില്ല. പിറേറ ദിവസം വേണുഗോപാലൻ വന്നു ഇപ്രകാരം ഒരു അറിയിപ്പുതന്നു.

"കുടിശ്ശികക്കും, 5 കൊല്ലത്തെ മേൽവാടകയുടെ ഉറപ്പിനുമായി സാധനങ്ങൾ എന്റെ അധീനത്തിൽ എടുത്തിരിക്കുന്നു. 5 കൊല്ലം അവസാനിക്കുമ്പോൾ പണം മുഴുവൻ തന്നു പുറത്തിറങ്ങികൊള്ളണം. അന്നു പണം തന്നില്ലെങ്കിൽ സാധനങ്ങൾ എനിക്കു തീറായിത്തീരും. കട്ടായം"

സഗൌരവം ഇത്രയും പറഞ്ഞിട്ടു അയാൾ ചാടപ്പടായെന്നു ഇറങ്ങിപ്പോയി. എന്നാൽ അവിടെനിന്നു അല്പസമയം എന്റെ മുഖശ്രീയാകെ ഒരു സർവ്വേ നടത്തി ആസ്വദിക്കുന്നതായിട്ടു തോന്നി. വശീകരിക്കത്തക്ക ആകർഷണീയത വല്ലതും ഉണ്ടായിരുന്നോ എന്തോ? തെന്നിന്ത്യയിൽ എന്നെപ്പോലെ മാദകമധുരമായ ലാവണ്യം തികഞ്ഞ ഒരു തരുണീമാണിക്യത്തെ കാണുകയില്ലെന്നും മററും മംഗളം കവിത ചൊല്ലാറുണ്ടായിരുന്നു.

അടുത്ത ദിവസം പ്രഭാതത്തിൽ വേണുഗോപാലൻ കയറിവന്നു. ആ സന്ദർശനം തീരെ പ്രതീക്ഷിച്ചിരുന്നതല്ല. ഭാവവും പെരുമാററവും ആകമാനം ഒന്നു മാറിയാണ് കണ്ടതു്. ഞങ്ങളോടു സഹാനുഭൂതിയും, ഹൃദയവും പ്രകടിപ്പിക്കുന്ന മട്ടിൽ ഇങ്ങിനെ തുടങ്ങി.

"ചുററുപാടുകളെല്ലാം ഏറക്കുറെ മനസ്സിലാക്കാൻ സാധിച്ചു. ഏതായാലും വിഷമിക്കേണ്ട. ചിലനി

വർത്തിമാറ്റങ്ങൾ ഞാൻ കണ്ടുപിടിച്ചുകഴിഞ്ഞു. സന്ദർഭമനുസരിച്ചു ഒന്നൊന്നായി വെളിപ്പെടുത്താം.”

ഒരു പിടിയും കിട്ടാതെ ഞാൻ മംഗളത്തെ നോക്കി. അവളാകട്ടെ ഗാഢചിന്തയിൽ മുഴുകിനിന്നു. അയാൾ തുടർന്നു. “പറയാനുള്ളതു മുഴുവനായില്ലാ. ഇന്നത്തെ ഭക്ഷണം യഥാസമയങ്ങളിൽ ഹോട്ടലിൽ നിന്നു ഇവിടെ എത്തും. നാളെമുതൽ അരിയും സാമാനങ്ങളും, അടുത്തകടയിൽ നിന്നു പററുവരവായി ആവശ്യാനുസരണം ഭൃത്യപോയി വാങ്ങിക്കൊള്ളട്ടെ. ഞാൻ എല്ലാം ഏർപ്പാടുചെയ്തേച്ചാണ് വരുന്നതു്”

ആ സമയം പലഹാരങ്ങളും കാപ്പിയും കൊണ്ടു രണ്ടു ബ്രാഹ്മണകുട്ടികൾ പ്രവേശിച്ചു. വാക്കുകൾപുറത്തുവരാതെ ഞാൻ പതുങ്ങി. ഒരു അനിശ്ചിതാവസ്ഥ. എൻെറ പരിഭ്രമത്തിൽ സന്തോഷത്തിൻെറ കലർപ്പും ചേർന്നിരുന്നു. കയ്ക്കുന്ന മധുരവും, പൊള്ളുന്ന മഞ്ഞും പോലെയായിരുന്നു അപ്പഴത്തെ ഒരനുഭൂതി.

അദ്ദേഹത്തിൻെറ ഔദാര്യത്തെ അപമാനിക്കരുതെന്നുകരുതി അപ്രിയമൊന്നും ഭാവിച്ചില്ലാ. മംഗളവും ചിന്താമൂകയായിരുന്നു. ഞങ്ങൾ മൂന്നുപേരും കൂടികാപ്പികഴിച്ചു. എൻെറ തങ്കക്കുട്ടികളെ അനുസ്മരിച്ചപ്പോൾ ബാഷ്പനിരുദ്ധകണ്ഠയാകാതിരിക്കാൻ കഴിഞ്ഞില്ല. സാധനങ്ങളുടെ രുചിഅറിഞ്ഞതേയില്ല. എന്തൊക്കെയാണ് കഴിച്ചതെന്നും അറിഞ്ഞുകൂടാ. ചിലതെല്ലാം തള്ളിവിട്ടു എന്നേയുള്ളു.

വേണു:-ഇന്നത്തേക്കു, ഉച്ചഭക്ഷണവും, ഇടനേരത്തെ കാപ്പിയും, അത്താഴവും മുറക്കു വന്നുചേരും. നാളെ മുതൽ സ്വയം പാകം ആരംഭിക്കണം. ഞാൻ പോയിവരട്ടെ.

ഇപ്രകാരം സംഭവിക്കുമെന്നു ഞങ്ങൾ സ്വപ്നം കൂടികണ്ടതല്ല. ഇതിന്റെയെല്ലാം മർമ്മവും ഉന്നവും എന്തായിരിക്കുമെന്നു ഞാനും, മംഗളവും കൂടി ചർച്ച ചെയ്തു. പ്രഥമത്തിൽ ഒന്നും പിടികിട്ടാത്ത ഒരു വട്ടം, ചില സംശയങ്ങളുമാണ് അവളിൽ കണ്ടതു്.

കുറച്ചുനേരം ചിന്താഭരിതയായതിനുശേഷം അവൾ പറഞ്ഞു. "വിദൂരലക്ഷ്യം സങ്കല്പിച്ചുകൊണ്ടുള്ള ഒരു പ്ലാനും, വലവീശലും ആയിരിക്കണം. അല്ലാതെ വരില്ല."

ഞാൻ:-അലിവുള്ള ഒരു ഹൃദയത്തിന്റെ പ്രേരണയനുസരിച്ചുള്ള ചില നിസ്സാര സഹായങ്ങളെക്കുറിച്ചു അന്യഥാ എന്തിനു ശങ്കിക്കുന്നു. സ്വജനങ്ങൾ ത്യജിച്ചാലും അന്യന്മാർക്കു കരുണയുണ്ട്.

മംഗ:-പക്ഷെ ഒരന്യൻ യാതൊരു ഉദ്ദേശവുമില്ലാതെ നമ്മളിൽ അലിയുന്നതെന്തിനാണ്? അതിലാണ് സംശയം തോന്നിപ്പോകുന്നതു്.

ഞാൻ:-നിന്റെ സംശയത്തിനു അടിസ്ഥാനമില്ലാ. ഒരു പിച്ചക്കാരിയോടു ദയകാണിച്ച് എന്താണ് സാധിക്കാനുള്ളതു്?

മംഗ:- പിച്ചക്കാരിയോ കൊള്ളാം. താല്കാലിക ദാരിദ്ര്യം കൊണ്ടു മങ്ങിയഒരു മാണിക്യക്കല്ലാണ് എന്റെ കൊച്ചമ്മ. ഒരു പഴയ ശ്ലോകം കേട്ടിട്ടില്ലെ?

"ഉച്ചക്കുള്ള ദിനേശബിംബമൊടെ തുത്തീ-
ടുന്ന മാണിക്യമ
ങ്ങെച്ചിക്കുപ്പയതിൽ ക്കിടക്കിലുമതിൻ
നൽഭംഗി മങ്ങീടുമൊ

പുഛരിക്കാതെ മഹീശരായതു കിരീടാഗ്ര
ത്തിൽ വച്ചീടുവാ
നിഛരിക്കുന്നു ശുഭാംഗി! നീയതുവിധം
നീചത്തിൽ നിന്നീടില്ലും."

ഞാൻ ഒന്നും മിണ്ടിയില്ല. കുറെ നേരത്തേക്കു എൻെറ ഭൃത്യയും ഉരിയാടിയില്ല. പെട്ടെന്നു അവളുടെ ചിന്താ പരിണതഫലമെന്നപോലെ എന്നെ ഉപദേശിച്ചു.

"ഇങ്ങോട്ടു കാണിച്ച ഔദാര്യത്തോടു വിപരീത നില അവലംബിക്കുന്നതു തീർച്ചയായും ബുദ്ധിമോശമായിരിക്കും. നമുക്കും അനുനയമായി പെരുമാറണം.'

എൻെറ അന്നേരത്തെ മനസ്ഥിതിയോടു യോജിച്ച അഭിപ്രായമായിരുന്നു ഇതു്.

ഒരാഴ്ചത്തേക്കു വേണുഗോപാലനെ കണ്ടില്ല. ഞങ്ങളുടെ കുടിലും മേടയും തമ്മിൽകുറെ അധികം അകലമുണ്ടായിരുന്നു. എട്ടാം ദിവസം ഉച്ചയോടടുത്തപ്പോൾ പറമ്പിൻെറ കിഴക്കേഅററത്തു കിളച്ചുകൊണ്ടിരുന്ന വേലക്കാരുടെ ഇടയിൽ അയാൾ അല്പ സമയം നിൽക്കുന്നതു കണ്ടു. ഉച്ച തിരിഞ്ഞപ്പോൾ കിളക്കാരുടെ ജോലി കുടിലിനടുത്തായി. വേണുഗോപാലൻ പെട്ടെന്നു അവിടെ വന്നു ചേർന്നു. വേലക്കാർക്കു ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടു കുടിലിൽ വന്നു കയറി. ഞങ്ങൾക്കു ആഹാരം കഴിക്കുന്നതിനായി മംഗളം രണ്ടു മൺചട്ടികൾ കഴുകുകയായിരുന്നു. അതു കണ്ടിട്ടു ഒന്നും മിണ്ടാതെ അയാൾ ഇറങ്ങിപ്പോയി. അൽപം കഴിഞ്ഞു് ഒരു വലിയ പെട്ടിയും എടുപ്പിച്ചുകൊ

ണ്ടുവന്നു. പെട്ടി തുറന്നപ്പോൾ അതു നിറയെ വെള്ളിപ്പാത്രങ്ങൾ, പ്ലേററുകൾ, കപ്പുകൾ, സാസറുകൾ, വെള്ളിത്തവികൾ, സ്പൂൺകൾ ഇവയായിരുന്നു. അതെല്ലാം ഭർത്താവിൻെറ വകയാണെന്നു ഒററനോട്ടത്തിൽ എനിക്കു മനസ്സിലായി. മംഗളവും ഞാനും ധാരാളം അവയെ കൈകാര്യം ചെയ്തിട്ടുണ്ട്.

വേണു:—ഇതെല്ലാം നിത്യോപയോഗത്തിനായി ഇവിടെ ഇരുന്നുകൊള്ളട്ടെ.

മംഗ:—നിത്യോപയോഗമൊ? നല്ല കാര്യംതന്നെ. ഇന്നത്തെ ഞങ്ങളുടെ നിലയും ഇവയുമായി യാതൊരു പൊരുത്തവുമില്ല.

വേണു:—ഇല്ലെങ്കിൽ നമുക്കു പൊരുത്തമുണ്ടാക്കാം. ഈ സാധനങ്ങൾക്കു ആവശ്യമുണ്ടാകും. ഞാനൊ മററു ചിലരൊ അതിഥികളാകുമ്പോൾ.

ഈ വാക്കുകളിൽ ഒരു വ്യംഗ്യം ധ്വനിക്കുന്നതായി ബുദ്ധിശാലിനിയായ മംഗളം മനസ്സിലാക്കി. ഒരു ദൃഢനിശ്ചയത്തിലെത്തിയപോലെ കുസലററ അവൾ ഒരു ക്ഷണനം നടത്തി.

മംഗ:—എന്നാൽ ഇന്നു ഈ സാധനങ്ങളുടെ ആദ്യത്തെ വിരുന്നുകാരനാകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

"താൻ ഇച്ഛിച്ചതും പാൽ. വൈദ്യൻ കല്പിച്ചതും പാൽ". വേണുഗോപാലൻ സസന്തോഷം ആ ക്ഷണനം സ്വീകരിച്ചു.

ഞങ്ങൾ ഒന്നിച്ചിരുന്നു ആഹാരം കഴിച്ചു. ചോറും ഒരു കറിയും മാത്രമായിരുന്നു വട്ടം.

"ഈയിടെയെങ്ങും ഇത്ര സുഖമായി ഞാൻ ആ

ഹാരം കഴിച്ചിട്ടില്ല. സ്ത്രീകൾക്കുള്ള കര കൌശലം ഒന്നു പ്രത്യേകം തന്നെ. എന്റെ അമ്മ മരിച്ചതിൽ പിന്നെ വീണ്ടും അതനുഭവമായതു ഇന്നാണു്. ഇതു പോലെ എന്നും സാധിച്ചെങ്കിൽ." അർദ്ധോക്തിയിൽ വിരമിച്ചിട്ടു അയാൾ മേടയിലേക്കു നടന്നു.

മംഗളംഅർത്ഥഗർഭമായി എന്നെ നോക്കി മന്ദഹസിച്ചു.

എനിക്കു നീരസമാണ് തോന്നിയതു്. "പരിഹാസമായി എന്നെ സൂക്ഷിച്ചുനോക്കണ്ട. നീ സങ്കൽപിക്കുന്ന തകരാറൊന്നും ഞാൻ കാണുന്നില്ല" എന്നു പറഞ്ഞുപോയി.

"ഞാനൊന്നും സങ്കൽപിക്കുന്നുമില്ല, പറയുന്നുമില്ല. കാററു മാറിയാണു് വീഴുന്നതെന്നു കൊച്ചമമക്കും കാണാമല്ലൊ" എന്നു അവളും പ്രതിവചിച്ചു.

ആ ശങ്കാകുലമായ ഒരു നിമിഷമായിരുന്നുഅതു്. എങ്കിലും സുവർണ്ണ രേഖകളുള്ള ചില ശുഭ്രമേഘങ്ങൾ, എന്റെ ഹൃദയാകാശത്തിൽ ചരിച്ചുകൊണ്ടിരുന്നു. ഭാവിയിൽ ഞാൻ കണ്ടസങ്കൽപ സുഖങ്ങളെന്നവണ്ണം.

## V

വേണുഗോപാലൻ അവിവാഹിതനായിരുന്നു. പ്രായംനാല്പതിനോടുഅടുത്തിരിക്കണം. ജീവിതത്തിൽ മറെറല്ലാമുണ്ടായിരുന്നെങ്കിലും സാരമായ ഒരു കുറവുണ്ടായിരുന്നു. തന്നെ സ്നേഹിക്കുന്നതിനും, തനിക്കു സ്നേഹിക്കുന്നതിനും, ഗൃഹത്തിനകത്തുള്ള കാര്യാദികൾ അന്വേഷിക്കുന്നതിനും ഒരാളില്ലാതെ ഭവിച്ചു. അയാൾക്കു എന്നിൽ ഒരു കൌതുകദൃഷ്ടിയുണ്ടെന്നു ഞാൻ മനസ്സിലാക്കി.

ഒരു മാസം കൂടി കഴിഞ്ഞു. ഒരു ദിവസം കാലത്തു വേണു വന്നു കയറി.

വേണു: വ്യാപാരസംബന്ധമായ പര്യടനങ്ങളിലായിരുന്നു ഒരു മാസക്കാലം. രണ്ടുപേർക്കും സൌഖ്യമാണല്ലോ.

മംഗ: സുഖവും ദുഃഖവും ഞങ്ങൾ വേർതിരിച്ചു നോക്കാറില്ല. രണ്ടും ദൃഷ്ടിഭേദങ്ങളാണ്.

വേണു: അതു വേദാന്തനിലയാണ്. സുഖപ്രതീക്ഷയിലാണല്ലോ ജീവിതം കെട്ടിപ്പടുക്കുന്നതു്. ഞാൻ ഇങ്ങോട്ടു വന്നതു എന്റെ മനസ്സിൽ കുറച്ചുദിവസങ്ങളായി കുടികൊണ്ടിട്ടുള്ള ഒരാശയം അറിയിക്കുന്നതിനായിട്ടാണ്.

മംഗ:—അതെന്താണ്?

വേണു:—രഹസ്യമൊന്നുമല്ലാ. രണ്ടുപേർക്കും ആ വലിയ കെട്ടിടവും ആയിനല്ല പഴക്കമുണ്ടല്ലോ. അവിടെ ഞാനും രണ്ടുവേലക്കാരും മാത്രമെ ഉള്ളു. മേടയിൽ നിന്നു വടക്കു മാറിനില്ക്കുന്ന അടുക്കളക്കെട്ടു ഇതേവരെ തുറന്നിട്ടെ ഇല്ലാ. നിങ്ങളുടെ പാചകം അവിടെ നടത്താം. കിടപ്പും, ഇരിപ്പും മാളികയിലും. എല്ലാ മാസവും, മിക്കവാറും 20 ദിവസം ഞാൻ അന്യ സ്ഥലങ്ങളിലായിരിക്കും. രത്നങ്ങളും ആഭരണങ്ങളും വിൽപനക്കായി എനിക്കു സഞ്ചരിച്ചേതീരു. മാളികക്കെട്ടിടത്തിന്റെ താഴത്തുള്ള ഒരു മുറികൊണ്ടു എനിക്കു ധാരാളം കഴിയാം. ഞാൻ ഒററയാനല്ലെ.

അഭിപ്രായമൊന്നും ഞാൻ പറഞ്ഞില്ല. സംഗതികൾ പടിപടിയായി ഒരു കേന്ദ്രത്തിലേക്കു പുരോഗ

മിക്കുന്നതായിട്ടു തോന്നി. ആകപ്പാടെ മനസ്സിനു ഒരു സമാധാനക്കുറവും, പരിഭ്രമവും.

മംഗ:-ആ കെട്ടിടത്തിനു വാടക തരാൻ ഞങ്ങൾക്കു കഴിവില്ലെന്നു അറിയാമല്ലൊ.

വേണു:-അങ്ങിനെ പറയുമെന്നു ഞാൻ കണ്ടതാണ്. സോദരികൾ വാടക തരണ്ട. ഞാൻ അത്രക്കു ദുരാഗ്രഹിയല്ലാ. ഇപ്പോൾ എനിക്കുള്ള സ്വത്തു തന്നെ വമ്പിച്ചതാണ്. അതു അനാവശ്യമായിട്ടും, ഒരു ഭാരമായിട്ടും ചിലപ്പോൾ തോന്നിപ്പോകുന്നു.

ഞാൻ:- താമസം മാറുന്നതിനെകുറിച്ചു ഗാഢമായി ചിന്തിക്കാനുണ്ട്. രണ്ടു ദിവസം കഴിഞ്ഞു മറുപടി പറയാം.

വേണു പോയതിനുശേഷം ഞങ്ങൾ പുതിയ പ്രശ്നത്തിൻെറ എല്ലാ വശങ്ങളും കൂലങ്കഷമായി പൎയ്യാലോചിച്ചു. ഒരു തീരുമാനം വരാതെ ഞാൻ വിഷമിച്ചു.

മംഗ:-എങ്ങിനെ നോക്കിയാലും ദുശ്ശങ്കക്കു ആവശ്യമില്ല. ദൈവം നമുക്കു നല്ലതുവരുത്തുകയാണെന്നു സമാധാനിക്കണം. കൊച്ചമ്മയുടെ സന്മാൎഗ്ഗചൎയ്യയും അഭിമാനവും തന്നത്താൻ സംരക്ഷിച്ചുകൊണ്ടാൽ മതി.

ഞാൻ:-അതെനിക്കറിയാം. എന്നാൽ അപവാദം പറയുന്ന ലോകരുടെ വാ മൂടിക്കെട്ടാൻ സാധ്യമല്ലല്ലൊ. മുരുകേശൻ വരുന്ന പക്ഷം ഞാൻ മറെറാരാളുടെ രക്ഷയിൽ ഇരിക്കുന്നു എന്നു വരുന്നതു വലിയ കുഴപ്പമാകും.

മംഗ:-ലോകാപവാദം വകവെയ്ക്കാനില്ലാ. നമ്മുടെ സത്യബോധമാണ് വലുതു്. യജമാനൻ ഇനി

വരുന്ന കാൎയ്യം പ്രയാസം തന്നെ. നാടുവിട്ടതായി കേ ൾവിയുണ്ടു്. മലയായിലൊ, ആഫ്രിക്കായിലൊ മ റേറാ ആയിരിക്കാം. പെണ്ണു കെട്ടിയിരിക്കാനും ഇട യുണ്ടു്.

ഒരാഴ്ചക്കുള്ളിൽ ഞങ്ങൾ വലിയ വീട്ടിലേക്കു മാ റി. അവിടം എൻെറ ഭർത്തൃഗൃഹമായിരുന്നല്ലൊ. ഉ ദ്ദേശിച്ചതിൽ കവിഞ്ഞ സുഖസൌകൎയ്യങ്ങൾ ഞങ്ങൾ ക്കു ലഭിച്ചു. വേണുഗോപാലൻ ഏററവും സ്നേഹമാ യിട്ടും, മൎയ്യാദയായിട്ടുമാണു് പെരുമാറിയതു്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ എന്നോടുപറഞ്ഞു.

“ഇതു സോദരിയുടെ സ്വന്തം ഗൃഹമാണെന്നു കരു തിക്കൊള്ളണം. ഒരു വാടകക്കാരനെപ്പോലെ ഞാൻ മുൻവശത്തെ മുറിയിൽ കഴിഞ്ഞുകൊള്ളാം. ഇവിടെ യുള്ള സാമാനങ്ങൾ വേണ്ടപോലെ എല്ലായിടത്തും നി രത്തിയിട്ടുകൊള്ളുക.”

ഒരു ഹാൾതുറന്നു പലമാതിരിയിലുള്ള മരസ്സാമാ നങ്ങളും, വെള്ളികൊണ്ടും, ചീനമൺകൊണ്ടും മററും ഉ ണ്ടാക്കിയ കൌതുകസാധനങ്ങളും ബൊമ്മകളും, നീ രാളത്തിൽ കസവു കത്തിപ്പിടിപ്പിച്ച വിചിത്ര വി രികളും; വർണ്ണശബളമായ പരവതാനികളും എന്നെ കാണിച്ചു

ഞാൻ കുറച്ചൊന്നു അന്ധാളിച്ചു. അവിടെ ക ണ്ടതെല്ലാം എൻെറ ഭത്താവിൻെറ വകയും, വാടകയു ടെ ഉറപ്പിനായി വേണു കൈവശപ്പെടുത്തിയവയുമാ യിരുന്നു ഏതാനുംമാസങ്ങൾക്കു മുമ്പുവരെ അവയു മായി ഞാൻ ഉററ ബന്ധത്തിൽ ഇടപഴകിയതാണു്. എന്നാൽ ഇന്നാകട്ടെ അവററ വിദൂരതയിൽ നിന്നു തു

റിച്ചു നോക്കുന്ന അപരിചിതരെപ്പോലെ തോന്നി.

രണ്ടുദിവസം കൊണ്ടു ഞാൻ വേലക്കാരുടെ സഹായത്തോടുകൂടി എല്ലാം യഥാ സ്ഥാനങ്ങളിൽ ഇട്ടു. ആകെ ഒരടുക്കുവരുത്തി മോടിപിടിപ്പിച്ചു.

ഒരു മാസം സമാധാനമായി നീങ്ങി. രത്നവ്യാപാരി ഞങ്ങളുടെ അഭ്യുദയകാംക്ഷിയും, സ്നേഹിതനും ആയിത്തീർന്നു. നടപടികളിൽ അശുചിത്വമോ, അശ്ലീലമോ കാണാനുണ്ടായിരുന്നില്ല. വളരെ ആത്മാർത്ഥമായിട്ടാണു് പെരുമാറിയതു്. ഗൃഹത്തിന്റെ ഉടമസ്ഥ ഞാനും വ്യാപാരി വിരുതിക്കാരനും എന്നമട്ടിലാണു് കഴിഞ്ഞുവന്നതു്.

ഒരുനാൾ വൈകുന്നേരം, വ്യാപാരി പെട്ടെന്നു ഞങ്ങളുടെ മുറിയിലേക്കു വന്നു. വിനയത്തോടുകൂടി ഞാൻ എണീററു. ആഗതൻ ഇരുന്നു. മംഗളം അടുക്കളയിലേക്കു പോയി. ചിലതെല്ലാം ഉറപ്പിച്ചു രീതിയിലായിരുന്നു അയാളുടെ സംഭാഷണം.

വേണു:—ഈ കെട്ടിടങ്ങൾക്കും, സകല സാമഗ്രികൾക്കും, ഈ ഭൂമിക്കും ഭവതി അധീശ്വരിയാണെന്നു കരുതണം.

എനിക്കു സംഭ്രമമായി. ഉൾക്കുളം കിടിലം കൊണ്ടു.

വേണു:—എന്തിനു നീട്ടിവയ്ക്കുന്നു തുടർന്നു മററൊരു സംഗതികൂടി അറിയിക്കാം. തെററിദ്ധരിക്കരുതു്. കണ്ടനാൾ മുതൽ ഞാനും, എനിക്കുള്ളതും അങ്ങോട്ടു പ്രണയമായിക്കഴിഞ്ഞു. നിസ്സാരമായ ചില സേവനങ്ങൾ അനുഷ്ഠിക്കാൻ ഇടയായതിനെ കണക്കാക്കിട്ടു സ്വാതന്ത്ര്യം എടുക്കയാണെന്നു വിചാരിക്കരുതു്.

അനുവദിച്ചു തന്നിട്ടുള്ള സ്നേഹിതൻെറ നിലയെ ദുരുപയോഗപ്പെടുത്തുകയല്ലാ. അഹിതമാണെങ്കിൽ ഇതാ ഇവൻ പിൻവലിയുന്നു.

കൈകൾ കൂട്ടിത്തിരുമ്മി കീഴോട്ടു നോക്കി ഞാൻ മൌനം ഭജിച്ചു. മാറിമാറി നിറഭേദങ്ങൾ എൻെറ മുഖത്തു സ്ഫുരിച്ചു. ചുണ്ടുകൾ വിറകൊണ്ടു. ശരീരമാകെ വിയർപ്പുപൊടിഞ്ഞു. ശ്വാസത്തിൻെറ ശീഘ്രഗതി കൊണ്ടു വക്ഷസ്സു പൊങ്ങിത്താണു.

വേണു:—ഞാൻ ഏകനാണ്. മാതാപിതാക്കന്മാരൊ, സഹോദരങ്ങളൊ മററു ബന്ധുക്കളൊ ഇപ്പോൾ എനിക്കില്ലാ. പിതൃവ്യ സ്വത്ത് വ്യാപാരത്തിൽ കൂടി ഞാൻ വളരെ വർദ്ധിപ്പിച്ചു. ഈശ്വരൻ എന്നെ ഒരു മികച്ച സമ്പന്നനാക്കി തീർത്തിട്ടുണ്ട്. ഇത്ര വമ്പിച്ച സ്വത്ത് ഇവന് എന്തിനാണ്? എൻെറ ജീവിതത്തിൽ വലിയ ഒരു വിടവുണ്ട്. സാരമായ ഒരു കുറവ്. എന്നെ സ്നേഹിക്കാൻ ആരുമില്ലാ. എൻെറ സ്നേഹം അർപ്പിക്കാനും ഒരു ലക്ഷ്യമില്ലാ. ഭവതിക്കു ദയവുണ്ടായാൽ എൻെറ അപൂർണ്ണത പരിഹരിക്കാം.

എൻെറ കണ്ണുകൾ നിറഞ്ഞു. ഹൃദയത്തിൽ കൊടുങ്കാററടിച്ചു. അലകൾ ഉയർന്നു. മംഗളം എത്രമാത്രം സൂക്ഷ്മദൃക്കും, ഋജുബുദ്ധിയും, ദീർഘദർശിനിയും ആണെന്നു ഞാൻ അത്ഭുതപ്പെട്ടു. അവൾ പലപ്പോഴായി തന്നിട്ടുള്ള സൂചനകൾ എത്രവേഗം യഥാർത്ഥമായി പരിണമിച്ചു.

വേണു:—ദയാദൃഷ്ടിയോടുകൂടി ഇവൻെറ അപേക്ഷ സ്വീകരിക്കണമെന്നും, ആശ സഫലമാക്കി ഭാഗ്യവാനാക്കണമെന്നും, പ്രാർത്ഥിച്ചുകൊള്ളുന്നു. നല്ലവണ്ണം

പര്യാലോചിച്ച് സാവധാനത്തിൽ മറുപടി തന്നാൽ മതിയാകും.

ഞാൻ:—എനിക്കു ഭർത്താവുണ്ടെന്നും, അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നും അറിയാമല്ലൊ.

വേണു:—അറിയാം. പക്ഷേ അദ്ദേഹം ഇനി തിരിച്ചുവരികയില്ലെന്നാണ് പ്രബലമായ കിംവദന്തി.

ഞാൻ:—അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ മററു പ്രകാരത്തിൽ ചിന്തിക്കുന്നതുതന്നെ അധർമ്മവും പാപവുമാണ്. രണ്ടാം കല്യാണം നിയമവിരുദ്ധവുമാണ്.

വേണു കസേരയിൽ നിന്നും എണീററു. നെററിയിൽ സ്വേദകണങ്ങൾ പൊടിഞ്ഞുനിന്നു. വെപ്രാളത്തോടുകൂടി ഇടറിയ ശബ്ദത്തിൽ പറഞ്ഞു.

"ഭവതിയുടെ സമാധാനങ്ങൾ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഒന്നുമാത്രമെ എനിക്കു പറയാനുള്ളു. മുകുന്ദൻ ഇനി ഭവതിയോടുകൂടി ജീവിക്കുമെന്നു എനിക്ക് അശേഷം പ്രത്യാശയില്ല. മനുഷ്യൻ ഇതിൽ കൂടുതൽ ദുഷിക്കാനില്ല. ആനിലയിൽ ആയിട്ടുണ്ട്. ഒരിക്കലും നടക്കാൻ ഇടയില്ലാത്ത കാര്യത്തെ ഊന്നി. ജീവിതം മുഴുവൻ ഇങ്ങിനെ ദാരിദ്ര്യത്തിലാണ്ടു പരിതാപ നിലയിൽ കഴിയുന്നതു് ഇവനു മർമ്മഭേദകമാണ്. ഞാൻ പരസ്യമായി താലി കെട്ടുന്നില്ല. എൻെറ സഹധർമ്മിണിയെന്നുള്ള പദവി ഇതാ തരുന്നു. നിയമപരമായ സകല അവകാശങ്ങളോടുംകൂടി. ഞാനുൾപ്പെടെ എൻെറ സർവ്വസ്വവും ഈ നിമിഷത്തിൽ ദത്തം ചെയ്തിരിക്കുന്നു. പ്രമാണമെഴുതി രജിസ്റ്റാക്കുകയും ചെയ്യാം. ഈശ്വരൻ സാക്ഷി."

പറഞ്ഞവസാനിച്ചതു ഏററവും വികാരാവേശത്തോടുകൂടിയാണ്. ഞാൻ ഒന്നു രണ്ടു ഞെട്ടി. അശ്രുപൂർണ്ണമായ കണ്ണുകൾ ഞാനറിയാതെ അങ്ങോട്ടു പതിഞ്ഞു. സജലനയനങ്ങളോടുകൂടി വേണു എന്നെ നോക്കി. പെട്ടെന്നു അവിടം വിട്ടു.

ഞാൻ കട്ടിലിൽ കിടന്നു. ചൂടുപിടിച്ചിരുന്ന ശരീരം ക്രമേണ തണുത്തു. കണ്ണുതുറന്നപ്പോൾ മംഗളം നില്ക്കുന്നു. അവൾ അടുത്ത മുറിയിൽനിന്നു എല്ലാം കേട്ടതായി സമ്മതിച്ചു. ലജ്ജകൊണ്ടു എൻെറ മുഖം മ്ലാനമായി.

മംഗ:-എൻെറ കൊച്ചമ്മ പതറരുതു്. യജമാനൻ ഇനി വരുമെന്നും കൊച്ചമ്മയോടുകൂടി ജീവിക്കുമെന്നും എനിക്കു വിശ്വാസമില്ല. വന്നാലും എന്തു വിശേഷമാണ്?

ഞാൻ:-വിശേഷമില്ലെങ്കിലും താലികെട്ടിയ പുരുഷനല്ലേ? എല്ലാം സഹിക്കാനെ നിവൃത്തിയൊള്ളു.

മംഗ:-ഒന്നുപറയാം. വേണുവിൻെറ അഭ്യർത്ഥന അകൈതവവും, ആത്മാർത്ഥവുമാണ്. സാധുമനുഷ്യൻ കൊച്ചമ്മയുടെ പാദദാസനായിട്ടുണ്ടു്. അത്രക്കാണ് ഇങ്ങോട്ടുള്ള പൂജയും, ആരാധനയും.

ഞാൻ:-എന്തായാലും ധർമ്മപഥത്തിൽ നിന്നു് വ്യതിചലിക്കാതിരിക്കുകയല്ലെ വേണ്ടതു്. ഒന്നു വഴുതിയാൽ പിന്നീടു മുറക്കു വഴുതി വഴുതി അഗാധഗർത്തത്തിൽ പതിക്കും. മനസ്സാക്ഷിയുടെ മന്ദസ്വരം ക്രമേണ കേൾക്കാതായി തുടങ്ങുകയും ചെയ്യും.

മംഗ:-ധർമ്മത്തിൽ നിന്നുതെററണമെന്നു ഞാൻ ഒരിക്കലും പറയുകയില്ല. പക്ഷെ തന്നോടുള്ള ധർമ്മം

എന്താണെന്നു ചിന്തിച്ചു തീർച്ചപ്പെടുത്താനാണ് വിശേഷബുദ്ധി അല്ലെങ്കിൽ വിവേകം മനുഷ്യനു തന്നിട്ടുള്ളതു്. ധർമ്മമെന്നും പറഞ്ഞു ദാരിദ്ര്യമനുഭവിച്ചു മരിക്കാൻ തുടങ്ങുന്നതു അധർമ്മമാണ്. മററുള്ളവക്കൊ തനിക്കൊ, അതുകൊണ്ടു യാതൊരു മെച്ചവുമില്ല. ഇപ്പോൾ ഈശ്വരൻ ഒരു രക്ഷാമാർഗ്ഗം ചൂണ്ടിത്തന്നിരിക്കുന്നു. ആ വഴി അടച്ചാൽ പിന്നീട് എമ്പാടും അടവും അന്ധകാരവും അഭിമുഖീകരിക്കേണ്ടിവന്നാലൊ? പിഞ്ചുപൈതങ്ങളെ ഓർമ്മിക്കണം.

വികാരാവേശത്തോടുകൂടിയായിരുന്നു തന്റെ പ്രഭാഷണം. നിഷ്കളങ്കതയും, നിസ്വാർത്ഥതയും ഓരോ വാക്കിലും തുളുമ്പിനിന്നു. അവളുടെ പ്രായോഗികബുദ്ധിയിൽ എനിക്കു അതിരററ വിശ്വാസം തോന്നി. ആ യുക്തികൾക്കു മുമ്പിൽ എന്റെ തല താണു. എന്റെ വാ അടക്കപ്പെട്ടു.

ഹൃദയത്തിൽ വിവിധ വികാരങ്ങളുടെ കോളിളക്കം തിമർത്തതുകൊണ്ടു രാത്രിയിൽ ഞാൻ പോളു കൂട്ടിയിട്ടില്ല. എന്റെ ആത്മഗതം ഏതാണ്ടു ഇപ്രകാരമായിരുന്നു:-

"മുരുകേശനോടുകൂടിയുള്ള ദാമ്പത്യം ആദ്യന്തം കഷ്ടാൽകഷ്ടതരമായിരുന്നു. അതോർക്കുമ്പോൾ വീർപ്പുമുട്ടുന്നു. ഉപേക്ഷിച്ചു പോയതിനുശേഷം അനുഭവിച്ച ദാരിദ്ര്യ ദുഃഖം വിചാരിക്കാൻ വയ്യാ. ദാരിദ്ര്യവഹ്നിയിൽ കിടന്നു പൊരിയാതെ കുട്ടികളെങ്കിലും രക്ഷപ്പെടണമെന്നു മാത്രം കരുതിയാണ്, ഏതൊരു മാതാവും ചങ്കുപൊടിയാതെ ചെയ്യാത്ത കടുങ്കയ്യ് പ്രവർത്തിക്കാൻ ഞാൻ ഉദ്യുക്തയായതു്. പക്ഷിമൃഗാദിക

ംപോലും മനസ്സോടുകൂടി തങ്ങളുടെ കുട്ടികളെ വിട്ടു പിരിയുകയില്ലാ. എൻെറ ഹൃദയം എത്രകഠിനം? എൻെറ തങ്കമണികളെ ഉപേക്ഷിക്കാൻ എങ്ങിനെ തോന്നി."

"ധർമ്മമെന്നും പറഞ്ഞു ദാരിദ്ര്യമനുഭവിച്ചു മരിയ്ക്കാൻ തുടങ്ങുന്നതു അധർമ്മമാണെന്നു മംഗളം പറഞ്ഞതു എത്ര പരമാർത്ഥം. പൊന്നുമംഗളം! എക്കാലവും എനിക്കുതകുന്ന ഉത്തമസഖിയും, ഉപദേഷ്ടാവും നീ മാത്രമാണ്. ഈശ്വരൻ തന്ന നിധിയാണ് നീ."

"എൻെറ കുട്ടികളുടെ രക്ഷയെ കരുതിയെങ്കിലും, ലോകത്തെ വകവയ്ക്കാതെ, ബുദ്ധിപൂർവ്വം പ്രവർത്തിക്കേണ്ടതു് അത്യാവശ്യമാണ്. പല്ലിളിച്ചു പരിഹസിക്കയല്ലാതെ, ലോകം അനുഭാവപൂർവ്വം എന്നോടു പെരുമാറുകയില്ലാ. ലോകത്തിനുണ്ടോ ഹൃദയം! അതാതുകാലത്തെ അവസ്ഥകൾ അനുസരിച്ചു തോതുകളും, പരിപാടികളും ഭേദപ്പെടുത്തണമെന്നാണ് അഭിജ്ഞമതം. ലോകത്തെ ശങ്കിച്ചു, അയഞ്ഞും വഴങ്ങിയും ജീവിക്കുന്നതു് വെറും ഭീരുത്വം. ശുദ്ധഗതിക്കാരുടെ ബുദ്ധിമോശം."

"എനിക്കും കുട്ടികൾക്കും രക്ഷ ലഭിക്കുന്ന വിധം ജീവിക്കണം. ഇപ്പോൾ അതിനുള്ള വഴിയാണ് തുറന്നിരിക്കുന്നതു്. അല്ലെന്നു എങ്ങിനെ നിശ്ചയിക്കാം. വേണുവിൻെറ ആത്മാർത്ഥതയിൽ കളങ്കമുണ്ടെന്നു സംശയിക്കാനില്ല. സ്വത്തു മുഴുവൻ അടിയറവച്ചു് ഈ പിച്ചക്കാരിയെ കൈക്കൊള്ളാമെന്നു വച്ചതു് മാംസത്തിൻെറ പ്രേരണകൊണ്ടുമാത്രമല്ലാ. തീർച്ചതന്നെ. സ്നേഹത്താൽ പ്രേരിതമായ ഒരു ഹൃദയമാണ് പ്രകട

മാകുന്നതു്. എത്ര നല്ല ഹൃദയം. എന്തുമഹത്വം."

മുരുകേശനും വേണുവുംതമ്മിൽ യാതൊരു സാമ്യവുമില്ലാ. എത്ര വലിയ അന്തരം. ഇനിയും മുരുകേശനോടുകൂടി ജീവിക്കേണ്ടിവന്നാൽ പൂർവ്വാധികം നരകയാതന അനുഭവിക്കാമെന്നുമാത്രം. ഒരു ഭർത്താവിനൊ പിതാവിനൊ ഉണ്ടായിരിക്കേണ്ടതായ ഗുണങ്ങൾ യാതൊന്നുമില്ലാത്ത ആ മനുഷ്യനെ കാത്തു കാത്തു ഇരിക്കുന്നതിലപ്പുറം മഹാഭോഷത്വം മറെറന്തു്? ആ മനുഷ്യനിൽനിന്നും രക്ഷ പ്രാപിക്കാനുള്ള ഏക മാർഗ്ഗമാണ് വേണുവിൻെറ സംരക്ഷണയിലാകുന്നതു്."

"ഭൂതകാലമെ! ഞാൻ യാത്ര പറയുന്നു......ഇവൾ തീർച്ചയാക്കി കഴിഞ്ഞു. ഇനി പതറുകയില്ല"

മനസ്സിനു സുഖവും, സമാധാനവും കിട്ടിയതുകൊണ്ടു പുലർച്ചക്കുമുമ്പു ഞാൻ അൽപം മയങ്ങിയെന്നു തോന്നുന്നു.

പിറേറ ദിവസം എൻെറ നിശ്ചയം മംഗളത്തിനെ അറിയിച്ചു. ഹൃദയഭാരം ഏറക്കുറെ നീങ്ങിയതായി അവൾ പറഞ്ഞു. മൂന്നു ദിവസത്തേക്കു വേണുവിനെ കണ്ടില്ലാ. അദ്ദേഹത്തിൻെറ വരവിനെ ഞാൻ അക്ഷമയോടെ പ്രതീക്ഷിച്ചു.

ചന്ദ്രികാചർച്ചിതമായ വസന്തരാത്രി. നീലവിൺനടുവിൽ പൂർണ്ണചന്ദ്രൻ തെളിഞ്ഞുനിന്നു. രാജാവിൽ നിന്നു അകന്നുമാറി നില്ക്കുന്ന പരിജനങ്ങളെപ്പോലെ നക്ഷത്രങ്ങൾ അങ്ങിങ്ങായി കാണപ്പെട്ടു. ഏകാന്ത ശാന്തിക്കുവേണ്ടി ഞാൻ മുകളിലത്തെ മട്ടുപ്പാവിൽ ഉലാത്തി, മംഗളം അകലെയുള്ള അടുക്കളെ

ക്കെട്ടിൽ പാചകവൃത്തിയിലേർപ്പെട്ടു. സുഗന്ധവാഹിയായ മന്ദമാരുതൻ എന്നെ തണുപ്പിച്ചു.

പൊടുന്നനവെ, പുറകിൽ ഒരു കാലൊച്ച കേട്ടു. തിരിഞ്ഞപ്പോൾ കണ്ടതു് വേണുവിനെയാണ്. ഞാൻ ഒന്നു ഞെട്ടി. ആഗതൻ ഉൽക്കണ്ഠാപൂർവ്വം എന്നെ നോക്കി.

വേണു:-(മന്ദസ്വരത്തിൽ) മധുരയിൽ നിന്നു വന്നതേയുള്ളു. ഞാൻ അനുഗൃഹീതനായിട്ടുണ്ടോ എന്നറിയാനുള്ള വെമ്പലോടെ തൽക്ഷണം ഇങ്ങോട്ടു പോന്നതാണ്. എൻെറ ജീവിതം ഭവതിയുടെ ഒററ വാക്കിൽ തൂങ്ങിനിൽക്കുന്നു.

ഞാൻ മന്ദഹസിച്ചു. എന്നാലും വേണു വികാരനിർഭരനായി തുടർന്നു.

"തീരുമാനം അനുകൂലമല്ലെങ്കിൽ എൻെറ സ്വത്തു മുഴുവൻ അവിടെ അർപ്പിച്ചിട്ടു ഞാൻ ഇന്നു നാടു വിടുന്നു."

ഗൽഗദത്തോടുകൂടിയാണ് ഇതു പറഞ്ഞതു്. വിധിയുടെ നിർണ്ണായകമായ ത്രാസിൽ വിറകൊണ്ടു നിൽക്കുന്ന ഒരു നിമിഷമായിരുന്നു. വികാരതരളിതയായി, പുളകച്ചുട്ടയണിഞ്ഞു, വലതുകാലിൻെറ പെരുവിരൽകൊണ്ടു നിലത്തു വരച്ചു. ഞാൻ കുമ്പിട്ടുനിന്നു. ശക്തിയായി രണ്ടുമൂന്നു ദീർഘനിശ്വാസങ്ങൾ ആ പ്രേമ ഭിക്ഷുവിൽ നിന്നുപുറപ്പെട്ടു.

തല ഉയർത്തി ഞാൻ വേണുവിനെ ഒന്നുനോക്കി. ഞങ്ങളുടെ കണ്ണുകൾ ബാഷ്പാങ്കിതങ്ങളായിരുന്നു. ഇരുകരങ്ങളും ഞാൻ മുമ്പോട്ടുനീട്ടി. വിറക്കുന്ന കൈകൾ

കൊണ്ടു വേണു അവഗ്രഹിച്ചു. പൂർണ്ണേന്ദു പുഞ്ചിരിച്ചു. നക്ഷത്രങ്ങൾ കണ്ണിറുക്കി. ചാമ്പമരങ്ങളിലും, തേന്മാവുകളിലുമിരുന്നു് രാക്കുയിലുകൾ ഒരു മേളം നടത്തി.

ഞാൻ:—ഈ പാണിഗ്രഹണം നമ്മെ ദമ്പതികളാക്കി.

കുറച്ചു നിമിഷങ്ങൾ "ഹസ്തേന ഹസ്തതലമാത്ത സുഖം" ഗ്രഹിച്ചുകൊണ്ടു ഞങ്ങൾ ഉലാത്തി. അധികം സംസാരിച്ചില്ലാ. ഞങ്ങൾ താഴോട്ടു പോന്നു. ഹാളിൽ വച്ചു ഒരു നിശ്ചയപത്രം എന്നെ ഏൾപ്പിച്ചു. അതു വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. വ്യാപാരം മാത്രം വേണുവിൽ സ്ഥിതി ചെയ്തു. മററ സകലസ്വത്തുക്കളും എൻെറ പേരിലും. ഏകദേശം ഒന്നരലക്ഷത്തിൻെറ വക. പിറേറന്നാൾ പത്രം രജിസ്റ്റ്രാക്കുകയും ചെയ്തു.

എൻെറ മേൽ, വിചാരണ നടത്തുന്നതു ഒരു ദയാദൃഷ്ടിയോടുകൂടി വേണ്ടതാണെന്നു ലോകത്തോടു അപേക്ഷിക്കുന്നു. എന്നെ വലയം ചെയ്തിരുന്ന പ്രത്യേക ചുററുപാടുകൾ പരിഗണിക്കണം. ഈ പരിതസ്ഥിതികളിൽ എന്നെപ്പോലെയുള്ള ഒരു ഏഴ പ്രവത്തിക്കേണ്ടതു എങ്ങിനെയാണെന്നു അവഗാഢമായി ചിന്തിക്കുക. എന്നിട്ടു വേണം ഒരു തീർപ്പുകല്പിക്കാൻ. നൂററിന്നു തൊണ്ണൂററിഒൻപതേമുക്കാലും എന്നെപ്പോലെ അല്ലാതെ പ്രവത്തിക്കുമൊ? അതു് മനോദൌർബ്ബല്യത്താലൊ, ധാർമ്മികബോധത്തിൻെറ കുറവുകൊണ്ടോ, രണ്ടുമോ, എന്താണെന്നു് എനിക്കു നിശ്ചയമില്ലാ.

VI

ഇഴഞ്ഞിഴഞ്ഞുപോകാതെ എൻെറ കഥ വേഗത്തിൽ പറഞ്ഞുതീക്കണമെന്നാണു് ആഗ്രഹം. ഇനി

യുള്ളതു കഴിയുന്നത്ര ചുരുക്കത്തിലും, ശീഘ്രഗതിയിലും കഴിക്കാം.

സൌഭാഗ്യമായും, സമാധാനമായും 6 മാസങ്ങൾ കടന്നുപോയി. വ്യാപാരത്തിന്റെ കൂടുതൽ അഭിവൃദ്ധിക്കായി, മധുരക്കു സ്ഥലം മാറണമെന്നു വേണുവിനു ഒരഭിപ്രായമുണ്ടായി. താമസം മധുരയിൽ ആക്കുന്നില്ലെങ്കിൽ, മാസത്തിൽ 20 ദിവസം പലയിടങ്ങളിലും ചുററിസഞ്ചരിക്കണമെന്നും, ബാക്കി 10 ദിവസം മാത്രം എന്നോടുകൂടി കഴിയാമെന്നും പറഞ്ഞു. രണ്ടാമത്തെ ഏർപ്പാടിനോടു എനിക്കു പ്രതികൂലമായിരുന്നു. ഒരു ദിവസംപോലും ആ സ്നേഹസമ്പന്നനെ പിരിഞ്ഞിരിക്കാൻ പ്രയാസമായിട്ടു തോന്നി. പ്രേമസുരഭിലമായ ഒരു അനവദ്യകുസുമമായിരുന്നു ആ പ്രേമഗൌതമന്റെ ഹൃദയം. അദ്ദേഹം എന്നെ നിർവ്യാജം സ്നേഹിച്ചു. എന്റെ ഏതു ഹിതവും സാധിതപ്രായമാക്കാൻ ബദ്ധകങ്കണനായിരുന്നു. ഭർത്തൃപ്രേമത്തിന്റെ ദിവ്യമാധുരി ഞാൻ ആസ്വദിച്ചതു ഇക്കാലത്തുമാത്രമാണു്.

എന്നോടുകൂടി മധുരയിൽ താമസമുറപ്പിക്കുകയാണു് നല്ലതെന്നു ഞാൻ അഭിപ്രായപ്പെട്ടു. അദ്ദേഹം പരിപൂർണ്ണമായി അതിനോടു യോജിച്ചു.

ഒരുമാസം കഴിഞ്ഞതാണു് ഞങ്ങൾ മധുരക്കു് പോയതു്. പോകുന്നതിനു മുമ്പു കെട്ടിടങ്ങളും, തോട്ടവും 15000 രൂപാക്കു കൈവശപ്പണയം കൊടുത്തു. ആ സംഖ്യ എന്റെ പേക്കു ബാങ്കിൽ നിക്ഷേപിച്ചു. മംഗളവും ഞങ്ങളോടുകൂടിപ്പോന്നു.

മധുരയിൽ മീനാക്ഷിക്ഷേത്രത്തിന്നു സമീപം ഒരു മാളിക വാടകക്കെടുത്തു. 6 മാസം കൊണ്ടു വ്യാപാരം വിപുലമായ തോതിൽ വികസിച്ചു. പാരീസിൽ നിന്നാണു് രത്നം വരുത്തിയിരുന്നതു്. പല ഭാഷകളിലുള്ള ആഭരണങ്ങൾ പണിയിച്ചു, യോജിക്കുന്ന രത്നങ്ങൾ പതിച്ചു, വില്പന നടത്തുമ്പോൾ നൂറുശതമാനം ലാഭം കിട്ടിവന്നു. മാസംമാസമുള്ള ലാഭം ശരാശരി 3000 രൂപായിൽ കുറയാറില്ലായിരുന്നു. വാടകക്കെടുത്ത മാളിക ഒടുവിൽ വിലയാക്കി. "രത്നവ്യാപാരി വേണുഗോപാൽ" എന്നു തെന്നിന്ത്യ മുഴുവനും ഉത്തരദേശങ്ങളിലും പ്രസിദ്ധമായി.

അക്കാലത്താണു് രാമനാട്ടു രാജകുടുംബത്തിൽ പെട്ട ഒരു യുവാവു് മദ്രാസിൽ താമസമുറപ്പിച്ചതു്. ഭാരിച്ച ധനികനായിരുന്നെങ്കിലും മഹാധൂർത്തനെന്നായിരുന്നു സംസാരം. ചില അപൂർവ്വരത്നങ്ങളും, പണി തീർന്ന ഏതാനും ആഭരണങ്ങളും അയാൾക്കു ആവശ്യമാണെന്നും, അവയുമായി ഉടൻ മദ്രാസിൽ എത്തണമെന്നും, വേണുവിന്നു കമ്പികിട്ടി. കമ്പിയുടെ വിവരം അന്നു വൈകുന്നേരം അദ്ദേഹം എന്നെ അറിയിച്ചു.

വേണു:–50000 രൂപാ വിലയുള്ള സാധനങ്ങളുമായി, രാത്രിയിലത്തെ മെയിൽവണ്ടിയിൽ മദിരാശിക്കു പുറപ്പെട്ടുകളയാം.

ഞാൻ:–വിലപിടിച്ച സാധനങ്ങളുമായി രാത്രി യാത്ര ചെയ്യുന്നതു് ആപൽക്കരമല്ലെ?

വേണു:–അങ്ങിനെ ഭയപ്പെടാൻ തുടങ്ങിയാൽ കാര്യനടപ്പിന്നു വിഘ്നമാണു്. ഒരു ലക്ഷം രൂപവിലയുള്ള സാധനങ്ങളുമായി ഞാൻ പല രാത്രികാലങ്ങളി

ൽ സഞ്ചരിച്ചു നല്ല തഴക്കമൊയിട്ടുണ്ടു്. രക്ഷക്കായി നാലു കുഴലുള്ള എൻെറ റിവാൾവർ ഉണ്ടല്ലൊ.

ഞാൻ:—എന്തോ എനിക്കു വലിയ ഭയം തോന്നുന്നു. എൻെറ ഹൃദയത്തിൽ ഒരു ഇരുൾ നിഴലിക്കുന്നു.

വേണു:—എന്നോടുള്ള പ്രേമത്തിൻെറ കൂടുതൽ കൊണ്ടാണു് എൻെറ പങ്കജത്തിനു ദുശ്ശങ്കയുണ്ടാകുന്നതു്.

ഞാൻ:—ദുശ്ശങ്കയെന്നു തള്ളരുതു്. എൻെറ കണ്ണു വല്ലാതെ തുടിക്കുന്നു.

വേണു:—എൻെറ ഓമന സമാധാനമായിരിക്കണം. ഇരുമ്പുസേഫിൽ നിന്നു ആ പെട്ടി എടുത്തു കൊണ്ടു വരു.

ഞാൻ പോയി ഒരു ചെറിയ സ്റ്റീൽപ്പെട്ടി എടുത്തുകൊണ്ടുവന്നു. അതിൽ വിശേഷപ്പെട്ട രത്നങ്ങളും, പണിതീർന്ന ആഭരണങ്ങളുമായിരുന്നു.

ഞാൻ:—ഈ പെട്ടി ഒരിക്കലും കൊണ്ടുപൊയ്ക്കൂടാ. രത്നങ്ങളുടെ തരം കാണിക്കാൻ നാലഞ്ചു ചെറിയ സാമ്പിളുകളും, ആഭരണങ്ങളുടെ ഭാഷ്യകൾ കൊടുത്തിട്ടുള്ള കാററലാഗും കൊണ്ടുപോയാൽ മതി. ആവശ്യമുള്ളവ അയാൾ ഇവിടെ വന്നു വാങ്ങിക്കൊണ്ടു പോകട്ടെ.

വേണു:—അങ്ങിനെയാകട്ടെ.

ഒരു തോൽപ്പെട്ടിക്കകത്തു വസ്ത്രങ്ങളും, രത്നങ്ങളുടെ സാമ്പിൾ അടങ്ങിയ ചെപ്പും, കാററലാഗും ഞാൻ വച്ചു. ആഹാരം കഴിച്ചു വേണു യാത്രയായി. പതിവില്ലാത്ത വിധം ഞാൻ പൊട്ടിക്കരഞ്ഞു. "പൊന്നു

പങ്കജം'' എന്ന സംബോധനയോടെ എന്നെ ഗാഢമായി ആശ്ളേഷിച്ചു. കപോലങ്ങളിൽ ചുംബിച്ചു. "എൻെറ തങ്കം വല്ലായ്മപ്പെടരുതു്. സമാധാനം വേണം.'' എന്നെല്ലാം സമാശ്വസിപ്പിച്ചിട്ടുപോയി.

## VII

പിന്നീടുണ്ടായ ദുരന്തകഥ വിവരിക്കാൻ ഇന്നും എനിക്കു സാദ്ധ്യമല്ലാ. ഏററവും ചുരുക്കത്തിൽ മാത്രം പറഞ്ഞുകൊള്ളുന്നു.

എനിക്കുണ്ടായ ഭ്രുതോദയവും, ഉൽക്കണ്ഠയും യഥാൎത്ഥമായിട്ടു പരിണമിച്ചു. അതോർക്കുമ്പോൾ ഇന്നും തല കറങ്ങിപ്പോകുന്നു. കണ്ണും ബാഷ്പനിരുദ്ധമാകുന്നു.

രണ്ടാം ദിവസത്തെ വർത്തമാനക്കടലാസിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഈ വാർത്തയാണു്.

### ദാരുണമായ കൊലപാതകം.

"മദിരാശി വണ്ടിയിൽ സഞ്ചരിച്ച പ്രസിദ്ധ രത്നവ്യാപാരി വേണുഗോപാലിനെ, വണ്ടിക്കകത്തു കയറി, കൊലപ്പെടുത്തി ഒരു ലക്ഷം രൂപാവിലയുള്ള രത്നങ്ങളും, ആഭരണങ്ങളും കവർച്ച ചെയ്തു. പ്രഭാതത്തിനു വണ്ടി മദിരാശിയിൽ വന്നപ്പോഴാണു് ഈ ഘോരകൃത്യം വെളിപ്പെട്ടതു്. ഘാതകന്മാർ ആരെന്നു് ഒരു പിടിയും കിട്ടിയിട്ടില്ലാ. പോലീസ് ഊർജ്ജിതമായി അന്വേഷണങ്ങൾ നടത്തുന്നുണ്ടു്."

കട വെട്ടിയിട്ട മൊന്തൻ വാഴപോലെ ഞാൻ നിലം പതിച്ചെന്നാണു് പിന്നീടു് കേട്ടതു്. കണ്ണുതുറന്നതു വൈകുന്നേരമാണു്. കണ്ണുനീർ പ്രവാഹത്തിൽ നനഞ്ഞുകുഴഞ്ഞും, അലച്ചും, തൊഴിച്ചും, തറയിൽ

കിടന്നുരുണ്ടും, തലമുടി ചിക്കിപ്പറിച്ചും, അലറിയും, മൂന്നു ദിനരാത്രികൾ ഞാൻ ഭ്രാന്തിയെപ്പോലെ പെരുമാറി. മംഗളത്തിന്റെ ജാഗ്രതയും, നോട്ടവും ഇല്ലായിരുന്നെങ്കിൽ എന്തെങ്കിലും അതിസാഹസം പ്രവർത്തിക്കുമായിരുന്നു.

അനുശോചനം പ്രകടിപ്പിക്കുന്നതിനു പലരും വന്നുകൊണ്ടിരുന്നു. മനോധർമ്മംപോലെ പൊടിപ്പും തൊങ്ങലും വച്ചു അവർ ഓരോ പ്രകാരത്തിൽ സംഭവത്തെക്കുറിച്ചു പറഞ്ഞു. മദിരാശിയിൽ നിന്നെത്തിയ ഒരു വർത്തകന്റെ റിപ്പോർട്ടു ഇപ്രകാരമായിരുന്നു.

"വേണുഗോപാൽ തനിച്ചു ഒരു ഒന്നാംക്ലാസുമുറിയിൽ സഞ്ചരിച്ചു. അർദ്ധരാത്രിക്കുശേഷം, തോൽപ്പെട്ടി അടക്കിപ്പിടിച്ചുകൊണ്ടു ഗാഢനിദ്രയിലാണ്ടു. ഇടസ്റ്റേഷനിൽ വണ്ടി നിന്നപ്പോഴായിരിക്കണം. തുറന്ന ജന്നലിൽക്കൂടി മുഖത്തു മൂടിയിട്ടു രണ്ടു മറവന്മാർ, മുറിയിൽ പ്രവേശിച്ചു. ലൈററ് കെടുത്തി. കഠാരികൊണ്ടു ഊക്കായി രണ്ടു പ്രാവശ്യം പുറത്തുകുത്തി. പെട്ടിയുംകൊണ്ടു അടുത്ത സ്റ്റേഷനിൽ ഇറങ്ങി അവർ കടന്നുകളഞ്ഞു."

അന്വേഷണത്തിൽ പോലീസിനു കിട്ടിയ അപൂർണ്ണവിവരങ്ങളെ അടിസ്ഥാനമാക്കി, പല ഊഹാപോഹങ്ങളും പ്രചരിച്ചു.

നാലാംദിവസം വേണുവിന്റെ മൃതശരീരം പോലീസുകാർ അവിടെ കൊണ്ടുവന്നു. ഞാൻ ഒന്നേ നോക്കിയൊള്ളു. ഉറങ്ങിക്കിടക്കുന്നപോലെ പരമശാന്തമായി ആ മുഖം കാണപ്പെട്ടു. ഇന്നും എന്റെ ഹൃദയ

വേദിയിൽ ആ മോഹനമുഖം ദൃഢമുദ്രിതമായിരിക്കുന്നുണ്ട്.

പോലീസുകാർ എന്നോടു പല ചോദ്യങ്ങളും ചോദിച്ചു, ഉത്തരങ്ങൾ രേഖപ്പെടുത്തി. കണ്ണുനീരിൽ കുഴച്ചു ഞാനെന്തൊക്കെയോ പറഞ്ഞു. കടലാസുകളുടെ ചില ഭാഗങ്ങളിൽ എന്നെക്കൊണ്ടു ഒപ്പിടുവിച്ചു.

രാജന്യമായ വസ്ത്രങ്ങൾ അണിയിച്ചു മൃതശരീരം ഒരു പല്ലക്കിൽ ആഡംബരപൂർവ്വം ശ്മശാനത്തേക്കു കൊണ്ടുപോയി. അനേകം പേർ മഞ്ചത്തെ പിന്തുടർന്നു. രാജോചിതമായ വിധത്തിൽ തന്നെ സംസ്കാരാദികൾ നടന്നു.

ഞങ്ങളുടെ ദാമ്പത്യം 15 മാസമാണ് നിലനിന്നതു്. ആ ഇടനാടകം സ്വപ്നംപോലെ എനിക്കു തോന്നി. ശോകമൂകങ്ങളായ അഹോരാത്രങ്ങൾ ഇഴഞ്ഞുപോയി.

താലികെട്ടിയില്ലെങ്കിലും സമുദായാചാരപ്രകാരം ഒരു വിധവക്കു വേണ്ട ബാഹ്യരീതികൾ, എൻെറ ബോദ്ധ്യത്തിനുമാത്രം, മൂന്നു മാസത്തേക്കു ഞാൻ അവലംബിച്ചു. കറുപ്പുനിറമുള്ള ചേലയും, റൌക്കയും ധരിച്ചു. ആഭരണം ഊരിവച്ചു. പൊട്ടു തൊട്ടില്ലാ. പൂ ചൂടിയില്ലാ. പുറത്തിറങ്ങിയില്ലാ. ഒരു സംഗതിയിൽ മാത്രം സമുദായാചാരത്തെ അനുസരിക്കാതിരുന്നു. തലമുടി കളഞ്ഞില്ല.

എൻെറ ദുഃഖത്തെ ക്രമേണ ആററിയതു, മംഗളത്തിൻെറ സ്നേഹശിശിരമായ സമ്പർക്കവും, സ്നിഗ്ദ്ധമൃദുല വചസ്സുകളും ആയിരുന്നു. അവളിൽ ഇത്ര തിക

ഞ്ഞ അദ്ധ്യാത്മ പ്രബുദ്ധതയുണ്ടെന്നു ഞാൻ അന്നാണ് മനസ്സിലാക്കിയതു്. അദ്ധ്യാത്മനിലകളിലേക്കു എന്റെ ഹൃദയത്തെ അല്പാല്പം അവർ ഉയർത്തി. മനുഷ്യൻ അഹന്തയിൽ നിന്നു കൊണ്ടു തയാറാക്കുന്ന പരിപാടികളും, കെട്ടിപ്പടുക്കുന്ന സൌധങ്ങളും ജലരേഖകളാണെന്നും, ജീവന്റെസ്ഥിതി സൂക്ഷ്മമായി ആലോചിക്കയാണെങ്കിൽ, ഞെട്ടറ്റ മലരു പോലെയൊ തൃണാഗ്രത്തു തൂങ്ങുന്ന തുഷാരബിന്ദു പോലെയൊ, അത്ര ലോലവും ക്ഷണികവുമാണെന്നും എന്നെ ഉൽബോധിപ്പിച്ചു. നിയതിയുടെ നിശിത നിയമങ്ങൾ മനുഷ്യബുദ്ധിക്കതീതമാണെന്നും, സർവ്വശക്തനായ വിശ്വംഭരനെ ആശ്രയിക്കയല്ലാതെ മററു നിർവ്വാഹമില്ലെന്നും ഉപദേശിച്ചു കൊണ്ടു എന്റെ സമാധാനത്തിനായി ഇങ്ങിനെ ഒരു പ്രമാണവും ഉദ്ധരിച്ചു

"ദൈവഗതിക്കഥവാ ഭുവനേസ്മിൻ
നൈവകവാട നിരോധ മൊരേടം"

## VIII

വേണുവിന്റെ അകാല നിർയ്യാണത്തോടെ എന്റെ ജീവിതത്തിരിയെ ഊട്ടിയിരുന്ന സ്നേഹധാര പെട്ടെന്നു നിലച്ചു. ഇനിയത്തെ എന്റെ ജീവിതത്തിൽ ഏതാനും വർഷങ്ങൾ സംബന്ധിച്ചു ഒരു ചാർട്ടു് വരച്ചു കാണിക്കുന്നപക്ഷം, രേഖ താഴോട്ടിറങ്ങിപ്പോകുന്നതായിട്ടു കാണാം. അതായതു ജീവിതം തെന്നി തെന്നി അധഃപ്പതിക്കുന്നതായിട്ടു്. ധർമ്മ പഥമെന്നു തോന്നിയതിൽ കൂടി ചരിച്ചിട്ടും ഉണ്ടായ അനുഭവം കയ്പേറിയതായിരുന്നല്ലൊ. അതു കൊണ്ടു ധാർമ്മിക ജീവിതത്തെക്കുറിച്ചു എനിക്കു അവിശ്വാ

സവും, അനാസ്ഥയും ഉണ്ടായി. പിഴച്ചുപോകാതെ ധർമ്മത്തിൽ ഉറപ്പായി കാലൂന്നി ചരിക്കാനുള്ള മനോദാർഢ്യം പരിശോധിച്ചുനോക്കാൻ ഈശ്വരൻ ഏർപ്പെടുത്തിയിട്ടുള്ള പരീക്ഷകളാണു് ദുരിതാനുഭവങ്ങൾ എന്നു മനസ്സിലാക്കാനുള്ള വിവേകം അക്കാലത്തു എന്നിൽ ഉദിച്ചില്ല. സർവ്വശക്തനെ സർവ്വാത്മനാ ആശ്രയിച്ചാൽ മാത്രമെ വിവേകോദയം ഉണ്ടാകയുള്ളു എന്നു ഇപ്പോൾ എനിക്കറിയാം.

ദുഃഖാചരണകാലത്തു പലരും എന്നെ സന്ദർശിച്ചു. അനിതരസാധാരണമായ ലാവണ്യവിലാസങ്ങൾ എന്നിൽ വിളയാടുന്നുണ്ടെന്നുള്ള അഹന്ത ജനിച്ചതും, വളർന്നതും അന്നാണു്. "വേണുഗോപാലൻെറ വിധവ പരമ സുന്ദരിതന്നെ. ലാവണ്യക്കടലിൽനിന്നു കടഞ്ഞെടുത്ത വാർതിങ്കളാണു്. ഉടലെടുത്ത വസന്തകാന്തിയാണു്" ഇത്യാദി സ്തുതികീർത്തനങ്ങൾ ആ ദേശമൊട്ടുക്കു മാറെറാലികൊണ്ടു. കാണാനുള്ള കൌതുകം കൊണ്ടുമാത്രം ചിലരുവന്നു. ആ വിഭാഗത്തിലായിരുന്നു രാമനാട്ടു രാജകുടുംബാംഗമായ യുവജമിന്ദാർ. "ജമീൻ'' എന്നാണു് സാധാരണ അറിയപ്പെട്ടിരുന്നതു്. ആദ്യമായി അദ്ദേഹത്തിൻെറ കാര്യസ്ഥൻ ഒരു കുറിപ്പു കൊണ്ടുവന്നു. അതിൽ ജമീൻ ഇപ്രകാരം എഴുതിയിരുന്നു:–

"പ്രിയസോദരീ! ഭവതിയുടെ അളവററ ശോകാവസ്ഥയിൽ ഞാൻ കൂടി പങ്കുകൊണ്ടു, ആത്മാർത്ഥമായി സഹതപിക്കുന്നു. താമസിയാതെ കണ്ടുകൊള്ളാം"

എന്നു്

വിനീതദാസൻ. പ്രതാപൻ

എൻെറ സൌന്ദൎയ്യധോരണിയെക്കുറിച്ചുള്ള വാഴ്ത്തൽ ഇവളുടെ പതിതജീവിതം ആരംഭിക്കാനുള്ള കേളികൊട്ടായിരുന്നു. ദിനംപ്രതി അഹന്ത വികസിച്ചുവന്നു. മനസ്സ് മാംസപിണ്ഡത്തിൽ മാത്രം ഊന്നിനിന്നു. അല്പം ധാർമ്മികബോധവും, സാത്വികസംസ്കാരവും, ആത്മീയവാസനയും ഉണ്ടായിരുന്നതെല്ലാം അടിത്തട്ടിലേക്കു താണു. രാജസം ഉപരിതലത്തിലേക്കു പൊങ്ങിവന്നു. പ്രതാപൻെറ സഹതാപം, ഒരു രാജാവു എൻെറ സൌന്ദൎയ്യത്തിനു അടിമപ്പെടാൻ തയാറാകുന്നതിൻെറ പ്രാരംഭപരിപാടിയായി ഞാൻ വ്യാഖ്യാനിച്ചു. ഞാൻ മതിമറന്നു. എൻെറ കണ്ണുകൾ മഞ്ഞി ഭാരതത്തിലെ ഒന്നാംകിട സുന്ദരി ഞാനാണെന്നു ഭീമമായി അഹങ്കരിച്ചു.

ഈ ജീവകഥയെഴുതുന്നതു കൊല്ലങ്ങൾ പലതു കഴിഞ്ഞാണു്. അന്നത്തെ മലിനവസനങ്ങൾ ജനസമക്ഷം അലക്കാൻ എനിക്കു ലജ്ജയാകുന്നു. ഇന്നു പ്രൌഢദശയിൽ, വിവേകത്തോടുകൂടി ജീവിക്കുന്ന എനിക്കു, യുവചാപല്യങ്ങളെയും, ധർമ്മഭ്രംശങ്ങളെയും, അഹന്തയുടെ അനാശാസ്യവിക്രിയങ്ങളെയും വിഷയതേഃന വീക്ഷിക്കാനും, നിഷ്പക്ഷമായും നിസ്സംഗമായും, അവയെക്കുറിച്ചു തുറന്നു പ്രതിപാദിക്കാനും, വിമർശിക്കാനും കഴിവുണ്ടു്. വ്യക്തിപരമായ ചെയ്തികളേയും, വിചാരവികാരങ്ങളെയും വിഷയതേഃന വീക്ഷിക്കാൻ ആത്മനിലയിൽ അതായതു് സാക്ഷിയായി നിന്നുകൊണ്ടേ സാദ്ധ്യമാകയുള്ളു എന്ന പരമതത്വം ഗുരുകാരുണ്യത്താൽ ഞാൻ ബോധിച്ചിട്ടുണ്ടു്.

മൂന്നു മാസങ്ങൾ കഴിയാത്ത താമസം. ഞാൻ ലജ്ജാവഹമായ രീതിയിൽ ആഡംബരങ്ങളിൽ മുഴുകി. രത്നം പതിച്ച ആഭരണങ്ങൾ തീരെ ഔചിത്യവും, മര്യാദയും ഇല്ലാത്തവിധം ധരിച്ചു. കണ്ണെഴുത്തും പൊട്ടും, സുഗന്ധലേപനവും, എന്നെ വേർപെട്ടില്ലാ. രാജനാരികൾ കണ്ടിട്ടില്ലാത്ത വിശിഷ്ട പട്ടാംശുകങ്ങളാണു് ഉപയോഗിച്ചതു്. വിചിത്ര വർണ്ണങ്ങളിലുള്ള സുരഭിലകുസുമങ്ങൾ വാർമുടിക്കെട്ടിനെ അലങ്കരിച്ചു. സ്തനകലശങ്ങളും നിതംബഭാണ്ഡങ്ങളും, തുള്ളിതുളുമ്പിച്ച ഗജരാജവിരാജിത മന്ദഗതിയിലായിരുന്നു സഞ്ചാരം.

എന്റെ ധാടിമോടികൾ മംഗളത്തിനു കടുത്ത മനോവേദനയുണ്ടാക്കി. അവളിൽ ഈശ്വരഭക്തി വേരൂന്നിയിരുന്നതുകൊണ്ടു് പുറമ്പടകളിലുള്ള വിഭ്രമം നശിച്ചിരുന്നു. ശങ്കരഭക്തനിൽ നിന്നും സദ്വസ്തു ഒന്നു മാത്രമെന്നും, പ്രപഞ്ചം മിഥ്യയെന്നും, പ്രതീതിയാണെന്നുമാണു് അവൾ ബോധിച്ചതു്. എന്റെ അജ്ഞതയും, വിവേകശൂന്യതയുംകൊണ്ടു അവളെ "യോഗിനിയമ്മ" എന്നു പരിഹാസമായി വിളിച്ചു ഞാൻ പലപ്പോഴും കളിയാക്കി. അന്നത്തെ അന്തം മറന്നുള്ള ഔദ്ധത്യമെന്നെ പറയാനുള്ളു.

മനസ്സുമുട്ടി ആ ഉത്തമ ഒരിക്കൽ ഗുണദോഷമായി ഇങ്ങിനെ ആരംഭിച്ചു.

"വേണുഗോപാലന്റെ അകാലമൃത്യു കാരണം കൊച്ചമ്മക്കു ഒരു മാനസാന്തരവും, വിഷയവിരക്തിയും ഉണ്ടാകുമെന്നും, ആത്മാഭിമുഖമായി തിരിയുമെ

ന്നും ഞാൻ പ്രത്യാശിച്ചു. എന്നാൽ പാടെ മറിച്ചാണ് കാണുന്നതു്.

ഞാൻ:-അത്രക്കു ഇവരും ദുഷിച്ചുപോയി എന്നാണൊ പറയുന്നതു്?

മംഗ:-ഇപ്പോഴത്തെ പോക്കിനു ദുഷിക്കാൻ വളരെ എളുപ്പമുണ്ടു്. ജീവിതയാത്രയിൽ ചില വഴിത്തിരിവുകളും, പുനരാഗമനമാർഗ്ഗങ്ങളും, അധഃപതനമാർഗ്ഗങ്ങളും കണ്ടുമുട്ടും. അവിടെയാണു് നിയന്ത്രണവും, വിവേകവും വേണ്ടതു്.

ഞാൻ: ഇപ്പോൾ എങ്ങിനെയുള്ള മാർഗ്ഗമാണു് കണ്ടുമുട്ടിയതു്?

മംഗ:-അതു പറയാം. നമ്മുടെ ദാരിദ്ര്യമെല്ലാം തീൎന്നു സുഭിക്ഷത ലഭിച്ചു. ധാരാളം സ്വത്തു കൈവന്നിട്ടുണ്ടു്. അതുകൊണ്ടു സമാധാനമായി ജീവിക്കാം. പ്രതിമാസം 1500 രൂപായോളം ബാങ്കുപലിശയുണ്ടു്. ഇവിടെ ഇരുമ്പുപെട്ടിയിൽ 10000 രൂപാ കാണണം. രത്നങ്ങളുടെയും ആഭരണങ്ങളുടെയും വില ഒരു വലിയ തുക വരും. ഇതിലപ്പുറം എന്തു വേണം. നാട്ടുമ്പുറത്തു താമസിച്ചു കൊച്ചമ്മയുടെ കുട്ടികളെയും നോക്കി പരമസൌഖ്യമായി ജീവിക്കാം.

ഞാൻ:-കുട്ടികളെ അയച്ചുതന്ന ആരും അവരെ നോക്കട്ടെ. എനിക്കു ചുമതലയില്ലാ. കുട്ടികളെ ഞാൻ ഓർമ്മിക്കാറെ ഇല്ല. അവരുടെ ഛായ പോലും എൻെറ മനസ്സിൽ നിന്നും മാഞ്ഞുപോയി. ധനമുള്ളതുകൊണ്ടു ആഹാരവും, ഉറക്കവും കഴിഞ്ഞു മരം പോലെ ജീവിക്കണമെന്നാണൊ നീ പറയുന്നതു്?

മംഗ:—അല്ലൽ കൂടാതെ ജീവിക്കാൻ തരപ്പെട്ട ന്വോഠം, ജന്മസാഫല്യത്തിനുവേണ്ടി പ്രയത്നിക്കാൻ സാധിക്കുമല്ലോ.

ഞാൻ:—എന്തു പ്രയത്നമാണു് വേണ്ടതു്?

മംഗ:—സൌഭാഗ്യങ്ങഠം നൽകി നമ്മെ അനുഗ്രഹിച്ച സർവ്വേശ്വരനെ വിസ്മരിക്കാതെ അങ്ങോട്ടടുക്കാൻ സർവ്വകഴിവുകളും ഉപയോഗിക്കുകയും, ഹൃദയംകൊണ്ടു അവിടത്തെ തൃക്കാലുകഠം മുറുക്കിപ്പിടിക്കുകയും ആണു് ആദ്യമായി വേണ്ടതു്.

ഞാൻ:—നീ പറയുന്ന തൃക്കാലുകഠം ഒന്നു കാണിച്ചു തന്നാൽ ഞാൻ പിടിക്കാം. പിന്നെ ഹൃദയംകൊണ്ടു പിടിക്കാനുള്ള വിദ്യയും പറഞ്ഞു തരണം. മംഗളേ! ഈശ്വരനു കാലുകഠം ഉണ്ടെന്നും, നമുക്കു കേറിപ്പിടിക്കാമെന്നും ഒക്കെയാണൊ നിൻെറ ശങ്കരഭക്തൻ പഠിപ്പിച്ചതു്? എവിടെ ഒളിച്ചിരിക്കുന്നു ആ ഈശ്വരൻ. ഈ ഭ്രാന്തൊന്നും എന്നോടു പറയരുതു്.

മംഗളത്തിൻെറ മുഖം വാടി. നെററിയിൽ സ്വേദകണങ്ങഠം തിളങ്ങി. ഹൃദയത്തിനു താങ്ങാൻ വയ്യാത്ത വേദന അവഠം അനുഭവിക്കുന്നുണ്ടായിരുന്നു. കുറച്ചു നേരം മൌനമവലംബിച്ചിട്ടു, വിമമിഷ്ടപ്പെട്ടു തുടൻ.

മംഗ:—ഇനിമേൽ എങ്ങിനെയുള്ള ജീവിതം വേണമെന്നാണു് കൊച്ചമ്മ വിചാരിക്കുന്നതു്?

ഞാൻ:—ധനവും, ആരോഗ്യവും, യൌവ്വനവും ലഭിച്ചിരിക്കുന്നതു് സുഖിക്കാനാണു്. മരിക്കുന്നതുവരെ ഞാൻ സുഖിച്ചു സുഖിച്ചു ജീവിക്കും. എന്താ, സുഖം നിനക്കു കയ്ക്കുന്നുണ്ടോ?

മംഗ:—വിഷയസുഖങ്ങൾ പ്രഥമത്തിൽ മധുരിക്കുന്നെന്നു തോന്നിയാലും, ഉത്തരക്ഷണത്തിൽ കയ്പായിട്ടു അനുഭവപ്പെടും. അവയുടെ അകത്തുള്ള പൂരണം ദുഃഖമാണു്. സുഖം പൊതിഞ്ഞ ദുഃഖം. സുഖത്തിൻെറ പ്രതിഭാസങ്ങളുടെ പുറകെ ഓടാതെ യഥാർത്ഥമായും, ശാശ്വതമായും ഉള്ള സുഖത്തെയാണു് തേടേണ്ടതും, നേടേണ്ടതും.

ഞാൻ:—ശരീരേന്ദ്രിയങ്ങളെയും, വിഷയങ്ങളെയും വിട്ടിട്ടു സുഖം മററെവിടെ ഇരിക്കുന്നു? നിൻെറ വേദാന്തം മനസ്സിലാകുന്നില്ലാ.

മംഗ:—നിത്യസുഖമാണു് ആത്മസ്വരൂപം. വിഷയവിരക്തിയും, ആത്മാവിൽ അനുരക്തിയും വളത്തിക്കൊണ്ടുവന്നാൽ നിത്യസുഖത്തിൽ നില്ക്കാം.

ഞാൻ:—എൻെറ മംഗളം. ദയവുചെയ്തു എനിക്കു തലവേദന ഉണ്ടാക്കരുതു്. ശരീരത്തിൻെറ ഓജസ്സുക്ഷയിയ്ക്കുന്ന കാലത്തു ഇതിനെക്കുറിച്ചെല്ലാം ആലോചിച്ചുനോക്കാം. ഇപ്പോൾ സമയമായിട്ടില്ലാ.

മംഗ:—അക്കാലത്തു ആലോചിക്കാൻ മനസ്സു വരികയില്ലാ. ആലോചിച്ചാൽ തന്നെ കിട്ടുകയില്ലാ. എന്നാണു് ശങ്കരഭക്തൻ പറയുന്നതു്. കിട്ടണമെങ്കിൽ നേരത്തെ ശ്രമം തുടങ്ങണം.

ഞാൻ:—കിട്ടിയില്ലെന്നു വന്നാലും നിരാശയില്ലാ. ജീവിക്കുന്നിടത്തോളം ഇഹലോക സുഖാനുഭൂതി കിട്ടിയാൽ മതി.

എനിക്കു ലൌകീക ഭ്രാന്തു മുഴുകുമ്പോൾ, ഗത്യന്തരമില്ലാതെ ഈ രീതിയിൽ മംഗളം ചിലപ്പോഴെ

ല്ലാം സംസാരിക്കാറുണ്ടായിരുന്നു. എന്റെ അഹന്തയും ഹാസ്യരസവും വർദ്ധിപ്പിക്കുന്നതിനു മാത്രമെ ആ സംഭാഷണങ്ങൾ പര്യാപ്തമായിരുന്നുള്ളു.

## IX

ഒരു നാൾ വൈകുന്നേരം, മുമ്പു പറഞ്ഞ രാമനാട്ടു ജമീൻ എന്നെ സന്ദർശിക്കാൻ വരുന്നുണ്ടെന്നു കാര്യസ്ഥൻ മുന്നറിവുതന്നു. അയാളെ അവശനാക്കി അടിപണിയിക്കത്തക്കവിധം എന്റെ തടി ആകർഷണീയമാക്കണമെന്നു ഞാൻ നിശ്ചയിച്ചു. വളരെ സമയം ചിലവഴിച്ചാണു് ഞാൻ വേഷവിധാനങ്ങളിൽ മുഴുകിയതു്. നിലക്കണ്ണാടിയിൽ പ്രതിബിംബിച്ച രൂപം ഒന്നാംകിടയിലുള്ള ഒരു സിനിമാതാരത്തിന്റെ രൂപംപോലെ വിശ്വാവശ്യമായിരുന്നു. എന്നോടായി ഞാൻ മന്ദഹസിച്ചു.

എത്ര പണിപ്പെട്ടിട്ടും എന്റെ പ്ലാനനുസരിച്ചു മംഗളയുടെ വേഷം മാററാൻ സാധിച്ചില്ല. കോപം പൂണ്ടു ഞാൻ ശകാരിച്ചു നോക്കി. ഒടുവിൽ എന്നെ അനുസരിച്ചു എന്നു വരുത്താനായി അവൾ തലമുടി ഒന്നഴിച്ചു കെട്ടുകയും നെററിയിൽ വിഭൂതിചാർത്തി ഒരു സിന്ദൂരപ്പൊട്ടിടുകയും ചെയ്തു.

ജമീന്ദാരെ സ്വീകരിക്കാനായി ഞാൻ മുകളിലത്തെ ഹാളിൽ കാത്തുനിന്നു. പശ്ചിമചക്രവാളസീമയിലെ സാന്ധ്യദീപ്തിയിൽ തെളിഞ്ഞുനില്ക്കുന്ന മാരിവില്ലുപോലെ—തേന്മാവിൻതുഞ്ചത്തു ഇണയെ പ്രതീക്ഷിച്ചു കാത്തിരിക്കുന്ന പഞ്ചവർണ്ണക്കിളിയെപ്പോലെ—പനിനീർപ്പൂവിൽ മധു നോക്കി മരുവുന്ന ചിത്രശലഭംപോലെ.

തൻെറ ജീവിതാദർശമായി നിശ്ചയിച്ചുറച്ച അദ്ധ്യാത്മജീവിതം നയിച്ചു ശാന്തിനേടുന്നതിനു പകരം, സ്വസ്വാമിനിയുടെ ഭ്രാന്തിൽ സഹാനുഭൂതി വേണ്ടി വന്ന വിധിയെ മനസാ പഴിച്ചുകൊണ്ടും, ശോകസങ്കുലമായ അന്നത്തെ ചുററുപാടുകളിൽ അതൃപ്തിപ്പെട്ടും, ആലോചനാപര്യാകുലയായിട്ടാണു് മംഗളം ഉമ്മറത്തു നിന്നതു്. സന്തപ്തമെങ്കിലും, അവളുടെ മുഖം വിശുദ്ധിയുടെ കണ്ണാടിയായിരുന്നു. ആ മുഖം ഇന്നും മനോദർപ്പണത്തിൽ ഞാൻ തെളിഞ്ഞുകാണുന്നു. തൻെറ ജീവിതത്തിൽ അശുദ്ധി ഏശാതിരിക്കാനെന്നവണ്ണം ആ വിശുദ്ധ കന്യകയുടെ പവിഴച്ചുണ്ടിണ നാമജപത്തിൽ മുഴുകിയിരുന്നു.

ആറുമണിയായപ്പോൾ ജമീൻ ഒരു കുതിരവണ്ടിയിൽ വന്നിറങ്ങി. കൂടെ കാര്യസ്ഥനും ഉണ്ടായിരുന്നു. മംഗളത്തെകണ്ടു ഞാനാണെന്നുകരുതി, ജമീൻ പുഞ്ചിരിയിട്ടു കൈകൂപ്പി. സൌന്ദര്യത്തിൽ മംഗളം എന്നെക്കാൾ ഒട്ടും പിന്നിലല്ലായിരുന്നു. അവളുടെ ലാവണ്യം അശേഷം മാദകമായിരുന്നില്ല. അതിനു നവവികസിതമായ പനിനീർസുമത്തിൻെറ പുതുമയും, നൈർമ്മല്യവും ഉണ്ടായിരുന്നു.

ജമീ:-ഭവതിയുടെ അപാരമായ ദുഃഖത്തിൽ ഹൃദയംഗമമായി ഞാനും പങ്കുചേരട്ടെ. ദുഃഖാചരണത്തിൻെറ കാലാവധി കഴിഞ്ഞിട്ടും ഒരു സന്യാസിനിയെപ്പോലെയാണല്ലൊ കഴിയുന്നതു്. ഞാൻ സഹതപിക്കുന്നു.

മംഗ:-സഹതപിക്കേണ്ടതു് എന്നോടല്ലാ. ആൾ തെററിപ്പോയി.

കാൎയ്യസ്ഥൻ ജമീന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു.

ജമീ:-ക്ഷമിക്കണം. നിങ്ങളുടെ സ്വാമിനി എവിടെ ഇരിക്കുന്നു. അങ്ങോട്ടു വഴി കാണിക്കുക.

മംഗളം:-ജമീനെ മുകളിൽ കൂട്ടിക്കൊണ്ടുവന്നിട്ടു താഴത്തേക്കുപോയി. എന്നെ ഒരു നോക്കു കണ്ടപ്പോൾ തന്നെ അയാൾക്കു ഒരു സ്ഥലജലഭ്രാന്തിയുണ്ടായി. സംസാരിക്കാൻ വക കിട്ടാതെ അല്പം പരുങ്ങി നിന്നു. ലേസെടുത്തു മുഖവും നെററിയും തുടച്ചു.

എന്റെ അപേക്ഷയനുസരിച്ചു ഒരു കസേരയിൽ ഇരുന്നു. ഞാനും ഇരുന്നു. പഴയ പരിചിതരെപ്പോലെയായിരുന്നു സംസാരം.

പ്രതാ:-ഇപ്പോഴും വന്നു കാണ്മാൻ എനിക്കു ധൈൎയ്യമില്ലാ. നേരിട്ട നിൎഭാഗ്യം അത്രയധികം ഭയങ്കരമായിപ്പോയി.

ഞാൻ ഒന്നും പ്രതിവചിച്ചില്ലാ. ചെറുതായി ഒന്നുമന്ദഹസിച്ചു.

പ്രതാ:-വേണുഗോപാലനെ ഞാൻ കണ്ടിട്ടില്ലാ. കേട്ടിട്ടെ ഉള്ളു. എന്റെ ആവശ്യാനുസരണം മദിരാശിക്കു യാത്ര ചെയ്തപ്പോൾ ഈ അത്യാഹിതം സംഭവിച്ചതിൽ അതീവസങ്കടമുണ്ടു്. എന്നെ തെററിധരിക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഞാൻ:-സംഭവിച്ച ദുരന്തത്തിനു അവിടന്നു ഉത്തരവാദിയാകുന്നതെങ്ങിനെ?

പ്രതാ:-എങ്കിലും എന്റെ കമ്പിയാണല്ലോ യാത്രക്കു കാരണമായതു്?

ഞാൻ:—കാര്യകാരണങ്ങളെ അങ്ങിനെ ഘടിപ്പിക്കുന്നതു അസംബന്ധം. ഇങ്ങിനെ സംഭവിച്ചതു എന്റെയും വേണുവിന്റെയും കൂട്ടകർമ്മമാണ്.

പ്രതാ:—പോലീസുകാർ അന്വേഷിച്ചിട്ടു ഇതുവരെ യാതൊരു തുമ്പും ഉണ്ടായിട്ടില്ലാ. പ്രതികളെ കിട്ടാത്തതുകൊണ്ടു കേസു കളഞ്ഞേക്കുമെന്നാണ് ഇപ്പഴത്തെ നില.

ഞാൻ:—പ്രമാദമായ ഒരു കൊലപാതകം തെളിയിക്കാൻ കൊള്ളാത്ത പോലീസിനെക്കൊണ്ടു എന്തു പ്രയോജനമാണ്? കവർച്ചമുതലിൽ അവർക്കും പങ്കു കണ്ടേക്കും.

പ്രതാ:—ഭവതിയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

ഞാൻ:—നിങ്ങളെപ്പോലെ നിലയും വിലയും ഉള്ളവർ അടങ്ങി ഇരിക്കരുതു്. ശക്തിയായി പ്രക്ഷോഭണം നടത്തണം.

പ്രതാ:—ഞാൻ അതു ആലോചിക്കുന്നുണ്ടു്. ഭവതിയുടെ താപശാന്തിക്കായി അപ്പഴപ്പോൾ യഥാശക്തി എന്തെങ്കിലും ചെയ്താലെ എനിക്കു സമാധാനമുള്ളൂ. തല്ക്കാലം ഇതിരിക്കട്ടെ.

എന്നു പറഞ്ഞു ഒരു പട്ടുമടിശ്ശീല മേശപ്പുറത്തു വച്ചു. ഉടൻ തന്നെ എന്നെ തൊഴുതിട്ടു പോകയും ചെയ്തു.

എന്റെ ഉന്നം ഒട്ടും പിഴക്കാതെ കുറിക്കു തന്നെ കൊണ്ടതായിട്ടു തോന്നി. അടിയറവയ്ക്കുകയും, അടി പണിയുകയും ചെയ്തതിൽ ഞാൻ ആമോദിച്ചു.

3371

മംഗളം മുകളിലേക്ക കയറിവന്നു. കാര്യസ്ഥനം അവളും തമ്മിൽ താഴത്തു സംസാരിച്ചുകൊണ്ടാണിരുന്നതു്. അയാളിൽ നിന്നും അവൾ ചില സംഗതികൾ ഗ്രഹിച്ചു. രാജകുടുംബവുമായി ബന്ധപ്പെട്ട പ്രതാപൻ, ഒരു വലിയ ജമീൻ ക്രടിയാണെന്നും, 5–6 ലക്ഷത്തിന്റെ വകയുണ്ടെന്നും മറെറാരു രാജകുടുംബത്തിൽ നിന്നും ഒരു വിവാഹം കഴിച്ചെന്നും, ഭാര്യയെ ഉപേക്ഷിച്ച നിലയിലാണെന്നും, മററുമായിരുന്നു കിട്ടിയ വിവരങ്ങൾ. പ്രതാപന്റെ അന്തരംഗതിയെക്കുറിച്ചു, ഒററ സന്ദർശനത്തിൽ നിന്നു തന്നെ ഏതാണ്ടൊക്കെ മനസ്സിലാക്കാൻ എനിക്ക കഴിഞ്ഞു. ഇതിനു പുറമെ, അയാളുടെ വമ്പിച്ച ധനപുഷ്ടി–ശരീരസുഭഗത്വം--ഔദാര്യം–ആകർഷണീയമായ പെരുമാററം--എന്റെ ലാവണ്യത്തിലുള്ള വിഭ്രമം–ഇതെല്ലാം എനിക്ക ബോദ്ധ്യപ്പെട്ടു.

ഞാൻ വീശിയ വലയിൽ ഒരു കൊഴുത്ത മകരമത്സ്യം അകപ്പെട്ടുപോയതിൽ എന്നെത്തന്നെ ഞാൻ അഭിനന്ദിച്ചു.

മടിശ്ശീല മംഗളം അഴിച്ചു. "അയ്യോ! ഇതു ആളു കൊല്ലിയാണല്ലൊ," എന്നും പറഞ്ഞു അവൾ മേശപ്പുറത്തു തന്നെ വച്ചു. ഞാൻ എണീററു അതിന്റെ ഉള്ളടക്കം എണ്ണിനോക്കി. 100 കതിരപ്പവൻ ഉണ്ടായിരുന്നു.

മംഗ:–നമുക്ക ഇതെന്തിനാണു്? സുഖമായികഴിഞ്ഞുകൂടാനുള്ള വക ഈശ്വരൻ തന്നിട്ടുണ്ടു്. വഴിപിഴച്ചു ജീവിതം ദൂഷിക്കാനും, അധഃപതിക്കാനും ഇടയാക്കരുതു്. കട്ടികളോടുകൂടി ശേഷംകാലം നമു

ക്ഷ മാനമായും, ശാന്തമായും കഴിക്കാം. ആട്ടെ, ആ ശങ്കരഭക്തനുമായി കൊച്ചമ്മ ഒന്നു അടുത്താലെന്താണു്?

ഞാൻ:—(കോപത്തോടുകൂടി) എനിക്കു നിന്റെ ശങ്കരനും വേണ്ടാ കിന്നരനും വേണ്ടാ. ആ കിഴവനുമായി അടുക്കാത്ത കുറവേ ഉള്ളു. ഒന്നു പറഞ്ഞേക്കാം. എന്റെ ഐശ്വര്യം കെട്ടുത്താനായി കുട്ടികളെ വല ച്ചുകൊണ്ടു വരണ്ടാ. എല്ലാ വയ്യാവേലികളിൽ നിന്നും, വൈധരണികളിൽ നിന്നും, ഒഴിഞ്ഞുമാറി ധനത്തിന്റെ കൊടുമുടിയിന്മേലക്കു വല്ല പ്രകാരവും ഞാനൊന്നു കയറട്ടെ. അവിടെ എനിക്കു നില്ക്കണം. ആവോളം ഭോഗങ്ങൾ ഭുജിക്കണം. ഭോഗം, വിഷയവൈരാഗ്യത്തിന്റെ മുന്നോടിയാണെന്നു ചില മഹാന്മാർ പറഞ്ഞിട്ടുണ്ടു്. പിംഗളയുടെയും, മഗ്ദലനമറിയത്തിന്റെയും ചരിത്രം ഇതിനു തെളിവാണു്. അവരുടെ കൂറുക്കുവഴിയാണു് എനിക്കും പററിയതു്. ഒരു വിലങ്ങുതടിയായി നീ കുറുകെ നില്ക്കരുതു്.

ലഗാനില്ലാതെ ഇത്രയും പ്രസംഗിച്ചതു കുറെ കടന്നുപോയി എന്നു എനിക്കു തന്നെ തോന്നി. ഇത്രത്തോളം മംഗളവും ഉദ്ദേശിച്ചില്ലാ. അവളുടെ മുഖം വിളറി. കണ്ണുകൾ നിറഞ്ഞൊഴുകി. സാധു! ഒരക്ഷരം മിണ്ടിയില്ലാ. പേപിടിച്ചു നില്ക്കുന്നാ എന്നിൽ ആ സഖിയുടെ ശാന്തശീതളമായ ഗുണദോഷങ്ങൾ എങ്ങിനെ ഫലിക്കാനാണു്? അവളുടെ സ്വസ്ഥതക്കും ശാന്തിക്കുംവേണ്ടി എന്നെ ഉപേക്ഷിച്ചു പോകയായിരുന്നു നല്ലതു്. എന്നാൽ എന്നെ നിർവ്യാജം സ്നേഹിച്ചുകൊണ്ടും, പാതാളക്കുണ്ടിൽ പതിച്ചു ഞാൻ ന

ശിക്കാതെ സൂക്ഷിക്കണമെന്നുള്ള ഉൽക്കണ്ഠകൊണ്ടും അവരം വിട്ടുപിരിഞ്ഞില്ലാ. പൊന്നുമംഗളം! വിശുദ്ധിയും ത്യാഗവും മൂൎത്തീകരിച്ച മംഗളസ്വരൂപമെ! എക്കാലവും ഇവരെ കാത്തുരക്ഷിച്ച മാലാഖയാണു് നീ. ഹൃദയംകൊണ്ടു വീണ്ടും വീണ്ടും ഞാൻ നമിച്ചുകൊള്ളുന്നു.

നാലുദിവസം കഴിഞ്ഞപ്പോരം ഒരു ദന്തപ്പെട്ടിയുമായി പ്രതാപന്റെ കാൎയ്യസ്ഥൻ കയറി വന്നു. പെട്ടിയിൽ ഒരെഴുത്തും, ഒരു ചെക്കുബുക്കും ഉണ്ടായിരുന്നു. എഴുത്തു ഇപ്രകാരമായിരുന്നു:–

"ഏററവും പ്രിയപ്പെട്ട സഹോദരി! ഒരു വമ്പിച്ച രത്നവ്യാപാരിയുടെ പ്രിയതമയായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ മുതൽ കവൎച്ച ചെയ്യപ്പെട്ടതിനാൽ, ഇപ്പോരം വിഷമാവസ്ഥയിലായിരിക്കുമെന്നു ഊഹിച്ചു, നിത്യാവശ്യങ്ങരംക്കായി ഭവതിയുടെ പേരിൽ 4000രൂപാ, സമീപത്തുള്ള "ലക്ഷ്മീവിലാസം" ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടു്. ഭവതിയുടെ പണം നിൎദ്ദേശാനുസരണം, നിക്ഷേപിച്ച ഒരു സ്നേഹിതനെന്ന നിലയിലേ എന്നെ ബാങ്കുകാർ മനസ്സിലാക്കിയിട്ടുള്ളു. ആവശ്യമുള്ള പണം ചെക്കിൽ ഒപ്പിട്ടുകൊടുത്തു വരുത്തിക്കൊള്ളണം. ഭവതിയെ മനസ്സിലാക്കാൻവേണ്ടി ബാങ്കുമാനേജരെ അവിടെ ഒന്നു വരുത്തി പരിചയപ്പെടുത്തണം. അദ്ദേഹം പരമദയാലുവാണു്. ഒരാഴ്ച കഴിഞ്ഞു തമ്മിൽ കാണാം".

പ്രസന്നതകൊണ്ടു എന്റെ മുഖം തെളിഞ്ഞു. എന്നാൽ മംഗളത്തിന്റേതുവാടി.

ഞങ്ങളുടെ വസതിയിൽ നിന്നു ബാങ്കുകെട്ടിടത്തിലേക്കു അരഫർലാങ്ങുണ്ടായിരുന്നു. മാനേജരെ പരിചയപ്പെടേണ്ടതു ആവശ്യമായിരുന്നതിനാൽ മംഗളത്തിനെ പറഞ്ഞയച്ചു. ബാങ്കുസമയം കഴിഞ്ഞിട്ടു അന്നു വൈകുന്നേരം വന്നുകൊള്ളാമെന്നു അദ്ദേഹം മറുപടി തന്നു.

5 മണി കഴിഞ്ഞപ്പോൾ മംഗളം ഒരു കാർഡു മുകളിൽ കൊണ്ടുവന്നു. അതിൽ ഇംഗ്ലീഷിൽ അച്ചടിച്ചിരുന്നതു് ഇങ്ങിനെയാണ്.

"ആർ. സോമശേഖരൻ-ബി. ഏ. ആർ ഏ-മാനേജർ-ലക്ഷ്മീവിലാസം ബാങ്കു-മധുരബ്രാഞ്ചു്."

മാനേജരെ മുകളിലേക്കു കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹം സുമുഖനും, ഗൌരവമുള്ള ആളും ആയിരുന്നു. ഉദ്ദേശം 38-40 വയസ്സു തോന്നിച്ചു. മിതഭാഷി ആയിരുന്നു. ഞങ്ങൾ അല്പം കുശലപ്രശ്നം നടത്തി. പണം ആവശ്യമുള്ളപ്പോൾ, അയക്കപ്പെടുന്ന ആളിന്റെ പേരും, തുകവിവരവും ചെക്കിലെഴുതി ഒപ്പിട്ടയച്ചാൽ മതിയെന്നും, വിശേഷിച്ചു തന്റെ സഹായം എന്തെങ്കിലും ആവശ്യമുള്ളപക്ഷം അറിയിച്ചാൽ വന്നുകൊള്ളാമെന്നും, പറഞ്ഞിട്ടു അദ്ദേഹം പോയി.

## X

എഴുത്തിൽ പറഞ്ഞിരുന്നതനുസരിച്ചു, കണിശമായി, എട്ടാംദിവസം വൈകുന്നേരം തന്നെ പ്രതാപൻ എത്തി. അന്നു വന്നേക്കുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നതുകൊണ്ടു നേരത്തെ തന്നെ ഞാൻ വളരെ മോടിയായി ഒരുങ്ങി. നിലക്കണ്ണാടിയിൽ പല പ്രാവശ്യം നോക്കിയും, അലങ്കാരങ്ങളിൽ ഭേദഗതി

കഠം വരുത്തിയും തന്നത്താൻ സംതൃപ്തിപ്പെട്ടു ഞാൻ ആഹ്ലാദിച്ചു.

ജമീൻ സ്വാതന്ത്ര്യമായി മുകളിലേക്കു കയറി വന്നു. വേണു വിൻെറ ചാരുകസേരയിലാണു് ഇരുന്നതു്.

ഞാൻ:-നിങ്ങളുടെ ദയക്കും, ഉദാരതക്കും നമസ്കാരം. അങ്ങോട്ടു എന്തെങ്കിലും ചെയ്യാൻ ഇവഠംക്കു കെല്പില്ലാ.

പ്രതാ:-ധാരാളം കെല്പുണ്ടു്. വേണ്ടിവരുമ്പോഠം ചെയ്യുമെന്നു എനിക്കു നല്ല ധൈര്യമാണു്.

ഞാൻ:-എനിക്കു മനസ്സിലാകുന്നില്ലാ.

പ്രതാ:-മനസ്സിലാകുന്നില്ലെന്നു വെറുതെ ഭാവിക്കയല്ലെ? ഏതായാലും കഴിവുള്ളടത്തോളം സേവനങ്ങഠം നടത്താൻ ഇവൻ നിശ്ചയിച്ചുറച്ചു. തുറന്നുപറഞ്ഞുകൊള്ളട്ടെ. എൻെറ ഹൃദയത്തിൽ ഭവതി സ്ഥായിയായി പതിഞ്ഞു കഴിഞ്ഞു. ഇത്രത്തോളം എന്നെ ആരും ആകർഷിച്ചിട്ടില്ലാ.

മൌനം പൂണ്ടു ഞാൻ കീഴോട്ടു നോക്കിയിരുന്നു. എൻെറ ഹൃദയം ശക്തിയായി ത്രസിച്ചു. മുഖം വല്ലാതെ ചുവന്നിരിക്കണം. എൻെറ ഭാവവ്യത്യാസങ്ങഠം ആഗതൻ നല്ലവണ്ണം സൂക്ഷിച്ചു.

പ്രതാ:-എൻെറ ഹൃദയം നിറഞ്ഞു തുളുമ്പുകയാണു്. നാവിൻെറ തുമ്പിൽ തൂങ്ങിനില്ക്കുന്ന ഒരു പദ്യം ചൊല്ലികളെയാം. അതു മലയാളത്തിലാണു്. മലയാളദേശത്തു ധാരാളം സഞ്ചരിച്ചിട്ടുള്ളതുകൊണ്ടു ആ ഭാഷയിൽ എനിക്കു സാമാന്യനൈപുണ്യമുണ്ടു്.

"കൊണ്ടലലിണ്ടലൊടു മണ്ടുമാറു നിറ
മാണ്ടുനീണ്ട കുചഭംഗിയും,
വണ്ടിനോടു സമമായിരുണ്ടഥ ചുരുണ്ടു
നിൽക്കുമളകാഭയും,
തൊണ്ടികണ്ടു വെറിപൂണ്ട രണ്ടു ബത
മണ്ടുമാരധര ശോഭയും
പണ്ടിവണ്ണമൊരു കണ്ടിവാർ കുഴലിയാൾക്കു
മിഹ, കണ്ടതായറിവില്ലമെ"

ഈ പദ്യസ്തുതി കൂടി ആയപ്പോൾ എന്റെ അ
ഹന്ത പൂർവ്വാധികം വികസിച്ചു. തന്റെ സൌന്ദര്യ
സമ്പത്തിൽ സ്വയം അഭിമാനിച്ചു പുളയ്ക്കുന്ന മദോ
ന്മത്തയായ ഒരു സ്ത്രീയെ വശീകരിക്കുന്നതിനു ധനാ
ഢ്യനായ ഒരു പ്രഭുവിൽ നിന്നു പുറപ്പെടുന്ന ഇത്തരം
സ്തുതിഗീതങ്ങൾക്ക് എത്രമാത്രം മാന്ത്രികശക്തിയുണ്ടാ
യിരിക്കുമെന്നു ഊഹിച്ചുകൊള്ളുക. ഒരു തരം ഉന്മാദ
ലഹരിയിലായിരുന്നു രണ്ടുപേരുടെയും അപ്പഴത്തെ
നില. അദ്ദേഹം അകക്കാമ്പില്ലാത്ത വെറും പൊള്ള
യായ ഒരു സംഭാഷണം ഞങ്ങൾ നടത്തിക്കൊണ്ടിരു
ന്നു. എന്താണ് സംസാരിച്ചതെന്നു ഇപ്പോൾ തീരെ
ഓർക്കുന്നില്ല. ആ വേളയിൽ കാര്യസ്ഥൻ മുമ്പിലും,
രണ്ടു മൂന്നു പേർ പലഹാരങ്ങൾ പഴങ്ങൾ—പായസം—
പാനീയങ്ങൾ—പാത്രങ്ങൾ മുതലായവ വഹിച്ചുപുറകി
ലും ആയിട്ടു, മുകളിലേക്കു വന്നു.

പ്രഭു:—നമ്മളൊന്നിച്ചാണ് ഇന്നത്തെ ലഘുഭ
ക്ഷണം. ഒന്നു ചോദിക്കാൻ വിട്ടുപോയി. മിസ്സസ്സ്
വേണുഗോപാലൻ എന്നാണ് ബാങ്കുകാർ അക്കൌണ്ടി

ലും, പാസ്സ്ബുക്കിലും എഴുതിയതു്. എന്താണു് ഭവതിയുടെ പേരു്?

ഞാൻ:—പങ്കജം

പ്രതാ:—ഹാ. എത്ര യോജിച്ച പേരു്. ഇനിമേൽ ആ പേരു പറഞ്ഞു വിളിക്കാൻ എനിക്കു സ്വാതന്ത്ര്യം തരണം. പങ്കജം തന്നെ പ്ലേററുകൾ നിരത്തി എല്ലാം വിളമ്പുക.

ഞാൻ മംഗളത്തെ വിളിച്ചു. സന്തോഷത്തിൻെറ കൂടെ എനിക്കു ലജ്ജയും വിഷമവും തോന്നി. എങ്കിലും ഞാനും മംഗളവുംകൂടി മേശപ്പുറത്തു വിഭവങ്ങൾ വിളമ്പി. മൂന്നുപേരും ഒന്നിച്ചിരുന്നു അവ കഴിച്ചു. വെള്ളിയിലും, കണ്ണാടിയിലും, ചീനമണ്ണിലും ഉണ്ടാക്കിയ വിചിത്രതരമായ പാത്രങ്ങളായിരുന്നു കൊണ്ടുവന്നവ. ചില വെള്ളിപ്പാത്രങ്ങളുടെ അകത്തു സ്വർണ്ണം പൂശിയിരുന്നു. അവയെല്ലാം എൻെറ വകയാണെന്നു പ്രതാപൻ പ്രഖ്യാപിച്ചു.

മംഗളം താഴോട്ടുപോയി. വീണ്ടും ജമീനും ഞാനും ഒന്നിച്ചിരുന്നു നർമ്മസല്ലാപം നടത്തി. നല്ല ലഹരിയുള്ള ശീമമദ്യം രണ്ടുപേരും സേവിച്ചു. ഈ മദ്യസേവ പിന്നീടു പതിവായിത്തീർന്നു. പുലരിക്കു മുമ്പായി പ്രതാപൻ എന്നെ വിട്ടുപിരിഞ്ഞു.

മുടങ്ങാതെ പതിവായി രാത്രികാലങ്ങളിൽ ജമീൻ അവിടെ വന്നിരുന്നു. വരുമ്പോളൊക്കെ, എന്തെങ്കിലും വിശേഷസാധനങ്ങൾ എനിക്കായി കൊണ്ടുവരും. ഈ നടപടികളൊന്നും മംഗളത്തിനു തീരെ പിടിച്ചില്ല. അവൾ സങ്കടപ്പെട്ടു.

വായനക്കാർ എൻെറ അവസ്ഥ ഏറെക്കുറെ ഊ

ഹിച്ചിരിക്കുമല്ലൊ. പ്രതാപൻെറ ഭാര്യാസ്ഥാനത്തി ലാണ് ഞാൻ കഴിഞ്ഞത്.

ലൌകികത്തിലുള്ള വിഭ്രാന്തികൊണ്ടും, മനസ്സി ൻെറ ദൌർബ്ബല്യംകൊണ്ടും എത്ര വേഗം ഞാൻ പരി സരങ്ങൾക്കു വിധേയയായി. എത്ര എളുപ്പം വഴുതി വഴുതി താഴോട്ടു ഊൎന്നുപോയി. എൻെറ ഹിമാല യൻ തെററിനെക്കുറിച്ചു അക്കാലത്തു ഞാൻ ശങ്കിക്ക പോലും ചെയ്തില്ല.

എന്നാൽ പിൽക്കാലത്തു സ്വബോധം തെളിഞ്ഞു ബുദ്ധി നേരെ നിന്നപ്പോൾ ആ തെററു പർവ്വതാകാ രത്തിൽ തന്നെ ഞാൻ കണ്ടു.

അഹോ! എന്നെപ്പോലെ അഹങ്കാരവിമൂഢരായി തീരുന്ന മനുഷ്യരുടെ ജീവിതം എത്ര കഷ്ടമാണ്! നരകത്തിലേക്കു തുറന്നു കിടക്കുന്ന വിസ്തൃതവീഥി യിൽക്കൂടി ഇവർ ചരിക്കുന്നു. ചേതസ്സമാകർഷക മായ വിഷയങ്ങൾ കാണുന്നു. ആനന്ദം ലഭിക്കാനാ യി മാറി മാറി ഓരോ വിഷയത്തേ പിന്തുടൎന്നു വെ മ്പൽ പൂണ്ടു പായുന്നു. എത്ര വിഷയങ്ങൾ പ്രാപി ച്ചാലും, ശരിയായ ആനന്ദം കൈവരുന്നില്ലാ. കൂടു തൽ കൂടുതൽ നിരാശയാണ് ഫലം. കാട്ടിക്കൂട്ടിയ തെല്ലാം വിഭ്രാന്തിയാണെന്നു തെളിഞ്ഞാലും, വിവേ കോദയം വരുന്നില്ലാ. പിന്നെയും, വഴുതി വഴുതി ല ക്ഷ്യം ലക്ഷ്യമില്ലാതെ എങ്ങോട്ടോ പോകുന്നു. ഒടു വിൽ ജീവിതപുഷ്പത്തെ പാതാളത്തിലുള്ള ചെളിക്കു ണ്ടിൽ വീഴ്ത്തുന്നു.

ജീവിതത്തിനു ഉപരിമണ്ഡലങ്ങളുണ്ടു്. അ ങ്ങോട്ടുള്ള കല്പടവുകൾ ഇടുങ്ങിയവയാണ്. അവ

യിൽക്കൂടി വിഷമപ്പെട്ടു ജീവിതത്തെ ഉയർത്തി ഉയർത്തി കൊണ്ടുപോകയാണു് മാനുഷധർമ്മം. വിഭ്രാന്തി വിമൂഢന്മാരാകട്ടെ ജീവിതത്തെ കീഴോട്ടു ഇഴക്കി ഇഴക്കി പാതാളച്ചേററിൽ പൂഴ്ത്തുന്നു.

ജീവികളിൽ അന്തർലീനമായി, മൃഗത്വവും, മനുഷ്യത്വവും, ദേവത്വവും, അടങ്ങികിടപ്പുണ്ടു്. ഇവയിൽ ഓരോന്നും, പരിതസ്ഥിതികളും, വിവേചനാശക്തിയും, മനോദാർഢ്യവും അനുസരിച്ചു പ്രകടമാകുകയും പ്രബലപ്പെടുകയും ചെയ്യുന്നു. മുന്തിവരാത്ത വിധത്തിൽ മൃഗത്വത്തെ കീഴമർത്തി, ദേവത്വത്തിലേക്കു കയറാൻ പരിശ്രമിക്കുന്നതാണു് വിവേകം.

വേണുഗോപാലൻെറ ശോകാത്മകമായ ജീവിതപരിണാമകഥ നക്ഷത്രലിപികളിൽ എഴുതി എൻെറ മുമ്പിൽ പ്രകാശിപ്പിച്ച ഒരു തത്വപാഠമായിരുന്നു. ഞാൻ അതു കണ്ടില്ലാ. ആ ഗുണപാഠം പഠിക്കാൻ മനസ്സോ, ബുദ്ധിയൊ ഇല്ലാതെപോയി. വിവേകശൂന്യയായ ഞാൻ പുള്ളിമാൻപേടയെപ്പോലെ വീണ്ടും വീണ്ടും മൃഗതൃഷ്ണകൾ നോക്കി പാഞ്ഞു.

സ്ത്രീശരീരത്തിൽ അമിതമായ സൌന്ദര്യത്തിൻെറ ഘടന ഏററവും വലിയ അനുഗ്രഹമാണെന്നു അന്നു ഞാൻ ഭ്രമിച്ചു. ഇന്നാകട്ടെ അതിൻെറ സൂക്ഷ്മാവസ്ഥിതി ഞാൻ നല്ലവണ്ണം ബോധിച്ചു.

"ഹന്തസൌന്ദര്യമെ! നാരിതൻ മെയ്ചേന്നാൽ
എന്തെന്തു സൌഭാഗ്യം സാധിക്കാ നീ".

എന്നു് ഒരു മഹാകവി പാടിയിട്ടുള്ളതിനെ ഞാൻ അന്നു മുറുക്കിപ്പിടിച്ചു. ഇന്നാകട്ടെ അനന്യാദൃശമായ സൌന്ദര്യം പലരെയും വഴി തെററിക്കുമെന്നും,

ആപൽക്കരമാണെന്നും, ഞാൻ വിശ്വസിക്കുന്നു. സൌന്ദൎയ്യത്തിൽകൂടി, അനാശാസ്യമായ വിധത്തിൽ സൌഭാഗ്യമുണ്ടായാൽ അതു ക്ഷണികവും ദുഃഖപൎയ്യവസായിയും ആയിരിക്കും. ആ സൌഭാഗ്യം പാതാളഗൎത്തത്തിലേക്കുള്ള പടികളിലേക്കു നാരിയെ വലിച്ചിഴക്കും. അന്നത്തെ മദോന്മത്തതയും, ബോധശൂന്യതയും എന്റെ കണ്ണു മൂടി. വിവേകം കെടുത്തി. ധനത്തിലുള്ള ദുരയും, വിഷയസുഖങ്ങളിലുള്ള അഭിവാഞ്ഛയും, സന്മാൎഗ്ഗജീവിതത്തിൽ നിന്നു എന്നെ അധഃപതിപ്പിച്ചു. ചേററിൽ താഴ്ത്തി. പ്രതാപനെയൊ മറെറാ വ്യക്തികളെയൊ കുററം പറഞ്ഞിട്ടാവശ്യമില്ലാ.

എന്റെ ജമീൻ ആഭരണങ്ങളും വിശേഷവസ്ത്രങ്ങളും അനാവശ്യമായി വാരിച്ചൊരിഞ്ഞു, ഇവളുടെ മതിയും കൊതിയും തീൎത്തു. ആയിരക്കണിനു ധനവും തന്നു. അന്നത്തെ എന്റെ പ്രതാപത്തിൽ രാജ്ഞിമാർപോലും അസൂയപ്പെട്ടു. സൌഭാഗ്യഗിരിയുടെ മകുടമുടിയിൽ പ്രതാപൻ എന്നെ ആരോഹണം ചെയ്യിച്ചു. ആനന്ദലഹരികൊണ്ടു ഒരു ദിവസം എന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അതു കണ്ടു പ്രതാപൻ വല്ലാതെ അലിഞ്ഞു.

പ്രതാ:–പ്രിയെ! ഇതു മാത്രം എനിക്കു കാണാൻ പാടില്ലാ. ഭവതിയുടെ ഏതു ഹിതവും സാധിക്കുന്നതിനു ഇവൻ മനസ്സുള്ളവനും കഴിവുള്ളവനും ആണ്. ഒന്നു കല്പിച്ചാൽ മതി. പിന്നെ അശ്രുക്കൾ എന്തിന്?

ഞാൻ:–നാഥാ! ആനന്ദാധിക്യം കണ്ണുകളിൽ

ക്കൂടി വഴിഞ്ഞതാണു്.

പ്രതാഃ–എന്നാൽ അതു എത്രമാത്രം വഴിയുമെന്നു ഇപ്പോഠം തന്നെ കണ്ടറിയണം.

എന്നു പറഞ്ഞു എന്നെ ഗാഢമായി ആശ്ലേഷിച്ചു, ചുംബിച്ചു. അശ്രുക്കഠം കൈകൊണ്ടു തുടച്ചു. ഒരു പദ്യമാണ് പിന്നീടു ചൊല്ലിയതു്.

"കാറോടും, മിന്നലോടും, കളമൃദുകരി
മദ്ധ്യത്തൊടും, പിന്നെയങ്ങ–
ത്താരമ്പൻ വില്ലിനോടും, തിലസുമമൊടു മ
ത്തൊണ്ടിതൻ പകപാടമോടും
സാരംചേരും കുരുക്കത്തിയുടെ മുകുളം
തന്നോടും, ശംഖിനോടും
താരുണ്യത്തള്ളലോടും വിലസിടുമൊരു
ലാവണ്യപീയൂഷസാരം."

ഞാൻ കണ്ണടച്ചു കേട്ടു. അദ്ദേഹം തുകൽസഞ്ചിയിൽ നിന്നും നിറയെ വൈരം പതിച്ച ഒരു കണ്ഠാഭരണവും, രണ്ടു സാരികളും എടുത്തു. അവ കണ്ടപ്പോഠം എൻെറ കണ്ണുകഠം മഞ്ചി.

പ്രതാഃ–രണ്ടു ദിവസത്തിനു മുമ്പു എൻെറ ഓമനക്കായി ഇവ വാങ്ങിയതാണു്. ആഭരണത്തിനു് 1500 രൂപായും, സാരിക്കു 400 രൂപായും ആയി.

എൻെറ മെയ്യുരുമ്മി ഇരുന്നുകൊണ്ടു കണ്ഠാഭരണം കെട്ടിത്തന്നു. മാന്തളിർ നിറമുള്ള ഒരു സാരി ഞാൻ ചുററി. എന്നെ പിടിച്ചു നിലക്കണ്ണാടിയുടെ മുമ്പിൽ നിറുത്തി. എൻെറ അന്യാദൃശമായ മോഹനത്വം കണ്ടു ഞാൻ തന്നെ ഒന്നു ഞെട്ടി. റബ്ബർബലൂൺപോലെ അഹന്ത വികസിക്കാൻ തുടങ്ങി. എറൊക്കുറിച്ചു ത

ന്നതാൻ വ്യതിരിക്തമായി ചിന്തിക്കാൻ വയ്യാത്ത വിധം ഒരു ധൂമപടലത്തിൽ ഞാൻ നിലകൊണ്ടു.

പ്രതാ:-ഇന്നു പ്രത്യേകമായി ഒരപേക്ഷകൂടിയുണ്ടു്. ഭേവതി ഭരതനാട്യം അഭ്യസിച്ചിട്ടുള്ളതായി എന്നോടു പറഞ്ഞിട്ടുണ്ടല്ലൊ. അതൊന്നു കണ്ടേ തീരു. എന്റെ തങ്കമണി അതിലേക്കു ഒരുങ്ങിയാലും.

മാന്ത്രവിദ്യക്കാരൻ മയക്കിയ സ്ത്രീയെപ്പോലെ ഞാൻ തയ്യാറായി. കാലിൽ വെള്ളിച്ചിലങ്കകളിട്ടു. സാരിയുടെ തുമ്പു വലിച്ചു മുറുക്കി താറുടുത്തു. അരയിൽ ഉടയ്യാണം ചാർത്തി. സാരിയുടെ മുന്താല പറക്കാതിരിക്കത്തക്കവണ്ണം വലിച്ചുകുത്തി.

പാടിക്കൊണ്ടു ഞാൻ മൂന്നു നൃത്തം ചെയ്തു. കലാശിച്ചതു് "കാലേത്തുക്കി നിന്താടും" എന്നതിലായിരുന്നു. എന്റെ മുഖം ചെമ്പരത്തിപ്പൂപോലെ ആയെന്നും, വിയർപ്പിൽ കുളിച്ച ശരീരത്തോടു വസ്ത്രങ്ങൾ ഒട്ടിച്ചേർന്നു എന്നും ജമീൻ പറഞ്ഞു. ആനന്ദം കൊണ്ടു മതിമറന്നു അദ്ദേഹം ഇങ്ങിനെ മൂളി.

"കുന്തളാവലി വിയത്ത പൂങ്കവിളിൽ
മിന്നിയും, കുളൂർമുലക്കുടം,
ചന്തമോടു നടമാടിയും, പൃഥു നിതംബ
മണ്ഡലമുലഞ്ഞുമെ
ചെന്തളിർത്തനു തളർന്നിടുംപടി, സലീല

.... .... .... ... ....

ശേഷം ഞാൻ ഓർമ്മിക്കുന്നില്ല.

ഞാൻ പര്യങ്കത്തിൽ അല്പം കിടന്നു. പ്രതാപൻ അടുത്തിരുന്നു. ആനന്ദനിർവൃതികൊണ്ടു മതിമറന്നു

ഞാൻ പറഞ്ഞു. "നാഥാ! അവിടത്തോട് എനിക്കുള്ള കടപ്പാട് പറഞ്ഞറിയിക്കാൻ പ്രയാസം. ഒരു അബലയെ ഒരു പുരുഷനും ഇപ്രകാരം ആനന്ദത്തിൽ ആറാടിച്ചിരിക്കയില്ല".

ഇതിന്ന മറുപടി ആവേശത്തോടുകൂടിയുള്ള ചുംബനങ്ങളായിരുന്നു.

3 കൊല്ലത്തിന്ന മുമ്പു കരിംപട്ടിണിയും, കണ്ണുനീരുംകൊണ്ടു കാലയാപനം ചെയ്ത കഥ—ആ ശോകാത്മക നാടകം—എൻെറ സ്മൃതിപഥത്തിൽ നിന്നു മങ്ങിപ്പോയതു പ്രകൃതി വൈചിത്ര്യം തന്നെ.

XI

പ്രതാപനും ഞാനുമായുള്ള വേഴ്ച ഒട്ടും പരസ്യമായിരുന്നില്ല. മംഗളത്തിന്ന മാത്രം അറിയാമായിരുന്നു. രാത്രി അസമയമാകുമ്പോളാണു് അദ്ദേഹം വന്നുകൊണ്ടിരുന്നതു്. കോഴി കൂവുന്നതിന്ന മുമ്പു പോകുകയും പതിവായിരുന്നു. പാദചാരിയായി, പുറകുവശത്തെ ഊടുവഴിയിൽ കൂടി പ്രച്ഛന്നവേഷത്തിലായിരുന്നു വരവുകൾ. സമാഗമത്തെപ്പററി ആൎക്കും സംശയത്തിന്ന ഇടകൊടുക്കാതെ കഴിച്ചു. അക്കാലത്തെ ഉന്മാദലഹരിയിൽ നർമ്മസഖിയായ മംഗളത്തെ കൂടി ഞാൻ ഗൌനിച്ചില്ല. എന്നാലും ആ പുണ്യശാലിനി ഈ വിടുഭോഷയോടു ഏററവും ആത്മാൎത്ഥമായും, സ്നേഹമായും പെരുമാറിപ്പോന്നു. അവൾ ഉന്മേഷരഹിതയും, വിഷാദമൂകയും ആയിരുന്നു.

ഒരു രാത്രിയിൽ പ്രതാപൻ പറഞ്ഞു. "ഈ ദിക്കിനോടു എനിക്കു മുഷിവു തോന്നിത്തുടങ്ങിയിരിക്കുന്നു. ഒരു സ്ഥലം മാററം അത്യാവശ്യമാണു്. ഇവി

ടെ ഇങ്ങിനെ കഴിഞ്ഞാൽ ജനങ്ങറം കുറേശ്ശെ അറിഞ്ഞു തുടങ്ങും. രാമനാട്ടിൽ വസിക്കുന്ന എൻെറ പഴയ കെട്ടിയവറംക്കു എങ്ങിനെയൊ ഒരു സംശയം ജനിച്ചിട്ടുണ്ടു്. നമുക്കു മദിരാശിക്കു പൊയ്ക്കളയാം".

ഈ ഭാഷണം നിശ്ചലമായിരുന്ന എൻെറ മാനസസരസ്സിൽ വലിയ അലകറം ഇളക്കിവിട്ടു.

ഞാൻ:-അപ്പോറം ഒരു കെട്ടിയവറം ഉണ്ടൊ? ഇതേവരെ എന്നോടു പറയാതെ എന്താണു് ഒളിച്ചുവച്ചതു്?

പ്രതാ:-ഭവതി വൃഥാ തെററിധരിക്കരുതു്. ഞാനും ആ കെട്ടിയവളുമായി വേർപിരിഞ്ഞിട്ടു കൊല്ലങ്ങറം കഴിഞ്ഞു. "ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും" എന്നാണു് ഇപ്പഴത്തെ നില. പ്രാധാന്യമില്ലാത്ത കാൎയ്യമായതുകൊണ്ടാണു് ഇതുവരെ പറയാത്തതു്.

ഞാൻ:-വഴിപിഴച്ച കൂട്ടത്തിലാണൊ?

പ്രതാ:-യാതൊരു പിഴയും എൻെറ അറിവിൽ പെട്ടിട്ടില്ലാ. ഒരു ശീലവതിയാണു്. സൌന്ദൎയ്യവുമുണ്ടു്. വമ്പിച്ച സ്വത്തിൻെറ അധീശ്വരിയാണു്. റാണിയുടെ പണംകൊണ്ടാണു് ഞാൻ ഈ കാലമത്രയും കളിക്കുന്നതു്. എൻെറ സ്വകാൎയ്യത്തിൽ നിന്നു ആണ്ടിൽ 3000 രൂപായുടെ ആദായം കഷ്ടിയാണു്.

ലക്ഷക്കണക്കിനു സ്വത്തുണ്ടെന്നും മററും കേട്ടതു അവാസ്തവമെന്നു വന്നപ്പോറം എൻെറ ഹൃദയം കാറകൊണ്ടു. എൻെറ വല്ലായ്മ പുറത്തു കാണിച്ചില്ലാ.

ഞാൻ:-ഇങ്ങിനെയുള്ള ഒരു സുന്ദരിയോടും, സുശീലയോടും, ധനാഢ്യയോടും അലംഭാവത്തിനു എ

ന്താണ് കാരണം?

പ്രതാ:-എന്റെ കൌതുകവും, പ്രേമവുമനുസരി
ച്ചു അവളെ കെട്ടിയതല്ലാ. അച്ഛന്റെ അഭിമതത്തി
നു വഴങ്ങി കല്യാണം കഴിച്ചതാണു്. അന്നു അവൾ
ക്കു 14-ം, എനിക്കു 20-ം വയസ്സുണ്ടു്.

ഞാൻ:-ബാല്യവിവാഹമായതുകൊണ്ടു സ്നേഹ
ബന്ധത്തിനു കൂടുതൽ കെട്ടുമുറുക്കം ഉണ്ടാകേണ്ടതല്ലെ?

പ്രതാ:-ചിരപരിചയംകൊണ്ടു അവജ്ഞയുണ്ടാ
കും എന്നറിഞ്ഞുകൂടേ? പഴകുമ്പോൾ അമൃതും പുളി
ക്കും. പോരെങ്കിൽ ഇതുവരെ മരുന്നിനെങ്കിലും ഒരു
സന്താനം ഉണ്ടായിട്ടില്ലാ.

ഞാൻ:-ഈ ന്യായത്തിനു, കുറച്ചു കഴിയുമ്പോൾ
എന്നോടും അവജ്ഞ തോന്നുമല്ലൊ.

പ്രതാ:-(ചിരിച്ചുകൊണ്ടു) അതു മാത്രം എന്റെ
കണ്മണി സംശയിക്കണ്ടാ. ഭവതി എന്നും പുതിയ
പുഷ്പമാണു്.

ഞാൻ:-ആട്ടെ. സന്താനമില്ലെങ്കിൽ സ്നേഹബ
ന്ധത്തിനു ശൈഥില്യം സംഭവിക്കുമൊ? വാസ്തവ
ത്തിൽ കുട്ടികൾ ശല്യമല്ലെ?

പ്രതാ:-നമ്മുടെ സ്നേഹബന്ധം ഒരു പ്രത്യേകമാ
തിരിയാണു്. അതിന്റെ ഉറപ്പിനു കുട്ടികൾ വേണ
മെന്നില്ലാ. എന്നാൽ എന്റെ വംശത്തിന്റെ നില
നില്പിനു ഒരു പുത്രൻ വേണ്ടതാണു്. കുറെകാലം കഴി
ഞ്ഞ് ഭവതി ഒരു പുത്രനെ എനിക്കു തരണം.

ഞാൻ ഒന്നും മിണ്ടിയില്ലാ. അന്നത്തെ സമ്മേളനത്തിൻെറ ഫലമായി എൻെറ ഹൃദയം കലങ്ങിയിരുന്നു.

ഒരാഴ്ച കഴിഞ്ഞു ഞങ്ങൾ മദിരാശിക്കു തിരിച്ചു. കൂടെ മംഗളവും പോന്നു. രത്നങ്ങളും ആഭരണങ്ങളും വച്ചിരുന്നതു മൂന്നു കൃത്രിമപ്പൂട്ടുകൾ പൂട്ടിയ ഒരു ഇരുമ്പു സേഫിലാണ്. താക്കോലുകൾ ഞാൻ കയ്യിലെടുത്തു. വ്യാപാരി വേണുഗോപാലിൻെറ രത്നങ്ങളും, ആഭരണങ്ങളും ആകമാനം മറവന്മാർ കവർച്ച ചെയ്തു എന്നായിരുന്നു ജനസംസാരം. ഈ സംസാരം എനിക്കു രക്ഷയായി. സേഫിൻെറ ഉള്ളടക്കം എന്തെന്നു മംഗളമൊ, പ്രതാപനൊ അറിഞ്ഞിട്ടില്ലാ. വീടും പടിവാതിലും പൂട്ടി സമീപമുള്ള പോലീസ്സ്റ്റേഷനിൽ അറിവുകൊടുത്തു. വീടിൻെറ സൂക്ഷിപ്പിനായി ഇൻസ്പെക്ടർ പ്രത്യേകം രണ്ടു പോലീസുകാരെ ചുമതലപ്പെടുത്തി. കുറച്ചു ദിവസം ഞാൻ മദിരാശിയിലായിരിക്കുമെന്നുള്ള വിവരം മംഗളം മുഖാന്തിരം സോമശേഖരനെ അറിയിച്ചു.

മദിരാശിയിൽ അടയാറിനടുത്തു ഒരു ബംഗ്ലാവെടുത്താണ് ഞങ്ങൾ താമസിച്ചതു്. രാമനാട്ടിലെ ഒരു ഇളമുറ രാജാവും, റാണിയും വന്നിരിക്കുന്നു എന്നു മാത്രമെ ജനങ്ങൾ അറിഞ്ഞൊള്ളു.

ഒരു ദിവസം ഗവർണ്ണരുടെ ഒരു ക്ഷണനപ്പത്രിക പ്രതാപനു കിട്ടി. പട്ടാളക്കാരുടെ ആഘോഷം പ്രമാണിച്ചായിരുന്നു. അടുത്ത തിങ്കളാഴ്ച നടക്കുന്ന പ്രകടനങ്ങൾ കാണാൻ കുടുംബസമേതം സന്നിഹിതനാകണമെന്നായിരുന്നു പത്രിക.

രാജാവിൻെറ റാണിപ്പട്ടം ചമഞ്ഞു ഞാൻ പോയി. മംഗളം എൻെറ തോഴിയായിട്ടും. ഗവർണ്ണർ സായ്പും, മദാമ്മയും ഞങ്ങൾ മൂവർക്കും ഹസ്തദാനം ചെയ്തു. പ്രതാപനോടു "നിങ്ങൾക്കും സുന്ദരിയായ റാണിക്കും സ്വാഗതം" എന്നാണു് മദാമ്മ പറഞ്ഞതു്. അവരൊന്നിച്ചു ഞങ്ങൾ സുവർണ്ണാസനങ്ങളിൽ ഇരുന്നു. സന്നിഹിതർ എന്നിൽ നിന്നു കണ്ണു പറിച്ചിട്ടില്ലാ. സാരിയുടെ അററംകൊണ്ടു ഞാൻ തലയുംമുഖത്തിന്റെ കീഴ്ഭാഗവും മറച്ചു.

ആദ്യമായി കുതിരപ്പട്ടാളം, രണ്ടു വീതം അണി ചേർന്നു മുന്നിൽ കൂടി മന്ദഗതിയിൽ പോയി. അവരുടെ കൊടിക്കൂറകൾ പാറുന്ന നീണ്ട കുന്തങ്ങൾ ഇളം വെയിലിൽ മിന്നിത്തിളങ്ങി. പിന്നീടു കാലാൾ സേനയായിരുന്നു. ലൈൻ നിയന്ത്രിച്ചുകൊണ്ടു, ഊരിയ വാളോടുകൂടി നടന്ന സുഭഗനായ ഒരുദ്യോഗസ്ഥനെ മംഗളം ചൂണ്ടിക്കാണിച്ചു തന്നു. അയാൾക്കു മേൽമീശയും, കൃതാവും ഉണ്ടായിരുന്നുവെന്നാണു് എൻെറ ഓർമ്മ. ഹെൽമെററും, അതിൻെറ പരന്ന ചങ്ങലയും മുഖത്തിൻെറ പകുതി മറച്ചിരുന്നു. ചില പൂർവ്വസ്മരണകൾ എൻെറ മനസ്സിൽ ഉദിച്ചു.

മൂന്നാമതായി പീരങ്കികളും വലിച്ചുകൊണ്ടു ഒരു വിഭാഗം പോയി. അതു കഴിഞ്ഞു നീലയും, വെള്ളയും ചേർന്ന വേഷത്തിൽ നാവികസൈന്യം അവരുടെ വാദ്യമേളങ്ങളോടുകൂടി മാർച്ചു ചെയ്തു. ഒടുവിൽ 12 ഗജവീരന്മാർ സുവർണ്ണനെററിപ്പട്ടങ്ങൾ ധരിച്ചും, അലങ്കാരത്തുണികളും വെള്ളി അമ്പാരികളും മുതുകിൽ വഹിച്ചും മന്ദമന്ദം ഗമിച്ചു. ഇവയെല്ലാം മൈതാന

ത്തിനു 3 പ്രദക്ഷിണമായി ഞങ്ങളുടെ മുമ്പിൽക്കൂടിയാണ് വീണ്ടും വീണ്ടും പോയതു്. തമ്പേറുകളും, ബാൻഡുവാദ്യവും, കാഹളങ്ങളും മുഴങ്ങിക്കൊണ്ടിരുന്നു. കർണ്ണങ്ങൾ ഭേദിക്കുമാറു പീരങ്കിപ്പട്ടാളം വെടിവച്ചു. എല്ലാഃസൈന്യവിഭാഗങ്ങളും, ഗവർണ്ണരും ഞങ്ങളും ഇരുന്ന പന്തലിനു മുമ്പിൽ, ഒരു നിമിഷം നിന്നു ആചാരം ചെയ്തിട്ടാണ് കടന്നുപോയതു്. ഒടുവിലത്തെ മാർച്ചിൽ മുമ്പുകണ്ട ഉദ്യോഗസ്ഥൻ വളരെ ഭംഗിയായി ആചാരം ചെയ്തപ്പോൾ ഞാൻ നല്ലവണ്ണം സൂക്ഷിച്ചു നോക്കി. ഞാൻ സംശയിച്ചതു സത്യമായി. എനിക്കു സംഭ്രമമുണ്ടായി. അല്പസമയം ഞാൻ കണ്ണടച്ചിരുന്നു. കണ്ട ആൾ മററാരുമല്ലായിരുന്നു. വിശേഷാൽ മേൽമീശയും, കൃതാവും വളർത്തിയ മുരുകേശൻ.

അടക്കാൻവയ്യാത്ത വികാരത്തള്ളലോടുകൂടിയാണ് ഞാൻ ബംഗ്ളാവിൽ തിരിച്ചെത്തിയതു്. ആചാരം ചെയ്തതു ഞങ്ങളുടെ മുമ്പിൽ വച്ചാണെങ്കിലും, മുരുകേശൻ എന്നെ മനസ്സിലാക്കിയില്ലെന്നുള്ളതു തീർച്ച തന്നെ. മംഗളവും ഞാനുംകൂടി തോട്ടത്തിൽ പോയിരുന്നു, ഈ വിഷയം സംസാരിച്ചുകൊണ്ടിരുന്നു.

ഞാനും മുരുകേശനുമായുള്ള ദാമ്പത്യത്തെക്കുറിച്ചു പ്രതാപനോടു പറയേണ്ട ആവശ്യം ഉണ്ടായിട്ടില്ലാ. വേണുഗോപാലനുമായി ബന്ധപ്പെടുന്നതിനുമുമ്പുള്ള എൻെറ ചരിത്രം അദ്ദേഹം അന്വേഷിച്ചിട്ടുമില്ലാ. കാര്യം അങ്ങിനെ തന്നെ ഇരുന്നാൽമതിയെന്നു ഞങ്ങൾ തീർച്ചപ്പെടുത്തി.

പിറേറദിവസം മുരുകേശനെ നേരിട്ടുകണ്ടു സ്ഥിതിഗതികൾ അറിഞ്ഞുവരാമെന്നു മംഗളം സധൈര്യം

സമ്മതിച്ചു. അതിലേക്കു ഒരു പ്ലാൻ ഞങ്ങൾ തയാറാക്കി. മുരുകേശൻ എന്ന പട്ടാള ഉദ്യോഗസ്ഥൻ മംഗളത്തിന്റെ ഒരകന്ന സഹോദരനാണെന്നും, അവർ തമ്മിൽ കണ്ടിട്ടു വളരെ കൊല്ലങ്ങളായെന്നും അവൾക്കു അയാളെ കാണുന്നതിനു സൌകര്യം കൊടുക്കണമെന്നു കാണിച്ചു പ്രതാപനോടു ഒരു ശിപാർശക്കത്തു വാങ്ങണമെന്നും, അതുംകൊണ്ടു അവൾ പട്ടാളപ്പാളയത്തിൽ പോകണമെന്നുമായിരുന്നു പരിപാടി.

ഞങ്ങളുടെ അപേക്ഷയനുസരിച്ചു, പ്രതാപൻ രാമനാട്ടുരാജാവിന്റെ നിലയിൽ പട്ടാളം സുബേദാർക്കു കത്തെഴുതിത്തന്നു. പിറേറദിവസം രാവിലെ മംഗളം എഴുത്തുമായി പാളയത്തിലേക്കു പോയി. അവളുടെ ബുദ്ധിസാമർത്ഥ്യത്തിലും, അവസരോചിതമായ കർമ്മകുശലതയിലും, എനിക്കു തികഞ്ഞ വിശ്വാസമായിരുന്നു. പിന്നീടു നടന്നതെല്ലാം മംഗളത്തിന്റെ വിശദമായ റിപ്പോർട്ടനുസരിച്ചാണു് ഞാൻ രേഖപ്പെടുത്തുന്നതു്.

അവൾ എഴുത്തു് ഒരു ശിപായിയെ ഏല്പിച്ചു. അയാൾ ഉടൻ തന്നെ സുബേദാർക്കു കൊടുത്തു. ഏതാനും സമയം കഴിഞ്ഞപ്പോൾ മുരുകേശൻ വെളിക്കുവന്നു. ഏകദേശം 4 കൊല്ലം കഴിഞ്ഞിരുന്നെങ്കിലും മംഗളത്തിനെ പെട്ടെന്നു മനസ്സിലാക്കി. അദ്ദേഹം അത്ഭുതപ്പെട്ടു.

മുരുകേ:_എന്താ മംഗളം! എന്നെ അറിയുന്നുണ്ടൊ? മീശയും കൃതാവും കൊണ്ടു ആൾ മാറിയിട്ടില്ലെ? പോരെങ്കിൽ ശരീരവും തടിച്ചിട്ടുണ്ടു്.

മംഗ:-100 കൊല്ലം കഴിഞ്ഞാലും ശരീരത്തിന്ന എന്തെല്ലാം മാററങ്ങൾ വന്നാലും, എൻെറ യജമാനനെ മംഗളത്തിന്ന തിരിച്ചറിയാം.

മുരു:-എക്കാലവും നീ സ്നേഹമുള്ളവളാണ്. നീ തന്നിയെ ഇവിടെ എത്തിയതെങ്ങിനെ?

മംഗ:-അതു കുറെ നീണ്ട കഥയാണ്. ഒരു ദിവസം പറഞ്ഞാലും തീരുകയില്ലാ.

മുരു:-പങ്കജം ഇപ്പോൾ എവിടെ? എങ്ങിനെ കഴിയുന്നു?

മംഗ:-കണ്ണിൽ ചോരക്കൂടാതെ കൊച്ചമ്മയെ തള്ളിക്കളഞ്ഞിട്ടു ഇപ്പോൾ എന്തിന്ന അന്വേഷിക്കുന്നു?

അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞു. ഒന്നുരണ്ടു ദീർഘനിശ്വാസങ്ങൾ പൊഴിച്ചു.

മുരു:-ദയയില്ലാഞ്ഞിട്ടല്ലാ ഞാൻ പിരിഞ്ഞതു്. നിവർത്തികേടുകൊണ്ടാണ്. നമുക്ക് പഴയചരിത്രത്തിലേക്കു കടക്കണ്ടാ.

മംഗ:-അവിടന്നു പോയി അധികം താമസിയാതെ, ഞാനും കൊച്ചമ്മയെ പിരിഞ്ഞു. എനിക്കും വയറു പിഴക്കണ്ടെ? പണികൊണ്ടു അത്രത്തോളം വിഷമിച്ചു. 4 കൊല്ലമായിട്ടു കൊച്ചമ്മയുടെ യാതൊരു വർത്തമാനവും ഞാൻ അറിയാറില്ലാ. നാടുവിട്ടു എവിടെയൊ പോയിട്ടുണ്ടു്. ഒരു പക്ഷെ മരിച്ചിരിക്കാനും മതി. ഒരു യാചകിയെ ആരു ഗൌനിക്കാനാണ്?

അദ്ദേഹത്തിൻെറ കപോലങ്ങളിൽക്കൂടി അശ്രു പ്രവഹിച്ചു.

മുരു:-(ഗൽഗദത്തോടുകൂടി) ശാന്തം! പാപം! എന്നെപ്പോലെ ഒരു മഹാ പാതകി ലോകത്തില്ലാ.......... ഹാ! എന്റെ പൊന്നുപങ്കജം! നീ എത്ര സുശീലയായിരുന്നു.

മംഗളം അദ്ദേഹത്തിന്റെ വികാരപാരവശ്യം സൂക്ഷിച്ചുകൊണ്ടു നിന്നു.

മുരു:-ആട്ടെ, കുട്ടികൾ എവിടെയാണു്?

മംഗ:-എനിക്കു യാതൊരു രൂപവുമില്ലാ. അവർ പിച്ചതെണ്ടി നടക്കുന്നുണ്ടായിരിക്കണം. അല്ലെങ്കിൽ പട്ടിണികൊണ്ടു ചത്തിരിക്കാം.

മുരു:-എന്റെ അരുമക്കുഞ്ഞുങ്ങളെ! പൊൻമണികളെ! പിതാവിനെ അറിയാൻ തുടങ്ങുന്നതിനു മുമ്പു ഈ നീചൻ നിങ്ങളെ വിട്ടുപോയി. ഒരിക്കൽ പോലും ഈ കാട്ടാളൻ നിങ്ങളെ മടിയിലിരുത്തി ലാളിക്കുകയോ, ചുംബിക്കുകയോ ചെയ്തിട്ടില്ലാ. എന്റെ കൺമണികളെ! ഇഹത്തിലും, പരത്തിലും ഇവനു ഗതിയില്ലാ. മൂന്നു കൊലപാതകങ്ങൾക്കു ഉത്തരവാദിയാണു് ഈ അധമാധമൻ. നരകകവാടവും ഇവനു തുറന്നു കിട്ടുകയില്ലാ.

ആ പിതാവു എങ്ങിയെങ്ങിക്കരഞ്ഞു. മംഗളവും കരഞ്ഞു. രണ്ടുപേരും യാതൊന്നും ഉരിയാടിയില്ല. കുറെ നിമിഷങ്ങൾ അങ്ങിനെ കഴിഞ്ഞു.

പിന്നീടു് മംഗളം എന്തിനാണു് വന്നതെന്നു അദ്ദേഹം ചോദിച്ചു. തലേദിവസത്തെ പട്ടാളംമാർച്ചു് വെളിയിൽനിന്നു കണ്ടു എന്നും, കൂട്ടത്തിൽ പഴയ യജമാനനെ കണ്ടതായി തോന്നിയെന്നും, ആ വിശദീ

കരിക്കാനായി വന്നതാണെന്നും, താൻ ഒരു വത്തകെൻറ വീട്ടിൽ നിൽക്കുകയാണെന്നും അവാം പറഞ്ഞു.

മുരു:—നിനക്കു കല്യാണം നടന്നോ?

മംഗ:—ഇല്ലാ. അങ്ങിനെയൊരു ബന്ധനം കൂടാതിരിക്കയാണു് നല്ലതെന്നു ഞാൻ പഠിച്ചു.

"തല്ക്കാലം ഇതിരിക്കട്ടെ" എന്നു പറഞ്ഞു അദ്ദേഹം 30 രൂപാ എടുത്തു നീട്ടി. അവാം അതു നിരസിച്ചു. "യജമാനനെ കണ്ടതുതന്നെ ഭാഗ്യം. എനിക്കു് ഒന്നും വേണ്ടാ. ഇപ്പോാം യാതൊരു ബുദ്ധിമുട്ടുമില്ലാ" എന്നു മംഗളം നിർബന്ധം പിടിച്ചു നിലകൊണ്ടു.

മംഗ:—സ്ഥിരമായി അവിടുന്നു മദിരാശിയിലാണൊ, അതൊ ഇവിടം വിടുന്നോ?

മുരു:—രണ്ടുദിവസംകൂടി ഇവിടെ കാണും. പിന്നീടു് കറാച്ചിയിലേക്കാണു്. അവിടെ നിന്നു യൂറോപ്പിലെ യുദ്ധസ്ഥലങ്ങളിലേക്കു അയക്കാനും മതി.

മംഗ:—ഇനി എന്നു കാണാം.

മുരു:—അതു നിശ്ചയമില്ലാ. കണ്ടില്ലെന്നും വരാം ഒരു 2000 രൂപായുണ്ടെങ്കിൽ, എനിക്കു് ഒരു പ്രമോഷൻ ശിപാർശ ചെയ്യാമെന്നു സുബേദാർ മേജർ പറഞ്ഞിട്ടുണ്ടു്. പക്ഷെ പണമില്ലാ. ഒരു ജമേദാർസ്ഥാനം കിട്ടിയേക്കാം.

മംഗ:—നാളെ കാലത്തു കാണണം. 10 മണിക്കു് ഇവിടെ പുറത്തുവന്നുനിന്നാൽമതി.

മംഗളം സംഗതികളെല്ലാം എന്നെ ധരിപ്പിച്ചു. വികാരഭരിതയായി ഞാൻ കരഞ്ഞു. താലികെട്ടിയ

ആദൃഭത്താവിനോടു എൻെറ ഹൃദയം മാർദ്ദവപ്പെട്ടു. അന്നു രാത്രിയിൽ 2000 രൂപായെടുത്തു ഞാൻ മംഗള ത്തിനെ ഏൾപ്പിച്ചു. അവൾ പിറേറദിവസം 10 മണിക്കു പാളയത്തിൽ ചെന്നു പണം കൊടുത്തു. വ ത്തകൻെറ പക്കൽ നിലനിറുത്തിയിരുന്ന അവളുടെ രണ്ടു കൊല്ലത്തെ കീഴ്ശമ്പളവും, രണ്ടുകൊല്ലത്തെ മേൽശമ്പളവും കൂട്ടിച്ചേത്താണു് തുക ശരിപ്പെടുത്തി യതെന്നു അദ്ദേഹത്തോടു പറഞ്ഞു. കൃതജ്ഞതാധി ക്യംകൊണ്ടു അശ്രുപൂർണ്ണനേത്രങ്ങളോടെ അദ്ദേഹം ഹൃ ദയപൂർവ്വം മംഗളത്തെ അനുഗ്രഹിച്ചു.

## XII

3 മാസം കഴിഞ്ഞു ഞങ്ങൾ മദിരാശി വിട്ടു മധു രക്കു പോന്നു. മുരുകേശൻ ജീവിച്ചിരിക്കുന്നു എന്നു ള്ള വസ്തുത, പ്രശാന്തമായിരുന്ന എൻെറ ജീവിത സ രസ്സിൽ ഒരു കുന്നിനെ തള്ളിയിട്ടു, തരംഗങ്ങൾ ഇള ക്കിവിട്ടു. എൻെറ മുഖത്തെ വാട്ടവും ഉന്മേഷക്കുറവും പ്രതാപൻ സൂക്ഷിച്ചു. ഒരു രാത്രിയിൽ ഇതു സംഭാ ഷണവിഷയമായി.

പ്രതാ:—പ്രിയേ! മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഒരു ഉന്മേഷക്കുറവു ഇപ്പോൾ എങ്ങിനെ വന്നു?

ഞാൻ:—സുഖവും, ആനന്ദവും അനുസ്യൂതമാ യാൽ, ഒരു ചെടിപ്പും തളർച്ചയും ഉണ്ടാകും.

പ്രതാ:—ചെടിപ്പുണ്ടായാലും, വാട്ടമൊ, ദുഃഖത്തി ൻെറ സ്പർശമൊ കാണാൻ ഇടയില്ലാ. ഇതുമനസ്സിലു ള്ള പീഡയാണു്. എന്നെ മുഷിഞ്ഞു തുടങ്ങിയൊ?

ഞാൻ:—സ്ത്രീയെ മുഷിയുന്ന പ്രകൃതം അവിടത്തേ ക്കാണല്ലൊ.

പ്രതാ:-എൻെറ ഓമലായ പങ്കജത്തിനെ ഒരു കാലത്തും മുഷിയുകയില്ലാ.

ഞാൻ:-എന്നാൽ സുന്ദരീരത്നവും, പതിവ്രതാശിരോമണിയും ആയ റാണിയെ എങ്ങിനെ മുഷിഞ്ഞു?

അദ്ദേഹത്തിന്നു സമാധാനമൊന്നും പറയാൻ ഉണ്ടായിരുന്നില്ലാ. മുഖം പെട്ടെന്നു വിവർണ്ണമായി. താഴത്തോട്ടു ഇറങ്ങി. അല്പം കഴിഞ്ഞു പടിക്കു വെളിയിൽ പോകുന്നതായി കണ്ടു. എന്തുകൊണ്ടൊ, രണ്ടു ദിവസത്തേക്കു കണ്ടതേ ഇല്ല്യാ.

മൂന്നാം ദിവസം രാത്രിയിൽ അദ്ദേഹം വന്നു. കൈവശം ഒരെഴുത്തും, ഒരു കമ്പിയും ഉണ്ടായിരുന്നു. രണ്ടും എൻെറ കയ്യിൽ തന്നു. ഞാൻ വായിച്ചുനോക്കി. എഴുത്തു അദ്ദേഹത്തിൻെറ അനുജൻ അയച്ചതായിരുന്നു. കുടുംബസംബന്ധമായ ചില കുഴപ്പങ്ങൾ ഒതുക്കിത്തീക്കുന്നതിന്നു, നാട്ടിൽ വന്നു കുറെ മാസങ്ങൾ താമസിക്കണമെന്നായിരുന്നു എഴുത്തിൻെറ ചുരുക്കം. കാര്യസ്ഥനാണു് കമ്പി അയച്ചതു്. "റാണിക്കു സുഖക്കേടു വളരെ കൂടുതൽ. ഉടൻ വരണം" എന്നായിരുന്നു വാചകം. പ്രതാപൻെറ മുഖം വാടി വിളറിയിരുന്നു. ഒന്നും മിണ്ടാതെ ചാരുകസേരയിൽ കിടന്നു.

ഞാൻ:-പോകേണ്ടതു അത്യാവശ്യമാണു്. എപ്പോഴാം തിരിക്കണമെന്നു വിചാരിക്കുന്നു?

പ്രതാ:-ഇന്നു രാത്രിയിൽ തന്നെ. സുശീലാദേവിക്കു എന്തു സംഭവിക്കുമൊ?

ഞാൻ:-ആദ്യമായി റാണിയുടെ സമീപത്തു എത്തണം. എത്രയും വേഗത്തിൽ.

പ്രതാ:—(ഒരു ദീർഘനിശ്വാസമിട്ടു) ജീവനോടു കൂടി ഒരു കണ്ണു കാണാൻ ഈ പാപിക്കു സാധിക്കുമൊ എന്തോ? ............ഹാ ദേവീ! ഈ നിഷ്ഠുരന്മാരുടെ തെററുകൾ പൊറുത്തുകൊള്ളണം.

പെട്ടെന്നു നയനങ്ങളിൽ അശ്രു നിറഞ്ഞു. അടുത്ത നിമിഷം വിങ്ങി വിങ്ങി കരഞ്ഞു. പൌരുഷനിധിയായ ജമീനെ ഇപ്രകാരം ഞാൻ കണ്ടിട്ടില്ലാ. സാരിത്തുമ്പുകൊണ്ടു മുഖം തുടച്ചു തലയും, നെററിയും ഞാൻ തലോടി. കുറച്ചു കഴിഞ്ഞു അദ്ദേഹം പ്രശാന്തനായി.

പ്രതാ:—പങ്കജം! നീ വിഷമിക്കേണ്ടിവരില്ലാ. ആദ്യം ബാങ്കിലിട്ട 4000-ത്തിനു പുറമെ, കാര്യസ്ഥൻ എത്തിച്ചു തന്ന 10000 രൂപായും നിക്ഷേപിച്ചു കഴിഞ്ഞു. നിൻെറ പണമാണെന്നാണ് ബാങ്കുമാനേജർ ധരിച്ചിരിക്കുന്നതു്. ഞാൻ തന്നിട്ടുള്ള ആഭരണങ്ങളും മററു സാധനങ്ങളും കൂടി അരലക്ഷം രൂപാക്കുണ്ടു്. തിരുനൽവേലിയിലെ കെട്ടിടത്തിൻെറ പണയത്ഥവും ബാങ്കിൽ കിടപ്പുണ്ടല്ലൊ ജീവിതം മുഴുവൻ നിനക്കു ബുദ്ധിമുട്ടുകൂടാതെ കഴിയാം.

ഞാൻ:—(അശ്രുപൂർണ്ണനയനങ്ങളോടുകൂടി) എന്താണു് ഇങ്ങിനെയൊക്കെ പറയുന്നതു്? എന്നെന്നേക്കുമായി എന്നെ ഉപേക്ഷിച്ചു പോകാനാണൊ ഭാവം.

പ്രതാ:—അങ്ങിനെ ഭയപ്പെടരുതു്. പക്ഷെ ഭാവി ആർക്കറിയാം. സുശീലാദേവി മരിച്ചുപോയെന്നു വരാം. റാണിയുടെ സ്വത്തുക്കൾ ഞാൻ തന്നെ ഭരിക്കേണ്ടി വരും. എൻെറ കുടുംബവഴക്കുകൾ തീർന്നാൽ അവിടന്നു കിട്ടുന്നവയും ഞാൻ തന്നെ ഭരിക്ക

ണം. ഈപ്രകാരമുള്ള ചുമതലകൾ തലയിലായാൽ ഞാൻ രാമനാട്ടിൽ തന്നെ കഴിയാതെ നിവർത്തിയില്ലാ. കുടുംബവഴക്കുകൾ തീക്കാൻ തന്നെ കുറഞ്ഞതു ഒരു വർഷമെങ്കിലും വേണം.

ഞാൻ:-(കരഞ്ഞുകൊണ്ടു) പ്രാണനാഥാ! അപ്പോൾ ഒരു കൊല്ലം എനിക്കു കാണാൻപോലും കിട്ടുകയില്ലെന്നാണൊ?

പ്രതാ:-ഇല്ലാ. കാൎയ്യങ്ങൾ വന്നു കൂടിയിരിക്കുന്നതു് അങ്ങിനെയാണു്.

ഞാൻ:-ശ്വാസം മുട്ടി ഒരു കൊല്ലം കഴിച്ചിട്ടു, ഞാൻ രാമനാട്ടിലേക്കു വരട്ടെയൊ? അല്ലാതെ ഇവൾക്കു ഗതിയെന്താണു്?

പ്രതാ:-അതു വേണ്ടാ. നാം തമ്മിലുള്ള വേഴ്ച നാട്ടുകാർ ഒരിക്കലും അറിയാൻ ഇടയാക്കരുതു്.

ഞാൻ:-വേർപിരിഞ്ഞു ജീവാവസാനംവരെ കഴിയണമെന്നാണൊ, ചുരുക്കം?

പ്രതാ:-വേണ്ടിവന്നാൽ അതിനും, സന്നദ്ധതയും, ധൈൎയ്യവും ഉണ്ടാകണമെല്ലൊ.

ഞാൻ:-എനിക്കു അശേഷം ധൈൎയ്യമില്ലാ.

പ്രതാ:-സ്റ്റേഷനിലേക്കു പോകാൻ സമയമായി. പങ്കജം! നീ സമാധാനമായിരിക്കണം. എൻെറ കൎത്തവ്യം ഞാൻ നല്ലപോലെ നിൎവ്വഹിച്ചിട്ടുണ്ടു്. പിന്നെയെല്ലാം ദൈവനിശ്ചയം.

പ്രതാപൻ അല്പം പാൽ മാത്രം കഴിച്ചു തുകൽസഞ്ചിയുമെടുത്തു നേരെ സ്റ്റേഷനിലേക്കു നടന്നു. എന്നെ ഒന്നാശ്ലേഷിക്കുകപോലും ചെയ്തില്ലാ. വികാരഭരിത

മായ ഒരു രംഗം സൃഷ്ടിക്കേണ്ടാ എന്നു കരുതിയായിരിക്കും.

ഒന്നും കഴിക്കാതെ ഞാൻ കിടക്കയിൽ ചെന്നു വീണു. എൻെറ തലമുടിയെല്ലാം പിച്ചിപ്പറിഞ്ഞു കിടന്നു. ആകെ ഒരു ഭ്രാന്തിയെപ്പോലെ ആയിരുന്നു. മംഗളം അടുക്കൽ വന്നിരുന്നു.

"പൊന്നുസോദരീ! എനിക്കൊന്നും മനസ്സിലാകുന്നില്ലാ. എൻെറ തല വല്ലാതെ തിരിയുന്നു. ഈ ജഗത്ത് സ്വപ്നമൊ, ഭ്രാന്തിയൊ സിനിമയൊ? അയ്യോ! എനിക്കു വയ്യേ! സർവ്വവും കിടന്നു കറങ്ങുന്നു".

എൻെറ കണ്ണുകൾ താനേ അടഞ്ഞു. ശരീരം നിശ്ചേഷ്ടമായി. വക്ഷസ്സുമാത്രം പൊങ്ങിത്താണുകൊണ്ടിരുന്നു. അലയാഴിപോലെ. അന്നു മംഗളത്തിനും കാളരാത്രിയായിരുന്നു.

## XIII

മൂന്നു ദിവസം മുകളിലത്തെ കിടപ്പുമുറിയിൽ നിന്നു ഞാൻ പുറത്തു വന്നില്ലാ. നാലാംദിവസം കാര്യസ്ഥൻ വന്നു. പ്രതാപൻ ചെന്നതിൻെറ പിറേറ ദിവസം രാത്രി സുശീലാദേവി ചരമമടഞ്ഞതായി അറിയിച്ചു. അയാളിൽ നിന്നു കിട്ടിയ വിവരങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

പ്രതാപൻ ചെന്നപ്പോൾ റാണിക്കു കടുത്ത പനിയും, നെഞ്ചിൽ നീർക്കെട്ടും, അടിക്കടി ബോധക്ഷയവും ഉണ്ടായിരുന്നു. ഭിഷഗ്വരന്മാർ ആശ വിട്ട നിലയായി. അദ്ദേഹം ചെന്ന ദിവസം രാത്രി മുഴുവൻ മയങ്ങിക്കിടന്നു. പിറേറന്നു പകലും അങ്ങിനെ തന്നെ. സന്ധ്യ കഴിഞ്ഞപ്പോൾ കണ്ണു തുറന്നു. അടു

ത്തു കരഞ്ഞുകൊണ്ടിരുന്ന ഭർത്താവിൻെറ മുഖത്തേക്കു കുറച്ചുനേരം തുറിച്ചുനോക്കി. പൊട്ടന്നനവെ വാടിവിളറിയിരുന്ന വദനം മൃദുമന്ദഹാസം പൂണ്ടു പ്രകാശിച്ചു. വിറക്കുന്ന വലതു കൈ മന്ദം മന്ദം പൊക്കി പ്രാണേശൻെറ നെഞ്ചും കപോലങ്ങളും ഏററവും പ്രേമത്തോടുകൂടി തലോടി. എന്തോ സംസാരിക്കാൻ തുടങ്ങിയതു കഫക്കെട്ടും, ചുമയും നിമിത്തം വെളിക്കു വന്നില്ല. പ്രതാപൻ ഗൽഗദത്തോടുകൂടി പറഞ്ഞു.

"സുശീലേ-ഓമലേ! എൻെറ ദേവി! അനർഹനായ ഈ നീചൻ ഭവതിയുടെ കാൽക്കൽ നമിക്കുന്നു ഇവൻെറ അപരാധങ്ങൾ പൊറുക്കണമെന്നു കേണപേക്ഷിക്കുന്നു. എനിക്കു മാപ്പുതരണം"

സഹപരങ്ങളിൽ സ്ഥിതിചെയ്ത റാണിയുടെ നയനങ്ങൾ പൂർണ്ണ വികസിതങ്ങളായി വളരെ പണിപ്പെട്ടു് കലശലായി വിറക്കുന്ന കരയുഗളങ്ങൾ കമലമുകുളങ്ങളാക്കി. മന്ദസ്വരത്തിൽ ഓരോ അക്ഷരം പെറുക്കിവിക്കുന്നതുപോലെ; പറഞ്ഞു.

"നാ.....ഥാ....ക...ണ്ണേ ....ഞാ.....ൻ.....പാ...പി പ...തി....വ്ര...ത....അ... ല്ലാ.ാ

ചുമ വന്നതുകൊണ്ടു വാക്കുകൾ നിന്നുപോയി. പ്രതാപൻ ഏററവും മാർദ്ദവമായി നെഞ്ചു തടവിക്കൊടുത്തു.

റാണി:-അ.... ങ്ങെ...ശി...ശ്രൂ....ഷ ...യോ....ടാ....മി ല്ലാ....ആ...പാ...ദം...ശ....ര....ണം

പ്രതാപൻ ആ കനകകോമള വിഗ്രഹത്തെ മൃദുലമായ രീതിയിൽ കെട്ടിപ്പുണർന്നു. ചുംബിച്ചു. ക

ണ്ണീർകൊണ്ടു ആ മുഖാംബുജം കഴുകി. പരിപാവനമായ ഹൃദയൈക്യത്തിൽ അവർ ഒന്നായി.

റാണി:-ഞാൻ....പോ....ട്ടെ..പ....ര....ലോ....കം....എന്റെ....അ....ഴ്....ക്ക....ൽ....വ....ര....ണം....താ....യെ ദേ....വീ.

ആ ചുണ്ടുകൾ അകന്നിരുന്നു. കണ്ണുകൾ അർദ്ധനിമീലിതങ്ങളായി. നാസാദ്വാരങ്ങൾ വിടർന്നു. ശ്വാസോഛ്വാസങ്ങളുടെ ഗതിവിഗതികൾ ശീഘ്രമായി. ശ്രോതസ്സുകളിൽ കഫം കെട്ടിയതിനാൽ ഒരു കറപറ ശബ്ദം പുറപ്പെട്ടു കാൽ നാഴിക അങ്ങിനെ കഴിഞ്ഞു. പെട്ടെന്നു കണ്ണുകൾ മൂന്നുപ്രാവശ്യം തുറന്നടച്ചു. പിന്നീടു തുറന്നില്ലാ. തണ്ടൊടിഞ്ഞ താമരസൂനംപോലെ, മുഖം ഇടതുവശത്തേക്കു അൽപം ചരിഞ്ഞു ശ്വാസം നിലച്ചു. ഇത്രയുമാണ് കാര്യസ്ഥൻ തന്ന വിവരങ്ങൾ.

അതിദുസ്സഹമായ ഹൃദയഭാരത്തോടുകൂടി ഞങ്ങൾ ദിവസങ്ങളും മാസങ്ങളും തള്ളിനീക്കി. ദാരിദ്ര്യം അശേഷം ഇല്ലായിരുന്നു. പക്ഷെ ജീവിതത്തിന്റെ രസാംശവും പാടെ നശിച്ചു. ഭാവി ഒരു ഘോരാന്ധകാരതിരസ്കരിണിയാൽ മറച്ചിരുന്നു.

## XIV

10 മാസങ്ങൾ ഇഴഞ്ഞിഴഞ്ഞുനീങ്ങി. ഞാൻ ഒരുവിധം പ്രകൃതിസ്ഥയായി. പ്രപഞ്ചത്തിൽ ഉണ്ടാകുന്ന ഏതവസ്ഥയും കാലവിശേഷം കൊണ്ടു പ്രകൃതിയിൽ ലീനമാകും. പ്രകൃതിക്കു വ്യത്യാസമൊന്നും സംഭവിക്കയുമില്ലാ. മഹാസമുദ്രത്തിൽ എന്തെല്ലാം

ചെന്നുചേന്നാലും അതിനു വ്യത്യാസമുണ്ടോ?

വലിയ ഇരുമ്പുസേഫിൽ രത്നങ്ങളും, ആഭരണങ്ങളും ഇരിപ്പുള്ള കാര്യം എനിക്കു മാത്രമെ അറിവുണ്ടായിരുന്നൊള്ളു എന്നു മുമ്പു പറഞ്ഞല്ലൊ. പ്രതാപൻ തന്ന ഉരുപ്പടികളും 3000 ത്തോളം രൂപായും ഒരു ചെറിയ സേഫിലായിരുന്നു. ഇതെല്ലാം ആ വീട്ടിൽ ഇരിക്കുന്നതു ആപൽക്കരമാണെന്നുള്ള ഭീതി എന്നിലുണ്ടായി. വേണുവിൻെറ കൊല നടത്തിയ മറവന്മാർ, ഇച്ഛാഭംഗംകൊണ്ടുള്ള ഈർഷ്യയോടുകൂടി വിധവയെ പിടികൂടുമെന്നുതന്നെ ഞാൻ തീർച്ചയാക്കി. അവർ ഉദ്ദേശിച്ച രത്നങ്ങളും, പണ്ടങ്ങളും കിട്ടാത്തതുകൊണ്ടു "അണ്ടികളഞ്ഞ അണ്ണാന്മാരെപ്പോലെ" അമർഷം പൂണ്ടു് അവസരം പാത്തു് ഇരിക്കയൊവാം. വിധവയുടെ കൈവശം വിലയുള്ള വകകൾ ഉണ്ടെന്നു ന്യായമായി സംശയിക്കാമല്ലൊ.

വരാൻപോകുന്ന അപകടത്തെക്കുറിച്ചു, ആത്മസുഹൃത്തും, പരമ വിശ്വസ്ഥയും ആയ മംഗളത്തോടു ഞാൻ തുറന്നുപറഞ്ഞു. ഒന്നും ഒളിക്കാതെ യഥാർത്ഥനില മുഴുവൻ വെളിപ്പെടുത്തി. രക്ഷാമാർഗ്ഗങ്ങളെക്കുറിച്ചു ഞങ്ങൾ അവഗാഢമായി പരിചിന്തനം നടത്തി. അവളുടെ അഭിപ്രായമനുസരിച്ചു ബാങ്കുമാനേജർ സോമശേഖരനെ അന്നു രാത്രിയിൽ കൂട്ടിക്കൊണ്ടുവന്നു് സംഗതികൾ മുഴുവൻ അദ്ദേഹത്തെ ധരിപ്പിച്ചു. രത്നങ്ങളും, പണ്ടങ്ങളും അവിടെ ഇരിക്കുന്നതു ഒരിക്കലും സുരക്ഷിതമല്ലെന്നും, കഴിയുന്നത്ര വേഗത്തിൽ എല്ലാം വിററുപണമാക്കി ബാങ്കിൽ നിക്ഷേപിക്കേണ്ടതു് അത്യാവശ്യമെന്നും മാനേജർ ഉപദേശിച്ചു. സമ്മതമുണ്ടെങ്കിൽ, വില്പന നടത്തുന്നതിനായി സുപ്ര

സിദ്ധനായ ഒരു ദെല്ലാളകാരനെ പിറേറദിവസം വൈകുന്നേരം കൊണ്ടുവരാമെന്നുംപറഞ്ഞ് അദ്ദേഹം പോയി. ശാന്തഗംഭീരനായ അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും കാര്യക്ഷമതയിലും എനിക്കു വിശ്വാസം തോന്നി. ഞാൻ പരിചയിച്ചിട്ടുള്ള പുരുഷന്മാരിലെല്ലാം വച്ചു ആ മനുഷ്യൻ വിശിഷ്ടനും, മനോബലവും സ്ഥിരതയും ഉള്ളവനും ആയിട്ടാണു് കാണപ്പെട്ടതു്.

അടുത്ത ദിവസം വൈകുന്നേരം ദല്ലാളുമായി മാനേജർ വന്നു. അയാളെ കണ്ടപ്പോൾ തന്നെ ഞാൻ ഞെട്ടിവിറച്ചു. സുമാർ 6 അടി പൊക്കമുള്ള ഒരു കരിമ്പന കുററനായിരുന്നു ആ സത്വം. ഇത്ര ഭീകരവും വികൃതവുമായ ഒരു മുഖം ഞാൻ അന്നുവരെ കണ്ടിട്ടില്ലാ. കണ്ണുകൾ അതിരൂക്ഷമായും, ചുവന്നുകലങ്ങിയും, കൃഷ്ണമണികൾ തുറിച്ചും ഇരുന്നു. ത്രികോണാകൃതിയിൽ പരന്നടിച്ച മൂക്കും, വിടർന്ന നാസാരന്ധ്രങ്ങളും, അയാളെ കാണ്ടാമൃഗത്തിന്റെ വർഗ്ഗത്തിലും, അസാധാരണമായി തടിച്ച വീത്ത ചുണ്ടുകൾ നീഗ്രോവർഗ്ഗത്തിലും ഉൾപ്പെടുത്തി. കറുത്തിരുണ്ട വട്ടത്താടിയും, തലമുടിച്ചുരുളുകളും ഭീകരതയെ കൂടുതൽ ഭീകരമാക്കി. ചെമ്പുകൊണ്ടു നിർമ്മിച്ച ഒരു വിലത്തിൽ നിന്നു മുഴങ്ങിവരുന്ന ഒച്ചപോലെയുള്ള ശബ്ദമാധുര്യവും. രോമനിബിഡമായ ശരീരം കണ്ടാൽ കരടിയോടൊ, മുള്ളൻപന്നിയോടൊ ഉപമിക്കേണ്ടതെന്നു സംശയിച്ചുപോകും. രണ്ടു പദ്യങ്ങൾ ഓർമ്മയിൽ വരുന്നു.

"പിരിമുറുകി വളഞ്ഞ മീശ, ചെന്തീ-
പ്പൊരി ചിതറും മിഴി, വട്ടമൊത്ത താടി

ഹരി, ഹരി, യമനും നടുങ്ങുവൊ,ന്ന-
ക്കരിമലയന്റെ കരാളമായ വക്ത്രം

കൊടിയൊരുടലെടുത്ത രൌദ്രമാമ-
ത്തടിയനെ മുന്നിലെടുത്തു കാൻകയാലേ
ഝടിതി പതറിയൊന്നു ഞെട്ടി, നാല-
ഞ്ചടിയറിയാതിവ൯ പിന്നിലേക്കുമാറി"

ഈ കാലകേയന്റെ പേർ "ചുടലമുത്തു ഗൌണ്ഡൻ" എന്നാണെന്നു മാനേജർ പറഞ്ഞു.

എന്നെ നിന്ന നിലയിൽ ദഹിപ്പിക്കുമെന്നുള്ള മട്ടിൽ ആ ഗജവിഗ്രഹൻ ക്രൂരദൃഷ്ടികൾ ഇടതടവില്ലാതെ എന്നിലേക്കു പതിപ്പിച്ചു. വേണുവിനെ അപായപ്പെടുത്തിയ ഘാതകന്മാരിൽ പ്രധാനി ഇയ്യാൾതന്നെഎന്നു എനിക്കു ബലമായി തോന്നി. എന്റെ ഹൃദയത്തിനകത്തു ഒരു ഭൂകമ്പം നടന്നു.

മുകളിലത്തെ മുറിയുടെ കതകുകൾ ഭദ്രമായി കുററികളിട്ടതിനു ശേഷം ഇരുമ്പുസേഫുകൾ രണ്ടും ഞാൻ തുറന്നു. പണ്ടങ്ങളും, രത്നങ്ങളും, പവനും മേശപ്പുറത്തു നിരത്തി. ഗൌണ്ഡൻ പൂർവ്വാധികം രൌദ്രത പ്രദർശിപ്പിച്ചു. ഇരയെക്കണ്ട കടുവായുടേതുപോലെ അയാളുടെ കണ്ണുകൾ തിളങ്ങി. ശരീരം വികൃതമായി വളച്ചും കൈകൾ തമ്മിൽ ഉരുമ്മിയും അയാൾ അസാധാരണമായ വെപ്രാളം കാണിച്ചു. ദുസ്വപ്നങ്ങളിൽ പോലും ഇതുപോലത്തെ ബീഭത്സതയും, ഭയങ്കരതയും എനിക്കു അനുഭവപ്പെട്ടിട്ടില്ലാ.

മാനേജരെയുംകൊണ്ടു അയാഠം അടുത്ത മുറിയിൽ പോയി അരമണിക്കൂറോളം കറപറായെന്നു എന്തോ പുലമ്പി. ശരീരത്തിൻെറ രീതി അപ്പോഠം അസാരം മാറിയിരുന്നു. പാറപ്പുറത്തു ചിരട്ട ഉരച്ചാലത്തെപ്പോലെ ഒരു ആസുരശബ്ദം, ധാരമുറിയാതെ എൻെറ കർണ്ണപുടങ്ങളിൽ പതിച്ചു.

അവർ കൂടിയാലോചന കഴിഞ്ഞു തിരിച്ചുവന്നപ്പോഠം മാനേജരുടെ മുഖം വിവശവും, മ്ലാനവുമായിരുന്നു. ക്ഷമകെട്ടു അരിശം പൂണ്ടാണു് ഞാൻ നിന്നതു്. അല്പം കോപത്തോടുകൂടിത്തന്നെ ഞാൻ അദ്ദേഹത്തോടു കയർത്തു.

"കാര്യങ്ങഠം ഒതുക്കി എന്നെ സഹായിക്കുന്നതു്, ബീഭത്സതകളും പേക്കൂത്തുകളും, കാട്ടി ഭയപ്പെടുത്തിയിട്ടാണൊ? ഇതിൻെറയൊന്നും രഹസ്യം എനിക്കു മനസ്സിലാകുന്നില്ല."

സോമ:–തെററിദ്ധരിക്കരുതു്. ഭവതിയെ സാരമായി സ്പർശിക്കുന്ന ചില കാര്യങ്ങഠം ശൌണ്ഡൻ പറയുന്നതുകൊണ്ടു ഞാൻ കർത്തവ്യവിമൂഢനായിത്തീർന്നിരിക്കുന്നു.

ഇടിമിന്നലുകഠം എൻെറ അകക്കാമ്പിൽ പാളി. ഞാൻ വിറച്ചു.

ശൌണ്ഡൻ:–(പരിഹാസച്ചിരിയോടുകൂടി) ഇന്ത ഉരുട്ടു പെരട്ടുകളൊന്നും ചെലവാകാതു്. ഒങ്കളെക്കാഠം പെരിയ ആസാമികളെ കണ്ടിരിക്കെ–രത്നങ്ങളും പണ്ടങ്ങളും എപ്പിടി ഉങ്കഠം കൈവശം വന്നു എന്നു തുറന്നു ശൊല്ലണം.

തമിഴും, മലയാളവും കലർത്തി അവിയൽമട്ടിലാ യിരുന്നു ഭാഷണം

സോമ—ഈ രത്നങ്ങളും, പണ്ടങ്ങളും, വേണുഗോ പാൽ മദ്രാസിലേക്കു കൊണ്ടുപോയവയാണെന്നു അ യാൾ ത്രിട്ടം പറയുന്നു.

ബോധം കെട്ടു നിലം പതിച്ചേക്കുമോ എന്നു എ നിക്കു തോന്നി. നിരാലംബയായ ഞാൻ പതറുന്ന ദൃഷ്ടികളോടെ ഃസോമശേഖരനെ നോക്കി.

സോമ:--ഞാൻ മുഴുവൻ പറഞ്ഞില്ലാ. ഭവതിയു ടെ ഒത്താശകൂടി വേണുഗോപാലിനെ കൊല്ലിച്ചു, ഇവ കൈവശപ്പെടുത്താതെ, ഇതെല്ലാം ഇവിടെ വരാ നിടയില്ലെന്നാണ് ഗൌണ്ഡന്റെ പ്രബലമായ വാ ദം. അയാൾ സത്യം ചെയ്യുന്നു.

എനിക്കു വല്ലാത്ത ഒരു വീറുണ്ടായി. ഉച്ചത്തി ലുള്ള ഒരു പച്ചച്ചിരിയോടുകൂടി ഞാൻ പ്രതിവചിച്ചു.

"വേണുഗോപാലനെ ഞാൻ കൊല്ലിച്ചെന്നോ? നല്ല വിചിത്രം തന്നെ. എന്നാൽ ഇവയെല്ലാം പുറ ത്തെടുത്തു നിങ്ങളെ കാണിക്കണോ?"

ഗൌണ്ഡ:—അതു താൻ കള്ളപ്പണി. രണ്ടു വർ ഷം ഒളിച്ചുവച്ചതു കുററം മറയ്ക്കാനുള്ള പ്ലാൻ. പൊ ളി ശൊല്ലുന്നതിനും ഒരു മുറ വേണം. അമ്മാ! ഇതെ ല്ലാം വെറുമ്മന പോകുമെന്നു നിനക്കണ്ടാ. പോലീ സിന്റെ കയ്യിൽ വരുമ്പം തുള്ളികൊണ്ടു സത്യം ശൊല്ലും.

സോമ:—(ഗൌരവത്തോടുകൂടി) ഗൌണ്ഡൻ! നിങ്ങൾ വൃഥാ എന്തിനു ബഹളം കൂട്ടുന്നു. നിങ്ങളുടെ കൈമു

തലൊന്നും പോയിട്ടില്ലല്ലൊ. പോലീസിൻെറ കയ്യിൽ പോകാതെ നമുക്കുതന്നെ കാൎയ്യങ്ങൾ ശരിയാക്കണം. എല്ലാവശങ്ങളും ഗാഢമായി ആലോചിക്കാം. നിങ്ങൾ എന്നെ വിശ്വസിക്കുക. ഇപ്പോൾ നമുക്കു പോകാം.

ഗൌണ്ഡ:-സരി-ഒങ്കളുടയ വാക്കു ഞാൻ വിശ്വസിക്കുന്നു.

അവർ ഇറങ്ങിപ്പോയി. അതുവരെ കുരിശിൽ തറച്ചപോലെ നിലകൊണ്ടു ഞാൻ നെട്ടതായി ഒരു നെടുവീർപ്പിട്ടു. എൻെറ ശ്വാസഗതി ക്രമപ്പെട്ടതു കുറെ കഴിഞ്ഞാണു്. സാധനങ്ങളെല്ലാം ഞങ്ങൾ സേഫിലാക്കിപൂട്ടി എൻെറ ദുരയേയും പാപജീവിതത്തെയും ഞാൻ പഴിച്ചു. അനുഭവമെല്ലാം കർമ്മഫലമാണെന്നുള്ള വേദാന്തന്യായത്തിൽ പിടിച്ചുകൊണ്ടു ഭാവിയെ നേരിടാൻ സന്നദ്ധയായി.

അന്നു രാത്രിയിൽ ഞങ്ങൾക്കു ഉറക്കമെ വന്നില്ല ഭൂതകാലസംഭവങ്ങളെയും, ബുദ്ധിമോശങ്ങളെയും, ഊന്നിതപിച്ചുകൊണ്ടിരുന്ന എന്നെ സ്നിഗ്ദ്ധമൃദുലമായ ഭാഷണംകൊണ്ടു സമാധാനപ്പെടുത്താൻ മംഗളം അതീവ യത്നിച്ചു. ഒടുവിൽ പറഞ്ഞുനിറുത്തിയതു ഇങ്ങിനെയാണു് "മാമ്പൂക്കൾ പോലെയാണു് ആശകൾ-ചിലതു പൊഴിഞ്ഞുപോകും-ചിലതു ഉണ്ണിയാകും-ചില ഉണ്ണികൾ പൊഴിഞ്ഞുപോകും-ചിലതുമാത്രം വിളഞ്ഞു പഴുക്കും."

ഞാൻ:-എന്നെ സംബന്ധിച്ചിടത്തോളം, സൎവ്വവും പൊഴിഞ്ഞുപോയല്ലൊ. യാതൊരു വിധത്തിലുള്ള ആശയും പാടില്ലെന്നാണൊ പറഞ്ഞു വരുന്നതു്.

മംഗ:—ജീവിതത്തെ താഴ്ത്തുന്ന ആശകൾ തീർച്ചയായും പാടില്ലാ. ഒന്നു തീർച്ചയാണു്. വിഷയങ്ങളിലുള്ള ആശകൾ കുറക്കുന്നിടത്തോളം, നിരാശ കുറയും. ശാന്തിയിലേക്കു വഴി തെളിയും. ജീവിതത്തെ ഉയർത്താൻ സഹായിക്കുന്ന ആശകൾ അഭിലഷണീയമാണു്.

പാതിരാത്രിയുടെ പരുപരുത്ത കൂരിരുട്ടിൽ ചരാചരങ്ങൾ കണ്ണടച്ചുകിടക്കുന്ന സമയം—എല്ലാടവും തികഞ്ഞ നിശബ്ദത—പെട്ടെന്നു താഴത്തെ കതകിൽ ആരോ തട്ടുന്നതു കേട്ടു. ഭയചകിതയായി മംഗളം താഴോട്ടിറങ്ങി. താക്കോൽ ഇടുന്ന ദ്വാരത്തിൽക്കൂടി ആരാണെന്നു ചോദിച്ചു.

"മാനേജരാണു്. വേഗം കതകു തുറക്കുക" എന്നു പറഞ്ഞു. ആരെങ്കിലും കൂടെ വന്നിട്ടുണ്ടോ എന്ന ചോദ്യത്തിനു ആരുമില്ലാ എന്ന മറുപടിയും കിട്ടി.

കതകു തുറന്നപ്പോൾ, ഒച്ചകൂടാതെ മാർജ്ജാരപാദനായി സോമശേഖരൻ പ്രവേശിച്ചു. കതകു ഭദ്രമായി കുററിയിട്ടതിനുശേഷം അദ്ദേഹം മുകളിലേക്കു വന്നു. ജന്നലുകൾ എല്ലാം അടച്ചു. മംഗളം എന്നോടു ഒട്ടിനിന്നു. ഞാൻ മുട്ടുകുത്തി അദ്ദേഹത്തെ നമസ്കരിച്ചു, ഏതുപ്രകാരമെങ്കിലും രക്ഷിക്കണമെന്നു പ്രാത്ഥിച്ചു. എൻെറ പരവശത കണ്ടു, കാരുണ്യപൂർവ്വം അദ്ദേഹം പറഞ്ഞു.

"പരിഭ്രമിക്കരുതു്. മനസ്സാന്നിദ്ധ്യം ഏററവും ആവശ്യമുള്ള ഒരു ഘട്ടമാണു്. നമുക്കു രക്ഷാമാൎഗ്ഗം ഉണ്ടാക്കാം. കാര്യങ്ങളുടെ ഉൾക്കള്ളികൾ വെളിപ്പെടുത്താനാണു് ഈ അസമയത്തുതന്നെ പുറപ്പെട്ടതു്"

സോമശേഖരൻ ഇരുന്ന കസേരയുടെ മുമ്പിൽ വെറും നിലത്തായി ഞാനും, മംഗളവും. ഇരുന്നു.

ഞാൻ:—കൊലപാതകം നടത്തിച്ചതു ഞാനാണെന്നാണല്ലൊ ആ ഭയങ്കരൻ ഭീഷണിപ്പെടുത്തുന്നതു് അതിന്റെ തെളിവെന്താണു്?

സോമ:—കവർച്ച മുതലെന്നു തീർച്ചപ്പെടുത്തിയിട്ടുള്ള രത്നങ്ങളും, പണ്ടങ്ങളും ഇവിടെ ഇരിക്കുന്നതുതന്നെ നിങ്ങൾ ഒററുകാരിയാണെന്നു വിചാരിക്കാൻ മതിയായ തെളിവാണു്. നിയമപരമായ ഊഹാപോഹങ്ങളുടെ ഒഴുക്കിൽ യഥാർത്ഥ സത്യത്തിനു നിലയില്ലാതെ വരും. നിയമമാർഗ്ഗത്തിന്റെ വളവുപുളവുകൾ പലപ്പോഴും യഥാർത്ഥ സത്യത്തെവിട്ടു, സാങ്കേതിക സത്യത്തിലാണു് എത്തിക്കുന്നതു്.

ഞാൻ:—അപ്പോൾ എന്റെ മേൽ കേസെടുക്കാനാണൊ, ഗൌണ്ഡന്റെ പ്ലാൻ

സോമ:—അതെ—ഇവിടെനിന്നും പിരിഞ്ഞതിൽ പിന്നെ ഞാനും അയാളുംകൂടി ഇതുവരെ വാദപ്രതിവാദമായിരുന്നു. എന്റെ ഞരമ്പുകൾ തളന്നിരിക്കയാണു്. ഇങ്ങിനെ ഒരു ദുശ്ശാഠ്യക്കാരനെ ഞാൻ കണ്ടിട്ടില്ലാ. ദുരമൂത്തിമത്തായ ഒരു പ്രത്യേക സത്വമാണു് അയാൾ.

ഞാൻ:—അങ്ങിനെയുള്ള ഒരു ചെകിത്താനെ ഇങ്ങോട്ടു എഴുന്നള്ളിച്ചതു് എന്തിനാണു്?

സോമ:—പറയാം. ഏതായാലും അയാളുടെ അന്തസ്സത്തം ഞാൻ മനസ്സിലാക്കി. രത്നങ്ങളിലും, പണ്ടങ്ങളിലും, പകുതി വീതം കിട്ടിയെ തീരു എന്നുള്ള ഒ

ററപ്പിടത്തമാണു്, അതിലേക്കാണു് പൈശാചിക ഭാവങ്ങളും, ക്രൌര്യവും അഭിനയിക്കുന്നതു്. മുമ്പു ഞാൻ അയാളെ ശരിയായി മനസ്സിലാക്കിയിട്ടില്ലാ. ഇപ്പോഴാണു് ആളിൻെറ തനിനിറം പുറത്തുവന്നതു്. വമ്പിച്ച ഒരു ബിസ്സിനസ്സുകാരനാണെന്നു മാത്രമെ അറിഞ്ഞിരുന്നുള്ളൂ.

ഞാൻ:—അയാളുടെ ദുരാഗ്രഹമനുസരിച്ചു നാം വഴങ്ങിക്കൊടുക്കുന്നതു് അന്യായവും അധർമ്മവുമല്ലേ? എന്തു ന്യായമനുസരിച്ചാണു് ഇങ്ങിനെ ഭീഷണിപ്പെടുത്തി ചൂഷണം ചെയ്യാൻ അയാൾ തുടങ്ങുന്നതു്?

സോമ:—സത്യവും ന്യായവുമനുസരിച്ചാണൊ അധികംപേരും പ്രവർത്തിക്കുന്നതു്?

മനുഷ്യൻെറ വികൃതിത്വംകൊണ്ടു സത്യവും ന്യായവും ചിലപ്പോൾ വെട്ടത്തുവരികയില്ലാ. ഗൌണ്ഡൻ പോലീസിനെ സ്വാധീനം ചെയ്യുമെന്നുള്ളതു തീർച്ച. ആ കൂട്ടരുടെ കയ്യിലായാൽ അതികഠിനമായ അപമാനങ്ങളും ദുഃഖങ്ങളും സഹിക്കേണ്ടിവരും. നിർദ്ദയന്മാരായ അവർ മർദ്ദനനയം ഉപയോഗിച്ചു നിരപരാധിയെകൊണ്ടു കററം സമ്മതിപ്പിക്കുന്നതു സാധാരണമാണു്. അതിനൊന്നും നാം ഇടയാക്കരുതു്.

എൻെറ ഹൃദയത്തിനകത്തു ഒരു ചുഴലിക്കാററടിച്ചു. രോമകൂപങ്ങൾ തോറും സ്വേദകണങ്ങൾ പൊടിഞ്ഞു.

ഞാൻ:—ഈ അഗതി എന്തുചെയ്യണമെന്നാണു് അവിടന്നു ഉപദേശിക്കുന്നതു്. പറഞ്ഞുതരുന്നതുപോലെ പ്രവർത്തിക്കാം. രക്ഷിതാവായി അവിടന്നു മാത്ര

3371

മെ എനിക്കുള്ളു. എന്നെയും എൻെറ വകയും, അങ്ങോട്ടു സമർപ്പിച്ചിരിക്കുന്നു.

എൻെറ ആത്മാർത്ഥമായ സമർപ്പണം, സോമശേഖരനെ അറിയിച്ചു.

സോമ:—ക്ലേശിക്കണ്ടാ, രക്ഷക്കുള്ള പരിപാടിയും തയാറാക്കിക്കൊണ്ടാണു് ഞാൻ വന്നിരിക്കുന്നതു്.

ഞാൻ:—പ്രാണൻ പോകുന്നതുവരെ അങ്ങയോടു ഇവൾ കടപ്പെട്ടിരിക്കും

സോമ:—ഞാൻ നിശ്ചയിച്ചിട്ടുള്ളതു ഇപ്രകാരമാണു്. ശ്രദ്ധയായി കേട്ടുകൊള്ളുക. ഇപ്പോൾ തന്നെ ആഭരണങ്ങളും, പണ്ടങ്ങളും മററും ബാങ്കിലേക്കു മാററണം. അവിടെയുള്ള ഇരുമ്പുസേഫിൽ ഞാൻ ഭദ്രമായി സൂക്ഷിച്ചുകൊള്ളാം. നാലഞ്ചു മാസം കഴിഞ്ഞു, പ്രക്ഷുബ്ധമായ അന്തരീക്ഷം ശാന്തമാകുമ്പോൾ, മദ്രാസിലൊ, തിരുച്ചിയിലൊ ഉള്ള ഒരു വിദഗ്ദ്ധൻ മുഖാന്തിരം ശരിയായി വിലയിട്ടു, വില്പന നടത്തിക്കൊള്ളാം. കിട്ടുന്ന മുതൽ നിങ്ങളുടെ കണക്കിൽ വരവുവയ്ക്കും. വിവരങ്ങൾ പിന്നീടു വിശദമായി തെര്യപ്പെടുത്താം.

ഞാൻ:—ഇപ്രകാരം പ്രവത്തിക്കുന്നതു് എനിക്കു പൂർണ്ണസമ്മതമാണു്

സോമ—എൻെറ പ്ലാനിൻെറ രണ്ടാമത്തെ ഭാഗത്തിലേക്കു പ്രവേശിക്കട്ടെ. നിങ്ങൾ ഇന്നു തന്നെ മദ്രാസിലേക്കു യാത്രയാകണം. നാളെ വെളുപ്പിനു് മദ്രാസ് തുറമുഖത്തു നിന്നും ഒരു കപ്പൽ കല്ക്കട്ടാക്കു പുറപ്പെടുന്നുണ്ടു്. അത്യാവശ്യ സാധനങ്ങൾ ഒരു പെട്ടിയിലാക്കി ഉടൻ എന്നോടുകൂടി പുറപ്പെടുക.

ഞാൻ:-അങ്ങിനെ തന്നെ. ഗൌണ്ഡൻ അറിയാതെ ഇതൊക്കെ സാദ്ധ്യമാണൊ? ഈ നിമിഷം അയാൾ ഈ പ്രാന്തങ്ങളിലെങ്ങാനും ചുററി നടക്കുന്നില്ലെന്നു ആക്കറിയാം.

സോമ-ഗൌണ്ഡൻ 2 മൈൽദൂരം തേവർക്കോട്ടയിലുള്ള വസിതിയിലേക്കാണു് പോയതു്. അവിടെ കിടന്നു ക്ഷുക്കം വലിക്കയായിരിക്കും. മദ്യവും കഞ്ചാവും അമിതമായി ഉപയോഗിക്കുന്നവനാണു്. ഇന്നത്തെ കൂരിരുട്ടും മഴയും നല്ല തക്കമാണു്. എന്റെ കുതിരവണ്ടി, വഴിത്തിരുവിൽ നിറുത്തിയിട്ടുണ്ടു്. ബാങ്കിൽ പോയതിനുശേഷം, നിങ്ങളെ തീവണ്ടിയാപ്പീസിൽ കൊണ്ടുപോയി വെളുപ്പിനുള്ള വണ്ടി കയററിവിടാം. യാത്രക്കും, നാലഞ്ചുമാസത്തെ ചിലവുകൾക്കും മററുമായി 4000 രൂപാ ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. അതു വച്ചുകൊള്ളുക. കണക്കെല്ലാം ഞാൻ ശരിയാക്കിക്കൊള്ളാം.

ഞാൻ-ഗൌണ്ഡൻ ഞങ്ങളുടെ അന്തർധാനത്തിൽ കുപിതനായി അവിടത്തോടു പൊല്ലാപ്പിനു വന്നാലൊ?

സോ:-ആ ഭയം എനിക്കില്ലാ. പോരെങ്കിൽ നിങ്ങളുടെ തിരോധാനത്തിനു ഞാൻ സഹായിആയിരുന്നു എന്നു അയാൾ സംശയിക്കപോലുമില്ലാ. ഓരോ കൌശലങ്ങളും, സമാധാനങ്ങളുംകൊണ്ടു അയാളെ ഒരാഴ്ചത്തേക്കു ഞാൻ പറഞ്ഞു നിറുത്താം. കല്ലൂട്ടായിൽ എത്തിക്കഴിഞ്ഞാൽ നിങ്ങൾക്കു യാതൊന്നും ഭയപ്പെടാനില്ലാ.

എനിക്കു അനിർവ്വാച്യമായ ആശ്വാസംതോന്നി. അറിയാതെ അശ്രു പ്രവഹിച്ചു. സ്വർഗ്ഗത്തു നിന്നും പറന്നെത്തിയ, ആർത്തത്രാണപരായണനായ ഒരു മാലാഖയായിട്ടു അദ്ദേഹത്തെ ഞാൻ കരുതി. എന്റെ ജീവനും മാനവും, ധനവും രക്ഷിച്ച മഹാനുഭാവന്റെ കാല്ക്കൽ ഞാൻ വീണ്ടും നമസ്കരിച്ചു.

നിമിഷംകൊണ്ടു രത്നങ്ങളും, പണ്ടങ്ങളും മററും ഒരു ചെറിയ ഇരുമ്പുപെട്ടിയിലും, വസ്ത്രങ്ങൾ മുതലായതു ഒരു വലിയ തുകൽപ്പെട്ടിയിലും ആക്കി. ഞങ്ങൾ പോകുന്ന കപ്പലിലെ ആളുകൾ പ്രാണരക്ഷാർത്ഥം കാട്ടുന്ന ബദ്ധപ്പാടുകൾപോലെ ആയിരുന്നു ഞങ്ങളുടെ ഒരുക്കങ്ങൾ. വീട്ടു പൂട്ടി താക്കോൽ സോമശേഖരനെ ഏല്പിച്ചു. പെട്ടികളുമായി മൂവരും വണ്ടിയിൽ കയറി. ബാങ്കു തുറന്നു ചെറിയ പെട്ടി ഇരുമ്പുസേഫിൽ വച്ചു മാനേജർ പൂട്ടി.

സ്റ്റേഷനിൽ ചെന്നു 4 മണിക്കുള്ള വണ്ടിയിൽ കയറി. വണ്ടി വിടുന്നതുവരെ സോമശേഖരൻ ഞങ്ങളോടുകൂടി ഉണ്ടായിരുന്നു. അദ്ദേഹം പ്രത്യക്ഷദൈവമാണെന്നു മംഗളം പലവുരു പറയുകയുണ്ടായി. എന്റെ നിരീശ്വരത്വത്തിനു ഏതാണ്ടു വ്യതിചലനം സംഭവിച്ചു.

ഞങ്ങൾ അടുത്ത ദിവസം വെളുപ്പിനു മദ്രാസിൽ നിന്നും കപ്പൽ കയറി. കൽക്കട്ടായിലെ ബാങ്കുമാനേജർക്കു സോമശേഖരൻ ഒരെഴുത്തു തന്നിരുന്നു.

## XV

ഇദംപ്രഥമമായിട്ടാണു് ഞാനും മംഗളവും ക

പ്പൽയാത്ര ചെയ്തതു്. യാത്രയുടെ ആദ്യദിവസം സുഖമായിരുന്നു കര തീരെ കാണാൻ വയ്യാതെ സമുദ്രമദ്ധ്യത്തിൽ എത്തിയപ്പോൾ, കണ്ട കാഴ്ച ഞങ്ങളെ പുളകം കൊള്ളിച്ചു. രജതനീരന്ധ്രശകലങ്ങൾ അങ്ങിങ്ങു ചിതറിയ നീലാകാശപ്പരപ്പും, അതിൻെറ പ്രതിഭാസമുൾക്കൊണ്ട നീലജലപ്പരപ്പും കിരണകന്ദളങ്ങൾ തട്ടിത്തിളങ്ങുന്ന അലകളും നിസ്സീമമായ ഹൃദയവികാസമുണ്ടാക്കി. വികാസം മാത്രമല്ലാ ഉൽകൃഷ്ടവികാരങ്ങളും. അജ്ഞാതഗഹനമായ വിയന്മണ്ഡലത്തിനും മൂർദ്ധാവു ഹിമത്താൽ മൂടിയ ആകാശചുംബികളായ ശൈലനിരകൾക്കും അനന്തത തോന്നിക്കുന്ന സമുദ്രപ്പരപ്പിനും ഹൃദയത്തെ അപാരമായി വികസിപ്പിക്കാനും, ഉയർത്താനുമുള്ള മാന്ത്രികശക്തിയുണ്ടെന്നു മഹത്തുക്കൾ പറയുന്നു. വെറും ജഡമായ അവക്കു ഈ കഴിവുണ്ടെങ്കിൽ, അണ്ഡകോടികൾക്കും, സവ്വവിഷയങ്ങൾക്കും, നിമിത്തവും, ഉപാദാനവുമായി സ്ഥിതിചെയ്യുന്ന സച്ചിദാനന്ദത്തിൻെറ കഥ എന്താണു്? മനസ്സിനുംഅതീതമായി നിൽക്കുന്ന അതിനെ മനസ്സുകൊണ്ടു ഗ്രഹിക്കാൻ സാദ്ധ്യമല്ല. മനസ്സു അതിൽ പൊന്തുന്ന ഒരു കുമിളയാണു്. കുമിളക്കു മഹാസമുദ്രത്തെ അളക്കാൻ സാദ്ധ്യമാണൊ?

ഗഗനസാമ്രാജ്യത്തിലെ അനിഷേധ്യ രാജാക്കന്മാർ എന്ന മട്ടിൽ ചില ഗൃദ്ധ്റരാജന്മാർ ഉപരിമണ്ഡലങ്ങളിൽ പറന്നുകൊണ്ടിരുന്നു. സ്വർല്ലോകത്തിൽ നിന്നു ഭുവർലോകത്തിലേക്കു പറന്നെത്തിയ ദൈവദൂതന്മാരായ മാലാഖകൾപോലെ കുറെ കൊക്കുകൾ വട്ട

മിട്ടുസഞ്ചരിച്ചു. മാനുഷ്യലോകത്തിൽ ഇല്ലാത്ത ഒരു ശാന്തി, പ്രകൃതിയിൽ വ്യാപിച്ചിരുന്നു.

നല്ല സൌകര്യമുള്ള ഒരുചെറിയ "കാബിൻ" ആണു് കപ്പലിൽഞങ്ങൾക്കുകിട്ടിയതു്. നിർബ്ബാധമായും, സുരക്ഷിതമായും, അതിൽ ഇരുന്നു, പഴയ ജീവിതാദ്ധ്യായങ്ങളുടെ ഏടുകൾ ഞങ്ങൾ മറിച്ചുനോക്കി.

മം:ശ:—കൊച്ചമ്മ രത്നവ്യാപാരിയുടെ ഭാര്യയായതും, കുട്ടികളുമായി പിരിഞ്ഞതും അസഹ്യമായ ദാരിദ്ര്യത്തിൻെറസമ്മർദ്ദനം കൊണ്ടാണു്. അന്നത്തെ നിലക്കു മററു പോംവഴിയില്ലായിരുന്നു. ഈ തെററുകൾ ദൈവം ക്ഷമിച്ചേക്കും. എന്നാൽ—

ഞാൻ:—എന്നാൽ—എന്നു അർദ്ധോക്തിയിൽവിരമിച്ചതു എന്താണു്? പറയാൻ ഉദ്ദേശിക്കുന്നതു എനിക്കു മനസ്സിലായി.

മം:ശ:—കൊച്ചമ്മ ഉദ്ദേശിക്കുന്നതു തന്നെയാണു് എനിക്കു പറയാനുള്ളതു്. ജമീൻെറ വയ്പാട്ടിയാകേണ്ട യാതൊരാവശ്യവുമില്ലായിരുന്നു.

ഞാൻ:—നിനക്കുള്ള ന്യായങ്ങൾ കേൾക്കട്ടെ. തുറന്നുപറയാം.

മം:ശ:—വേണുഗോപാലൻെറ ഔദാര്യംകൊണ്ടു ദാരിദ്ര്യാവസ്ഥ തീരെ നീങ്ങിയതാണല്ലോ. വീണ്ടും ധനത്തിൽ ആവേശം ജനിച്ചതു ക്ഷന്തവ്യമല്ലാത്ത ദുരതന്നെ അനുഭവിക്കേണ്ടിവന്ന അനിഷ്ടഫലങ്ങൾ തന്നത്താൻ വരുത്തിവച്ചതാണു്. ദൈവത്തെ കുററപ്പെടുത്തരുതു്.

ഞാൻ:—അപ്പോൾ പണമുണ്ടാക്കാൻ പരിശ്രമിക്കുന്നവരെല്ലാം തെററുകാരാണോ?

മംഗ:—പണത്തിനുവേണ്ടി പണമുണ്ടാക്കാൻ ശ്രമിക്കുന്നവർ തെററുകാരാണെന്നു മതസ്ഥാപകന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുണ്ടു്. ജീവിതത്തിൽ അഴുക്കു പിടിപ്പിച്ചു പണം ഉണ്ടാക്കുന്നതു തന്നോടു തന്നെ ചെയ്യുന്ന ഭീമമായ അപരാധമാണു്. ആവശ്യത്തിനു ധനമുണ്ടായാൽ, അതിനോടു പുറം തിരിയണം. എന്തായാലും ജീവിതപുഷ്പം ചേററിൽ താഴ്ത്തി പണമുണ്ടാക്കരുതു്. മരുമചനമറിയത്തിന്റെ കഥ അറിഞ്ഞുകൂടെ?

ഞാൻ:—മറിയത്തിനെപ്പോലെ, ഞാനും ഒരു നവജീവിതത്തിലേക്കു തിരിഞ്ഞാലൊ?

മംഗ:—എന്നാൽ ഏററവും ഭാഗ്യമായി. ഒന്നുകൂടി പറയട്ടെ. കൊച്ചമ്മ ആ റാണിയുടെ സങ്കടത്തിനു കാരണഭൂതയാണു്. അകാലനിര്യാണം സംഭവിച്ചുതന്നെ അതിന്റെ ആധിക്യം കൊണ്ടായിരിക്കണം.

സമാധാനം പറയാൻ ഞാൻ യാതൊന്നും കണ്ടില്ല. ഞാൻ തെററുകാരി ആയിരിക്കുമൊ എന്നുള്ള ഒരു ചെറിയ ശങ്ക മനസ്സിന്റെ അടിത്തട്ടിൽ അങ്കുരിച്ചു

ഞാൻ:—നീ പറഞ്ഞുകൊണ്ടു വരുന്നതു ഞാൻ വലിയ തെററുകാരിയാണെന്നാണൊ?

മംഗ:—തെററു ചെയ്തിട്ടുണ്ടെന്നുള്ളതു അവിതർക്കിതമാണു്.

ഞാൻ:—അതിനിപ്പോൾ എന്താണു് പരിഹാരം?

മംഗ:—നമ്മുടെ തെററു കാണുന്നതും അതിനെ കു

റിച്ചനിവ്വ്യാജമായി പശ്ചാത്തപിക്കുന്നതും പാപപരി ഹാരമാകുമെന്നു കൃസ്തുദേവൻ പറയുന്നുണ്ടു്. തെററു കാണണമെങ്കിൽ, തെററിൽനിന്നും വിട്ടുമാറി, സ്വ സ്വരൂപമായ ബോധത്തിൽ നിന്നേ സാദ്ധ്യമാകയു ള്ളൂ. എന്നാണു് ശങ്കരഭക്തൻ പറയുന്നതു്.

ഞാൻ:-അറിഞ്ഞുംകൊണ്ടു തെററു ചെയ്യാതിരി ക്കാൻ ഇനി മേൽ കരുതികൊള്ളാം. പരിസരങ്ങൾ ക്കു വിധേയയാകാതെയും സൂക്ഷിക്കാം.

മംഗ:-കൊച്ചമ്മ അഭിലഷണീയമായ ഒരു പുതി യജീവിതത്തിലേക്കു കാലൂന്നാൻ നിശ്ചയിച്ചതിൽ എനിക്കു അനല്പമായ ചാരിതാൎത്ഥ്യമുണ്ടു്. സൎവ്വേ ശ്വരി അനുഗ്രഹിക്കട്ടെ!

ഞാൻ:-ആട്ടെ, സോമശേഖരനെ കുറിച്ചു നി ൻെറ അഭിപ്രായമെന്താണു്?

മംഗ:-ഞാൻ പരിചയിച്ചിട്ടുള്ള പുരുഷന്മാരിൽ വച്ചു ഏററവും ശ്രേഷ്ഠൻ

ഞാൻ:-എൻെറ മനസ്സു ചിലപ്പോൾ പതറി പ്പോകുന്നു. ഒരുപക്ഷേ ഗൌണ്ഡനുമായി ഒത്തുചേൎന്നു എന്നെ നശിപ്പിച്ചാലൊ?

മംഗ:-ഒരുകാലത്തുമില്ല്യാ. കൊച്ചമ്മക്കു ആത്മാ ൎത്ഥതയുള്ള ഒരു മിത്രമുണ്ടെങ്കിൽ അദ്ദേഹംമാത്രമാണു്.

ഞാൻ:-നിൻെറ അഭിപ്രായം തെററാറില്ല്യാ. നീ നിരീക്ഷണപടുവാണു്.

ഞങ്ങൾ ഇങ്ങിനെ ഓരോന്നുപറഞ്ഞു നേരംപോ യതു അറിഞ്ഞില്ല്യാ. കാബിനിലെ മണി നോക്കിയ പ്പോൾ പകൽ $11\frac{1}{2}$ മണി കഴിഞ്ഞിരുന്നു. അവിടെ

കൊണ്ടുവച്ചിരുന്ന പ്രാതലിൻെറ കാര്യം തീരെ മറന്നു പോയി. അതെടുത്തു കഴിച്ചുകൊണ്ടിരുന്നപ്പോൾ ഉച്ചഭക്ഷണം വന്നുചേർന്നു. മംഗളം അതെടുത്തു അലമാരിയിൽ വച്ചു. ഞങ്ങൾ രണ്ടുപേരും കിടന്നു ഒന്നു മയങ്ങി.

ഉച്ചത്തിലുള്ള ചില വിളികളും ബഹളങ്ങളും കേട്ടാണ് ഞങ്ങൾ ഉണർന്നതു്. അപ്പോൾ മണി രണ്ടുകഴിഞ്ഞിരുന്നു. അരുകിലുള്ള വൃത്താകാരവാതായനങ്ങളിൽ കൂടി പുറത്തേക്കു നോക്കിയപ്പോൾ ആകാശം കാർമേഘപടലങ്ങൾകൊണ്ടു നിബിഡമായി കണ്ടു. ഇടക്കിടെ അതിഭീകരമായ ഇടിനാദങ്ങളും മിന്നൽപാച്ചിലുകളും ഉണ്ടായി. വമ്പിച്ച കോളും കൊടുങ്കാററും തുടങ്ങാനുള്ള ഭാവമായിരുന്നു. ഇതെല്ലാം പ്രകൃതിദേവിയുടെ പ്രചണ്ഡതാണ്ഡവത്തിനുള്ള കളമൊരുക്കായിട്ടുതോന്നി. പർവ്വതാകാരത്തിലുള്ള അലകൾ കപ്പലിനെ ശക്തിയായി കലുക്കുകയും, ഉരുട്ടുകയും ചെയ്തു. മംഗളം വല്ലാതെ ഭയപ്പെട്ടു കിടക്കയിൽ കമഴ്ന്നുകിടന്നു. അവൾക്കു അസഹ്യമായ തലകറക്കം തോന്നി. പെട്ടന്നെഴുന്നേററു ഛർദ്ദിക്കാൻ തുടങ്ങി. വായിൽകൂടി കടൽ പുറത്തുവരുമെന്ന നിലയായി. പുറം തിരുമ്മിയും വീശിയും ഞാൻ ശുശ്രൂഷിച്ചു. എനിക്കു കലാശലായ പരിഭ്രമമുണ്ടായി.

"മർക്കടസ്യ സുരാപാനം മദ്ധ്യേ
വൃശ്ചികദംശനം-തന്മദ്ധ്യേ ഭൂതസഞ്ചാരം"

എന്നു പറഞ്ഞിട്ടുള്ളതുപോലെ ആയിരുന്നു എൻെറ അവസ്ഥ.

കപ്പൽക്കാർ നിന്നിടത്തേക്കു ഞാൻ ഓടി. ക്ഷു സൽക്കൂടാതെ ഒരു സ്ത്രീ വരുന്നതുകണ്ടു അവരുടെ തല വൻ എൻെറ അടുക്കലേക്കു വന്നു.

ഞാൻ.—അപായം നേരിടുമൊ?

അയാരം:—പാടില്ലെന്നില്ലാ.

ഞാൻ:—രക്ഷാമാഗ്ഗം എന്താണു്?

അയാരം:—ആദ്യമായി സ്ത്രീകളെയും കുട്ടികളേയും വള്ളത്തിൽ കയററി രക്ഷപ്പെടുത്താൻ ശ്രമിക്കും.

ഞാൻ:—പുരുഷന്മാരെയൊ?

അയാരം:— സൌകര്യമുള്ളടത്തോളം അവരെയും രക്ഷപ്പെടുത്തും. ഗത്യന്തരമില്ലാതെ വന്നാൽ ചിലർ മുങ്ങിചാകേണ്ടിവരും. എല്ലാത്തിലും അവസാനമാ യിട്ടെ കപ്പിത്താൻെറ രക്ഷയെപ്പററി ആലോചിക്ക യുള്ളൂ.

ഞാൻ:—നാവികനിയമങ്ങരം ഇങ്ങിനെയൊക്കെ യാണൊ?

അയാരം:—അതെ. കപ്പൽ താഴുന്ന അവസരത്തിൽ മുഴുവൻ യൂണിഫാറവും ധരിച്ചു വാരം പൊക്കിപ്പിടി ച്ചു സുസ്മേരവദനത്തോടുകൂടി മൃത്യുവക്ത്രത്തിലേക്കു പോയ കപ്പിത്താന്മാരുടെ കഥകരം ധാരാളമുണ്ടു്. അ വർക്കു വീരസ്വഗ്ഗമാണു്.

എൻെറ മുഖം കടലാസുപോലെ വെളുത്തു. മഹാ പാപിയായ ഞാൻ കപ്പലിൽ ഉള്ളതാണു് ആപത്തി ന്നുകാരണമെന്നു് ബലമായി തോന്നി. ഞാനും മംഗ ളവും കടലിന്നടിയിൽ താണു താണു പോകുന്നതിൻെറ യും, കൊമ്പൻ സ്രാവുകളും, കടൽപ്പാമ്പുകളും, ക്രൂരററൻ

ഞാന്മാരുകളും ഞങ്ങളെ ആക്രമിക്കുന്നതിന്റെയും, സിനിമാ മനസ്സിൽ നടന്നു.

അയാഠം:-നിരാശപ്പെടണ്ടാ. കഴിവുള്ളടത്തോളം കരയോടടുക്കാൻ ഞങ്ങഠം നോക്കുകയാണ്. കൂടുതൽ അപകടമുണ്ടെന്നു കണ്ടാൽ വിശാഖപട്ടണം തുറമുഖത്തിലെങ്കിലും ചെന്നുപററണം.

ഞാൻ കാബിനിൽ കണ്ണടച്ചുകിടന്നു. മംഗളം മയങ്ങുകയായിരുന്നു. പത്തുമിനിട്ടുകഴിയുന്നതിനു മുമ്പ് അത്യുഗ്രമായ ഒരു പടിഞ്ഞാറൻ കൊടുങ്കാററടിച്ചു കപ്പൽ ഒരു വശത്തേക്കു വല്ലാതെ ചരിഞ്ഞു. എത്ര ഉരുക്കൻകപ്പലും പ്രകൃതിശക്തിയുമായിഇടയുമ്പോഠം കുട്ടികഠം ഉണ്ടാക്കിക്കളിക്കുന്ന കടലാസുബോട്ടുപോലെ നിസ്സാരമായിത്തീരുന്നു. യാത്രക്കാരെല്ലാം ആശവിട്ടു, മരണം വരിച്ചു നിലകൊണ്ടു.

കുറച്ചുനേരത്തേക്കു അവിടെ ഉണ്ടായ വിളികളും, ബഹളങ്ങളും വർണ്ണിക്കാൻ എളുതല്ലാ. പലരും ഓരോ വിധത്തിൽ ദൈവത്തെ വിളിക്കാൻ തുടങ്ങി. മംഗളവും എണീററിരുന്നു. ദൈവവിചാരം ഇല്ലാത്ത ഞാനും, ഭക്തയായ മംഗളവും ഹൃദയമഴിഞ്ഞു പ്രാർത്ഥിച്ചു. ഈശ്വരനില്ലെന്നു ഉച്ചൈസ്തരം ഘോഷിക്കുന്ന നാസ്തികന്മാർ ആപൽഘട്ടങ്ങളിൽ അവരറിയാതെ അവരിൽ ഒളിഞ്ഞുനില്ക്കുന്ന ചൈതന്യവിശേഷത്തെ വാവിട്ടു വിളിച്ചുപോയതായി ഉദാഹരണങ്ങഠം പലതുണ്ടു്.

മംഗ:-ഇങ്ങിനെ ദുർമ്മരണം പ്രാപിക്കത്തക്കവണ്ണം ഇജ്ജന്മം ഞാൻ ഒരു പാപവും അറിഞ്ഞുചെയ്തിട്ടി

ല്ലാം. ദേവീ! കരുണാലയെ! നീയെ ശരണം!

ഞാൻ:—നിൻെറ തത്വജ്ഞാനത്തിന്നു ഇത്ര ഉറപ്പില്ലേ? മരണത്തിന്നു പാപിയെന്നും പുണ്യവാനെന്നും ഭേദമുണ്ടോ? എന്നാൽ നിനക്കും എനിക്കും ഒരേ ദുർമ്മരണം ഉണ്ടാകുന്നതെന്തു്?

മംഗ:—കഴിഞ്ഞ ജന്മം ഞാൻ മഹാപാപം ചെയ്തിരിക്കണം.

ഞങ്ങൾ സംസാരിക്കുന്നതിനിടക്കു ഒരു കിഴക്കൻ കാററടിച്ചു. കപ്പൽ നേർനിലയിലായി. എല്ലാവർക്കും ശ്വാസം നേരെ വീണു. എല്ലാ എഞ്ചിന്നും ശീഘ്രതയിലേക്കു മുറുക്കിവിട്ടു. വിശാഖപട്ടണം തുറമുഖം ലക്ഷ്യമാക്കി കപ്പൽ ത്വരിതഗതിയിൽ ഓടി. വൈകുന്നേരം 6 മണിയോടുകൂടി അകലത്തായി തുറമുഖം കണ്ടു. അതിനകത്തേക്കു ഓടിച്ചു കയറവന്നവേളയിൽ, നൌകയുടെ മുൻഭാഗം കാൺക്രീററു കെട്ടിൽ ചെന്നു ഉറക്കായിഅടിച്ചു. രണ്ടിന്നും സാരമായ കേടുപാടുകൾ സംഭവിച്ചു. കപ്പലിലുള്ളവൎക്കെല്ലാം ഒരു ഠക്കിടിലും ഉണ്ടായി. സംഘട്ടനത്തിൽ നിന്നുള്ള ശബ്ദം എല്ലാവരെയും ഞെട്ടിച്ചു. കുറച്ചുനേരത്തേക്കു ഒരു സ്തംഭനാവസ്ഥയിൽ ഞാനും മംഗളവും കണ്ണടച്ചു നിന്നുപോയി. പുണ്യവതിയായ മംഗളം കപ്പലിൽ ഉണ്ടായിരുന്നതു കൊണ്ടാണു് എല്ലാവരും രക്ഷപ്പെട്ടതെന്നു എനിക്കു തോന്നി.

ഞങ്ങൾ കണ്ണുതുറന്നപ്പോൾ യാത്രക്കാരെ കരക്കു ഇറക്കുകയായിരുന്നു. ഞങ്ങളും സാമാനങ്ങളുമായി ഇറങ്ങി. കപ്പൽ നന്നാക്കാൻ 15 ദിവസമെങ്കിലും വേ

ണമെന്നും, അതു കഴിഞ്ഞശേഷമേ കൽക്കട്ടാക്കുള്ള യാത്ര തുടരാൻ സാധിക്കയുള്ളു എന്നും കപ്പിത്താൻ പ്രഖ്യാപിച്ചു.

അപ്പഴത്തെ നിരാലംബനാവസ്ഥയിൽ അബലകളായ ഞങ്ങൾക്കു വളരെ ബിംബിഷ്ടം തോന്നി. വിശാഖപട്ടണം തീരെ അപരിചിതമായിരുന്നു. 15 നീണ്ട ദിനരാത്രികൾ അവിടെ എങ്ങിനെ കഴിച്ചു കൂട്ടും എന്ന വിഷമപ്രശ്നം ഞങ്ങളെ അഭിമുഖീകരിച്ചു. എന്നാൽ ശൗണ്ഡന്റെയും മൃത്യുവിന്റെയും വക്ത്രങ്ങളിൽ നിന്നു മോചനം സാധിച്ചതു വലിയ ദൈവാധീനമെന്നു ഞങ്ങൾ സമാധാനപ്പെട്ടു. ഏതാനും വാര നടന്നപ്പോൾ അര ഫർലാങ്ങ് നീളമുള്ളതും, നാലുനിലയുള്ളതുമായ "എമ്പയർഹോട്ടൽ" കണ്ടു. രണ്ടാമത്തെ നിലയുടെ കിഴക്കെ അററത്തു കടലിനു അഭിമുഖമായുള്ള മുറിയും മട്ടുപ്പാവും വാടകക്കെടുത്തു ഞങ്ങൾ അവിടെകൂടി. ആഹാരങ്ങളെല്ലാം മുറക്കു അവിടെ കൊണ്ടുവന്നു തന്നു. അനുബന്ധിച്ചുള്ള കുളിമുറിയും. മററു സുഖോപകരണങ്ങളും വളരെ സൌകര്യപ്പെട്ടു.

## XVI

പ്രാണരക്ഷാർത്ഥം കൽക്കട്ടാക്കു പോകാതെ എനിക്കു നിവൃത്തിയില്ലായിരുന്നു. എന്നാൽ കപ്പൽയാത്ര ഇനി ചെയ്യുകയില്ലെന്നു മംഗളം ശഠിച്ചു. ഇപ്രകാരം അവർ ഒരിക്കലും വാശിപിടിച്ചിട്ടില്ല. "കൊച്ചമ്മയുടെ കൂടെ ഹിമാലയൻ പർവ്വതത്തിലേക്കൊ, ധ്രുവങ്ങളിലേക്കൊ, നരകത്തിലേക്കൊ ഞാൻവരാം—കടൽയാത്രയുടെ കാര്യം മാത്രം പറയരുതു്" എന്നായിരുന്നു

അവളുടെ ഒററപ്പിടി. ആസിദ്ധാന്തത്തിനു വഴങ്ങി കൊടുക്കാതെ നിവ്വാഹമില്ലെന്നു വന്നു.

14–ാം ദിവസം വൈകുന്നേരം മംഗളത്തിനെ തീവണ്ടിയിൽ കയററി മദിരാശിക്കുവിട്ടു. അത്യാവശ്യങ്ങൾക്കായിട്ടു 500 രൂപായും കൊടുത്തു മദിരാശിയിൽ നിന്നു മധുരയിൽ ചെന്നു ബാങ്കു മാനേജരെ കാണണമെന്നും, ഒരുമാസം കഴിയുമ്പോൾ എൻെറ പേക്കു പണം അയപ്പിക്കണമെന്നും, അദ്ദേഹത്തിൻെറ നടപടികളും, ഭാവങ്ങളും സൂക്ഷ്മനിരീക്ഷണം ചെയ്തു അപ്പഴപ്പോൾ എഴുതിഅയക്കണമെന്നും പ്രത്യേകം ശട്ടംകെട്ടി.

മംഗളം വേർപെട്ടപ്പോൾ എൻെറ പ്രാണൻെറ പകുതി വേർപെട്ടതു പോലെതോന്നി. ചിറകൊടിഞ്ഞ മാടപ്രാവിനെപ്പോലെ ഞാൻ അംഗവിഹീനയായിത്തീൎന്നു. നിരുന്മേഷയായി രണ്ടു ദിനരാത്രികൾ കിടന്ന കിടപ്പിൽ കഴിച്ചു പ്രിയമംഗളം! എൻെറ ജീവിതച്ചൂടിനെ തണുപ്പിച്ചു കൊണ്ടിരുന്ന ശാന്തശീതളമായ ഇളം തെന്നലായിരുന്നുനീ. ത്യാഗപൂരിതമായ നിൻെറ സ്നേഹധാര എൻെറ ജീവിതത്തിരിയെ ഊട്ടിയിരുന്നില്ലെങ്കിൽ എപ്പഴെ അതുകെട്ടുപോകുമായിരുന്നു! പാതാളത്തിലെ കരിംചെളിക്കുണ്ടിൽ പതിച്ച ഈ ഹതഭാഗ്യയെ മൃദുവായി പൊക്കിയെടുത്തു്, പൊൻചിറകിനടിയിൽ അഭയമരുളി, മേല്പോട്ടുയർന്നു, സാത്വീക മാൎഗ്ഗത്തിൽ ചേർത്ത ദിവ്യമാലാഖയാണു് ഭവതി. കണ്ടകകീർണ്ണങ്ങളായ കാടുകളിലും, മേടുകളിലും, കല്ലും ചേറും നിറഞ്ഞ കണ്ടക

ളിലും കൂടി കൂരിരുട്ടിൽ തപ്പിത്തടഞ്ഞ ഈ ദുർഭഗക്കു നേർവഴി തെളിച്ച ധ്രുവനക്ഷത്രമാണ് എൻെറ പൊന്നുസോദരി. ശോകസങ്കലമായ ജീവിതത്തിൽ, പലപ്പോഴും നിരാശാഗർത്തങ്ങളിൽ പതിച്ചു, വാടിത്തളർന്ന ഇവളെ ഭവതിയിൽ നിന്നു നിർഗ്ഗമിച്ച പിയൂഷനിർഝരി ഉയിർത്തെഴുന്നേൽപിച്ചിട്ടുണ്ട്. ഹാ മഞ്ഞുതുള്ളിപോലെ കുളുർമയുള്ള മൃദുലവചസ്സുകൾ, എന്നെ എത്ര തവണ പുളകച്ചട്ടയണിയിച്ചിട്ടുണ്ട്. സുഷമാ മുഗ്ദ്ധമായ നവയൌവ്വനത്തിൽ വിലസുന്ന തരുണീമാണിക്യമാണെങ്കിലും, ബാഹ്യത്തെ തൃണവൽഗണിച്ചും, വ്യാമോഹങ്ങളെ അതിജീവിച്ചും ഉത്തമോത്തമയായ ഭവതി ഉന്നതാദർശങ്ങളിൽ സദാനിലകൊള്ളുന്നു. “ജ്ഞാനം ധനം” “വിനയം ആഭരണം” എന്നിത്യാദി വിജ്ഞാനമൌക്തികങ്ങൾ ഈ പീപ്പന്നിയുടെ മുന്നിൽ എത്രപ്രാവശ്യം വാരിവിതറിയിട്ടുണ്ട്. ക്രിസ്തുഭഗവാൻെറ നിസ്തുലോപദേശത്തെ വകവയ്ക്കാതെ. ഭവതി തോഴിയല്ലാ. എൻെറഗുരുവാണ്.

എൻെറ പൊന്നുമംഗളം! നിന്നെ കൂടാതെ ജീവിക്കാൻ പ്രയാസമാണ്. നിൻെറ പുണ്യസ്വരൂപം എൻെറഹൃദയവേദിയിൽ ദൃഢമുദ്രിതമായിട്ടുണ്ട്. ഹൃദയത്തിൻെറ ശ്രീകോവിലിൽ കത്തുന്നഭദ്രദീപമാണ് നീ. ഹൃദയാധിനായികയാണ് ഭവതിയുടെ പാദപാംസുക്കൾ ഇവൾ ശിരസ്സിലണിയട്ടെ

ഇങ്ങിനെയുള്ള വിചാര വികാരത രംഗങ്ങളിൽ എൻെറ ഹൃദയം കേളിയാടിക്കൊണ്ടിരുന്നു. അനർഗ്ഗളമായി അശ്രുപ്രവാഹവും ഉണ്ടായി.

18ാംദിവമാണ് കപ്പൽ വിട്ടതു്. 5ാംദിവസം ഫ്ലൂളിയിൽ ഇറങ്ങി. അവിടെ നിന്നും തീവണ്ടിയിൽ കൽക്കട്ടാക്കു പോയി. വണ്ടിയിറങ്ങിയപ്പോൾ എനിക്കു വല്ലാത്ത പരിഭ്രമമുണ്ടായി. സങ്കൽപിച്ചിരുന്നതിലെല്ലാം വലിപ്പ'മുള്ള പട്ടണം. പത്തുനിലകൾ വരെയുള്ള ഉത്തുംഗനിലയനങ്ങൾ ഇരു പാർശ്വങ്ങളിലും സ്ഥിതിചെയ്യുന്ന വിസ്തൃതവീഥികൾ. അസംഖ്യം ട്രാംവണ്ടികളും കാറുകളും, ബസ്സുകളും, ടോങ്കാകളും. എന്തു ജനബാഹുല്യം. ബഹളപൂരിതമായ അന്തരീക്ഷം. എവിടെ നോക്കിയാലും ഒരു ധൃതിയുംപ്രസരിപ്പും; ഓട്ടങ്ങളും. ഞാൻ ആ ജനസമുദ്രത്തിൽ അജ്ഞാതമായ ഒരു വെറും തുള്ളിമാത്രം. അബലയും, ഏകാകിയുമായ ഇവൾ ആ സ്ഥിതികളുമായി എങ്ങിനെ ഇണങ്ങിച്ചേരും? ആരെങ്കിലും അപഹരിച്ചാലൊ? ബലാൽക്കാരം ചെയ്താലൊ? കയ്യിലുള്ള പണത്തേക്കാൾ എൻെറ സൌന്ദര്യം വലിയ ബാധകമായിട്ടുതോന്നി. പണം തട്ടാൻ വേണ്ടി ഒരു പക്ഷെ കശാപ്പു ചെയ്താലൊ? നാസ്തികയായിരുന്ന ഞാൻ ദേവിയെ ഹൃദയപൂർവ്വം സ്മരിച്ചുമുമ്പോട്ടുനടന്നു.

"ലക്ഷ്മീവിലാസം" ബാങ്കിൻെറ ഹെഡ്ആപ്പീസു കൽക്കട്ടായിലായിരുന്നു. മാനേജർ മോഹനചന്ദ്രബാബുവിനു സോമശേഖരൻ ഒരെഴുത്തും തന്നിരുന്നു. ബാങ്കിൽ ഇറക്കണമെന്നുപറഞ്ഞു ഒരു ട്രാമിൽ ഞാൻ പെട്ടിയോടുകൂടി കയറി. വണ്ടി പല വഴികളിൽ കൂടിയും കാൽമണിക്കൂർ ഓടിയതിനുശേഷം ഒരു നാലുമുക്കിൽ നിറുത്തി അവിടെ ഇറങ്ങിക്കൊള്ളാൻ കണ്ടക്റ്റർ എന്നോടു ആജ്ഞാപിച്ചു. എൻെറ പെട്ടിമുകളിൽ നി

ന്നെടുത്തു താഴോട്ടു നീട്ടിയപ്പോൾ ദീർഘകായനായ ഒരു യുവാവ് അതു വാങ്ങി. അയാൾ പാശ്ചാത്യരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരു പച്ചപ്പരിഷ്കാരിയായിരുന്നു. മാന്യതക്കു യാതൊരു കുറവും കണ്ടില്ലാ. അടുത്തുകിടന്നിരുന്ന ഒരു ടാക്സിയുടെ പിൻസീററിലേക്കു പെട്ടി അയാൾ തന്നെ വച്ചു. ഒരു മന്ദഹാസത്തോടുകൂടി ഡ്രൈവരുടെ സീററിൽ കയറി. എനിക്കു ഉപകാരം ചെയ്യാൻ തയാറായ ആ മഹാനോടു നന്ദിസൂചകമായി പുഞ്ചിരിതൂകിക്കൊണ്ടു ഞാൻ കാറിനടുത്തു ചെന്നു. എന്നെ പിൻസീററിൽ കയററി ഉദ്ദിഷ്ടസ്ഥലത്തു എത്തിക്കുമെന്നാണ് വിചാരിച്ചതു്. എന്നാൽ സംഭവിച്ചതു മറിച്ചാണ്. എന്നെ ഒന്നുനോക്കുകപോലും ചെയ്യാതെ, മുഖത്തടിച്ച മാതിരി കാറിന്റെ പിന്നിലെ കതകു ഝടിതിയിൽ അടക്കുകയും, ഉത്തരക്ഷണത്തിൽ ഓടിച്ചുപോകയും ചെയ്തു.

മിഴുങ്ങസ്യഎന്നു ഞാൻ വാപൊളിച്ചുനിന്നു. ഇതികത്തവ്യ വിമൂഢയായി അങ്ങിനെ നിൽക്കുമ്പോൾ ടാം പോയി. വലിയ തുകൽ പ്പെട്ടിയും, അതിൽ വച്ചിരുന്ന 2000 ത്തിൽ ശിഷ്ടം രൂപായും, ഏതാനും വസ്ത്രങ്ങളും നഷ്ടപ്പെട്ടു. എന്റെ കയ്യിൽ പിടിച്ചിരുന്ന സൂട്ടുകേസിൽ കഷ്ടിച്ചു 400 രൂപായും, അത്യാവശ്യം ചില വസ്ത്രങ്ങളും മററു ചില്ലറ സാധനങ്ങളും ഉണ്ടായിരുന്നു. സോമശേഖരന്റെ എഴുത്തുസൂക്ഷിച്ചിരുന്നതു അതിലാണ്.

കവലയുടെ മദ്ധ്യത്തിലുള്ള ചെറിയ പാർക്കിൽ പോയി ഞാൻ ഒരു ബഞ്ചിലിരുന്നു. ഗൌണ്ഡനെയും പോലീസിനെയും പേടിച്ചു പ്രാണഭയത്തോടുകൂടി ഇ

വിടെ പാഞ്ഞെത്തിയപ്പോഠം, കൂടുതൽ കഷ്ടങ്ങളാണു് വന്നുകൂടുന്നതു്. വറച്ചട്ടിയിൽ നിന്നു എരിതീയിലേക്കു എന്നപോലെ.

ഇരുകരങ്ങഠംകൊണ്ടും ശിരസ്സു താങ്ങി, കുനിഞ്ഞിരുന്നുകരഞ്ഞു. അതു കണ്ടു അവിടെ നിന്ന പോലീസുകാരൻ സമീപത്തുവന്നു വസ്തുതകഠം ആരാഞ്ഞു. അയാഠം ഉപദേശിച്ചതു അടുത്ത പോലീസുസ്റ്റേഷനിൽ ഉടനെ അറിവു കൊടുക്കണമെന്നാണു്. നൂറടി അകലെ സ്ഥിതിചെയ്യു ഒരു അഞ്ചുനിലകെട്ടിടം ചൂണ്ടിക്കാണിച്ചു "ലക്ഷ്മിവിലാസം" ബാങ്കു അതാണെന്നു പറയുകയും ചെയ്തു.

ഞാൻ ബാങ്കിലേക്കു നടന്നു. പച്ചയൂണിഫാറം ധരിച്ചു മുൻവരാന്തയിൽ നിന്നിരുന്ന ഗ്രക്കായുടെ കയ്യിൽ സോമശേഖരൻെറ എഴുത്തുകൊടുത്തു. അയാഠം അകത്തുകടന്നു ഒരു ബാങ്കുശിപായിയെ ഏല്പിച്ചു. 10 മിനിട്ടു കഴിഞ്ഞു ശിപായി ലിഫ്റ്റ് വഴി എന്നെ രണ്ടാമത്തെ നിലയിലാക്കി. നടുവിലത്തെ ഹാളിൽ, വലിയ ഇരുമ്പുമേശയുടെ പുറകിൽ ഒരു സുമുഖൻ ഇരുന്നിരുന്നു. അദ്ദേഹം തന്നെ മോഹനചന്ദ്രബാബുവെന്നു ഞാൻ തീർച്ചയാക്കി. അദ്ദേഹം കൈകൂപ്പിക്കൊണ്ടു എന്നോടു ഇരിക്കാൻ പറഞ്ഞു. കുശലപ്രശ്നം നടത്തിയതു ഇംഗ്ലീഷിലാണു്. കൽക്കട്ടാ നഗരത്തിൽ പുത്തനായി വരുന്ന ആളുകളെ പററിച്ചു ലാഭമുണ്ടാക്കാൻ ബദ്ധകങ്കണന്മാരായി ഒരു സംഘക്കാർ, മാന്യവേഷത്തിൽ നടക്കുന്നുണ്ടെന്നും, എൻെറ ശരീരം അപഹരിക്കാത്തതു ഭാഗ്യമായെന്നും, പോലീസിനോടു പരാതിപ്പെട്ടാലും ഫലമില്ലെന്നും, മററും ബാബു പറഞ്ഞു.

അന്നു വൈകുന്നേരം കമ്പി മണിയാർഡറായി 2000 രൂപാ സോമശേഖരനിൽ നിന്നു ബാബുവി ൻെറ കെയാറിൽ എനിക്കു കിട്ടി. താമസത്തിനു ബാങ്കിനടുത്തുതന്നെ, ഒരു വലിയ കെട്ടിടത്തിലെ ര ണ്ടുമുറികൾ ബാബു ഏർപ്പാടാക്കിത്തന്നു. ആഹാരം സ മയത്തിനു കൊണ്ടു തരുന്നതിനു ഹോട്ടലിൽ പ്രത്യേകം ശട്ടം കെട്ടുകയും ചെയ്തു.

എൻെറ വസതിയിൽനിന്നു വെളിയിലിറങ്ങി സഞ്ചരിക്കാതെ ശാന്തമായി 3 മാസങ്ങൾ അങ്ങിനെ കഴിഞ്ഞു. എനിക്കു ധൈര്യവും, സമാധാനവും ഉണ്ടാ യി. ബാബുവിനു സോമശേഖരനെ വലിയ മതിപ്പാ യിരുന്നു. അദ്ദേഹം വളരെ മാന്യനും, വിശ്വസ്ഥനും, വിശാലഹൃദയനും ആണെന്നു ബാബു പലതവണ പറഞ്ഞിട്ടുണ്ട്

ഏകാന്തതയിൽ ഞാൻ എങ്ങിനെ സമയം കഴി ച്ചുകൂട്ടി എന്നു വായനക്കാർ അന്വേഷിക്കാൻ ന്യായ മുണ്ട്. ചുരുക്കത്തിൽ ഞാൻ പറയാം. വല്ലപ്പോഴും ബാബു എൻെറ ഭവനത്തിൽവന്നു ആവശ്യങ്ങൾ അ റിയുകയും, ഞാൻ കൊടുക്കുന്നപണം കൊണ്ടു വസ്ത്രങ്ങ ളൊ മററു സാധനങ്ങളൊ വാങ്ങിപ്പിച്ചു അയക്കുകയും ചെയ്തിരുന്നു. അവിടെ താമസമായി നാലഞ്ചുദിവ സം കഴിഞ്ഞപ്പോൾ ആ വലിയ കെട്ടിടത്തിൻെറ വട ക്കെ അററത്തു ഒരു പുസ്തകശാലയുണ്ടെന്നു് അറിവായി. വരാന്തവഴിനടന്നു, ഒരു ദിവസം ഞാൻ അവിടെ ചെന്നു. നാലഞ്ചു ഭാഷകളിലുള്ള അനവധി പുസ്തക ങ്ങൾ വില്പനക്കു വച്ചിരുന്നു. അവയിൽ നിന്നും ആ ദ്യമായി എനിക്കു മനസ്സിലാക്കത്തക്കവണ്ണം ലഘുവാ

യ 100 ഇംഗ്ലീഷു പുസ്തകങ്ങരം ഞാൻ തിരിഞ്ഞെടുത്തു. തമിഴ് പുസ്തകങ്ങരംക്കു തീരെ ചിലവില്ലാതിരുന്നതു കൊണ്ടു മൂന്നിലൊന്നു വിലക്കു അവതരാമെന്നു വ്യാപാരിപറഞ്ഞു. എല്ലാംകൂടി 500 തമിഴ് ബുക്കുകരം ഉണ്ടായിരുന്നു. പട്ടണത്തുപിള്ളയാർ, അപ്പർ, ജ്ഞാന സംബന്ധർ, രാമലിംഗംപിള്ള, വേദനായകംപിള്ള, മുതലായ സിദ്ധന്മാരുടെ തിരുപ്പാടലുകളും, ജ്ഞാനപ്പാന, തിരുക്കുറരം, നാളായ്ണീചരിതം കമ്പരാമായണം, ഭാരതം, ഭാഗവതം ഇത്യാദി ഉപരിഗ്രന്ഥങ്ങളും ഞാൻ ആദ്യമായി മാററിവച്ചു. വ്യാപാരിയുടെ നിർബ്ബന്ധം കൊണ്ടു ബാക്കിതമിഴ് പുസ്തകങ്ങരം മുഴുവൻ എടുക്കേണ്ടിവന്നു. കുറെ മലയാളം ആഖ്യായികകളും പദ്യകൃതികളുംകൂടി വാങ്ങി. മലയാളത്തിലും തമിഴിലും പദ്യകൃതികളോടായിരുന്നു എനിക്കു കൂടുതൽ താല്പര്യം. മൊത്തത്തിൽ എല്ലാംകൂടി വളരെ ചുരുങ്ങിയ വിലക്കാണു് കിട്ടിയതു 5 കൊല്ലത്തേക്കു വായിക്കാനുള്ള പുസ്തകങ്ങരം എനിക്കു സ്വായത്തമായി

എൻെറ ജീവിതരേഖ താണുതാണു കീഴോട്ടുപോകുന്നതായി ഏഴാമത്തെ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ഇനിമേൽരേഖ അല്പാല്പമായി ഉയൎന്നു പോകുന്നതായിട്ടുകാണാം പമ്പരവിഡ്ഢിയായ ഞാൻ മുമ്പു ധനാശക്കും, മൂഢീയചാപല്യങ്ങരംക്കും വിധേയനായി. ഇന്നു എന്നെക്കുറിച്ചുതന്നെ വെറുപ്പും പശ്ചാത്താപവും തോന്നാൻ തുടങ്ങി.

മററു ജോലികളൊ, വിക്ഷേപങ്ങളൊ ഇല്ലാത്തതു കൊണ്ടു കഴിയുന്നടത്തോളം സമയം ഗ്രന്ഥപാരായ

ണത്തിൽ ഏർപ്പെട്ടു. പുസ്തകങ്ങളിലെ വിശിഷ്ടമായ ആശയങ്ങളും എൻെറ കഴിഞ്ഞ ജീവിതവും തമ്മിലുള്ള അന്തരം ധ്രുവങ്ങൾപോലെ ആയിരുന്നു. എനിക്കുണ്ടെന്നു വിചാരിച്ച മതിപ്പുവില കുറേശയായി ഇടിയാൻ തുടങ്ങി.

ഞാൻ കൽക്കട്ടായിലെത്തി രണ്ടു മാസം കഴിയുന്നതിനുമുമ്പു ബാബുവിൻെറ വിലാസത്തിൽ മംഗളം എനിക്കെഴുതിയിരുന്നു. ആ വിലാസം സോമശേഖരൻ കൊടുത്തതായിരിക്കണം. എഴുത്തു ഇപ്രകാരമായിരുന്നു:—

ഏററവുംപ്രിയപ്പെട്ട സ്വാമിനിക്കു,

ഞാൻ മധുരയിൽ ഇറങ്ങി ബാങ്കുമാനേജരെ കണ്ടു. അദ്ദേഹത്തെ കുറിച്ചു യാതൊരു സംശയത്തിനും കാൎയ്യമില്ല. നിർമ്മലനും, പരമയോഗ്യനും ആണ്. നമ്മുടെ കാൎയ്യങ്ങൾ ഏററവും ലാഭമായ വിധത്തിൽ ഒതുക്കുന്നതിനു അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ടു്.

രണ്ടുദിവസം മധുരയിൽ താമസിച്ചു. പിന്നീടു തിരുനൽവേലിക്കു പോന്നു. കുട്ടികൾക്കു സൌഖ്യംതന്നെ. മീനയുടെ മനസ്സിൽ നിന്നും അമ്മയുടെ ഛായ നിശ്ശേഷം മാഞ്ഞുപോയിട്ടുണ്ടു്. സ്വപ്നംപോലെ തീരെ അവ്യക്തമായ എന്തോ ഓർമ്മ മാത്രം സുന്ദരനു അമ്മയെ കുറിച്ചു ഓർമ്മപോലുമില്ലാ. അമ്മ ഇല്ലെന്നുള്ള നിലയിലാണ് അവർ കഴിയുന്നതു്.

കൊച്ചമ്മക്കു ശരീരസുഖവും, മനസ്സമാധാനവും ഉണ്ടെന്നു വിശ്വസിക്കുന്നു. പിരിഞ്ഞതുകൊണ്ടു ഇവള നുഭവിക്കുന്ന വേദന പറഞ്ഞറിയിക്കാൻ പ്രയാസം. സമയം എങ്ങനെ കഴിക്കുന്നു എന്നറിയാൻ ആഗ്രഹമുണ്ടു്.

മധുരക്കു ഞാൻ കൂടക്കൂടെ പോയി കാര്യങ്ങൾ അന്വേഷിച്ചുകൊള്ളാം. ശങ്കരഭക്തനെ അടിക്കടി സന്ദർശിക്കുന്നതുകൊണ്ടു എൻെറ ആത്മീയം പുഷ്ടിപ്പെട്ടുന്നുണ്ടു്.

വിശേഷമുള്ളതുപോലെ എഴുതി അയക്കാം. എനിക്കും എഴുതണം. എൻെറ വിലാസം അറിയാമല്ലോ.

എന്നു
ആശ്രിത
മംഗളം

സോമശേഖരൻെറ ആത്മാർത്ഥതയേയും, സ്വഭാവ വൈശിഷ്ട്യത്തെയും ഞാൻ മനസാഅഭിനന്ദിച്ചു. അതിയായ ബഹുമാനവും, സ്നേഹവും ആ മഹാനുഭാവനോടു തോന്നി. കുട്ടികൾ അമ്മയെ വിസ്മരിച്ചതിൽ ഞാൻ അശേഷം അത്ഭുതപ്പെട്ടില്ല. അവർക്കു എന്നോടു യാതൊരു കടപ്പാടും ഉണ്ടായിട്ടില്ലല്ലോ. എന്നെപ്പോലെ ഹൃദയമില്ലാത്ത ഒരു മാതാവിനെ മനുഷ്യലോകത്തിലെന്നല്ല, മൃഗങ്ങളുടെ ഇടക്കുപോലും കാണുകയില്ല. വാസ്തവത്തിൽ, കുട്ടികളുടെ കൌതുകഭാവങ്ങളും, ഛായയും എൻെറ സ്മൃതിയിൽ നിന്നു തീരെ മാഞ്ഞിരുന്നു. എൻെറ മുമ്പിൽ കുഞ്ഞുങ്ങൾ പ്രത്യക്ഷപ്പെട്ടാൽ, അവർ തീരെ അപരിചിതരായിരുന്നേ

ന്നെ. അവരെക്കുറിച്ചു യാതൊരുവിധമായ ചിന്തകളും എന്നിൽ ഉദിച്ചിരുന്നില്ലാ.

5 മാസം കഴിഞ്ഞപ്പോൾ നല്ല സൌകര്യമുള്ള ഒരു ബംഗ്ലാവും തോട്ടവും ബാബു എനിക്കു വാടകക്കെടുത്തുതന്നു. ബാങ്കിൽ നിന്നും ഒരു മൈൽ ദൂരത്തായിരുന്നു. അടുത്ത ഹോട്ടലിൽ നിന്നു മണിക്കണക്കിനു ഭക്ഷണം എത്തിച്ചിരുന്നു. സോമശേഖരൻ കണിശമായി പണം അയച്ചിരുന്നതുകൊണ്ടു ലേശം ബുദ്ധിമുട്ടുണ്ടായില്ലാ.

## XVII

അയൽപക്കങ്ങളിലെ ഏതാനും സ്ത്രീകളും, പുരുഷന്മാരും, ചില തെക്കെ.ഇന്ത്യക്കാരും, എന്നെ അന്വേഷിച്ചുവരാൻ തുടങ്ങി. ക്രമേണ ഈ സംഘം വലുതായി. തൊഴിലും, ചുമതലയും ഇല്ലാത്ത ചില യുവാക്കളും സന്ദർശനം നടത്തി. എന്റെ അഴകിൽ മെരണ്ടായിരിക്കണം ഇക്കൂട്ടരുടെ വരവ്.

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, എല്ലാ വൈകുന്നേരവും അൻപതിൽ കുറയാത്ത ഒരു കൂട്ടം എന്റെ വസതിയിൽക്കൂടി. താൽക്കാലികമായി അമർന്നുകിടന്ന എന്റെ അഹന്ത വീണ്ടും എണീററു വിക്രിയകൾ തുടങ്ങി. വായനയും, ഉൽകൃഷ്ടചിന്തകളും, ശാന്തജീവിതവും എന്നിൽ നിന്നു ഒഴിഞ്ഞുമാറി. എന്റെ സൌന്ദര്യത്തിൽ അന്യർഭ്രമിക്കുന്നതു അഹന്തക്കു ഏററവും ആനന്ദമായിരുന്നു. അഹന്തയിൽനിന്നു നിശ്ശേഷം വേർപെടുന്നതു, പാമരനായ സാധാരണ മനുഷ്യനു അത്ര എളുപ്പമല്ലാ. ഗ്രന്ഥപാരായ

ണംകൊണ്ടോ, കഠിനമായ ക്ലേശങ്ങൾ അനുഭവിച്ചതു കൊണ്ടോ അഹന്തയിലുള്ള അദ്ധ്യാസം നീങ്ങുകയില്ല. ഏതെങ്കിലും ചെറിയ നിമിത്തംകൊണ്ടു, ക്ഷണനേരത്തേക്കു, പായൽ മാറുന്നതുപോലെ, അദ്ധ്യാസം മാറിനിന്നതുകൊണ്ടു പ്രയോജനമില്ലാ. അന്നത്തെ വിഭ്രാന്തികളിലേക്കു ഇന്നത്തെ വിവേകത്തിൽ നിന്നുകൊണ്ടു നോക്കുമ്പോൾ, സംഗതികൾ തെളിഞ്ഞു കാണാൻ കഴിയുന്നുണ്ടു്.

അങ്ങിനെ ഇരിക്കുമ്പോൾ എൻെറ പുറന്നാൾ ദിവസം വന്നെത്തി. പതിവായി അവിടെ കൂടുന്നവർക്കു അന്നു വൈകുന്നേരം വിഭവസമൃദ്ധമായ ഒരു സദ്യ കൊടുക്കാൻ നിശ്ചയിച്ചു. ഹോട്ടൽക്കാർ മുഖാന്തിരം അതു ഭംഗിയായി നിവ്വഹിച്ചു. സദ്യമെല്ലാം കഴിഞ്ഞപ്പോൾ രാത്രി 10 മണിയായി.

പുറന്നാൾ ആഘോഷമായി കൊണ്ടാടുന്നതിനായി, അവർ രണ്ടു നർത്തകികളെ കൊണ്ടു മനോമോഹനമായ ചില നൃത്തങ്ങൾ ആടിച്ചു. പാതിരാവരെ ഈ നൃത്തപരിപാടി നീണ്ടുനിന്നു. അതിഥികളിൽ ഒരാൾ വേഷവിധാനങ്ങളിൽ മററുള്ളവരിൽ നിന്നു വ്യത്യസ്തനായി കാണപ്പെട്ടു. വൈരക്കടുക്കനും, വെൽവററുട്ടപ്പികളും സുവർണ്ണ കട്ടക്കുകളും മററും നാടകീയ രീതിയിൽ അയാൾ അണിഞ്ഞിരുന്നു. ഉദ്ദേശം 50–55 വയസ്സു തോന്നിച്ചു. പ്രൌഢദശയിൽ കാലൂന്നിയിരുന്നെങ്കിലും, നിർല്ലജ്ജം സുന്ദരവിഡ്ഢി ചമയാൻ ക്ലേശമുണ്ടായിരുന്നില്ല. പുതുക്കോട്ട രാജവംശവുമായി ബന്ധമുണ്ടെന്നുള്ള കാരണത്താൽ, മററുള്ളവർ "രാജാ"

എന്നാണ് വിളിച്ചുവന്നതു്. നർത്തകികൾ ആടിക്കൊണ്ടിരുന്നപ്പോൾ, നിയന്ത്രണം വിട്ടുള്ള അഭിനന്ദനങ്ങളും, ഗോഷ്ടികളും അയാൾ പ്രകടിപ്പിച്ചു. അവർക്കു "രാജാ"യുടെ വകയായി ഓരോമോതിരവും, പട്ടുവസ്ത്രവും സമ്മാനിക്കപ്പെട്ടു. ഓരോ യുവതിയുടെയും വിരൽ പിടിച്ചു മോതിരം ഇടുകയും, ചുമലുകളിൽക്കൂടി പട്ടുകൾ പുതപ്പിക്കുകയും, ചെയ്തിട്ടേ അയാൾക്കു സമാധാനമായുള്ളൂ.

പിന്നീടു രാജാവും, രണ്ടു യുവരസികന്മാരും കൂടി ഒരു അഭ്യർത്ഥനയുമായി എന്നെ സമീപിച്ചു. നൃത്തകലയിൽ എനിക്കു അദ്വിതീയമായ പാടവമുണ്ടെന്നു അവർ അറിഞ്ഞിട്ടുണ്ടെന്നും, ഈ മംഗളാവസരത്തിൽ ഞാൻ ഒരു നൃത്തമെങ്കിലും ചെയ്തു അവരെ ആനന്ദിപ്പിക്കാൻ ദയയുണ്ടാകണമെന്നും ഏററവും വിനീതമായി അപേക്ഷിച്ചു. മററുള്ളവർ ശക്തിയായി പിൻതാങ്ങി. കരഘോഷത്താൽ സന്നിഹിതരുടെ ആഗ്രഹം പ്രദർശിപ്പിക്കുകയും, അവതരിച്ച പ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെടുകയും ചെയ്തു. ഒഴിയാൻ വയ്യാത്ത ഒരു പതനത്തിലായി.

ധൈര്യസമേതം, അവരെതൃപ്തിപ്പെടുത്താൻ തന്നെ ഞാൻ നിശ്ചയിച്ചു. നൃത്തകലയിലുള്ള എന്റെ അഭ്യാസം നോക്കുമ്പോൾ, അവിടെ നൃത്തം ചെയ്ത യുവതികൾ നാലാംകിടയിലൊ, അഞ്ചാംകിടയിലൊ നില്ക്കേണ്ടവരായിരുന്നു. കലയും ഞാനുമായി വേർപെട്ടിട്ടു വർഷങ്ങൾ പലതുകഴിഞ്ഞു. എങ്കിലും ഒന്നു മടിച്ചു നിലയിൽ ഞാൻ അകത്തോട്ടുപോയി. പെട്ടെന്നു തോ

ന്നിയത്തു മുസ്ലിം രാജവംശത്തിലെ ഒരു പ്രൌഢാംഗന യുടെ വേഷമിട്ടു, രജോഗുണ പ്രധാനമായ ഒരു നൃത്തം ചെയ്യാനാണു്. ഞാൻ അതിലേക്കു അണിഞ്ഞൊരുങ്ങി. വിശിഷ്ട പട്ടാംശുകങ്ങളും, ആഭരണങ്ങളും ധരിച്ചു. മുഖത്തും, അധരങ്ങളിലും ചായമിട്ടു. കണ്ണും, പുരികങ്ങളും എഴുതി. വിശേഷിച്ചു അരബെൽട്ടിൽ വളഞ്ഞ ഒരു സുവർണ്ണ കഠാരിയും തിരുകി.

അര മണിക്കൂറു കഴിഞ്ഞപ്പോൾ, വെള്ളിച്ചിലങ്കകളും, അരമണികളും കിലുകിലെ കിലുക്കിയും, വലതുകാലും, ഇരുകരങ്ങളുംപൊക്കിപ്പിടിച്ചും, അളകങ്ങൾ ചലിപ്പിച്ചും മന്ദഹാസത്തോടുകൂടി ഞാൻ രംഗപ്രവേശം ചെയ്തു. ആരവത്താൽ മുഖരിതമായിരുന്ന അന്തരീക്ഷം പെട്ടെന്നു നിശ്ശബ്ദമായി. വീണാനാദംപോലെ അതിമൃദുലമായ സ്വരത്തിൽ പാടിക്കൊണ്ടും, നൃത്തം ചെയ്തുകൊണ്ടുമാണു് ഞാൻ സദസ്സിലേക്കു വന്നതു്. എൻെറ രാഗവും, താളവും, മനസ്സിലാക്കി അതിനൊപ്പിച്ചു തംമ്പുരുവും, ഫിഡിലും, മൃദംഗവു, മററും അനുസാരികളും ചിട്ടപ്പെടുത്തി, പ്രയോഗിക്കുകയും, പിന്നണിപ്പാട്ടുകാർ ഏററുപാടുകയും ചെയ്തു. കാണികൾ വാപൊളിച്ചു, കണ്ണുകൾ എന്നിലേക്കു തറച്ചു. ഒന്നുരണ്ടുപേർ "ജഹനാരാ" "ജഹനാരാ" എന്നു ഉച്ചത്തിൽ വിളിച്ചുകൂട്ടി. ഷാജിഹാൻ ചക്രവത്തിയുടെ പ്രിയപുത്രിയായിരുന്നു ജഹനാരാ, എന്നു ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ജഹനാരയുടെ വേഷമാണു് ഞാൻ ഇടാൻ പോകുന്നതെന്നുള്ള ചിന്തയെ എനിക്കുണ്ടായില്ലാ.

ഗാനമേളങ്ങൾക്കൊപ്പം ഞാൻ മതിമറന്നു തിരു തകൃതിയായി നൃത്തം ചെയ്തു. വന്നിരുന്ന നർത്തകികൾ അത്ഭുതപ്പെട്ടു എന്നാണു് ചിലർ എന്നോടു പറഞ്ഞതു് സദസ്യരുടെ ഹൃത്തടങ്ങൾ ഇളകി, ഉപരിമണ്ഡലങ്ങളിലേക്കു സഞ്ചരിച്ചു. എൻെറ അപ്പഴത്തെ രൂപത്തിനു ജഹനാരയുടെ ചിത്രവുമായി അത്ഭുതകരമായ സാമ്യമുണ്ടായിരുന്നെന്നും, ഇത്ര മനോമോഹിനിയായ ഒരു മുസ്ലിം സുന്ദരിയെ അവർ കണ്ടിട്ടില്ലെന്നും മററും പിന്നീടു മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. കൊഴുത്തുവെളുത്ത എൻെറ ശരീരം നൃത്തം സമാപിച്ചപ്പോൾ പനിനീർസുമം പോലെ ചുവന്നും, സ്വേദത്തിൽ നനഞ്ഞും ഇരുന്നു.

വേഷം മാററാൻ അകത്തോട്ടുപോകുന്നതിനുമുമ്പായി രാജാ ചാടി എണീററു, ഉർവ്വശി, രംഭ, തിലോത്തമമാരോടു എന്നെ ഉപമിച്ചു ഒരു ചെറിയ പ്രസംഗം നടത്തി. എന്നോടടുക്കാൻ ധൈര്യപ്പെട്ടില്ലാ. രണ്ടു പവനും, രണ്ടുപട്ടുവസ്ത്രങ്ങളും മേശപ്പുറത്തു വച്ചു. അങ്ങോട്ടു നോക്കുക പോലും ചെയ്യാതെ ധൃതഗതിയിൽ ഞാൻ അകത്തോട്ടു പോയി. ഒരു നാഴിക കഴിഞ്ഞു സ്വന്തയുള്ള വേഷത്തിൽ ഞാൻ വെളിക്കുവന്നു. തൊഴിൽക്കാരിയല്ലെന്നും, സമ്മാനം സ്വീകരിക്കയില്ലെന്നും, പവനും വസ്ത്രങ്ങളും തിരികെ എടുത്തുകൊള്ളണമെന്നും രാജായോടു പറഞ്ഞു. അല്പം ജാള്യതയോടുകൂടി അദ്ദേഹം അനുസരിച്ചു. അന്നത്തെ സമ്മേളനം ഇപ്രകാരമെല്ലാം കലാശിച്ചു.

അന്നു ഞാൻ അശേഷം ഉറങ്ങിയില്ലാ. രണ്ടുദിവസത്തേക്കു എനിക്കു താങ്ങാൻ വയ്യാത്ത ഹൃദയഭാരമായിരുന്നു. ഒരു നവജീവിതാദ്ധ്യായം ആരംഭിച്ചിരുന്ന ഞാൻ വീണ്ടും പ്രേക്ഷകൻമാർക്കു മുതിന്നതോർത്തു പരവശയായി. പശ്ചാത്താപവഹ്നിയിൽ ഹൃദയം നീറാൻ തുടങ്ങി. ശരിയായി ആഹാരം കഴിക്കയൊ, ഉറങ്ങുകയൊ, വിശ്രമിക്കയൊ ചെയ്തില്ലാ. ആകോമാളിക്കൂട്ടം ഇനിമേൽ എൻെറ ഭവനത്തിൽ കൂട്ടാൻ അനുവദിക്കരുതെന്നു തീരുമാനിച്ചു.

മൂന്നാം ദിവസം സായന്തന വേളയിൽ പതിവുകാർ ഹാജരായി. നല്ല ശരീരസുഖമില്ലെന്നുള്ള സമാധാനം കൊണ്ടു അവരെ പറഞ്ഞയച്ചു. അവരോടു തുറന്നു സധൈര്യം എൻെറ നിശ്ചയം വെളിപ്പെടുത്തുകയും ചെയ്തു. നിരുപദ്രവമായ ഏകാന്തവാസവും, അഭംഗമായ ശാന്തിയും അഭിലഷിച്ചാണു് താൻഅവിടെ വന്നിട്ടുള്ളതെന്നും, അവ ഭഞ്ജിക്കാതിരിക്കാൻ ദയവുണ്ടായാൽ ഏററവും വലിയ ഉപകാരമായിരിക്കുമെന്നും അറിയിച്ചു. സായങ്കാലസമ്മേളനങ്ങൾപിന്നീടു ഉണ്ടായിട്ടില്ലാ.

എന്നാൽ ആഴ്ചയിൽ ഒരിക്കലെങ്കിലും, എൻെറ യോഗക്ഷേമത്തിൽ അതീവതല്പരനായ അഭ്യുദയകാംക്ഷിഎന്നനിലയിൽ രാജാ വന്നുകൊണ്ടുതന്നെയിരുന്നു. എന്നെവശംവദയാക്കുന്നതിന്നായിധനംകൊണ്ടും, സമ്മാനങ്ങൾകൊണ്ടും, സ്തുതികുസുമാഞ്ജലികൾകൊണ്ടും അയാൾ പ്രേരിപ്പിച്ചിട്ടുണ്ടു്. ഒന്നിനും വഴിപ്പെടാതെ

ബലമായി ഞാൻ എതിർത്തുനിന്നു. എന്റെ വഴങ്ങാത്തനില അയാളിൽ അമർഷവും, പ്രതീകാരബുദ്ധിയും വേരുറപ്പിച്ചിട്ടുണ്ടെന്നു പില്ക്കാലത്തു എനിക്കു നല്ല ബോദ്ധ്യമായി.

എന്റെ സൌന്ദര്യത്തിൽ അതികുതികിയായതു കൊണ്ടു രാജായുടെ സന്ദർശനങ്ങൾ തുടർന്നു. അന്തസ്സുവിട്ടുള്ള സ്വാതന്ത്ര്യം അശേഷവും ഞാൻ അനുവദിച്ചിരുന്നില്ലാ. എന്റെ നിശ്ചയത്തിൽ നിന്നു വ്യതിചലിച്ചില്ലാ. ആകെ 5 കൊല്ലങ്ങളാണു് കൽക്കട്ടായിൽ ഞാൻ കഴിച്ചതു്.

മംഗളത്തിന്റെ രണ്ടാമത്തെ എഴുത്തുകിട്ടിയതു 4 മാസം കഴിഞ്ഞാണു്. മീനാ, അഗതിമന്ദിരത്തിൽ ഒരു വിധം കഴിഞ്ഞുപോരുന്നു എന്നും, സോമശേഖരന്റെ അടിക്കടിയുള്ള എഴുത്തുകൾ കാരണം രോഗാതുരയായ അദ്ദേഹത്തിന്റെ വൃദ്ധമാതാവിനെ ശിശ്രൂഷിക്കുന്നതിനായി താൻ മധുരക്കുപോന്നു എന്നും, പോരുമ്പോൾ സുന്ദരേശനെ കൂട്ടിക്കൊണ്ടുപോന്നു എന്നും, അവൾക്കു എല്ലാ ചിലവുകളും കഴിച്ചു 100 രൂപാ മാസശമ്പളമുണ്ടെന്നും എഴുതിയിരുന്നു.

കൽക്കട്ടായിൽ എത്തി 7 മാസം കഴിഞ്ഞപ്പോൾ സോമശേഖരന്റെ എഴുത്തു കിട്ടി. അൽപം നീണ്ടതാണെങ്കിലും, പല പ്രധാന സംഗതികളും അറിയിക്കുന്നതിനായി അതു ചുവടെ ചേർത്തുകൊള്ളുന്നു:—

പ്രിയസോദരിക്കു,

ഭവതി പിരിഞ്ഞ ദിവസം മുതൽ; 5 ദിവസം തുടർച്ചയായി ഗൌണ്ഡൻ എന്നെ അലട്ടിക്കൊണ്ടിരുന്നു. അത്യാവശ്യമായി തിരുനൽവേലിക്കു പോയിരിക്കയാണെന്നു ഞാൻ ആദ്യം പറഞ്ഞു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ധരിപ്പിച്ചതു ഗുരുതരമായ ഒരു രോഗത്തിന്റെ ചികിത്സാർത്ഥം, പെട്ടെന്നു കൊളമ്പിലേക്കു പോയതായി കമ്പി കിട്ടിയിട്ടുണ്ടെന്നാണ്. അയാൾ വല്ലാത്ത ക്രൌര്യം പ്രദർശിപ്പിച്ചു.

5ാം ദിവസം വീണ്ടും വന്നു. ഞാൻ അടവൊന്നു മാററി. എന്നെ ദിവസം പ്രതി ഇങ്ങിനെ മെനക്കെടത്തരുതെന്ന് ഗൌരവത്തിൽ പറഞ്ഞു. അയാൾ കയർത്തുസംസാരിക്കാൻ തുടങ്ങി. കയർത്തു സംസാരിക്കാൻ അയാൾക്കു അവകാശമില്ലെന്നും, മിസ്സസ്സ് വേണുഗോപാലനെയോ, അവരുടെ സ്വത്തുക്കളെയൊ സംബന്ധിച്ചു തനിക്കു യാതൊരു ബാദ്ധ്യതയുമില്ലെന്നും, പാട്ടുനോക്കി പൊയ്ക്കൊള്ളണമെന്നും ഞാൻ ദേഷ്യപ്പെട്ടു. ഞാൻ വിശ്വാസവഞ്ചകനാണെന്നും, പഠിപ്പിച്ചേക്കാമെന്നും മററും അട്ടഹസിച്ചുകൊണ്ടു അയാൾ വെളിയിലിറങ്ങി.

പിറേറദിവസം പോലീസുകാരെ കൊണ്ടുവന്നു ഭവതി താമസിച്ചിരുന്ന കെട്ടിടത്തിന്റെ പൂട്ടുകൾ തുറപ്പിച്ചു. ഇരുമ്പുസേഫുകൾ സൂത്രതാക്കോലിട്ടു തുറന്നു. അതിനിഷ്കർഷയോടെ പരിശോധനകൾ നടത്തി. തേടിയമുതൽ ഒരിടത്തും കണ്ടില്ല. ഗൌണ്ഡന്റെ മുതൽ, മിസ്സസ്സ് വേണുഗോപാലന്റെ പക്കൽ എങ്ങിനെ വന്നു? അയാളുടെ മുതലാണെന്നു സ്ഥാപിക്കാൻ, രേഖാമൂലമായ തെളിവെന്തു? ഏതു പ്രകാരത്തിൽഇത്ര

വമ്പിച്ച മുതൽ അയാൾ നേടി? എന്നിങ്ങനെ ചില ചോദ്യശരങ്ങൾ ചറപറായെന്നു ഇൻസ്പെക്ടരിൽ നിന്നു പുറപ്പെട്ടപ്പോൾ, തടുത്തു നില്ക്കാൻ ആ വങ്കനു പ്രത്യസ്ത്രങ്ങൾ ഇല്ലാതായി. അനാവശ്യമായി മെനക്കെട്ടതിനു അവസരം കിട്ടുമ്പോൾ നല്ല സമ്മാനം തരുന്നുണ്ടെന്നുള്ള ഒരു താക്കീതു നൽകിയിട്ടു ഇൻസ്പെക്ടരും കൂട്ടരും പോയി.

കടുത്ത നിരാശയും, അസഹ്യമായ രോഷവും അയാൾക്കുണ്ടായി. ഭാവനയിൽ തയാറാക്കിയിരുന്ന പ്ലാനും സങ്കൽപ സൌധങ്ങളും അടിയിടിഞ്ഞുപോയി. പേപ്പട്ടിയെപ്പോലെ അയാൾ എൻെറ മുറിയിൽ വന്നുകയറി. തുള്ളപ്പനിക്കാരനെപ്പോലെ വിറക്കുന്നുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ ഒരു വാഗ്സമരം നടന്നു. അയാളുടെ പിത്തലാട്ടങ്ങളും, ഭീഷണികളും ചിലവാകയില്ലെന്നു കണ്ടപ്പോൾ, പൊട്ടന്നനവെ കലികൊണ്ട ചെകിത്താനെപ്പോലെ, എൻെറ നേരെ നിവത്തിയ കത്തിയുമായി കുതിച്ചുചാടി. ബാങ്കുരക്ഷകരായ രണ്ടു ഗ്രൂർക്കാകളും തൊട്ടടുത്തുനിന്നിരുന്നു. അവരിൽ ഒരുവൻ തോക്കുകൊണ്ടു ഗൌണ്ഡൻെറ വലതുകയ്യിനു ഒരു തട്ടുകൊടുത്തപ്പോൾ കത്തി താഴെ വീണു. ഗ്രൂക്കാകളും ബാങ്കുജോലിക്കാരും കൂടി അയാളെ വട്ടമിട്ടു പിടിച്ചമർത്തുകയും ഒരു മുറിയിലിട്ടു പൂട്ടുകയും ചെയ്തു. ഇൻസ്പെക്ടരും നാലുപോലീസുകാരും ഉടൻ വന്നു. അയാളെ അറസ്റ്റുചെയ്തു കയ്യാമം വച്ചു. കത്തി അവർ കയ്യിലെടുത്തു. ഭവനഭേദത്തിനും, കൂട്ടായ്മക്കവർച്ചക്കുമായി, വേറെ രണ്ടു കേസുകൾ

ഗൌണ്ഡൻെറ പേരിൽ എടുത്തിരുന്നു. എൻെറയും ബാങ്കുജീവനക്കാരുടെയും മൊഴികൾ രേഖപ്പെടുത്തി. ഏതാനും മാസങ്ങൾക്കു മുമ്പ്, മിസ്സസ്സ് വേണുഗോപാലിൻെറ ഭവനത്തിൽ, കവർച്ചക്കായി ഗൌണ്ഡൻ ചെന്നിരുന്നു എന്നും ഞാനും മററു ചിലരും ആകസ്മികമായി അവിടെ എത്തിയിരുന്നില്ലെങ്കിൽ കവർച്ചയും കൊലപാതകവും നടക്കുമായിരുന്നു, എന്നും കൂടി ഞാൻ മൊഴി കൊടുത്തു. എല്ലാ കേസുകളും ചാർജ്ജു ചെയ്തു. അനിഷേധ്യമായ തെളിവുകൾ നിമിത്തം, ഗൌണ്ഡനെ രണ്ടുകൊല്ലത്തെ കഠിന തടവിനു ശിക്ഷിച്ചു. മധുര സെൻട്രൽ ജയിലിൽ കിടക്കയാണ്.

ഒരു വമ്പിച്ച യൂറോപ്യൻ കമ്പനിക്കാരുമായി എടപാടു ചെയ്തു, നമ്മുടെ സാധനങ്ങൾ വിൽപന നടത്തി. ലോകത്തിലെ പ്രധാന പട്ടണങ്ങളിലെല്ലാം അവക്കു ബിസിനസ്സ് ഉണ്ടു്. ആകെ ഒരുലക്ഷത്തി ഇരുപതിനായിരത്തി നൂറെറട്ടു രൂപാ–രണ്ടണാ -ഒൻപതു പൈസാ. കിട്ടി. സംഖ്യ ഭവതിയുടെ അക്കൌണ്ടിൽ സ്ഥിരം ഡിപ്പാസിററായി ഇട്ടുകഴിഞ്ഞു. എടപാടുകളെക്കുറിച്ചു പൊതുജനങ്ങൾ അറിഞ്ഞിട്ടില്ലാ. അതു രഹസ്യമായിട്ടാണ് കാര്യങ്ങൾ നടന്നതു്. ഇനി യാതൊന്നും പേടിക്കാനില്ലാ.

ബാങ്കുപലിശ തുലോം കുറവാണ്. 3 ശതമാനമെ ഉള്ളൂ. ബാങ്കിൻെറ നിയമോപദേഷ്ടാവു ബാരിസ്റ്റർ വരദരാജനാണ്. പണം കൂടുതൽ ആദായകരമായ നിലയിൽ വിനിയോഗിക്കുന്നതിനു അദ്ദേഹവും, ഞാനുമായി ചില ആലോചനകൾ നടത്തിവരികയാണ്. 24 ശതമാനം പലിശ നടക്കത്തക്കവണ്ണം 70000

രൂപായുടെ ടാററാ ഷെയറുകൾ വാങ്ങാം. ഉറച്ച സ്ഥാവരസ്വത്തിൻെറ ജാമ്യത്തിന്മേൽ, നല്ല പുള്ളികൾക്കായി ഒരു 40000 രൂപാ കടം കൊടുക്കാം. ബാക്കി പണം ബാങ്കിൽ കിടക്കട്ടെ. ഭവതിക്കു സമ്മതവും, വിശ്വാസവും ഉണ്ടെങ്കിൽ അയക്കുന്ന കടലാസുകളും, ചെക്കുകളും ഒപ്പിട്ടയക്കുക. ഒരു രജിസ്റ്റർ മുക്ത്യാർപത്രവും അയയ്ക്കണം. ഞങ്ങൾ ശരിയായി എല്ലാം വ്യവസ്ഥപ്പെടുത്താം. പലിശകൊണ്ടു മാത്രം ഭവതിക്കു ഒരു റാണിയെപ്പോലെ ജീവിക്കാം.

വരദരാജൻ പല സൽഗുണങ്ങളുമുള്ള ഒരു വിശ്വസ്തനാണ്. മിടുമിടുക്കനാണ്. പ്രായത്തിൽ 27 വയസ്സിനപ്പുറം കാണുകയില്ലാ.

മംഗളം എന്നോടുകൂടിവസിക്കുന്നു. അവർ ഒരു മഹതിയാണ്. സുന്ദരൻ മിടുക്കനായിട്ടു പഠിക്കുന്നു. ശൈശവത്തിൽ ശരിയായി രക്ഷിക്കാത്തതുകൊണ്ടു കുട്ടിക്കു അശേഷം ആരോഗ്യമില്ലാ.

ഇങ്ങോട്ടു വരുന്നതു എന്നായിരിക്കും. ഒരു കാലത്തു എന്നെ മറന്നാലും എനിക്കു ഒരിക്കലും മറക്കാൻ സാധ്യമല്ലാ.

എന്നു
സ്വന്തം
സോമശേഖരൻ

## XVIII

എഴുത്തു ശ്രദ്ധാപൂർവ്വം രണ്ടുപ്രാവശ്യം വായിച്ചുനോക്കി. എൻെറ ഹൃദയത്തിൽ വികാരത്തിരകൾ ഉയർന്നുകൊണ്ടിരുന്നു. കണ്ണുകൾ നിറഞ്ഞൊഴുകി. പരമ

നിർമ്മലനും, മഹാനുഭാവനും ആയ അദ്ദേഹത്തെ എങ്ങിനെ മറക്കാൻ കഴിയും? എൻെറ ജീവനെന്നല്ലാ, സർവ്വസ്വവും രക്ഷിച്ചു തന്ന ആളിൽ വിശ്വാസക്കുറവു ഉണ്ടാകാനോ? ഒരു കാലത്തും സംഭവിക്കയില്ലാ.

അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു അക്ഷരം പ്രതി പ്രവത്തിക്കാൻ ഞാൻ സന്നദ്ധയായി. ഒരാഴ്ചകളളിൽ രജിസ്റ്റർ മുക്ത്യാർ പത്രവും, ഒപ്പിട്ട കടലാസുകളും ഒരെഴുത്തും കൂടിഅയച്ചു കൊടുത്തു.

6 മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ഒരെഴുത്തു വീണ്ടും കിട്ടി. മുൻഎഴുത്തിൽ പ്രസ്താവിച്ചതുപോലെ കാര്യങ്ങൾ ശരിപ്പെടുത്തിയെന്നും, എല്ലാം ഭംഗിയായി വ്യവസ്ഥപ്പെടുത്തിയതു വരദരാജൻെറ പരിശ്രമമാണെന്നും ബാങ്കിൽ ഇനി 12000 രൂപാക്കെട്ടു കിടപ്പുണ്ടെന്നും എഴുതിയിരുന്നു. അവർ രണ്ടുപേരോടും എനിക്കു അളവററ കൃതജ്ഞത തോന്നി. ഞാൻ പരിചയപ്പെട്ട വ്യക്തികളിൽ നിന്നെല്ലാം, സോമശേഖരൻ വളരെവ്യത്യസ്ഥനും, അപാരമഹത്വമുളളവനും ആണെന്നു എനിക്കുനല്ല ബോദ്ധ്യമായി. മാസാമാസം ധാരാളം പണം എനിക്കു വന്നുകൊണ്ടിരുന്നു.

.... .... .... ... ....

.... .... .... .... ....

രണ്ടുകൊല്ലം കഴിഞ്ഞു. ഈ കാലത്തു മധുരക്കു പോകണമെന്നു അഭിലാഷം തോന്നിയിട്ടില്ലാ. സന്മാർഗ്ഗപഥത്തിൽ നിന്നു നിപതിച്ചു, മധുരയിൽ ഞാൻ നയിച്ചു പഴയ ജീവിതം എത്ര മലീമസമായിരുന്നു. പണവും, വിഷയസുഖങ്ങളും മോഹിച്ചു, ഞാൻ നികൃഷ്ടമായി ജീവിച്ചിരുന്നതു അവിടെ പലക്കും അറിയാമാ

യിരുന്നു. ആ കാലം ഓർമ്മിക്കുമ്പോളെല്ലാം എനിക്കു തളർച്ചയും, ഞെട്ടലും ഉണ്ടായി. മധുരാപുരിയെ ഞാൻ വെറുത്തു. ഈ വെറുപ്പ് അർത്ഥശൂന്യമായിരുന്നു. എൻെറ മാലിന്യങ്ങൾക്കു മധുര വല്ലതും പിഴച്ചോ? സാധാരണ ലോകത്തിനു ഇതൊരു പതിവാണു്. തങ്ങളുടെ കുററങ്ങൾക്കും, സങ്കടങ്ങൾക്കും ചിലപ്പോൾ നിർജ്ജീവ വസ്തുക്കളെ പഴിക്കുകയും, ആരോപാദ്ധ്യാസങ്ങൾ നടത്തുകയും ചെയ്യുന്നു. എത്ര വിഡ്ഢിത്തം. ചില പ്രത്യേക ഘട്ടങ്ങളിൽ, പരിസരങ്ങളുടെ പ്രാബല്യത്തിനു മനുഷ്യൻ വിധേയനായിപ്പോകുന്നതിൽ അത്ര കുററപ്പെടുത്താനില്ലെന്നാണു് തോന്നുന്നതു്. കഠിനമായ ദാരിദ്ര്യവഹ്നിയിൽ എരിഞ്ഞതുകൊണ്ടാണു് ഞാൻ വേണുഗോപാലനു കീഴ്പ്പെട്ടതു്. മററു യാതൊരു പോംവഴിയുമില്ലായിരുന്നു. എന്നാൽ പിന്നീടുള്ള എൻെറ നടപടികൾക്കു പരിസരങ്ങൾ ഉത്തരവാദിയാണൊ എന്നു നിർദ്ദാക്ഷിണ്യമായി പരിശോധിക്കാനുള്ളതാണു്. വേണുഗോപാലൻെറ ദുരന്തത്തിനുശേഷം ജമിന്ദാരെ ഞാൻ എന്തിനു സ്വീകരിച്ചു? ആ പ്രവർത്തി ന്യായീകരിക്കാൻ ഇന്നും സാധിക്കുന്നില്ല. അതു ഒരു വിധത്തിലും ക്ഷന്തവ്യമല്ലെന്നു ഞാൻ തന്നെ വിധി കൽപിക്കുന്നു. പണത്തിലുള്ള അത്യാസക്തിയും, വിഷയ വിഭ്രമവുംകൊണ്ടുമാത്രമാണു് ഞാൻ വ്യതിചലിച്ചതു്.

തിരുനൽവേലിയിലേക്കു പോകാൻ അതിലേറെ വൈമനസ്യമായിരുന്നു. സഹോദരന്മാരുടെ കാഠിന്യം സ്മരിച്ചപ്പോൾ എൻെറ തല പുകഞ്ഞു. അഗതിമന്ദിരത്തിലുള്ള മകളെ കാണാൻ മാത്രം ഞാൻ എന്തിനു

പോകുന്നു.? തിരുനൽവേലിയോടു മററു,യാതൊരു കെട്ടുപാടും എനിക്കില്ലാ. മകളുടെ കാര്യങ്ങൾ എൻെറ യാതൊരു അന്വേഷണങ്ങളോ, സഹായമൊ കൂടാതെ നടന്നുപോകുന്നുണ്ടല്ലൊ. ഞാൻ മരിച്ചുപോയാലും മുറക്കു നടക്കുമല്ലൊ. മിക്കവാറും അററുപോയ ബന്ധനശൃംഖല വീണ്ടും ഇണക്കിക്കൂട്ടുന്നതു മൌഢ്യമല്ലെ. കാലാന്തരംകൊണ്ടും, എൻെറ ജീവിതരീതിയുടെ വ്യത്യാസം കൊണ്ടും കുട്ടികളോടുള്ള പററു നിശ്ശേഷം വിട്ടിരുന്നു എന്നു തന്നെ പറയാം.

എല്ലാം കൊണ്ടും കൽക്കട്ടായിൽ ഏകാകിയായി കഴിയുന്നതിൽ എനിക്കു അനൽപമായ സംതൃപ്തി തോന്നി. രാജായുടെ അനാശാസ്യവും, അനാവശ്യവും ആയ സന്ദർശനങ്ങളല്ലാതെ മററുപദ്രവങ്ങൾ ഉണ്ടായിരുന്നില്ലാ. അധികസമയവും പുസ്തകപാരായണത്തിൽ മുഴുകി. എൻെറ വിജ്ഞാനസമ്പത്തു നാൾക്കുനാൾ ബാങ്കുപണത്തെക്കാൾ വർദ്ധിച്ചു. അപൂർവ്വം ചിലപ്പോൾ ആത്മചിന്തയിലേക്കു മനസ്സു തിരിയാറുണ്ടായിരുന്നു. ഏകാന്തതയുടെ സ്വൈര്യവും, ശാന്തിയും, മാധുര്യവും പുസ്തകപാരായണത്തിൻെറ വിലയും ഞാൻ നല്ലവണ്ണം ആസ്വദിച്ചു. യാതൊരു കെട്ടുപാടുകളും കൂടാതെ, ശേഷംകാലം പൂർണ്ണസ്വാതന്ത്ര്യമായി കഴിയണമെന്നു നിശ്ചയിച്ചു.

ഒരുദിവസം സോമശേഖരൻെറയും, മംഗളത്തിൻെറയും കത്തുകൾ ഒരുമിച്ചുകിട്ടി. അനാഥമന്ദിരത്തിൽ നിന്നു മീനാ ഒരു രാത്രി ഒളിച്ചോടിപ്പോയെന്നും, ഒരു മാസമായിട്ടും യാതൊരു തുമ്പും കിട്ടിയിട്ടി

ല്ലെന്നും, മന്ദിരം മേട്രൻ അറിയിച്ചതായി മംഗളം എഴുതിയിരുന്നു. സംഭ്രമജനകമായ ഈ വാൎത്ത എന്നെ ഇളക്കിയില്ല. അവികസിതമായ എന്റെ മാതൃഹൃദയത്തെ കുറിച്ചു ഇന്നു ഞാൻ ലജ്ജിക്കുന്നു. മീനക്കു അന്നു 16 വയസ്സു കഴിഞ്ഞിരിക്കണം. അവൾ തന്റേടക്കാരിയായതിൽ അത്ഭുതപ്പെടാനില്ല. എന്റെ മകളല്ലയൊ?

സോമശേഖരന്റെ എഴുത്തിൽ ഗൌണ്ഡന്റെ ശിക്ഷയുടെ കാലാവധി അവസാനിച്ചതുകൊണ്ടു മോചിക്കപ്പെട്ടുഎന്നും, പുറത്തിറങ്ങിയതിനുശേഷം അയാൾ നാടുവിട്ടു എന്നും മററു കാൎയ്യങ്ങളുടെ കൂട്ടത്തിൽ പറഞ്ഞിരുന്നു. ബാരിസ്റ്റർ വരദരാജന്റെ ഗുണഗണങ്ങളെയും, ബുദ്ധിശക്തിയെയും പററി പുകഴ്ത്തിയിരുന്നു. ഏകദേശം 27 വയസ്സിനോടു അടുത്തിരുന്ന ആ യുവാവു, പരിശ്രമംകൊണ്ടും, സാമൎത്ഥ്യം കൊണ്ടും ജനസമ്മതം സമ്പാദിക്കുകയും, പ്രതിമാസം 2000 രൂപായിൽ കുറയാത്ത വരുമ്പടി ഉണ്ടാക്കുകയും ചെയ്തു. തമ്മിൽ കണ്ടിട്ടില്ലെങ്കിലും, മാതൃനിൎവ്വിശേഷമായ സ്നേഹബഹുമാനങ്ങളോടുകൂടി എന്നെ കരുതുന്നുണ്ടെന്നും, ഒരു പുത്രനുള്ളതിനെക്കാൾ താല്പൎയ്യം എന്റെ കാൎയ്യങ്ങളിൽ കാണിക്കുന്നുണ്ടെന്നും, എഴുതിയിരുന്ന ഭാഗം എന്നെ വിസ്മയിപ്പിച്ചു. വരദനോടു അസാധാരണമായ ഒരു മമത തോന്നി.

ഗൌണ്ഡന്റെ വിമോചനം, എനിക്കു ഭയവും ചങ്കിടിപ്പും ഉണ്ടാക്കി. പ്രതീകാരേച്ഛയോടുകൂടി, എന്നെ തിരക്കി തിരക്കി ഒടുവിൽ കൽക്കട്ടായിൽ വന്നെ

ത്തുകയും, എന്നെ നാമാവശേഷമാക്കുകയും ചെയ്താലൊ എന്നുള്ള ആപൽശങ്ക ജാഗ്രത്തിലും സ്വപ്നത്തിലും എന്നെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. ജനബഹുലമാമായ ആ പട്ടണം വിട്ടു, അകലത്തായി ഒരു കോണിൽ അജ്ഞാതവാസം ചെയ്തിരുന്ന ഇവളെ എങ്ങനെ കണ്ടുപിടിക്കുമെന്നുള്ള സമാധാനവും ഉണ്ടായി. വരാനുള്ളതു വഴിയിൽ തങ്ങുകയില്ലെന്നും, ബ്രഹ്മാവു മുതൽ പിപീലികവരെ ജീവരാശികളും, പരമാണുമുതൽ ബ്രഹ്മാണ്ഡങ്ങൾ വരെയുള്ള അചേതനസൃഷ്ടികളും എപ്പോഴും സർവ്വേശ്വരന്റെ രക്ഷാധികാരത്തിലാണെന്നും ആശ്വസിച്ചു.

## XIX

പറയത്തക്ക സംഭവ വികാസങ്ങളൊന്നും കൂടാതെ രണ്ടു കൊല്ലങ്ങൾ കൂടി പറന്നുപോയി. ഇക്കാലം ജ്ഞാനസമ്പാദനത്തിൽമുഴുകിയിരുന്നതുകൊണ്ടു എനിക്കു മററു വിക്ഷേപങ്ങൾ ഉണ്ടായില്ലാ. രാജായുടെ അടിക്കടിയുള്ള വരവുകളും പ്രേമസൂചനകളും, മാത്രം ഒരു ശല്യമായിരുന്നു. പ്രഭുത്വവും, പണവും ഉണ്ടെങ്കിലും, അയാൾ നീചനും, വിടനുമാണെന്നായിരുന്നു എനിക്കുതോന്നിയതു്. ഞാൻ അവലംബിച്ച പ്രതികൂല നിലകൾ അയാളിൽ ശത്രുത വളർത്തിയിരിക്കണം. ചില്ലറ പ്രലോഭനങ്ങൾ കൊണ്ടു എന്നെ വശീകരിച്ചു കൈവശപ്പെടുത്താമെന്നുള്ള വ്യാമോഹം പാടെ തെററി. എന്നെ ദ്രോഹിച്ചു നശിപ്പിക്കാനുള്ള ഒരു കൃത്രിമപരിപാടി തയാറാക്കുന്നതിൽ ആ ദുർമ്മതിയുടെ മസ്തിഷ്കം അനവരതം പ്രവർത്തിച്ചിരുന്നു എന്നു് പിന്നീടാണു് ഞാൻ മനസ്സിലാക്കിയതു്.

ബാങ്കുമാനേജർ മോഹനചന്ദ്രബാബുവിൻെറ ഭവനത്തിൽ വേലക്കു നിൽക്കാനായി ഒരു യുവതി ചെന്നിരുന്നു. തൽക്കാലം അവിടെ ആവശ്യമില്ലാതിരുന്നതുകൊണ്ടും, യുവതി അസാധാരണലാവണ്യവതിയായതുകൊണ്ടും അവളുടെ അപേക്ഷ സ്വീകരിച്ചില്ലാ. അദ്ദേഹം ഒരു ശിപാർശക്കത്തോടുകൂടി ആ കുട്ടിയെ എൻെറ അടുക്കലേക്കു പറഞ്ഞയച്ചു. അവൾ നവയൌവ്വനക്കൊഴുപ്പും, ആകാരസൌഷ്ഠവവും, തികഞ്ഞ ഒരു തരുണിയായിരുന്നു. കാഴ്ചയിൽ 23-24 വയസ്സു തോന്നി. വിനയത്തേക്കാൾ തൻേറടവും, അതിസാമർത്ഥ്യവുമാണു് മുന്തിനിന്നതു്. എൻെറ സംസാരം ഒരു ക്രാസ്സുവിസ്താരത്തിൻെറ രീതിയിലായിരുന്നു.

ഞാൻ:-നിൻെറ ഊരു് എവിടെ?

അവൾ:-മധുരജില്ലാ.

ഞാൻ:-എങ്ങിനെ, കൽക്കട്ടായിൽ വന്നെത്തി?

അവൾ:-ഏതാനും കൊല്ലങ്ങളായി മദ്രാസിലും, ഡൽഹിയിലും ആയിരുന്നു. ഡൽഹിയിൽനിന്നാണു് ഇങ്ങോട്ടുവന്നതു്.

ഞാൻ:-എന്തായിരുന്നു ജോലി?

അവൾ:-മദ്രാസിൽ സോപ്പുകളും, സെൻറുകളും ഉണ്ടാക്കുന്ന ഒരു കമ്പനിയിലായിരുന്നു. പ്രതിമാസം 60 രൂപാ കിട്ടി. അതു വിട്ടു ഒരു മദാമ്മയുടെ കൂടെ ഡൽഹിക്കു പോന്നു. അവർ 100 രൂപാ ശമ്പളം തന്നു. മദാമ്മ ശീമക്കുപോയപ്പോൾ ഞാൻ പിരിയേണ്ടിവന്നു.

ഞാൻ:-നിനക്കു പഠിപ്പുണ്ടോ?

അവൾ:-തമിഴും ഇംഗ്ലീഷും,ഹിന്ദിയും,സംസ്കൃത

വും, സംസാരിക്കാനും വായിക്കാനും എഴുതാനും അറിയാം.

ഞാൻ:-തനിച്ചു സഞ്ചരിക്കാനും, കാലയാപനം ചെയ്യാനും ഭയമില്ലേ?

അവൾ:-ഇല്ലാ-എന്നെ തൊടാൻപോലും ഒരുത്തരും ധൈര്യപ്പെട്ടിട്ടില്ല.

ഞാൻ:-പാചകവൃത്തി ശീലിച്ചിട്ടുണ്ടോ?

അവൾ:-ഉണ്ടു്

ഞാൻ:-എന്തെല്ലാം അറിയാം?

അവൾ:-തമിഴ് രീതികളും, ഉത്തരഇൻഡ്യൻ രീതികളും അറിയാം.

ഞാൻ:-എന്നാൽ ഇന്നുമുതൽ ഇവിടത്തെ പാചകം നടത്തണം. ഗൃഹഭരണവും ഏല്പിച്ചിരിക്കുന്നു.

അവൾ:-രണ്ടും നടത്തിക്കൊള്ളാം.

ഞാൻ:-ചിലവുകഴിച്ചു, 100 രൂപാ ശമ്പളം മതിയോ?

അവൾ:-അമ്മ എന്റെ സംരക്ഷണ മാത്രം നടത്തിയാലും മതി. ശമ്പളം കൂടിയേ തീരു എന്നില്ലാ.

ഞാൻ:-അതു ശരിയല്ലാ. നാം തമ്മിൽ മററുബന്ധമൊന്നും ഇല്ലാത്തതുകൊണ്ടു ശമ്പളഉടമ്പടിപ്രകാരം എന്നെ സേവിച്ചാൽ മതി.

അവൾ:-എന്തോ, അമ്മയെ കണ്ടതുമുതൽ അസാധാരണമായ ഒരാകർഷണം തോന്നിപ്പോകുന്നു. എന്റെ സ്വന്ത വീടുപോലെ എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളാം.

ഞാൻ:-എനിക്കു സന്തോഷമായി-ആട്ടെ നിനക്കു് ആരെല്ലാമുണ്ടു്?

അവൾ:-ആരുമില്ലാ. അച്ഛനമ്മമാർ മരിച്ചു.

അച്ഛനെ കണ്ടിട്ടുള്ള ഓർമ്മപോലുമില്ലാ. അമ്മ എട്ടു പത്തുകൊല്ലംമുമ്പു മരിച്ചെന്നാണു് കേൾവി.

ഞാൻ:-നിൻെറ പേർ?

അവൾ ഉരിയാടാതെ എൻെറ മുഖത്തേക്കു നോക്കികൊണ്ടു അല്പം പകച്ചു.

ഞാൻ:-എന്താണു് മിണ്ടാത്തതു്? പേരുപറയാൻ മടിയാണൊ?

അവൾ:-അതല്ലാ. വാസ്തവംപറയുകയാണെങ്കിൽ എൻെ ശരിയായ പേരെന്തെന്നു എനിക്കുതന്നെ നിശ്ചയമില്ലാ.

ഞാൻ:-അമ്മ വിളിച്ചിരുന്ന പേരെന്താണു്?

അവൾ:-അതറിയാൻ ഇടവന്നിട്ടില്ലാ.

ഞാൻ: നിന്നിട്ടുള്ള സ്ഥലങ്ങളിൽ എന്തുപേരാണു് അവർ വിളിച്ചതു്?

അവൾ:-ഓരോ പേരാണു് വിളിച്ചതു്. മദാമ്മ "ഡയിസി" എന്നു വിളിച്ചു. കമ്പനിക്കാർ "കോമളം" എന്നു വിളിച്ചു.

ഞാൻ:-നല്ല നേരമ്പോക്കു്-നിൻെറ ചരിത്രം വിചിത്രമായിരിക്കുന്നു. ഞാൻ എന്താണു് ഇനി വിളിക്കേണ്ടതു്? മധുരക്കാരിയായതുകൊണ്ടു "മധുരം" എന്നു വിളിച്ചേക്കാം. ആട്ടെ, നിനക്കു വയസ്സെത്രയായി?

അവൾ.-അതും തിട്ടമില്ലാ-18-19 ആയിരിക്കണം

ഞാൻ:-ഒരിക്കലും അത്രയുമല്ലാ-കാഴ്ചക്കു 24-25 വയസ്സു തോന്നുന്നുണ്ടു്. എത്രയെങ്കിലും ആകട്ടെ. അതല്ലല്ലൊ കാര്യം-നിൻെറ സ്വന്തം അമ്മയെപ്പോലെ എന്നെ കരുതി ഇവിടെ നിന്നുകൊള്ളുക. നിന്നെ ഒരു മകളെപ്പോലെ ഞാനും രക്ഷിച്ചുകൊള്ളാം. അവൾ ഒരു

ദീർഘനിശ്വാസമിട്ടിട്ടു "അമ്മക്കു മക്കളില്ലെ" എന്നു ചോദിച്ചു. ഈ ചോദ്യം എന്നെ അല്പമൊന്നു കുഴക്കി.

ഞാൻ:-നിന്നെക്കാൾ അഞ്ചാറുവയസ്സു ഇളപ്പമുള്ള ഒരു മകൾ എനിക്കുണ്ടായിരുന്നു.

അവൾ:-ഇപ്പോൾ ഇല്ലേ?

ഞാൻ:-ഇല്ലെന്നാണ് ബോദ്ധ്യം. ഞാൻ നാടു വിട്ടിട്ടു അനേക വർഷങ്ങളായി. പതിവായിഅവിടെ തയാറാക്കേണ്ടആഹാരങ്ങളെക്കുറിച്ചു പിന്നീടു ഞങ്ങൾ സംസാരിച്ചു. അന്നു മുതൽ ഹോട്ടൽ ഏർപ്പാടു നിർത്തി. ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനായി മധുരം അടുത്ത കടയിലേക്കു പോയി. താങ്ങാൻ വയ്യാത്ത ഒരു കുട്ട നിറയെ സാമാനങ്ങളുമായി അവൾ എളുപ്പം വന്നു. ഞാൻ കൂടി അടുക്കളയിൽ ചെന്നു പാത്രങ്ങളും മററും എഴുത്തു ഏൾപ്പിക്കുകയും, കാര്യങ്ങൾ വിശദമായി മനസ്സിലാക്കികൊടുക്കുകയും ചെയ്തു. അവൾ ഉത്സാഹമായും, ചുറുചുറുക്കായും, ജോലി ചെയ്യുന്നതുകണ്ടു ഞാൻ സംതൃപ്തിപ്പെട്ടു.

എനിക്കു അഹേതുകമായ ഒരു കൌതുകവും വാത്സല്യവും ആ കുട്ടിയോടു തോന്നി. ഓരോ ദിവസം ചെല്ലുന്തോറും ഞങ്ങളുടെ ഹൃദയങ്ങൾ കൂടുതൽ അടുത്തു. മധുരത്തെ ഒരു ഭൃത്യയായിട്ടല്ലാ ഞാൻ ഗണിച്ചതു. സ്വമാതാവിനെ പരിചരിക്കുന്ന ഒരു പുത്രിയെപ്പോലെയായിരുന്നു അവളുടെ പെരുമാററം.

പാചകകലയിൽ നല്ല വൈദഗ്ദ്ധ്യമുണ്ടെന്നു മധുരം തെളിയിച്ചു. ഒരു ദിവസം പാണ്ടിമട്ടാണെങ്കിൽ പിറേറന്നു ഉത്തര ഇൻന്ത്യൻ രീതിയും, അടുത്ത ദിവസം യൂറോപ്യൻ രീതിയും ഇങ്ങിനെ മാറി മാറിയാ

യിരുന്നു പാചകപരിപാടി. മധുരത്തിന്നു ചമക്കാൻ കഴിയാത്ത കറികളും, പലഹാരങ്ങളും, പായസങ്ങളും, ചുരുക്കമായിരുന്നു. അവളുടെ കൈവേഗത്തേയും, കൈപുണ്യത്തേയും ഞാൻ അഭിനന്ദിച്ചു. ഹോട്ടൽ സാധനങ്ങൾ ഏററവും വെറുത്തിരുന്ന കാലത്തു അവൾ വന്നുചേൎന്നതു വലിയ അനുഗ്രഹമായി. എൻെറ ആരോഗ്യം ക്രമപ്രവൃദ്ധമായി നന്നാകാൻ തുടങ്ങി.

പാചകവൃത്തിയിലുള്ള പാടവം പോലെ തന്നെ ഗൃഹം ശുചിയായും, അടുക്കായും സൂക്ഷിക്കുന്നതിന്നും മധുരത്തിന്നു അസാമാന്യമായ കൌശലം ഉണ്ടായിരുന്നു. ഓരോ സാധനവും അതാതിൻെറ സ്ഥാനത്താക്കി. സ്ഥാനഭ്രംശം വരുത്താതെ പെരുമാറി. ചില വുകൾക്കുതീയതിപ്പടികണക്കെഴുതി. അവളുടെ അദ്ധ്വാനത്താൽ പറമ്പിൽ കാകറികൃഷികളും, പൂച്ചെടികളും സമൃദ്ധമായി. തോട്ടതെല്ലാം ഒന്നിന്നു പത്തായി പുഷ്ടിപ്പെട്ടു.

അവളുടെ പൌരുഷത്തോടു നേരിടാൻ പുരുഷന്മാർക്കു ധൈൎയ്യമുണ്ടായിട്ടില്ലാ. യുവാക്കന്മാർ അവളുടെ മുഖത്തു നോക്കാതെ കീഴ്പോട്ടാണു് നോക്കിയതു്. മധുരം കടന്നുപോയതിന്നു ശേഷം തിരിഞ്ഞുനോക്കാനെ അവർക്കു കഴിവുണ്ടായൊള്ളൂ.

മധുരത്തിൻെറ ആവിർഭാവത്തോടുകൂടി ആ വീട്ടിൽ ഒരു പുതിയ വെളിച്ചവും, പ്രസരിപ്പും, സചരതയും, സൌഭാഗ്യശ്രീയും പ്രസരിച്ചു. എൻെറ ജീവിതത്തിലും ഒരു പുതുമ കലർന്നു. വായനയിൽ മുഴുകാത്ത സമയം അവളോടു സംസാരിക്കാൻ ബഹുരസമായിരുന്നു. എന്നേക്കാൾ ബുദ്ധിശക്തിയും, ചിന്താശീലവും,

സൂക്ഷ്മനിരീക്ഷണശക്തിയും, ലോകപരിജ്ഞാനവും അവൾക്കുണ്ടായിരുന്നു. ആ കുട്ടിയുടെ പക്വത ചിലപ്പോൾ എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. ജോലി കഴിഞ്ഞാൽ എൻെറ പുസ്തകങ്ങൾ എടുത്തു വായിക്കുകയായിരുന്നു മധുരത്തിൻെറ പതിവ്. ഇംഗ്ലീഷു ഭാഷയിൽ അവൾക്കു സാമാന്യം പരിജ്ഞാനമുണ്ടായിരുന്നു. ശ്രുതിമധുരമായ രീതിയിൽ പാടാനും വശമായിരുന്നു. എൻെറ മകൾ മീനയുടെ നഷ്ടം ഏറെക്കുറെ പരിഹരിക്കപ്പെട്ടു.

## XX

ഞാൻ കൽക്കട്ടായിൽ വന്നിട്ടു നാലരകൊല്ലം കഴിഞ്ഞു. ഇക്കാലംകൊണ്ടു എൻെറ പണം വളരെ വർദ്ധിച്ചു. ഏകദേശം ഒന്നരലക്ഷമായിട്ടുണ്ടെന്നു വരദരാജൻെറ കത്തു കിട്ടി. അഭികാമ്യമായ ഈ സാമ്പത്തികനില, പണ്ടത്തെപ്പോലെ എന്നിൽ ആഹ്ലാദകോലാഹലം ഉണ്ടാക്കിയില്ല.

ബാങ്കുമാനേജർ ബൊബു ഒരു വൈകുന്നേരം എന്നെ സന്ദർശിച്ചു. ശരീരസുഖത്തിനായി മൂന്നുമാസത്തെ അവധിയെടുത്തു നാട്ടിൻപുറത്തു താമസിക്കാൻ പോകയാണെന്നും, പകരത്തിനു ബാങ്കുമാനേജരായി സോമശേഖരനാണ് വരുന്നതെന്നും പറഞ്ഞു. ഈ വാർത്ത എനിക്കു സന്തോഷമുളവാക്കി.

ഒരാഴ്ച കഴിഞ്ഞപ്പോൾ സോമശേഖരൻ വന്നുചേർന്നു. സന്ധ്യക്കുശേഷമാണ് എൻെറ വസതിയിൽ വന്നതു്. ഏററവും ഹാർദ്ദമായി ഞാൻ സ്വീകരിച്ചു. "എൻെറ രക്ഷിതാവായ അവിടത്തേക്കു നമസ്കാരം"

എന്നു അഭിസംബോധനം ചെയ്തുകൊണ്ടു ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം നടത്തി. ആ പരിശുദ്ധാത്മാവിന്റെ മുഖം വിവർണ്ണമായി. അന്ധാളിക്കുകയും, കുഴഞ്ഞുവശാവുകയും ചെയ്തു.

സോമ:—എന്താണ് ഇക്കാണിച്ചതു്. ഇതൊന്നും ഞാൻ അശേഷം ഉദ്ദേശിച്ചില്ലാ ദയവു ചെയ്തു എന്നെ വിഷമിപ്പിക്കരുതു്.

ഞാൻ:—എന്താണ് വിഷമിപ്പിച്ചതു്? ഹൃദയം കവിഞ്ഞുവഴിയുന്ന കൃതജ്ഞത മറേറതു ബാഹ്യരൂപത്തിലാണ് ഇവൾ പ്രകാശിപ്പിക്കേണ്ടതു്? ജീവനോടുകൂടി എന്നെ കാണാൻ കഴിയുന്നതു അവിടത്തെ കാരുണ്യമാണു്. എന്റെതെന്നു വച്ചിരിക്കുന്ന ധനം അവിടന്നാണ് തന്നതു്.

സോമ:—എന്റെ കഴിവുപോലെ മനുഷ്യധർമ്മം അൽപം അനുഷ്ഠിച്ചുഎന്നേയുള്ളു. വെറും നിമിത്തമാത്രമായ എന്നെ പുകഴ്ത്തുകയോ, പൂജിക്കയൊ ചെയ്താൽ എന്റെ അഹന്ത വികസിച്ചേക്കും. അതിനിടയാക്കരുതു്. ഒരു മനുഷ്യൻ സഹജീവിക്കുവേണ്ടി ഇത്രയെങ്കിലും ചെയ്തില്ലെങ്കിൽ മനുഷ്യനല്ലാ.

ഞാൻ:—അവിടന്നു ചെയ്തിട്ടുള്ള മഹത്തായ ഉപകാരങ്ങൾക്കു, അല്പമായിട്ടുപോലും പ്രത്യുപകാരം ചെയ്വാൻ ഇവൾ ആളല്ലാ. ആ മഹാമനസ്കതക്കു മുമ്പിൽ മുട്ടുകുത്താനെ ഇവൾക്കു കഴിവൊള്ളു. അവിടത്തെ എക്കാലവും പൂജ്യനെന്നനിലയിൽ ബഹുമാനിക്കുന്നതിനു അനുവദിക്കണം.

അദ്ദേഹം ചെറുതായി ഒന്നുമന്ദഹസിച്ചു.

സോമ:—അതെല്ലാമിരിക്കട്ടെ. ഇവിടെ സൌക ര്യക്കുറവൊന്നുമില്ലല്ലൊ. നാലര കൊല്ലം എത്രവേഗം കഴിഞ്ഞു.

ഞാൻ:— കാലംപോയതു ഞാനും അറിഞ്ഞില്ലാ. പുസ്തകപാരായണത്തിൽ മുഴുകി ഒരുവിധം ഏകാന്തശാന്തതയിലാണു് കഴിഞ്ഞതു്.

സോമ:—അതു കണ്ടാലറിയാം. മുമ്പില്ലാത്ത ഒരു പ്രകാശവും, ശാന്തിയും മുഖത്തു സ്ഫുരിക്കുന്നുണ്ടു്. ആട്ടെ കാണാതായ മകളെക്കുറിച്ചു വല്ല വൎത്തമാനവുമുണ്ടോ?

ഞാൻ:—യാതൊന്നുമില്ലാ. വല്ല അപകടത്തിലും പെട്ടു മരിച്ചിരിക്കണം.

സോമ:—എനിക്കും തോന്നുന്നതു അങ്ങിനെ തന്നെയാണു്. ഈ കുട്ടി ഏതാണു്?

ഞാൻ:—ഇവിടെ വന്നുകൂടിയ ഒരനാഥയാണു്. എന്റെ പാചകക്കാരിയും, ശിശ്രൂഷക്കാരിയും, ഗൃഹഭരണക്കാരിയും ഇവളാണു്. എന്നെ അമ്മയെപ്പോലെയും, അങ്ങോട്ടു മകളെപ്പോലെയും ആണു് പരസ്പരം കരുതുന്നതു്.

സോമ:—എവിടത്തുകാരി?

ഞാൻ:—മധുരക്കാരി—മധുരം എന്നാണു് ഞാൻ വിളിക്കുന്നതു്. മധുരം! നിന്റെ സഞ്ചാരങ്ങളിൽ, ഉദ്ദേശം 17 വയസ്സുള്ള ഒരു തമിഴ് പെൺകുട്ടിയെ എവിടെ വച്ചെങ്കിലും കണ്ടു മുട്ടിയൊ?

മധുരം:—ഇല്ലാ.

അവൾ പോയി പലഹാരങ്ങളും, പഴങ്ങളും പാലും, കൊണ്ടുവന്നു. അവ കഴിക്കുന്ന വേളയിൽ ഞ

ങ്ങൾ പലതും സംസാരിച്ചു. മണി പത്തായപ്പോൾ യാത്രപറഞ്ഞു ബാങ്കുകെട്ടിടത്തിലേക്കു പോയി.

പിന്നീടു എല്ലാദിവസവും സന്ധ്യകഴിഞ്ഞു അദ്ദേഹം വന്നുകൊണ്ടിരുന്നു. എൻെറ സാഹചര്യവും, സംസർഗ്ഗവും അദ്ദേഹത്തെ നിർവൃതി കൊള്ളിക്കുന്നതായിട്ടുതോന്നി. ആ പരിഷ്കൃതാശയൻെറ സംഭാഷണം വിജ്ഞാനപ്രദമായിരുന്നു. എന്നോടുള്ള വേഴ്ചയിൽ, അന്യഥാ ശങ്കിക്കത്തക്കവിധത്തിലൊ, അനാവശ്യമായൊ, സോമശേഖരൻ എന്തെങ്കിലും സൂചന നല്കുകയൊ, പദങ്ങൾ ഉപയോഗിക്കുകയൊ ചെയ്തില്ല. മധുരത്തെപ്പോലെ ഒരു പരിചാരികയെ ലഭിച്ചതു ഭാഗ്യമാണെന്നും, ഇത്ര സൌശീല്യവും വിവേകവും ഉള്ള കുട്ടികൾ അപൂർവ്വമാണെന്നും, തനിക്കു അവളോടു വലിയ വാത്സല്യം തോന്നുന്നുണ്ടെന്നും ഒരു ദിവസം പറഞ്ഞു. എല്ലാ വൈകുന്നേരവും അവൾ പാകം ചെയ്ത ഭക്ഷ്യപദാർത്ഥങ്ങളാണ് ഞങ്ങൾ തൃപ്തിയായി കഴിച്ചതു്.

ഇങ്ങിനെ 2 മാസം 25 ദിവസം കഴിഞ്ഞു. സോമശേഖരൻെറ അവധി തീരാറായി. 26ാംദിവസം ഒരു ഞായറാഴ്ചയായിരുന്നു. അന്നുവൈകുന്നേരം, പതിവിലും നേരത്തെ അദ്ദേഹം ഒരു വണ്ടിയിൽ വന്നിറങ്ങി. വണ്ടിക്കാരൻ ഒരു വലിയപൊതിക്കെട്ടു ഉമ്മറത്തുകൊണ്ടുവച്ചു. കെട്ടിൽ സാരികളും, തുണികളുമായിരുന്നു. വിശേഷാൽ മധുരത്തിനു ഒരു സ്വർണ്ണച്ചെയിനും, കമ്മലും, രണ്ടുജോടി വളകളും, എനിക്കു രത്നഖചിതമായ ഒരു മോതിരവും വാങ്ങിയിരുന്നു. ഞാൻ പ്രതിഷേധിച്ചെങ്കിലും, അതെല്ലാം ഞങ്ങളെക്കൊണ്ടുസ്വീകരിപ്പിച്ചു. മോതിരം വിരലിൽ ഇട്ടുനോ

ക്കണമെന്നു എന്നോടു ഭവ്യമായി അപേക്ഷിച്ചു. ചൂണ്ടുവിരലിൻെറ അടുത്ത വിരലിൽ അതു നല്ലപാകമായിരുന്നു.

സോമഃ-നല്ലവണ്ണം യോജിക്കുന്നു. അവിടെ തന്നെ കിടന്നുകൊള്ളട്ടെ.

ഞാൻ:-കുറെ കാലമായി ആഭരണങ്ങളെ, വിശേഷവസ്ത്രങ്ങളൊ ഞാൻ ധരിക്കാറില്ലാ. ഇതിലൊന്നും ഭ്രമമില്ലാ.

സോമ:-അതു ഞാൻ മനസ്സിലാക്കി. എങ്കിലും എന്നോടുള്ള സ്നേഹചിഹ്നമായി ആ മോതിരം ധരിച്ചുകൊള്ളണം. കൈവശം മോതിരമുണ്ടെങ്കിൽ ഒന്നു എനിക്കും തരിക-ഞാനും ധരിക്കാം.

മററു സംശയമൊന്നുംകൂടാതെ ഞാൻ അകത്തുപോയി ഒരു മോതിരം കൊണ്ടുവന്നുകൊടുത്തു. അതു കണ്ണുകളിൽ ചേത്തതിനുശേഷം അദ്ദേഹം ധരിച്ചു. ഈ ക്രിയകളുടെ ആന്തരമായ മർമ്മം എനിക്കു മനസ്സിലായില്ലാ.

സോമ:-ഭവതിയെ മറക്കാതിരിക്കുന്നതിനും, മൈത്രി ദൃഢീകരിക്കുന്നതിനുമാണു് ഞാൻ ഇതു ധരിക്കുന്നതു്. എന്നെയും മറക്കുകയില്ലല്ലൊ.

ഞാൻ:-എക്കാലവും നാം ആത്മമിത്രങ്ങളായിരിക്കും.

സോമശേഖരൻ എൻെറ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. അദ്ദേഹത്തിൻെറ വദനം മ്ലാനമായിരുന്നു. കുറച്ചുനേരം മിണ്ടാതിരുന്നിട്ടു പുറത്തേക്കു പോയി. അൽപം കഴിഞ്ഞു കൈലേസിനാൽ മുഖം തുടച്ചുകൊണ്ടു അകത്തോട്ടുവന്നു. ഒരു കസേരയിൽ കീഴോട്ടു നോ

ക്കി ഇരുപ്പായി. ചിന്താപരവശനാണെന്നു പ്രത്യക്ഷപ്പെട്ടു.

ഇതിനിടക്കു കാപ്പിയും പലഹാരങ്ങളും വന്നുകഴിഞ്ഞു. ഞങ്ങൾ നിശ്ശബ്ദരായി അതു കഴിച്ചു. അദ്ദേഹം വാച്ചുനോക്കിയപ്പോൾ 8 മണി കഴിഞ്ഞിരുന്നു. മധുരം താഴത്തെ നിലയിൽ ഇരുന്നു വായനയിൽ മുഴുകി.

സോമശേഖരൻ പെട്ടെന്നു എഴുന്നേററു എൻെറ അടുത്ത കസേരയിൽ വന്നിരുന്നു.

സോമ:—ഭവതിയുടെ മുമ്പാകെ എൻെറ ഹൃദയം ഒന്നു തുറന്നുകാണിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. കണ്ടനാൾ മുതൽ ഒന്നൊന്നായി ചില ആശയങ്ങൾ അന്തരംഗത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. ഞാൻ പ്രകാശിപ്പിക്കാൻ പോകുന്ന ആശയം ന്യായമാണൊ, അല്ലയൊ എന്നു തീരുമാനിക്കാനുള്ള സമ്പൂർണ്ണാധികാരം അങ്ങോട്ടു തന്നിരിക്കുന്നു. ഒരു നിമിഷം പോലും ഹൃദയം അടച്ചുസൂക്ഷിക്കാൻ ഇനി നിർവ്വാഹമില്ലാ. ഹൃദയവും, അതിലെ ഉള്ളടക്കങ്ങളും, മുഴുവനോടെ അവിടെ സമർപ്പിക്കാം.

വികാരാവേശത്തോടുകൂടിയാണു് ഇത്രയും പറഞ്ഞതു്. എൻെറ ഹൃദയം ശക്തിയായിമിടിച്ചു. ഒന്നും പറയാൻ ശക്തയായില്ലാ.

സോമ:—കന്യകയായിരുന്നപ്പോൾ, മുരുകേശൻ താലി കെട്ടിയതും, രണ്ടു കുട്ടികൾ ജനിച്ചതും, ഭർത്താവു പിരിഞ്ഞതും അറിഞ്ഞിട്ടുണ്ടു്.

ഞാൻ:—മധുരയിൽ വച്ചു ഞാൻ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

സോമ:-മംഗളവും പറഞ്ഞിട്ടുണ്ട്. പിന്നീടാണല്ലൊ വേണുഗോപലനുമൊന്നിച്ചുള്ള ജീവിതവും, അദ്ദേഹത്തിൻെറ അകാലനിര്യാണവും.

എനിക്കുവിശേഷിച്ചൊന്നും പറയാനില്ലായിരുന്നു.

സോമ:-അതിൽ പിന്നെ സന്യാസജീവിതവും, ഏകാന്തതയും സ്വീകരിച്ചതായി കാണുന്നു.

ഞാൻ:-അതിൽ തെററില്ലാ. ശേഷംകാലം അങ്ങിനെ കഴിയണമെന്നാണ് ആഗ്രഹം.

സോമ:-ഗുരുതരമായ ഒരു രോഗം പിടിപെട്ടാൽ സ്നേഹപൂർവ്വം ശുശ്രൂഷിക്കാൻ ആരുണ്ടു്? വാർദ്ധക്യത്തിൽ ആരുനോക്കും? പണം മാത്രം പോരല്ലോ. ഒരു മകളുണ്ടായിരുന്നതു പൊയ്പ്പോയി. മധുരം എത്ര ഗുണവതിയായാലും മകളെപ്പോലെ ആകുമൊ? ഉപ്പോളം വരുമൊ ഉപ്പിലിട്ടതു്? മകൻ ബുദ്ധിമാനാണെങ്കിലും തീരെ അനാരോഗ്യവാനാണ്. അയാളുടെ ആയുർബ്ബലത്തെ കുറിച്ചു എനിക്കു വലിയ സന്ദേഹമുണ്ടു്. അയാൾ ജീവിച്ചിരുന്നാലും അമ്മയുടെ ശരീര ശുശ്രൂഷ നടത്തുമൊ?

ഞാൻ:-മകൻെറ ശുശ്രൂഷ ഏൾക്കാമെന്നുള്ള വിശ്വാസത്തിലല്ലാ ഞാൻ ജീവിക്കുന്നതു്. ആരുടെ ശുശ്രൂഷയും വേണ്ടാ. ഹിമാലയത്തിൽ ഏകാകിയായി എത്രയൊ താപസന്മാർ കഴിഞ്ഞുകൂടുന്നു. പരാശ്രയബുദ്ധി ഇല്ലാതാക്കി, സ്വാശ്രയബുദ്ധി ഉണ്ടാക്കാനാണ് എൻെറ ശ്രമം.

സോമ:-അങ്ങിനെ ശഠിക്കുന്നതു വിവേകമല്ലാ.

ഞാൻ:-പിന്നെ എങ്ങിനെയായാൽ വിവേകമാകും?

സോമ:-മരണപൎയ്യന്തം പ്രേമിക്കാനും, ശിശ്രൂഷിക്കാനും കഴിവുള്ള ഒരാളോടുകൂടി ഉപജീവിക്കണം. അതിനു സന്നദ്ധനായി ഞാനുണ്ടു്.

ഞാൻ ആനതാനനയായി മൌനം പൂണ്ടു. എന്റെ ഹൃദയം പടഹമടിച്ചു. മുഖത്തു നിറം പകർന്നിരിക്കണം

ഞാൻ:-(വികാരത്തോടുകൂടി) അങ്ങിനെ ഒരു സഹായി ഇനിമേൽ വേണ്ടെന്നു ഞാൻ നിശ്ചയിച്ചിരിക്കയാണു്. അതിന്റെ ഗുണദോഷങ്ങൾ സംബന്ധിച്ചു എന്നെപ്പോലെ ഒരു അനുഭവസ്ഥ ഉണ്ടായിട്ടില്ലാ

സോമ:-എല്ലാവരും ഒന്നുപോലെയാണെന്നു തീർച്ചപ്പെടുത്തരുതു്.

ഞാൻ:-എത്ര നന്നായിരുന്നാലും ഒരു ഭർത്താവോടുകൂടിയുള്ള ജീവിതം വേണ്ടാ.

സോമ:-ഇങ്ങിനെ നിർബ്ബന്ധനില അവലംബിക്കുന്നതു് എന്താണു്? മററുള്ളവരുടെ ഹൃദയം തകൎക്കാനാണോ?

ഞാൻ:- അങ്ങിനെയുള്ള ഉദ്ദേശമെല്ലാ. മരണം വരെ എനിക്കു സ്വാതന്ത്ര്യമായി ജീവിക്കണം. മുരുകേശൻ എല്ലാം നശിപ്പിച്ചു ദാരിദ്ര്യഗൎത്തത്തിൽ തള്ളിവിട്ടെങ്കിലും, ദൈവാനുകൂലത്താൽ എനിക്കും മകനും കഴിയാനുള്ള ധനം ലഭിച്ചിട്ടുണ്ടെന്നു അവിടത്തെക്കു അറിയാമല്ലൊ. ഉള്ളതിനു ഹാനി വരാതിരുന്നാൽ മതി.

സോമ:-മുരുകേശനെപ്പോലെ ഇവൻ ധൂൎത്തനാണെന്നും, ധനം നശിപ്പിച്ചേക്കുമെന്നും ഭയമുണ്ടോ?

ഞാൻ:-ലവലേശമില്ലാ. ഞാൻ ഒരു ഗൃഹപ്പിഴ

ക്കാരിയാണെന്നും, വളരെ സൂക്ഷിച്ചു ജീവിക്കണമെന്നും, ഭൂതകാലാനുഭവങ്ങൾ നല്ലവണ്ണം പഠിപ്പിച്ചു. ഇനിയും ബന്ധങ്ങളിൽ പെട്ടാൽ, ഭാവി എങ്ങിനെ വരുമെന്നു ആക്കറിയാം.

സോമ:—എന്നാൽ ഞാൻ ദൈവത്തെ ഊന്നിസത്യം ചെയ്യുന്നു. ഭവതിയുടെ ധനത്തിൽ ഒരു പൈസ പോലും ഞാൻ തൊടുകയില്ലാ. എനിക്കു സ്വന്തമായി രണ്ടു ലക്ഷത്തിൻെറ വകയുണ്ടു്. അതിൻെറ ആദായം കൊണ്ടു നമുക്കു സൌഖ്യമായി ജീവിക്കാം. എന്നെയും സ്വത്തുക്കളേയും ഇതാ ഭവതിയുടെ പക്കൽ സമർപ്പിക്കുന്നു. എല്ലാവശങ്ങളും നല്ലവണ്ണം വിചിന്തനം ചെയ്തു സൌകയ്യം പോലെ വിധികല്പിച്ചു കൊള്ളുക.

എന്താണു് പ്രതിവചിക്കേണ്ടതെന്നറിയാതെ ഞാൻ പരുങ്ങി

സോമ:—(ഗൽഗദത്തോടുകൂടി) ഭവതിയുടെ ഈ മൌനം എൻെറ ഹൃദയത്തെ കശക്കുന്നു. സൌന്ദര്യമോ, വിഷയ ഭോഗങ്ങളൊ, സ്വത്തുക്കളൊ ആകാംക്ഷിച്ചല്ലാഇത്ര കിഴിഞ്ഞു ഞാൻ അപേക്ഷിക്കുന്നതു്. എനിക്കു വയസ്സു 47 ആയി – ഭവതിക്കു 40– നോടു അടുത്തിരിക്കണം. യൌവ്വനംമാറി, പ്രൌഢദശയിലേക്കു നാമിരുവരും കാലൂന്നിക്കഴിഞ്ഞു. കനകക്കിനാവുകൾ കാണുന്ന കാലം പൊയ്പ്പോയി. ഇന്നുവരെ ഒരു സ്ത്രീയിലും എൻെറ മനസ്സു പററിയിട്ടില്ലാ. നമ്മുടെ ദാമ്പത്യം ആദർശപരമായിരിക്കുമെന്നു് ഞാൻ ബലമായി വിശ്വസിക്കുന്നു. അന്യോന്യം സഹായമായി നമുക്കു കഴിയാം

ഞാൻ:–(നിറഞ്ഞ കണ്ണുകളോടുകൂടി) ഉത്തമോത്തമനായ അവിടന്നു എന്നെ ധർമ്മസങ്കടത്തിലാക്കി. ഇത്രത്തോളമൊന്നും ഞാൻ പ്രതീക്ഷിച്ചില്ലാ. ദയവുണ്ടായി അപേക്ഷ പിൻവലിക്കുക. മററെന്തുവേണമെങ്കിലും ഈ ദാസിയോടു കല്പിക്കുക. എൻെറ സ്വത്തുമുഴുവൻ സമർപ്പിക്കണമൊ? യാതൊരു വൈമനസ്യവുമില്ലാ. അവിടത്തെ ഭവനത്തിൽ മംഗളത്തോടൊപ്പം ഭൃത്യയായി കഴിഞ്ഞുകൊള്ളാം. ധന്യാത്മാവായ അവിടത്തെ ഭക്തിപൂർവ്വം പൂജിക്കുന്നതിനെ ഈ ഏഴക്കു അർഹതയുള്ളു.

സോമശേഖരൻെറ മുഖം അരുണ വർണ്ണമായി. കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിറച്ചു.

ഇരുന്നടത്തുനിന്നു എണീററു എൻെറ അടുക്കൽ വന്നു നിന്നു. വികാരപാരവശ്യത്തോടുകൂടി ഞാനും എണീററുനിന്നു. വിറപൂണ്ട കരങ്ങൾ കൊണ്ടു അദ്ദേഹം എൻെറ കൈകൾ സ്പർശിച്ചു. "ഏററവും പ്രിയപ്പെട്ട പങ്കജം! ഹൃദയത്തിൻെറ ശ്രീകോവിലിൽ ഞാൻ കൊളുത്തി വച്ച കാഞ്ചന വിളക്കാണ് ഓമന– അതെങ്ങിനെ ഊതികെടുത്തും. ഇവനെ അനുഗ്രഹിക്കുക. എൻെറ അപേക്ഷ തള്ളരുതു. നാം ഇന്നു മോതിരം മാറി. ഭവതി എൻെറ പ്രിയതമയായി. മരണംവരെ ഈ ഹൃദയത്തിൽ എൻെറ പങ്കജം പരിലസിക്കും. ഞാൻ പോകുന്നു"

പൊടുന്നനവെ അദ്ദേഹം പുറത്തിറങ്ങി.

ഹൃദയസ്പൃക്കായ അവസാനരംഗം എന്നെവിസ്മൃതചിത്തവൃത്തിയാക്കിത്തീർത്തു. ഞാൻ വല്ലാത്ത വിഷമാവസ്ഥയിലായി. മുമ്പെങ്ങും, ഇത്ര ഗൌരവമേറിയ ഒരു പ്രശ്നം അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാ.

നേരം പാതിരാത്രികഴിഞ്ഞിരുന്നു. മധുരം ഗാഢനിദ്രയിൽ മാണ്ടു പോയതു കൊണ്ടു മുകളിൽ നടന്നതൊന്നും അറിഞ്ഞില്ലാ. നേരം വെളുക്കുന്നതു വരെ ഞാൻ ഒരേ ഇരിപ്പിൽ ഇരുന്നു. പകൽ മുഴുവൻ വളരെ അസ്വസ്ഥമായി കഴിച്ചുകൂട്ടി. ആഹാരം കഴിച്ചെന്നു പേരുവരുത്തി. തലപുകഞ്ഞു, പലപ്രകാരത്തിൽ ആലോചിച്ചിട്ടും രണ്ടിലൊരു തീരുമാനത്തിൽ എത്തിച്ചേർന്നില്ലാ. സോമശേഖരൻെറ ഗുണഗണങ്ങൾ എൻെറ ഹൃദയത്തിൽ തിരക്കിട്ടു തിങ്ങിനിന്നു. അലൌകികമായ മഹത്വം, നിസ്തുലമായ നിസ്വാർത്ഥത നിഷ്കളങ്കത – ആത്മാർത്ഥത– സത്യസന്ധത– ജീവകാരുണ്യം ഇവഓരോന്നും ഭൃതക്കണ്ണാടിയിൽക്കൂടികണ്ടു. എൻെറ സ്നേഹദൃഷ്ടിയായിരിക്കണം ഭൃതക്കണ്ണാടി. എങ്കിലും അടിത്തട്ടിൽനിന്നു., ഒരു ചെറിയ പീഡ അലോക്യപ്പെടുത്തി. മുഴുവൻ മധുരമായിരുന്നെങ്കിലും., എവിടയൊ ഒരു ചെറിയ കയ്പ്പ്.

സോമശേഖരൻെറ ദിനംപ്രതിയുള്ള സായന്തനസന്ദർശനങ്ങൾക്കു ഒരു മുടക്കം സംഭവിച്ചു. എനിക്കു അസഹ്യമായ സങ്കടം തോന്നി. പണ്ടത്തെ മനസ്ഥിതിയാണെങ്കിൽ മുമ്പുപിന്നുനോക്കാതെ, ഇതൽആയിരത്തിലൊരംശം മാഹാത്മ്യമുള്ള ഒരുവ്യക്തിയുടെ കാൽ ഴുകി ഞാൻ വെള്ളം കടിക്കുമായിരുന്നു. തുലോ തുഛമായ ധനലാഭത്തിനുവേണ്ടി എത്ര മഹത്തരമായ സന്മാർഗ്ഗനിയമത്തേയും ലംഘിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ മികച്ച സമ്പൽസമൃദ്ധിയും, മഹാമനസ്കതയും നിഷ്കളങ്കപ്രേമവും, അതുല്യമാഹാത്മ്യങ്ങളും, എ

ല്ലാംകൂടി ഒന്നിച്ചു കരഗതമായിട്ടും, എന്റെ അലംഭാവത്തിന്നു കാരണമെന്തു്? അന്നിതരസാധാരണനായ ഒരു പുരുഷരത്നത്തിന്നു വിധേയയാകാൻ മടിക്കുന്നതെന്തു്? ഞാൻ കുഴിഞ്ഞു കുഴിഞ്ഞു ആലോചിച്ചു. ഭൂതകാല ജീവിതത്തിന്റെ കയ്പും, സ്വതന്ത്രജീവിതത്തിലുള്ള അഭിവാഞ്ഛയും, കാരണമായിരിക്കണം, എന്നു തീരുമാനിച്ചു.

കൽക്കട്ടാവിട്ടു പോകുന്നതിന്റെ തലേദിവസം രാത്രിയിൽ സോമശേഖരൻ എന്നെ കാണാൻവന്നു. എത്ര അടക്കിയിട്ടും എനിക്കു പരിഭ്രമമായിരുന്നു. നിർവ്വികാരനായിട്ടാണു് അദ്ദേഹം കാണപ്പെട്ടതു്,

സോമ:- നാളെ ഞാൻ മധുരക്കുപോകുന്നു. യാത്ര പറയാനാണു് വന്നതു്. ഒരുകാൎയ്യംകൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ. എന്നോടു വെറുപ്പുതോന്നരുതു. എന്റെ അപേക്ഷയെക്കുറിച്ചു ചിന്തിച്ചോ? അനുകൂലമൊ പ്രതികൂലമൊ, ഏതായാലും വേണ്ടില്ലാ. ഒരു തീരുമാനം ചെയ്യണം. പ്രതികൂലമായാലും എന്റെ സ്നേഹത്തിന്നു വ്യത്യാസമില്ലാ.

ഞാൻ:- ജീവിതശിഷ്ടം എനിക്കു സ്വാതന്ത്ര്യമായി കഴിയണമെന്നു് മോഹമുണ്ടു്. അവിടന്നു പ്രേമപാരമ്യത്തിൽ നിന്നാലും ബന്ധം, അസ്വാതന്ത്ര്യതയാണു്. വിധേയത്വത്തിൽ നിന്നു എനിക്കു ഒഴിഞ്ഞു നില്ക്കണം.

സോമ:- വിധേയയാകണ്ടാ. ഒരു സ്നേഹിതയായിട്ടു സ്വതന്ത്രനിലയിൽ എന്നോടുകൂടി ഉപജീവിക്കാമല്ലൊ. ഭവതിയുടെ ഇഛാനുസരണ എല്ലാംനടന്നുകൊള്ളട്ടെ. ഞാൻ യാതൊന്നിലും കൈകടത്തുകയില്ലാ.

വിധേയൻ ഞാനാകട്ടെ.

ഞാൻ:-വിധേയനാകാൻ ഞാൻ സമ്മതിക്കില്ലം. അവിടന്നു സ്നേഹിതനാണെന്നു വരുമ്പോഠം തന്നെ സ്വാതന്ത്ര്യത്തിന്നു ഹാനിയുണ്ടല്ലൊ.

സോമ:-സ്വാതന്ത്ര്യത്തിൻെറ സ്വരൂപം പങ്കജം എങ്ങിനെയാണു് ധരിച്ചുവച്ചിരിക്കുന്നതെന്നു് വ്യക്തമാകുന്നില്ലാ. പ്രപഞ്ചഘടനയിൽ ഒരു വിഷയത്തിന്നു മറെറാരു വിഷയത്തോടു സാപേക്ഷ്യമായിട്ടെ നിലയുള്ളു. സാപേക്ഷ്യതയിൽ കൂടിയെ ജീവിതത്തിന്നു സ്ഥിതിയുള്ളൂ. വ്യാവഹാരിക സ്വാതന്ത്ര്യം നില്ക്കുന്നതു സാപേക്ഷ്യതയിലാണു്. അതായതു് വിധേയത്വത്തിലാണു്. ജീവിതത്തെ ഒന്നു സൂക്ഷ്മമായി പരിശോധിക്കുക. വിധേയത്വമില്ലാതെ എപ്പോഴെങ്കിലും ജീവിതം സാദ്ധ്യമാണൊ? ശരീരത്തിന്നുവിധേയത്വം, ഇന്ദ്രിയങ്ങഠംക്കു വിധേയത്വം, വിചാരങ്ങഠംക്കു വിധേയത്വം, ധനത്തിന്നു വിധേയത്വം, പ്രശസ്തിക്കു വിധേയത്വം, വിഷയങ്ങഠംക്കു വിധേയത്വം, മാതാപിതാക്കന്മാർക്കും, ഗുരുവിന്നും, സ്നേഹിതന്മാർക്കും, ഭാൎയ്യക്കും ഭരണാധികാരികഠംക്കും വിധേയത്വം, സാങ്കല്പികമായ ഈശ്വരന്നു വിധേയത്വം, നിയമങ്ങഠംക്കുവിധേയത്വം, ഇങ്ങിനെ ധാരാളം പറയാനുണ്ടു്. ഈശ്വരനെയും അതിക്രമിച്ചാൽ ആത്മവസ്തുവിന്നു വിധേയമാണു്. ഒടുവിൽ പറഞ്ഞ വിധേയത്വം, പൂർണ്ണസ്വാതന്ത്ര്യമാണു്. പങ്കജം ആ നിലയിലാണൊ?

ഞാൻ:-ഒരിക്കലുമല്ലാ. ഇപ്പറഞ്ഞ അതീതനില ഞാൻ ധരിച്ചിട്ടുപോലുമില്ലാ.

സോമ:—എന്നാൽ നമുക്കു വ്യവഹാര ഭൂമികയിൽനിന്നു സാദ്ധ്യപക്ഷ്യനിലയിൽ സംസാരിക്കാം. പ്രേമ ശൃംഖലയുടെ ബന്ധം സ്വാതന്ത്ര്യത്തിനു ഹാനികരമല്ലാ.

ഞാൻ:—ശരിതന്നെ. സിദ്ധന്മാർ അങ്ങിനെ പാടിയിട്ടുണ്ടു്. പരിശുദ്ധപ്രേമം ആത്മസ്വരൂപമെന്നും അവർ കീർത്തിക്കുന്നു.

സോമ:—പരിശുദ്ധപ്രേമത്തിൽ ദ്വൈതമില്ലാ. രണ്ടില്ലെങ്കിൽ അസ്വാതന്ത്ര്യവുമില്ലാ. ഇതെല്ലാം വായനയിൽ നിന്നു പരോക്ഷമായി ഞാൻ ഗ്രഹിച്ചിട്ടുണ്ടു്. പങ്കജവും ഗ്രഹിച്ചിരിക്കുമല്ലൊ.

ഞാൻ:—ഞാൻ വായിച്ചിട്ടുണ്ടു്. അതിൻെറ പരമാർത്ഥം ഗ്രഹിക്കുന്നതു ഇപ്പോളാണു്.

സോമ:—എന്നാൽ ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു. പങ്കജം സ്നേഹിതയായിരുന്നതുകൊണ്ടു എൻെറ ജീവിതത്തിൻെറ കുറവു തീരുകയില്ല. സഹധർമ്മിണിയായി എനിക്കു വന്നാൽ ആ കുറവു തീരും. ഞാൻ കൃതാർത്ഥനാകും. എൻെറ ജീവിതത്തിനു കൂടുതൽ പ്രകാശവും, സൌരഭ്യവും, ആനന്ദവും, സമാധാനവും ലഭിക്കും. വീണ്ടും ചോദിക്കുന്നു. എന്നെ ഭാഗ്യവാനാക്കിക്കൂടെ?

ഞാൻ തല കുമ്പിട്ടിരുന്നു. നാവു പൊങ്ങിയില്ല. ദൃഢവ്രതനായ ആ പ്രേമഭിക്ഷുവിനോടു മറുപടി പറയാൻ ഭാഷ കിട്ടിയില്ലാ. ഹതചിത്തവൃത്തിയും വികാരതരളിതയും, ആയ എനിക്കു ചിന്തിക്കാൻ കഴിവില്ലായിരുന്നു. എൻെറ കൺപോളകൾ ദ്രുതഗതിയിൽ അടയുകയും തുറക്കുകയും ചെയ്തിരുന്നു

സോമ:-അശേഷം ധൃതിയില്ലാ. ഗാഢമായി പര്യാലോചിച്ചിട്ട മറുപടി യഥാവസരം അറിയിച്ചാൽ മതി. സമാധാനമായി ഞാൻ കാത്തിരുന്നു കൊള്ളാം.

ഇതിന്നിടക്ക മധുരം ആഹാരങ്ങൾ കൊണ്ടുവന്നു നിരത്തിയതു ശ്രദ്ധയിൽ പെട്ടില്ലാ. ഞങ്ങൾ ഒന്നിച്ചിരുന്നുതന്നെയാണ് അവ കഴിച്ചതു്. അദ്ദേഹം യാത്രയായി, ഞങ്ങളെ തൊഴുതു. ഞങ്ങളും തൊഴുതു.

## XXI

തുടർച്ചയായി കുറെ ദിവസത്തേക്ക ഞാൻ വളരെ അസ്വസ്ഥയായിരുന്നു. ഹൃദയത്തിനകത്തുണ്ടായ കാററും, കോളും അതിനെ പ്രക്ഷുബ്ധമാക്കി. വലിയ അലകൾ പൊന്തി. വിരുദ്ധവികാരങ്ങളാണ് തിങ്ങിഉയർന്നതു്. മുമ്പുണ്ടായിരുന്ന സമാധാനം അസ്തമിച്ചു.

അന്നത്തെ ഹൃദയസ്ഥിതിവെളിപ്പെടുത്താൻ ചിന്താതരംഗങ്ങളിൽ ചിലതെടുത്തുകാണിക്കാം. ഒരിക്കൽ പൊന്തിയ തരംഗപരമ്പര ഇതായിരുന്നു:-

"അദ്ദേഹം മഹാനുഭാവനാണ്. പുരുഷശ്രേഷ്ഠനാണ്. ഈ വിധം അലോകസാധാരണമായ നിഷ്കളങ്കസ്വഭാവവും, സ്നേഹവായ്പും, പരമാൎത്ഥതയും മറെറവിടെ കാണും? രണ്ടു ലക്ഷത്തിൻെറ സ്വത്തിനെക്കാൾ വിലമതിക്കുന്നതു എൻെറ പ്രേമത്തെയാണ്. ഇവൾക്ക ഇത്രത്തോളം മാഹാത്മ്യമെന്താണ്? പരമപരിശുദ്ധനായ അദ്ദേഹം എൻെറ പൂൎവ്വചരിത്രത്തിൻെറ ഏടുകൾ മുഴവൻ നോക്കിയിട്ടില്ലാ. ധനവും, സുഖാനുഭോഗങ്ങളും കൊതിച്ചു സാന്മാൎഗ്ഗിക പഥത്തിൽ നിന്നു തല കീഴായി നരകത്തിൽ നിപതിച്ച ഈ ദുർവൃത്ത

സ്വാതന്ത്ര്യജീവിതം വേണമെന്നും പറഞ്ഞു ഈശ്വരാനുഗ്രഹങ്ങൾ തള്ളിക്കളയുന്നതു മൌഢ്യത്തിന്റെ പരമകാഷ്ഠ– അഹന്തയുടെ അതിവൃദ്ധി–എന്നല്ലാതെ എന്തുപറയാനാണ്? മുന്നിൽ പ്രത്യക്ഷീഭവിച്ച സൌഭാഗ്യശ്രീയുടെ നേരെ നീ പുറം തിരികയൊ? കഷ്ടം! മഹാബുദ്ധിമോശം! എടീ മരമണ്ടീ! അല്പം ആലോചിച്ചു നോക്ക്. പിന്നീടു പശ്ചാത്തപിച്ചതുകൊണ്ടുയാതൊരു ഫലവുമില്ലാ"

ഇങ്ങിനെയായിരുന്നു മററൊരു ചിന്താഗതി:–

"ആലോചനക്കുറവും, മനോദൌർബല്യവും നിമിത്തം, ഒന്നിലധികം പ്രാവശ്യം നീ ധാർമ്മികസരണിയിൽ നിന്നു വ്യതിചലിച്ചു. പാതാളത്തിലെ ചേർക്കുണ്ടിൽ പതിച്ചു. ഇനിയെങ്കിലും വളരെ കരുതലോടുകൂടി ജീവിക്കണം. യാതൊരു പ്രലോഭനങ്ങൾക്കും വശംവദയാകരുത്. മിന്നുന്നതെല്ലാംപൊന്നല്ലാ. ഇന്നത്തെപോലെ ഏകാകിയായി ജീവിക്കുന്നതാണ് സ്വൈരവും സുഖവും സുഖജീവിതത്തിനുള്ള ധനം ഈശ്വരൻ തന്നിട്ടുണ്ടു്. എടുത്തുചാട്ടമൊന്നും കൂടാതെ ഉള്ളതുകൊണ്ടു സംതൃപ്തയായി ശേഷംകാലം കഴിക്കുക"

വേറൊരു വിചാരതരംഗം ഇപ്രകാരമായിരുന്നു:–

"സ്വാതന്ത്ര്യം" "സ്വാതന്ത്ര്യം" എന്നു നീ അഭിമാനിക്കുന്നതിന്റെ അന്തസ്സാരത്തെക്കുറിച്ചു അല്പമെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിന്റെ അഹങ്കാരവീക്ഷണത്തിൽകൂടി കാണുന്ന മരുമരീചിക സ്വാതന്ത്ര്യമല്ലാ. അതു സ്വാർത്ഥമാണ്. ഒരു വക താന്തോന്നിത്തമാണ്. യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ സ്വരൂപം സോമശേഖരൻചൂണ്ടിത്തന്നിട്ടുണ്ടല്ലൊ. പരിപൂർണ്ണ സ്വതന്ത്രൻ ഒ

ന്നേയുള്ളു. ശുദ്ധസത്വമായി സ്ഥിതിചെയ്യുന്ന ആത്മവസ്തുമാത്രം. ആത്മതലത്തിൽ രണ്ടില്ലാത്തതുകൊണ്ടു സ്വാതന്ത്ര്യനെന്നോ, സ്വാതന്ത്ര്യമെന്നോ വിവക്ഷിക്കുന്നതു നിരത്ഥമാണ്. ശരീരേന്ദ്രിയമനസ്സുകളിൽ അദ്ധ്യാസിക്കുന്നടത്തോളം സ്വാതന്ത്ര്യമില്ല. യഥാത്ഥപ്രേമമുള്ളടത്തു ബന്ധമില്ല. സ്വാതന്ത്ര്യമാണ്. എന്തെന്നാൽ പ്രേമം വിയോജിപ്പിക്കുന്ന അല്ലെങ്കിൽ ഒന്നിക്കുന്ന ഒരു ശക്തി വിശേഷമാണ്. പ്രേമത്തിൽ, പ്രേമികൾ ഒന്നിക്കുന്നു. അതുകൊണ്ടു സോമശേഖരനെ അനുസരിക്കുക. യാതൊരു അപാകവുമില്ല''

ഈവിധം വിരുദ്ധങ്ങളായ വിചാരവീചികളുടെ സംഘട്ടനത്തിൽ അകപ്പെട്ടു ഞാൻ കുഴങ്ങി. നിശ്ചിതവും, സുബദ്ധവും ആയ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ വിഷമിച്ചു. രണ്ടു മാസങ്ങൾ ഇപ്രകാരം കടന്നുപോയി. സോമശേഖരൻെറ അഭിമതാനുസരണം പ്രവത്തിക്കാമെന്നുള്ള അഭിപ്രായം ക്രമേണ അങ്കുരിക്കുകയും, അല്പാല്പമായി വളരുകയും ചെയ്തു. അദ്ദേഹത്തിനെ ഹൃദയനൊമ്പരത്തോടുകൂടി പറഞ്ഞയച്ചതിൽ ഞാൻ സങ്കടപ്പെട്ടു.

കുറച്ചു മാസങ്ങളായി മംഗളം എനിക്കു എഴുതിയിരുന്നില്ല. ഒരു ദിവസം അവിചാരിതമായി ഒരു കമ്പി കിട്ടി. ഹൃദയസ്തംഭനം ഹേതുവായി എൻെറ മകൻ സുന്ദരേശൻ പെട്ടെന്നു മരിച്ചു എന്നായിരുന്നു കമ്പി. എൻെറ മുഖം വിളറുന്നതു മധുരം കണ്ടു. അവൾ കമ്പി വായിച്ചുനോക്കി. തല്ക്കാലം വല്ലായ്മ തോന്നിയെങ്കിലും, ഞാൻ ദുഃഖത്തിൽ മാണ്ടില്ല. മുഖഛായ പോലും പിടികിട്ടാതെ, ഓർമ്മയിൽ നിന്നു നിശ്ശേ

ഷം മാഞ്ഞുസ്വപ്നസമാനമായിരിക്കുന്ന കുട്ടിയെക്കുറിച്ചു ദുഃഖിക്കാൻ യാതൊരു സംഗതികളുമില്ലായിരുന്നു. എന്തുകൊണ്ടോ മധുരത്തിനു കരച്ചിൽ വന്നു.

മധു:-നിഷ്ഠൂരനായ കാലൻ അമ്മയുടെ മകളെയും മകനെയും അപഹരിച്ചതു മഹാകഠിനംതന്നെ. എന്റെ അനുജൻ പൊയ്പ്പോയതു പോലെയുള്ള ദുഃഖം തോന്നുന്നു. അമ്മക്കു നല്ലസഹനശക്തിയുണ്ടു്.

ഞാൻ:- കരഞ്ഞതു കൊണ്ടുഫലമെന്തു്? ജന്മനാ അവൻ രോഗിയായിരുന്നു. ഈ വേർപാടു ഏറക്കുറെ ഉദ്ദേശിച്ചിരുന്നതാണു്.

മധു:_ഇനി അമ്മക്കു ആരുണ്ടു്?

ഞാൻ:-എന്നെ സ്നേഹിക്കാൻ രക്തബന്ധമുള്ളവരിൽ ആരുമില്ലാ. ജീവിതം ഒരുനാടകമാണു്. ഓരോ വേഷക്കാർ രംഗപ്രവേശംചെയ്തു കുറെ കളിച്ചിട്ടു തിരോധാനം ചെയ്യുന്നു.

മധു:- ശേഷംകാലം, അമ്മയുടെ മകളായിട്ടു തന്നെ ജീവിക്കാൻ ഞാൻ തീർപ്പെടുത്തി. എനിക്കും അമ്മവേണമെല്ലൊ.

അല്പനേരത്തേക്കു ഞാൻ വിഷാദമൂകയായിരുന്നു.

ഞാൻ.- ഏതായാലും അധികം താമസിയാതെ മധുരക്കു പോകണം.

മധു:-കൂടെ ഞാനുമുണ്ടു്.

## XXII

ഒരു മാസം കഴിഞ്ഞപ്പോൾ തീവണ്ടിമാർഗ്ഗം മധുരവും ഞാനും മധുരാപട്ടണത്തിൽ എത്തി. സ്റ്റേഷനി

ൽ വച്ചു മധുരം എന്നോടു യാത്രപറഞ്ഞു. എന്റെ അനുമതിയോടുകൂടി തല്ക്കാലത്തേക്കു മാത്രം പിരിഞ്ഞതാണ്. ചിലരെയെല്ലാം കണ്ടു കുറെകാൎയ്യങ്ങൾ ഒത്തുക്കാനുണ്ടെന്നാണ് പറഞ്ഞതു്. എന്റെ താമസം ഉറച്ചുതിനുശേഷം കൂടെ താമസിച്ചു കൊള്ളാമെന്നും, മകളെപ്പോലെ ശിശ്രൂഷാദികൾ നടത്താമെന്നും സമ്മതിച്ചു. മകളെന്ന പോലെ ഞാനും കരുതിയിരുന്ന അവളുടെ വേർപാട് താല്ക്കാലികമെങ്കിലും എന്നെ വേദനിപ്പിച്ചു. എന്റെ പാദങ്ങൾ തൊട്ടു അവൾ കണ്ണിൽവച്ചു. അവളെ ആലിംഗനം ചെയ്തു കണ്ണുനീരോടുകൂടി ചുംബിച്ചു കൊണ്ടു "മകളെ! അമ്മയുടെ അടുക്കലേക്കു കഴിയുന്നത്ര വേഗം നീ വന്നെത്തണം" എന്നു ഞാനും ആശീർവദിച്ചു.

ഞാൻ ഒരു ടോങ്കായിൽ കയറി സോമശേഖരന്റെ വസതിയിൽ എത്തി. അതു ബാങ്കിൽനിന്നു അരമൈൽ അകലെയായിരുന്നു. പെട്ടികളും മററു സാമാനങ്ങളും ബംഗ്ലാവിൽ തന്നെഇറക്കി. അദ്ദേഹം ബാങ്കിലേക്കു പോയിരിക്കയായിരുന്നു. എഴുത്തനുസരിച്ചു മംഗളം എന്നെ പ്രതീക്ഷിച്ചാണിരുന്നതു. അവൾ ഓടിക്കിതച്ചു വന്നുഎന്നെ ആലിംഗനം ചെയ്തു.

ഒരു മാസത്തിനു മുമ്പ് സോമശേഖരന്റെ അമ്മ മരിച്ചുപോയി. എങ്കിലും അദ്ദേഹത്തിന്റെ അപേക്ഷാനുസരണം മംഗളം ഗൃഹഭരണക്കാരിയായി അവിടെതന്നെ കഴിഞ്ഞു. അവളുടെയും യജമാനന്റെയും സ്വഭാവവൈശിഷ്ട്യവും സാത്വികനിലകളും നിമിത്തം ഈ സഹവാസത്തിൽ ഏതൊരു ദോഷദൃഷ്ടിക്കും മാലിന്യലേശംകണ്ടുപിടിക്കാൻ സാദ്ധ്യമല്ലായിരുന്നു.

ഇന്ദ്രിയനിഗ്രഹം സാധിച്ച യതികളെപ്പോലെ ആയിരുന്നു രണ്ടുപേരും.

കുട്ടിയുടെ നിര്യാണത്തെകുറിച്ച മംഗളം അല്പമൊന്നു സൂചിപ്പിച്ചതെ ഉള്ളു. ഈ ദുർഭഗയുടെ വയറ്റിൽ പിറന്നവർക്കു അകാലനാശം സംഭവിക്കാനെന്യായമുള്ളു എന്നു ഞാനും പറഞ്ഞു. പിരിഞ്ഞതിനുശേഷം ഇരുവരുടെയും ജീവിതത്തിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളെകുറിച്ച സംസാരിച്ച ഞങ്ങൾ ഉച്ചവരെ കഴിച്ചു.

ഉച്ചതിരിഞ്ഞപ്പോൾ സോമശേഖരൻ വന്നു. എന്റെ വരവിൽ അദ്ദേഹം പ്രത്യേകമായി ഒരു ഭാവവും പ്രകടിപ്പിച്ചില്ലാ. കുളി കഴിഞ്ഞു ഞങ്ങൾ രണ്ടുപേരും ഒരു മേശമേൽ ഭക്ഷണം കഴിച്ചു. അൽപ സൽപം കുശലങ്ങൾ പറഞ്ഞതല്ലാതെ നീണ്ട സംസാരം ഉണ്ടായില്ലാ. യാത്രാക്ഷീണമുള്ളതുകൊണ്ടു എന്നോടു വിശ്രമിക്കാൻ പറഞ്ഞിട്ടു അദ്ദേഹം വീണ്ടും ബാങ്കിലേക്കുപോയി. ഇരുട്ടിയതിനുശേഷമാണ് തിരിച്ചുവന്നത്. പിന്നീടും ഞങ്ങൾ തമ്മിൽ വലിയ സംഭാഷണത്തിലൊന്നും ഏർപ്പെട്ടില്ലാ. അദ്ദേഹത്തിനു ഇഛാഭംഗവും, നീരസവും ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചു. സോമശേഖരന്റെ മനസ്സു മാറിയെങ്കിൽ, അഭ്യർത്ഥനയെകുറിച്ചുള്ള അനുകൂലതീരുമാനവും, മധുരക്കുള്ള വരവും, സങ്കൽപത്തിൽ ഞാൻ നെയ്തുണ്ടാക്കിയ മോഹന സ്വപ്നങ്ങളും എല്ലാം വിഫലമായല്ലൊ എന്നു ഞാൻ അത്യന്തം ക്ലേശിച്ചു. അന്നു രാത്രിയിൽ നിദ്ര എന്നെ സമീപിച്ചില്ലാ. അടുത്ത പകൽ മുഴവൻ ഹൃദയശല്യത്തിൽ കഴിഞ്ഞു.

പിറേറന്നു സന്ധ്യകഴിഞ്ഞു, അദ്ദേഹം എന്നെ വായനമുറിയിലേക്കു കൂട്ടികൊണ്ടുപോയി. അഭിമുഖമായി രണ്ടു കസാലകളിൽ ഞങ്ങളിരുന്നു പീഠികയൊന്നുംകൂടാതെ കാൎയ്യത്തിലേക്കു തന്നെ അദ്ദേഹം കടന്നു.

സോമ:-സമൎപ്പിച്ചിട്ടു പോന്ന പ്രശ്നത്തെകുറിച്ചു ചിന്തിച്ചതിൽ എന്തുതീരുമാനത്തിലെത്തി?

എന്നിൽ ആശ്വാസം ജനിച്ചു. ഞാൻ ചെറുതായി മന്ദഹസിച്ചു. എങ്ങിനെയാണു് ആരംഭിക്കേണ്ടതെന്നു ആലോചിച്ചു നോക്കി. അദ്ദേഹം ഒരു നെടുവീർപ്പോടുകൂടി സംസാരം തുടർന്നു.

സോമ:-തീരുമാനം പ്രതികൂലമായേക്കുമെന്നാണു് ശങ്ക. പുഞ്ചിരിയും, മൌനവും അതിൻെറ നാന്ദികളാണെന്നു സംശയിക്കുന്നു. പഴയ സ്വാതന്ത്ര്യകാഹളം വീണ്ടും മുഴക്കാനാണൊ ഭാവം. എന്തായാലും ഞാൻ സമാധാനപ്പെട്ടുകൊള്ളാം. ബാങ്കുജോലി കഴിഞ്ഞാൽ പുസ്തകങ്ങളും, ഞാനുമായിട്ടാണു് ഇപ്പോഴത്തെ വേഴ്ച.

ഞാൻ:- (ചിരിച്ചുകൊണ്ടു) പ്രതികൂലമാണെങ്കിൽ ഞാൻ ഇങ്ങോട്ടു വരണമൊ?

സോമ:-ഇങ്ങോട്ടു വന്നതിൻെറ ഉദ്ദേശം ഞാൻ എങ്ങിനെ മനസ്സിലാക്കും?

ഞാൻ:-ഉദ്ദേശം എന്താണെന്നു ധരിപ്പിക്കാം.

സോമ:-എനിക്കു ആശിക്കാൻ വകയുണ്ടൊ?

ഞാൻ:-ഉണ്ടു്. നിരാശക്കു ഒട്ടും വകയില്ല.

തീരുമാനം അനുകൂലമാണെന്നു അറിയിക്കാനാണു് ഞാൻ വന്നതു്. എന്റെ രക്ഷിതാവിനെ ഞാൻ ത്യജിക്കുമൊ?

അദ്ദേഹം ചാടിഎണീററു എന്റെ കൈകൾ രണ്ടും ഗ്രഹിച്ചു.

"പങ്കജം! പൊന്നുപങ്കജം! ഞാൻ ധന്യനായി. ഓമനയെ സംശയിച്ചതു എന്റെ തെററാണു്. പ്രേമാധിക്യം കൊണ്ടുള്ള അവിവേകമായകൊണ്ടു ക്ഷന്തവ്യമാണു്."

ഞാൻ:—അനിശ്ചിതമായ വിഷമാവസ്ഥയിൽ നിറുത്തി, അവിടത്തെ ഇത്രയും കാലം ക്ലേശിപ്പിച്ചതിനു എനിക്കു മാപ്പുതരണം.

ഇത്രയും പറഞ്ഞു ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ നമസ്കരിച്ചു. പാദങ്ങൾ ചുംബിച്ചു. ആനന്ദാവേശംകൊണ്ടു ആ ശുദ്ധാത്മാവു മതിമറന്നു. എനിക്കും കോരിത്തരിപ്പുണ്ടായി.

അധികം വിസ്തരിക്കുന്നില്ലാ. അദ്ദേഹം എനിക്കു സകല സ്വാതന്ത്ര്യങ്ങളും അനുവദിച്ചുതന്നു. എനിക്കു അലോക്യ മുണ്ടാകത്തക്ക, പ്രവർത്തിയൊ, വാക്കൊ, ഭാവനയൊ, യാതൊന്നും ഉണ്ടായില്ലാ. എന്നാലുംഞാൻ ആ ഉത്തമപുരുഷനു വിധേയയായിട്ടു തന്നെ കഴിഞ്ഞു. ആ വിധേയത്വം സ്വാതന്ത്ര്യത്തെക്കാൾ മധുരമായിട്ടുതോന്നി.

ഞങ്ങൾക്കു വന്നുഭവിച്ച സൌഭാഗ്യശ്രീ ഈശ്വരകാരുണ്യമെന്നു വിശ്വസിച്ചു. ഹൃദയങ്ങൾ ഈശ്വരങ്കലേക്കു തിരിഞ്ഞു. രണ്ടുപേരും പതിവായി മീനാക്ഷിക്ഷേത്രത്തിൽ ദർശനം നടത്തിവന്നു. ജീവിത

ത്തിൽ അന്നോവരെ ഉണ്ടായിട്ടില്ലാത്ത നിവൃതിയും, സമാധാനവും എനിക്കനുഭവമായി. എന്തുകൊണ്ടോ, എൻെറ നാലാംദാമ്പത്യത്തെ കുറിച്ച് മംഗളം വിപരീതമൊന്നും ഭാവിച്ചില്ല. പ്രസന്നമായിട്ടാണ് അവൾ പെരുമാറിയതു്.

ഞങ്ങളുടെ ശാന്തജീവിതം വിചരിതികൂടാതെ ഒഴുകിപ്പോയി. ദിവസങ്ങളും, മാസങ്ങളും കഴിഞ്ഞതു അറിഞ്ഞില്ലാ. അന്തസ്സാര വിഹീനമായ പെരുമാററങ്ങളൊ, സംസാരമൊ ഞങ്ങൾക്കില്ലായിരുന്നു. സൌമ്യസുന്ദരമായ സായങ്കാലങ്ങളിലും, ചന്ദ്രികാചർച്ചിതമായ നിശാവേളങ്ങളിലും, തോട്ടത്തിലിരുന്നു, പല ഗഹന വിഷയങ്ങളെ കുറിച്ചും അദ്ദേഹം ചർച്ചചെയ്യുകയും, എൻെറ വിജ്ഞാന സമ്പത്തു വർദ്ധിപ്പിക്കുകയും ചെയ്തു. പ്രൌഢദശയിലെത്തിയ പരിപക്വമിഥുനങ്ങളാണെങ്കിലും പരസ്പരം പ്രേമമകരന്ദം പകരുന്നതിനും മടിയുണ്ടായിരുന്നില്ലാ.

ഇതിനിടക്കു ബാരിസ്റ്റർ വരദരാജനുമായി ഞാൻ അടുത്തു പരിചയപ്പെട്ടു. അയാളുടെ രൂപലാവണ്യവും സ്വഭാവ വിശേഷങ്ങളും മറെറാരു യുവാവിലും ഞാൻ കണ്ടിട്ടില്ലാ. കഷ്ടിച്ചു 27 വയസ്സുള്ള ഒരു കൊച്ചനു ഇത്രത്തോളം മികച്ച പാകതയും, കാര്യവിവരവും ഉണ്ടായതിൽ ഞാൻ വിസ്മയിച്ചു. ഒരു പുത്രനുള്ളതിനെക്കാൾ അതീവ തല്പരതയോടുകൂടി എൻെറ പണ സംബന്ധമായ സകല കാര്യങ്ങളും അയാൾ അന്വേഷിച്ചു. സോമശേഖരൻെറ പല ചുമതലകളും ആ യുവാവിനെയാണ് ഏൾപ്പിച്ചിരുന്നതു്. മധുരയിലെ ഒരു പ്രധാന അഭിഭാഷകനെന്നനിലയിൽ പ്രതിമാസം നി

ഷ് പ്രയാസമായി – 1500–2000 രൂപായിൽ കുറയാതെ വരുമാനവുമുണ്ടായിരുന്നു.

## XXIII

ഇനി മധുരത്തിൻെറ കുശലങ്ങൾ അന്വേഷിച്ചുകളയാം. അവൾ എന്നെ പിരിഞ്ഞിട്ടു ഏകദേശം മൂന്നുമാസങ്ങളായി. ഇതിന്നിടക്കു രണ്ടുപ്രാവശ്യം അമ്മയെ കാണാൻ വന്നിരുന്നു. അവൾ തല്ക്കാലത്തേക്കു താമസിച്ചതു് ബാങ്കിനടുത്തുള്ള ഒരു മഹിളാമന്ദിരത്തിലാണു്. പലപ്പോഴും വഴിയിൽവച്ചു വരദൻ അവളെ കണ്ടു മുട്ടിയിട്ടുണ്ടു്. ഒരിക്കൽ ധൈൎയ്യമവലംബിച്ചു, അയാൾ അവളോടു സംസാരിച്ചു. വരദൻെറ മൂത്ത സഹോദരിയുടെ കുട്ടികളെ പഠിപ്പിക്കുന്നതിന്നും, ശരിയായി വളൎത്തുന്നതിന്നും സ്വഭാവസംസ്കാരമുള്ള ഒരു ഗവൎണ്ണസ്സിനെ അയാൾ അന്വേഷിച്ചു വരികയായിരുന്നു. തേടിയ വള്ളികാലിൽചുററി. കണ്ടടത്തോളം മധുരം പററിയ പുള്ളിയാണെന്നു വരദൻ നിശ്ചയിച്ചു. മാസം 150 രൂപാശമ്പളത്തിൽ അവളെ ആ ജോലിക്കു നിയമിച്ചു. അവരുടെ ഗൃഹത്തിൽ താമസിച്ചു എല്ലാ ചിലവുകളും കഴിയണമെന്നും, കുട്ടികളുടെ കൂടെ സദാ ഉണ്ടായിരിക്കണമെന്നുമായിരുന്നു വ്യവസ്ഥ. ഇതിലേക്കു മധുരം എന്നെ വന്നുകണ്ടു അനുമതിവാങ്ങി. അല്പകാലം കൊണ്ടു അവൾ ഗൃഹനായികയുടെ കണ്ണിലുണ്ണിയായി.

ക്രമേണ വരദൻെറ ഇന്ദ്രിയങ്ങളും, ഹൃദയവും അവളിലേക്കുപാഞ്ഞു തുടങ്ങി. അവൾ കുലീനയും സംസ്കാര സമ്പന്നയും ആണെന്നുംവെറും ജോലിക്കാരിമാത്രമല്ലെന്നും അയാൾ തീൎച്ചപ്പെടുത്തി. അവർ ത

ത്തിലുള്ള സമ്മേളനങ്ങൾ ദിനം പ്രതിയെന്നോണം വർദ്ധിച്ചുവശായി. ദിവസത്തിൽ തന്നെ പലപ്രാവശ്യമായി. ആ യുവഹൃദയങ്ങളിൽ പ്രേമം അങ്കുരിച്ചു: അധികം വർണ്ണിക്കുന്നില്ലാ. ഒരു കൊല്ലത്തിനുള്ളിൽ അവർ പ്രണയബദ്ധരായിത്തീർന്നു.

മധുരത്തിനോടുള്ള അതിവാത്സല്യവും, അഭിനന്ദനവുംകൊണ്ടു ഈ യുവാക്കളുടെ ദാമ്പത്യം വരദൻെറ സഹോദരിക്കു സമ്മതമായിരുന്നു. അയാൾ തനിക്കു താൻ പോന്നവനായതു കൊണ്ട് തൻെറ കാര്യം നിശ്ചയിക്കാനുള്ള അധികാരിയായിരുന്നു. മധുരത്തിനു എന്നോടല്ലാതെ മററാരോടും ചോദിക്കേണ്ട ആവശ്യമില്ലായിരുന്നു. അതും ഔപചാരികമായി മാത്രം. എങ്കിലും ലോക മര്യാദാനുസരണം വേണ്ടപ്പെട്ടവരെ നേരത്തെ തെര്യപ്പെടുത്തിക്കളയാമെന്നു, അവർ രണ്ടുപേരും നിശ്ചയിച്ചു.

വസ്തുത എന്നെയും സോമശേഖരനെയും അറിയിക്കാനായി, വരദനും, മൂത്തസഹോദരിയും, മധുരവും കൂടി ഒരു വൈകുന്നേരം അവിടെവന്നു. കാര്യങ്ങൾ വഴിയാംവണ്ണം പറഞ്ഞുപറഞ്ഞു, കുരുക്കുകൾ അഴിഞ്ഞപ്പോഴാണ് അതുവരെ ഒളിഞ്ഞു കിടന്ന രഹസ്യങ്ങൾ പുറത്തുവന്നതു്. വരദൻ മററാരുമല്ലാ. എൻെറ ഒന്നാമത്തെ അണ്ണൻെറ പുത്രനാണെന്നു വെളിപ്പെട്ടു. ഒരു കാളറാ ദിനത്തിൽ ആ ജ്യേഷ്ഠനും, ഭാര്യയും അകാലമരണം പ്രാപിച്ചു. പൊതുജനാരോഗ്യരക്ഷാധികാരികൾ മെണ്ടുകാർ മകനേയും, മകളെയും കുത്തിവയ്പുനടത്തി, മധുരയിൽ സ്ഥാപിച്ചിരുന്ന ക്യാമ്പിലേക്കയച്ചു. എൻെറ രണ്ടാമത്തെ ജ്യേഷ്ഠൻ അവരൊന്നിച്ചു പോ

ന്നു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം നാടുവിട്ടു. പിന്നീട് യാതൊന്നും കേട്ടിട്ടില്ല.

മധുരയിൽ എത്തുന്ന കാലത്തു വരദനു 14 വയസ്സുണ്ടായിരുന്നു. മട്രിക്കുലേഷൻ ജയിച്ചതിനുശേഷം, അയാൾ അച്ഛന്റെ സമ്പാദ്യത്തിൽ നിന്നു പണം ചിലവാക്കി നേരെ സീമക്കുപോയി. അച്ഛനു സാമാന്യം വലിയ സമ്പത്തുണ്ടായിരുന്നു. സഹോദരിയെ ബാലികാ മന്ദിരത്തിൽ ആക്കി. വരദന്റെ അച്ഛന്റെ പണങ്ങൾ "ലക്ഷ്മീവിലാസം" ബാങ്കിലാണ് നിക്ഷേപിച്ചിരുന്നത്. ആ ബന്ധത്തിൽ കൂടിയാണ് സോമശേഖരനുമായി അടുപ്പമുണ്ടായതു്. 4കൊല്ലത്തിനുള്ളിൽ വരദൻ ബാരിസ്റ്റരായി. മററു ചില ബിരുദുകളും കരസ്ഥമാക്കി. തിരിച്ചുവന്നു രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ സഹോദരിയെ, ഇമ്പീരിയൽ ബാങ്കുകാഷിയർ, ഒരു ഭക്തവത്സലം വിവാഹം ചെയ്തു. അയാൾക്കു 6000 രൂപാ സ്ത്രീധനം വരദൻ തന്നെ കൊടുത്തു.

വരദൻ എന്റെ നേരെ മരുമകനാണെന്നറിഞ്ഞപ്പോൾ മുമ്പുണ്ടായിരുന്ന വാത്സല്യം ഇരട്ടിച്ചു. എന്റെയും, വരദന്റെയും സിരകളിൽക്കൂടി പായുന്ന രക്തം ഒന്നാണെന്നുള്ള വസ്തുതയിൽ എനിക്കു ക്രമത്തിലധികം അഭിമാനമുണ്ടായി. അയാളുടെ അച്ഛന്റെ ഏകസഹോദരി-അതായതു് അമ്മായി-വളരെകൊല്ലങ്ങൾക്കുമുമ്പു കാലഗതിയെ പ്രാപിച്ചു എന്നാണ് ധരിച്ചിരുന്നതു്. ആ അമ്മായി ഞാൻ തന്നെയെന്നു തെളിഞ്ഞപ്പോൾ വരദൻ അത്ഭുതപരവശനായി.

വരദനും മധുരവും തമ്മിലുള്ള കല്യാണനിശ്ചയം എനിക്കും സോമശേഖരനും അനല്പമായ ആനന്ദ

മുളവാക്കി. എൻെറ ദത്തുപുത്രിക്കു അനുരൂപനായ വരനും, ഐശ്വൎയ്യപദവികളും, ലഭിച്ചതിൽ, ദേവിയെ ഞാൻ ഉള്ളഴിഞ്ഞു വാഴ്ത്തി. മധുരം ഭാഗ്യം തികഞ്ഞ ഒരു പെൺകൊടിയാണെന്നു ഞാൻ ആദ്യം മുതല്ക്കു തന്നെ തീർച്ചപ്പെടുത്തിയിരുന്നതാണു്.

സൎവ്വശക്തൻെറ അത്ഭുതവിളയാട്ടങ്ങൾ പിന്നേയും നടന്നു. മധുരത്തെ ഞാൻ ആശീർവദിക്കുകയും, മുരുകേശൻ, പനനീർപൂങ്കവിളുകളിൽ ചുംബിക്കുകയും ചെയ്ത സന്ദർഭത്തിൽ പുറത്തുപോയിരുന്ന മംഗളം വന്നു കയറി. അപ്പോൾ അവൾ കേട്ടതായ എൻെറ വാക്കുകൾ ഇവയായിരുന്നു:-

"മകളേ! മധുരം! നിൻെറ സൌഭാഗ്യത്തിൽ എനിക്കു അളവററ ആനന്ദമുണ്ടു്. ഞാൻ പ്രസവിച്ച മകളുടെ ഭാഗ്യത്തിൽ ഇതിൽ കൂടുതൽ ആനന്ദിക്കയില്ലാ."

ഒരു പ്രത്യേകതയോടുകൂടി മംഗളം എല്ലാവരെയും മാറിമാറി നോക്കിക്കൊണ്ടുനിന്നു. വിശേഷിച്ചും മധുരത്തിനെ ആപാദചൂഡം പലവുരു സൂക്ഷിച്ചുനോക്കി. എൻെറ വാക്കുകൾ അവൾ കേട്ടിരുന്നു. എൻെറ വാത്സല്യപ്രകടനങ്ങൾ കണ്ടിരുന്നു.

അതൊരു സുമുഹൂൎത്തമായിരുന്നു. അകാരണമായി മംഗളത്തിൻെറ കണ്ണുകളിൽ, നിന്നു അശ്രുക്കൾ ധാരധാരയായി പ്രവഹിച്ചു. സംഗതിയെന്തെന്നും ആർക്കും മനസ്സിലായില്ലാ. കണ്ണുകളും, മുഖവും തുടച്ചിട്ടു ഒരു ധീരകൃത്യത്തിനൊരുമ്പെടുന്നപോലെ, എൻെറ നേരെ തിരിഞ്ഞു.

"കൊച്ചമ്മേ! താങ്ങാൻ വഹിയാത്ത കോരിത്തരിപ്പുകൊണ്ടു എനിക്കു വല്ലാതെ കുളിരുന്നു. ഒച്ചയടഞ്ഞുപോകുന്നു. നെഞ്ചിനുള്ളിൽ കടുത്ത ബിംബിഷ്ടം"

എല്ലാവക്കും പരിഭ്രമമായി. മംഗളത്തെ താങ്ങിക്കിടത്തി പ്രഥമ ശുശ്രൂഷകൾ നടത്തുന്നതിനായി, ഞാനും മധുരവും അടുത്തു ചെന്നു.

മംഗ:—എനിക്കു സുഖക്കേടൊന്നുമില്ല. പ്രസരിപ്പിന്റെ തള്ളൽകൊണ്ടാണു് വിഷമിക്കുന്നതു്.

പ്രകൃതമെന്തെന്നു ആക്കും പിടികിട്ടിയില്ല.

മംഗളം തുടൎന്നു "ദേവി മീനാക്ഷി കരുണാനിധിയാണു്. തായേ! അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായികേ! അമ്മയുടെ അപാരമഹിമയും, ലീലാവിലാസങ്ങളും അത്യത്ഭുതം തന്നെ. ഇങ്ങിനെയെല്ലാം വന്നു സംഭവിക്കുമെന്നു ആരു വിചാരിച്ചു."

മററുള്ളവർ അമ്പരന്നു നിന്നു. ശ്വാസത്തിന്റെ ഗതിവിഗതികൾ നിലച്ചു. ശരീരങ്ങൾ വിയർത്തു. ഹൃദയങ്ങൾ ത്രസിച്ചു.

മംഗ:—ഈ നില്ക്കുന്ന മധുരത്തെ നിങ്ങളാരും അറിയുകയില്ല. എനിക്കു നല്ലവണ്ണം അറിയാം. ആകാശമദ്ധ്യത്തിൽ ഉജ്വലിക്കുന്ന സൂൎയ്യനെയൊ, എന്നെയോ, കൊച്ചമ്മയെയൊ അറിയുന്നതുപോലെ അത്രക്കു വ്യക്തമായി അറിയാം. കൊച്ചമ്മ മറന്നുപോയതിൽ അശേഷം അത്ഭുതമില്ല. ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഞാൻ കണ്ട ഓമനമുഖത്തിനു മാററമില്ല. പുഷ്ടിമത്തായ താരുണ്യക്കൊഴുപ്പും, ലാവണ്യ

വിലാസങ്ങളും ശരീരമാകമാനം കളിയാടുന്നുണ്ടെങ്കിലും, മുഖം അതു തന്നെ. ഉഷസ്സുപോലെ നിർമ്മലമായ ഈ മുഖം എന്നും വിശുദ്ധിയുടെ കണ്ണാടിയാണ്. എൻെറ പൊന്നുകുഞ്ഞേ! മീനാ! പെററമ്മയുടെ പാവന പാദങ്ങളിൽ നമസ്കരിക്കുക.

ഞാൻ ഒന്നു രണ്ടടി ഞെട്ടി. എൻെറ തല കറങ്ങി. "ഏതു മീനാ! ഏതുമീനാ!" എന്നു പരിഭ്രാന്തിയോടു കൂടി വാവിട്ടു വിളിച്ചു.

മംഗ:--കൊച്ചമ്മയുടെ പൊന്നുമകൾ മീനാ—ആദ്യമായി വയററിൽ കിടന്ന മീനാ—കൊച്ചമ്മ നൊന്തു പ്രസവിച്ച മീനാ—എന്താണിത്ര സംശയം. സൂര്യൻെറ ഉദയാസ്തമനങ്ങൾ ശരിയാണെങ്കിൽ ഇതും ശരിയാണ്.

എനിക്കു ഭ്രാന്തുപിടിച്ചപോലെ തോന്നി. അപ്പോഴത്തെ അനുഭവം, ഭ്രാന്തിയൊ, സ്വപ്നമൊ, ജാഗ്രത്തോ, എന്തെന്നറിയാതെ കുഴങ്ങി. ഉരുണ്ടുമിഴിക്കുന്ന കണ്ണുകളും, അഴിഞ്ഞു ചിതറിയ തലമുടിയും, എൻെറ വെപ്രാളങ്ങളും, ഒക്കെക്കൂടെ അപസ്മാരബാധയുടെ വികൃതചേഷ്ടകളായിരുന്നു.

മംഗ:—കൊച്ചമ്മ പരിഭ്രമിക്കരുത്. ശാന്തമാകണം. സംശയനിവൃത്തിക്കായി ഞാൻ അടയാളങ്ങൾ കാണിച്ചുതരാം. കൊച്ചമ്മ ഓർക്കുന്നുണ്ടൊ എന്തോ? കൊല്ലങ്ങൾ എത്ര കഴിഞ്ഞു. മനസ്സൂന്നി ഓർമ്മിച്ചു നോക്കുക. മീനക്കുഞ്ഞിൻെറ പുറത്തു ഇടതുവശമായി ഒരു രൂപാവട്ടത്തിൽ ഒരു മറുകുണ്ടായിരുന്നില്ലേ? കുട്ടിക്കുസൃതികൊണ്ടുണ്ടായ വീഴ്ചയിൽ ഒരു പല്ലുപോയിട്ടുള്ളതും നോക്കുക.

ഇത്രയും പറഞ്ഞിട്ടു, അന്തംവിട്ടു മരവിച്ചു നില്ക്കുന്ന മധുരത്തെ മംഗളം പിടിച്ചു എൻെറ അരികിൽ പുറംതിരിച്ചു നിറുത്തി. കുഞ്ഞിൻെറ കരഞ്ഞു വീത്ത കണ്ണുകളും, അരുണിമപൂണ്ട കവിൾത്തടങ്ങളും ഇന്നും ഞാൻ തെളിഞ്ഞുകാണുന്നു. ഇടത്തുചുമലിൽക്കൂടി ഇട്ടിരുന്ന സാരിത്തല ഊരി താഴോട്ടിട്ടു. ഒരു മരപ്പാവയെപ്പോലെ അവൾ നിന്നു. ബ്ളൗസിൻെറ സൂചികൾമാററി, മേല്പോട്ടു വലിച്ചു. മധുരത്തിൻെറ അല്ലാ മീനയുടെ, പരിപുഷ്ടമായ നിതംബപ്പരപ്പും, താരുണ്യത്തിളപ്പുകൊണ്ടു വിജൃംഭിച്ചു തുള്ളിത്തുളുമ്പുന്ന വക്ഷോജകനകകുംഭങ്ങളും പ്രത്യക്ഷപ്പെട്ടു. അപ്പോൾ മാത്രം വ്രീളാഭാരത്താൽ അവൾ ആനമ്രമുഖിയായി. അശ്രുപൂർണ്ണനയനങ്ങളോടുകൂടി എൻെറ തങ്കക്കുട്ടിയുടെ മറുക ഞാൻ കണ്ടു. പവിഴാധരങ്ങൾ വിടർത്തിയപ്പോൾ ദന്തമുത്തുകളിൽ ഒന്നു കണ്ടില്ലാ. ലവലേശം സംശയത്തിനു വകയില്ലായിരുന്നു.

പരിസരങ്ങൾ പാടെ അവഗണിച്ചു, ആനന്ദലഹരിയിൽ മുഴുകി, എൻെറ മധുരത്തിനെ അല്ലാ, എൻെറ മീനയെ, എൻെറ പോന്നോമന മകളെ ഞാൻ വീണ്ടും വീണ്ടും അത്യുൽക്കടമായ ആവേശത്തോടുകൂടി കെട്ടിപ്പുണർന്നു. അവളുടെ തുടുതുടുത്ത കവിൾത്തടങ്ങളിലും, പേലവച്ചുണ്ടുകളിലും വാർകൂന്തൽക്കെട്ടിലും മാറി മാറി കണക്കില്ലാതെ ചുംബിച്ചു. എൻെറ നയനാംബുവിൽ അവളെ കുളിപ്പിച്ചു. അവളുടെ കണ്ണുനീരിനാൽ എൻെറ മുഖവും മാറിടവും നനയ്ക്കപ്പെട്ടു. മൃണാളകോമളമായ കനകക്കരവല്ലികളാൽ അവൾ മാതാവിനെ ഗാഢമായി ആലിംഗനം ചെയ്തു

മുറുകിപ്പിടിച്ചു. "എൻെറ പൊന്നമ്മയെ ഇനിഞാൻ വിടുകയില്ലാ" എന്നായിരുന്നു ആ ആശ്ലേഷത്തിൻെറ താല്പര്യം. ധാരധാരയായി ലോഭമില്ലാതെ ഒഴുകിയ ഇത്രമാത്രം അശ്രു എവിടെ ഉറക്കെട്ടിക്കിടന്നിരുന്നു എന്നു ഇന്നും എനിക്കറിഞ്ഞുകൂടാ. അത്യന്തം ഹൃദയസ്പൃക്കായ ആ മഹാരംഗത്തിൽ എല്ലാനയനങ്ങളും ബാഷ്പാങ്കിതങ്ങളായി. മംഗളം ഏങ്ങിക്കരഞ്ഞു. ആ കമാനം ആനന്ദകണ്ണുനീരിൻെറ പ്രവാഹമായിരുന്നു.

ഏതാനും നിമിഷങ്ങൾ, ആ സ്തംഭനാവസ്ഥ അങ്ങിനെ നിലകൊണ്ടു

ഞാൻ:-- എൻെറ തങ്കക്കുടമെ! ഹൃദയമില്ലാത്ത ഈ അമ്മ രണ്ടു കൊല്ലത്തോളം നിന്നെ വേലക്കാരിയാക്കി. അറിവില്ലായ്മകൊണ്ടു എൻെറ തങ്കമണിയെ വിസ്മരിച്ചു. കണ്ണുണ്ടെങ്കിൽ കാണത്തക്കവണ്ണം പ്രകൃതി ചില അപൂർവ്വസൂചനകൾ നൽകിയിരുന്നു. അഹങ്കാരവിമൂഢയായ ഈ പൊട്ടിയുണ്ടോ അതറിയുന്നു. കാട്ടുമൃഗമായ ഈ നീചയുടെ വിവേകശൂന്യതയും കടുപ്പവും എൻെറ പൊന്നുമകൾ ക്ഷമിക്കണം. അമ്മയായിരിക്കാൻ ഇവൾക്കു അർഹതയില്ലാ.

മീനാ:-- എൻെറ തെററാണ് പൊന്നമ്മ ക്ഷമിക്കേണ്ടതു്. ഞാൻ എൻെറ പെററമ്മയെ അറിഞ്ഞില്ലല്ലൊ. അമ്മയുടെ വേലക്കാരിയാകാൻ യോഗമുണ്ടായതിൽ എനിക്കു കൃതാൎത്ഥതയും അഭിമാനവും ഉണ്ടു്. അമ്മയുടെ പാദാരവിന്ദങ്ങളിൽ ഞാൻ വീണ്ടും വീണ്ടും നമിക്കട്ടെ—കണ്ണുനീരിനാൽ പാദപ്രക്ഷാളനം നടത്തട്ടെ.

പറഞ്ഞതുപോലെ അവൾ പ്രവർത്തിക്കുകയും, എന്നെ കൂടുതൽ അവശയാക്കുകയും ചെയ്തു.

ഞാൻ:—സംഭവിച്ചതെല്ലാം അത്ഭുതങ്ങളാണ്. എന്നാൽ ഒരു സംഗതി അത്യാശ്ചര്യകരമായിരിക്കുന്നു. അറിയാതെ, നാമിരുവരും, അമ്മയും മകളുംപോലെ കഴിയണമെന്നു, ആദ്യദിവസം തന്നെ നിശ്ചയം ചെയ്തല്ലൊ. അതു പ്രകൃതിയുടെ നിയോഗമായിരുന്നു.

മംഗ:—പ്രകൃതിക്കും അടിസ്ഥാനമായ ദേവിമീനാക്ഷിയുടെ കരുണാവിലാസങ്ങളെന്നുപറയണം. അദൃശ്യമായ ആ കരുണാകരങ്ങളുടെ അനുഗ്രഹമാണ് അനുഭവമായതു്. ഇനിയും ഇതുപോലെ അത്ഭുതങ്ങൾ സംഭവിക്കും.

മംഗളം സോമശേഖരൻെറ മുഖത്തു നോക്കി പുഞ്ചിരിയിട്ടു. അദ്ദേഹത്തിനും പുഞ്ചിരിയുണ്ടായി. എന്താണ് കാര്യമെന്നു മനസ്സിലായില്ല.

ഞാൻ വരദൻെറ കരങ്ങൾ ഗ്രഹിച്ചു അയാളെ മാറോടണച്ചു ചുംബിച്ചു.

ഞാൻ:—നിൻെറയും, എൻെറയും ശരീരങ്ങളിൽ സഞ്ചരിക്കുന്നതു ഒരേ രക്തമാണ്. രക്തബന്ധമുള്ള മീനയും, നീയും തമ്മിൽ ദാമ്പത്യബന്ധത്തിനു ഇടവരുമെന്നു ആരു വിചാരിച്ചു? കാണുന്നതിനു മുമ്പുതന്നെ മാതാവിനെപ്പോലെ എന്നെ കരുതിയതു, മംഗളം പറഞ്ഞതുപോലെ, ജഗദീശ്വരിയുടെ വിലാസം തന്നെ.

വരദ:—അമ്മായിയാണെങ്കിലും, എൻെറ അമ്മയായിട്ടു തന്നെ എന്നും കരുതും. എൻെറ മീനയുടെ അമ്മ എൻെറയും അമ്മയാണല്ലൊ.

വിവാഹം എവിടെ വച്ചു നടത്തണമെന്നുള്ള വിഷയം ഞങ്ങൾ ആലോചനക്കെടുത്തു. വധുവിൻെറ വീട്ടിൽ വച്ചു നടത്തുന്നതാണു് മുറയെന്നു ഞാൻ അഭിപ്രായപ്പെട്ടു. വരദനും, സഹോദരിയും അതു സമ്മതിച്ചു. വധുവിൻെറ വീടെന്നു ഞാൻ ഉദ്ദേശിച്ചതു സോമശേഖരൻെറ ഭവനമാണു്. മീനയെ എൻെറ കൂടെ നിർത്തി.

15 ദിവസം കഴിഞ്ഞു ഒരു ശുഭമുഹൂർത്തത്തിൽ ഞങ്ങളുടെ വസതിയിൽ വച്ചു, എൻെറ ചിലവിൽ കല്യാണം മംഗളമായി നടന്നു. 5000 രൂപാ ഞാൻ സ്ത്രീധനം കൊടുത്തു. അതു കയ്യിൽ വാങ്ങാൻ വരദന മടിയായിരുന്നു. ആ സംഖ്യ മീനയുടെ പേരിൽ ഞാൻ ബാങ്കിലിട്ടു. സോമശേഖരൻെറ വകയായി 2000 രൂപായും അവളുടെ പേരിൽ നിക്ഷേപിച്ചു.

കല്യാണം കഴിഞ്ഞു യുവദമ്പതിമാർ ഒരാഴ്ച എന്നോടു കൂടി താമസിച്ചു. പിന്നീടു ഭർത്തൃഗൃഹത്തിലേക്കു പോയി. പോകുന്ന സമയം വരദൻെറ സഹോദരി നേരമ്പോക്കായി പറഞ്ഞു.

"മീനാ! കുട്ടികളുടെ ഗവർണ്ണെസ്സും, അദ്ധ്യാപികയുമായിട്ടാണല്ലോ നീ വീട്ടിൽ വന്നുകയറിയതു്. ആ ഉദ്യോഗം തുടർന്നുപോകട്ടെ. വെറുതെ ജോലി ചെയ്യണ്ടാ. നിശ്ചയിച്ചിട്ടുള്ള ശമ്പളം തന്നുകൊണ്ടിരിക്കും"

വരദൻെറ കൊച്ചുമരുമകൾ ലക്ഷ്മി കുസൃതിക്കുട്ടിക്കയും, കൊച്ചുശ്രീമയും ആയിരുന്നു. അവളും തമാശയുണ്ടാക്കി.

"സാറെ! സാറെ! പഠിപ്പിച്ചില്ലെങ്കിൽ അമ്മാവൻ ശമ്പളം തരികയില്ലാ-അമ്മായിയെന്നു വിളിക്കാൻ എനിക്കു പ്രയാസമാണ്-എന്നും സാറാണ്. അല്ലെങ്കിൽ അമ്മാവൻ പറയട്ടെ."

ഇതിനു വരദൻെറ മറുപടി, ആ കുണ്ടാമണ്ടികുട്ടക്കയെ വാരിയെടുത്തു., ശക്തിമത്തായി രണ്ടു മൂന്നു ചുംബനങ്ങൾ കൊടുക്കുകയായിരുന്നു.

ഞാൻ:—മീനാ! നീ മധുരവും മീനാക്ഷിയും കൂടി ചേർന്നതാണ്. അതായത്തു മധുരമീനാക്ഷി.

മീനാ കീഴോട്ടുനോക്കി പുഞ്ചിരി തൂകി. മാംസളമായ ഗണ്ഡസ്ഥലങ്ങളിൽനുണക്കുഴികൾ തെളിഞ്ഞു.

## XXIV

എനിക്കും, സോമശേഖരനും ദേവിയിലുള്ള വിശ്വാസവും, ഭക്തിയും ദശഗുണീഭവിച്ചു. മീനാക്ഷി ക്ഷേത്രത്തിൽ ഞങ്ങൾ മുടങ്ങാതെ കാലത്തും, വൈകുന്നേരവും ദർശനം നടത്തി. മദ്ധ്യവയസ്കരാണെങ്കിലും നവദാമ്പത്യത്തിൻെറ ഉല്ലാസം ഞങ്ങൾക്കുമുണ്ടായിരുന്നു. എൻെറ ശുക്രദശ അക്കാലത്തായിരുന്നു. നല്ല മനസ്സമാധാനത്തോടുകൂടി ഞങ്ങൾ കഴിഞ്ഞു. കുറെ പവനും, തങ്കക്കാശുകളും, പട്ടുവസ്ത്രങ്ങളും ഞങ്ങൾ ദേവിയുടെ നടക്കു വച്ചു.

പ്രത്യേക വിശേഷങ്ങളൊന്നും കൂടാതെ ഒരു കൊല്ലം കഴിഞ്ഞു. പല വിഷയങ്ങളെക്കുറിച്ചും ഞാനും മംഗളവും തമ്മിൽ കൂടക്കൂടെ സംവാദങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ദിവസം ഇപ്രകാരം തുടങ്ങി.

മംഗ:– ജമീൻ പിരിഞ്ഞതിനുശേഷം കൊച്ചമ്മക്കു ഗൃഹസ്ഥാശ്രമം ഉണ്ടാകയില്ലെന്നാണു് ഞാൻ വിചാരിച്ചതു്

ഞാൻ:– ഞാനും അങ്ങിനെതന്നെ വിചാരിച്ചു. സ്വാതന്ത്ര്യമായി കഴിയണമെന്നായിരുന്നു എൻെറ നിശ്ചയം. "അന്യഥാചിന്തിതം കാര്യം ദൈവ മന്യത്ര ചിന്തയേൽ" എന്നുണ്ടല്ലൊ.

മംഗ:– ശരിതന്നെ. എന്തായാലും സ്വാതന്ത്ര്യയായി കഴിയണമെന്നു ഞാൻ ദൃഢവ്രതം എടുത്തിരിക്കയാണു്

ഞാൻ:–സ്വാതന്ത്ര്യം എന്നുദ്ദേശിക്കുന്നതു വിവാഹം കൂടാതെ കഴിയണമെന്നു മാത്രമാണൊ?

മംഗ:–അതെ

ഞാൻ:– വാർദ്ധക്യത്തിലും നിസ്സഹായാവസ്ഥകളിലും ആരാണു് തുണ? പ്രത്യേകിച്ചും രോഗം പിടിപെട്ടാൽ ആരു ശുശ്രൂഷിക്കും?

മംഗ:–ആശുപത്രിക്കാർ ശുശ്രൂഷിക്കും. എല്ലാ സ്ത്രീകളും ജീവിക്കുന്നതു് ഭർത്താക്കന്മാരുടെ ശുശ്രൂഷ കൊണ്ടാണൊ? വാർദ്ധക്യത്തിലും ഏതു വിഷമാവസ്ഥയിലും, യഥാർത്ഥത്തിൽ, പരംപൊരുളിൻെറ തുണയെ നമുക്കുള്ളൂ. മററു സങ്കല്പങ്ങളും കരുതലുകളും വിഭ്രമമാണു്.

ഞാൻ:–നിൻെറ ഹൃദയം പുരുഷനിലേക്കു എപ്പോഴെങ്കിലും പ്രവഹിച്ചിട്ടുണ്ടൊ?

മംഗ:–ഉണ്ടു്. ഒരിക്കൽമാത്രം. 17 വയസ്സായിരുന്നപ്പോൾ അടുത്ത വീട്ടിലുള്ള ഒരു കർഷക യുവാവി

നെ ഞാൻ കലശലായി സ്നേഹിച്ചു. എൻെറ പിതാവിൻെറ വിസമ്മതം നിമിത്തം അതുഫലപ്രാപ്തിയിൽ എത്തിയില്ലാ. അതിൽപിന്നെ ഒരു പുരുഷനെയും പ്രേമിച്ചിട്ടില്ലാ. എൻെറ ഹൃദയം ദൈവത്തിങ്കൽ സമർപ്പിച്ചിരിക്കയാണു്. ഒന്നു കൊണ്ടും അതു തിരിച്ചെടുക്കയില്ലാ.

ഞാൻ:— അപ്പോൾ നിൻെറ ജീവിതലക്ഷ്യം എന്താണു്?

മംഗ:—അതെന്താണെന്നു ചിലപ്പോഴെല്ലാം ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ജീവിതലക്ഷ്യം ആത്മസാക്ഷാൽക്കാരമാണെന്നു് ശങ്കരഭക്തൻ ബോധിപ്പിച്ചിട്ടുണ്ടു്. ലക്ഷ്യം വിസ്മരിച്ചു വിഷയങ്ങളിൽ ഞാൻ കളിക്കയില്ലാ.

ഞാൻ:—ആത്മസാക്ഷാൽക്കാരം സിദ്ധിക്കുന്നതിനു് നീഎന്താണു് അനുഷ്ഠിക്കുന്നതു്"?

മംഗ:— ഇപ്പോൾ എനിക്കുള്ള ലക്ഷ്യം സഗുണമാണു്. മീനാക്ഷിദേവി. ശങ്കരഭക്തൻെറ ഉപദേശാനുസരണം. ഹൃദയം കൊണ്ടു് ഞാൻ സഗുണോപാസന നടത്തുന്നുണ്ടു്.

ഞാൻ:— സഗുണോപാസന കൊണ്ടു ആത്മസാക്ഷാൽക്കാരം സിദ്ധിക്കുമൊ?

മംഗ:— ചിത്തശുദ്ധിയുണ്ടാകും. ഹൃദയം വികസിച്ചു ഉപരിമണ്ഡലങ്ങളിലേക്കു ഉയരും. വഴിതെളിഞ്ഞു കിട്ടും. ഹൃദയത്തിൻെറ സംസ്കരണവും വികാസവും ആത്മീയ വളർച്ചക്കു അത്യന്താപേക്ഷിതമാണു്. സഗുണോപാസന കൊണ്ടു ഉത്തമാധികാരി

യാകുമ്പോൾ ആത്മതത്വം ബോധിപ്പിച്ചു ജ്ഞാനം തെളിക്കാൻ സൽഗുരു ഉണ്ടാകുമെന്നു ശങ്കരഭക്തൻ ഉറപ്പുപറയുന്നു.

ഞാൻ:- ഈ ശങ്കരഭക്തൻ ആരാണു്? എവിടന്നു വന്നു?

മംഗ:-അദ്ദേഹം പരമശാന്തനായ ഒരു ഭക്താത്തമനും സിദ്ധനുമാണു്. ഇപ്പോഴും സാധനയിൽ ഇരിക്കുന്നു. ജ്ഞാനത്തിൽ പ്രതിഷ്ഠ വന്നിട്ടില്ലെന്നും അതിലേക്കു സൽഗുരുസന്നികടത്തിൽ ഗുരുകാലവാസം ചെയ്യാൻ പോകയാണെന്നും അദ്ദേഹം പറയുകയുണ്ടായി.

ഞാൻ:-ഏതു സൽഗുരുവിൻെറ അടുക്കലൊണു്? ശങ്കരഭക്തൻ എവിടന്നാണു് വന്നതെന്നു നീ പറഞ്ഞില്ലാ.

മംഗ:-ശങ്കരഭക്തൻ മലയാളിയാണു്. മലയാളഭാഷയിൽ നല്ലപാണ്ഡിത്യമുണ്ടു്. കൃഷ്ണഭക്തനാണു്. കൃഷ്ണപരമായും, തത്വപരമായും അതിമധുരമായ പദ്യങ്ങൾ ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കുന്നതു അദ്ദേഹത്തിനു പരമാനന്ദമാണു്. അദ്ദേഹത്തിൻെറ സൽഗുരുവെന്നു പറഞ്ഞതു് ബ്രഹ്മാനന്ദതൃപ്പാദങ്ങളാണു്. അവിടന്നു ഒരു പരമഹംസനത്രേ. കന്യാകുമാരിക്കു സമീപം തിരുവിതാംകൂറിൽ താമസിക്കുന്നു.

ഞാൻ:- പ്രപഞ്ചവും ആത്മവസ്തുവും തമ്മിലുള്ള ബന്ധമെന്തു്

മംഗ:-ശരിയായിട്ടു പറയാൻ എനിക്കറിഞ്ഞുകൂടാ. കേട്ടിട്ടുള്ളതു പറഞ്ഞുനോക്കാം. വിഷയങ്ങളുടെ

ചേരുവയാണു് പ്രപഞ്ചം. നാമരൂപങ്ങളാണ് വിഷയം. വിഷയമെന്നനിലയിൽ വിഷയത്തിനു സത്യത്വമില്ലാ. വിഷയം പ്രതീതിയാണു്. നാമരൂപങ്ങൾ പ്രതീതികളാണു്. പശ്ചാത്തലമായ ആത്മവസ്തുമാത്രമാണു് സത്യം. ഉദാഹരണമായി ജലത്തെഎടുക്കാം. ജലത്തിലുള്ള പ്രതീതികളാണു്, വികാരങ്ങളാണു്, സമുദ്രം, കായൽ, നദികൾ, കുളങ്ങൾ, തിരകൾ, മുതലായവ. അവയുടെ പശ്ചാത്തലംജലം. ജലംമാത്രം സത്യം നാമരൂപങ്ങൾകൊണ്ടു ജലം മററചിലതായിത്തീരുന്നു. എന്നു് തോന്നുന്നതാണു്. ജലത്തിനു വ്യത്യാസം സംഭവിച്ചിട്ടില്ല. നാമരൂപങ്ങൾ മാററിയാൽ ശേഷിക്കുന്നതുജലംമാത്രം. "ബ്രഹ്മസത്യം ജഗത് മിഥ്യാ'' എന്നു മഹത്തുക്കൾ പറഞ്ഞിട്ടുള്ളതു ഈ തത്വമാണു്.

ഞാൻ:- മതി മതി നീ ചൂണ്ടുന്ന ഹിമാലയൻ ശൃംഗങ്ങൾ, എൻെറ ബുദ്ധിക്കു ദുർഗ്ഗമമാണു്. ദുസ്തരണമാണു്. തലകറങ്ങുന്നു.

മംഗ:- അല്പംപരിചയംകൊണ്ടു ഇതെല്ലാം സുഗ്രഹവും മധുരവുമായിട്ടു തോന്നും

ഞാൻ!-എന്തോ പ്രപഞ്ചത്തോടുള്ളപററ് ഇനിയും, എനിക്കു വിട്ടിട്ടില്ലാ. കൽക്കട്ടായിൽ വച്ചു പല ആത്മീയ ഗ്രന്ഥങ്ങളും വായിച്ചു. അവയുടെ പരമാൎത്ഥം പോയിട്ടു, പദാൎത്ഥംപോലും, ശരിയായി മനസ്സിലായില്ല. അതിൻെറയെല്ലാം സാരസംഗ്രഹം ഏതാണ്ടു് നീപറയുന്നതു് പോലെ ഒക്കെ ആയിരിക്കുമെന്നു ഊഹിക്കുന്നു.

മംഗ:– എന്തായാലും കൊച്ചമ്മ ആത്മലക്ഷ്യം മുറുക്കിപ്പിടിക്കണമെന്നാണ് എൻെറ വിനീതമായ അപേക്ഷ. മററുള്ളതൊന്നും സാരമില്ല. വെറുംതോന്നലുകളാണ്. മനോമയമാണ്. മനസ്സുപോലും അഖണ്ഡബോധത്തിൽ പൊന്തുന്ന ഒരു പ്രതീതിമാത്രമെന്നു ശങ്കരഭക്തൻ പറഞ്ഞിട്ടുണ്ട്

ഞാൻ:– എനിക്കൊന്നും മനസ്സിലാകുന്നില്ല

മംഗ:–ശരിയായ സ്ഥാനത്തുനിന്നു ബോധിക്കുമ്പോൾ മനസ്സിലാകും. ഒരു കാലത്തു നമുക്കു രണ്ടു പേർക്കും ഒരുമിച്ചു തപോവൃത്തിയിൽ ജീവിക്കാൻ ഇടവരും.

ഞാൻ:–നിൻെറ ജീവിതം പരമപരിശുദ്ധമാണ്. എൻേറതു മലിനമാണ് പിന്നെങ്ങിനെ?

മംഗ:–അങ്ങിനെ നിരാശപ്പെടരുത്. തീവ്രമായ ആത്മജിജ്ഞാസ മാത്രമുണ്ടായാൽ ആത്മീയസാമ്രാജ്യത്തിൽ പ്രവേശിക്കാനുള്ള പാസ്പ്പോർട്ടായെന്നും മാലിന്യങ്ങൾ അത്ര വകവയ്ക്കാനില്ലെന്നും എൻെറ ഗുരുപറയാറുണ്ട്.

ഞാൻ:– ഏതായാലും നമുക്കൊന്നിച്ചു അടിക്കടി ശങ്കരഭക്തനെ സന്ദർശിക്കണം.

## XXV

അതിൽ പിന്നെ ഞാനും മംഗളവും കൂടി ശങ്കരഭക്തനെ പല പ്രാവശ്യം കാണുകയും, അദ്ദേഹത്തിൻെറ തത്വഭാഷണങ്ങൾ ശ്രവിക്കുകയും ചെയ്തിട്ടുണ്ട്. ദർശനങ്ങളും ശ്രവണങ്ങളും വളരെ പ്രയോജനകരമായിരുന്നു. എൻെറ ജീവിതത്തിനു വലിയമാററം സം

ഭവിച്ചു. നല്ല ചൈതന്യമുള്ള ഒരു യതിയായിരുന്നു അദ്ദേഹം. അലൌകികമായ ഒരു പ്രത്യേകശാന്തി ആ പരിസരങ്ങളിൽ തങ്ങിനിന്നു. സന്ദർശന വേളകളിൽ ഉണ്ടായ വിശേഷങ്ങൾ എല്ലാം വിസ്തരിക്കാൻ സാദ്ധ്യമല്ലാ. രണ്ടവസരങ്ങളിൽ മധുരപദ്യങ്ങൾ ചൊല്ലി എല്ലാവരെയും പുളകച്ചട്ടയണിയിച്ചു. ആ പദ്യങ്ങളിൽ ചിലവ ഉദ്ധരിക്കുന്നതു് വായനക്കാർക്കു് സുഖകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

രണ്ടാമത്തെ പ്രാവശ്യം ചെന്നപ്പോൾ കൃഷ്ണനെ കുറിച്ചായിരുന്നു. പ്രഭാഷണം. പലതും പറഞ്ഞു ഒടുവിൽ സമർത്ഥിച്ചതു് കൃഷ്ണനും ഹൃദയാന്തർസ്ഥിതമായ ആത്മവസ്തുവും ഒന്നാണെന്നും, അങ്ങിനെ പിടിക്കുന്നതു് സഗുണത്തിൽ നിന്നു തത്വത്തിലേക്കു കയറാനുള്ള എളുപ്പവഴിയാണെന്നും ആണു്. നിർവൃതിയോടു കൂടി ചൊല്ലിയപദ്യങ്ങളിൽ ചിലതാണു് ഇവ

"അയികൃഷ്ണ! ഭവൽസ്വരൂപമെൻ
നയനങ്ങൾക്കതി ദൂരമെങ്കിലും
സ്വയമുള്ളിലുണർന്നെഴുന്നചിൻ
മയമായ് ത്തന്നെ യതോർപ്പതുണ്ടു് ഞാൻ"

"കയറിൽ ഫണിയെന്നപോലെ സൻ
മയമാം നിൻതിരുമെയ്യിലനാഹം
വിയദാദി വിഭിന്ന ഭൂതസം
ചയമോരോവിധമുല്ലസിക്കയൊ?"

"മരുവിൽ തിരമാലപോലെനാ
നുരുവിൽ തോന്നിന ദൃശ്യസഞ്ചയം
ശരിയായ് മിഴികൊണ്ടു കാൺകിലും

പരിശോധിക്കില സത്യമായ്വരും”

“ഭുവനത്തെയഴിച്ചു നോക്കിയാ
ലവശേഷിക്കു മണുക്കളായ് ക്രമാൽ
അവയും പുനരുററു നോക്കിയാ
ലവ ഭാസിക്കു മഖണ്ഡ ബോധമായ്”

“പലമാതിരിനാമരൂപമാ
ർന്നലകിൽ കളിയാടു മെങ്കിലും
അല നീങ്ങിയൊരാഴി പോലെനി
ശ്ചലനായ്ത്തന്നെ വിളങ്ങിടുന്നു നീ”

പിന്നൊരിക്കൽ ചെന്നപ്പോൾ ആത്മസമർപ്പണ ജീവിതത്തിന്റെ മഹിമയെ കുറിച്ചായിരുന്നു സംഭാഷണം. ശരീരേന്ദ്രിയ മനസ്സുൾപ്പെടെ, സർവ്വവും പരിപൂർണ്ണമായി ഭഗവാങ്കൽ സമർപ്പിച്ചാൽ, ചുമതലകളിൽ നിന്നു ഒഴിഞ്ഞു നില്ക്കാമെന്നും, ക്ലേശങ്ങൾ കൂടാതെ സമാധാനമായി കഴിയാമെന്നും, ഉദാഹരണസഹിതം തെളിയിച്ചു. പിന്നീടു മർക്കടന്യായത്തെയും, മാർജ്ജാരന്യായത്തെയും കുറിച്ചു സംസാരിച്ചു. മർക്കടക്കുട്ടി തള്ളയെ അള്ളിപ്പിടിക്കയാണ് പതിവ്. തന്റെ രക്ഷക്കുള്ള ബാദ്ധ്യത തന്നിലാണെന്നുള്ള അഹന്തയോടുകൂടി. തൽഫലമായി കുട്ടിയുടെ രക്ഷയിൽ തള്ളക്കു പൂർണ്ണ ചുമതലയില്ലാ. ഒരു ശാഖയിൽ നിന്നു മറെറാന്നിലേക്കു ചാടുമ്പോൾ, കുട്ടിയുടെ പിടിത്തത്തിനു ബലമില്ലെങ്കിൽ അതു നിലംപതിച്ചെന്നുവരാം. കുട്ടിയുടെ പിടിത്തത്തിനു വലിയ ബലം ഉണ്ടാകാൻ തരമില്ലല്ലോ. മാർജ്ജാരക്കുട്ടി അങ്ങിനെയല്ലാ. അതു പരിപൂർണ്ണമായി തള്ളയെ ആശ്രയി

ക്കുന്നു. തനിക്കു യാതൊരു ശേഷിയുമില്ലെന്നമട്ടിൽ കണ്ണടച്ചു കിടന്നുകൊടുക്കുന്നു. പൂർണ്ണ ചുമതല തള്ള തന്നെ വഹിക്കുന്നു. കുട്ടിയെ ബലമായി കടിച്ചെടുത്തുകൊണ്ടാണു് അതിൻെറ സഞ്ചാരങ്ങൾ. മുഴുവൻ ചുമതലയും തള്ളയിൽ സമർപ്പിച്ചതുകൊണ്ടു കുട്ടിക്കു സമാധാനമുണ്ടു്. യാതൊരു ഹാനിയും സംഭവിക്കയില്ല. പരിപൂർണ്ണമായ ആത്മസമർപ്പണം മാർജ്ജാരന്യായമാണു്.

അന്നത്തെ സംഭാഷണം സമാപിച്ചതു് ഈ ശ്ലോകത്തോടു കൂടിയാണു്.

ഇക്കാണായ ചരാചരങ്ങളുമിവ-
യ്ക്കാലംബമായ് മൂലമായ്
നില്ക്കും നിർഗ്ഗുണമാകുമേക പൊരുളും,
ഞാനും ഭവാനെന്നു താൻ
നിഷ്കാലുഷ്യമുറച്ചു നിർമ്മലഭവ--
ദ്രൂപാമൃതാസ്വാദനം
കൈക്കൊണ്ടൊക്കെ മറന്നൊഴിച്ചു ഹൃദയം
നിന്നിൽ സമർപ്പിച്ചു ഞാൻ."

ഏതാനും സന്ദർശനങ്ങൾ കഴിഞ്ഞപ്പോൾ, ശങ്കരഭക്തൻ എനിക്കു മന്ത്രോപദേശവും, ലഘുവായ ഒരുപാസനാക്രമവും തന്നു. എൻെറ അനുഷ്ഠാനം നിഷ്കർഷയോടെ നടത്തി. ദേവീരൂപം ധ്യാനിക്കുക--മന്ത്രം ജപിക്കുക--സ്തോത്രങ്ങൾ ചൊല്ലുക--ആത്മീയ ഗ്രന്ഥങ്ങൾ വായിക്കുക--ഇത്യാദി സാധനകളിൽ ഞാൻ

ഏർപ്പെട്ടു. അന്നുവരെ ഉണ്ടായിട്ടില്ലാത്ത ഒരു ശാന്തി അനുഭൂതമായി.

## XXVI

ഞങ്ങളുടെ ദേവീദർശനം, മുടക്കം കൂടാതെ നടന്നു വന്നു. സോമശേഖരൻെറ ഹൃദയം വളരെ അലിവുള്ളതും മൃദുലവും ആയിരുന്നു. എന്നെക്കാൾ ഉറച്ച വിശ്വാസവും, മികച്ച ഭക്തിയും, ആത്മീയ കാര്യങ്ങളിൽ ശ്രദ്ധയും അദ്ദേഹത്തിൽ കാണപ്പെട്ടു. ധാരാളമായി വായിച്ചു, നാനാമുഖമായ അറിവുകൾ സമ്പാദിച്ചു, വിജ്ഞാനസാമ്രാജ്യം വളരെ വിസ്തൃതമാക്കിയിരുന്നു.

ഒരു വൈകുന്നേരം, ദീപാരാധന കഴിഞ്ഞു ഗോപുരത്തിൽ വന്നപ്പോൾ പതിവില്ലാത്ത ഒരു ജനക്കൂട്ടം കണ്ടു. ഞങ്ങൾ ഒരു ഭാഗത്തുകൂടി ഒഴിഞ്ഞുമാറി കൂട്ടത്തിൻെറ മുമ്പിൽ വന്നു. വൃദ്ധനായ ഒരു സന്ന്യാസി അവിടെ ഇരിക്കുന്നതു കണ്ടു. കാഷായധാരിയും, മുണ്ഡിതശിരസ്കനും ആയിരുന്നു. അദ്ദേഹത്തിൻെറ വലിയ കണ്ണുകൾ ശാന്തഭാവത്തെ അവലംബിച്ചിരുന്നെങ്കിലും, പരിചിതങ്ങളെന്നപോലെ തോന്നി. എന്നാൽ ആൾ ആരെന്നു ഒട്ടും മനസ്സിലായില്ല.

ഞങ്ങൾ അകലത്തോട്ടു മാറിനിന്നു. ജനങ്ങൾ അദ്ദേഹത്തോടു ഭക്തിപൂർവ്വം പെരുമാറി. ചിലരെല്ലാം നമസ്കരിച്ചു, പഴങ്ങളും, പഞ്ചസാരയും, കല്ക്കണ്ടവും മററും അടിയറ വയ്ക്കുന്നതു കണ്ടു. അല്പം കഴിഞ്ഞപ്പോൾ സന്ന്യാസിയുടെ ദൃഷ്ടികൾ ഞങ്ങളിൽ പതിഞ്ഞു. കുറച്ചു നേരം ഞങ്ങളെത്തന്നെ സൂക്ഷിച്ചു നോ

ക്കി. പെട്ടെന്നു ഒരു പുഞ്ചിരിയോടുകൂടി എണീററു. ഞങ്ങളുടെ മുമ്പിൽ വന്നു ഗോപുരത്തറയുടെ ഉയർന്ന ഭാഗത്തായി ഇരുന്നു.

സന്യാ:—നിങ്ങൾക്കു എന്നെ മനസ്സിലായൊ? സൂക്ഷിച്ചു നോക്കുക. നല്ലവണ്ണം ഓർമ്മിക്കുക. മനസ്സിലാകുമൊ എന്നറിയട്ടെ.

രണ്ടു നിമിഷങ്ങൾ ഞങ്ങൾ മിഴിച്ചു നിന്നു

സന്യാ:—വിഷമപ്പെടണ്ടാ. ഞാൻ ഓർമ്മിപ്പിക്കാം. ഉദ്ദേശം ഏഴുകൊല്ലങ്ങൾക്കു മുമ്പായിരിക്കണം. ചുടലമുത്തു ഗൌണ്ഡൻ എന്നൊരു മൃഗമനുഷ്യനുമായി നിങ്ങൾക്കു എടപെടേണ്ടി വന്നില്ലെ?

ഞാൻ ഒന്നു ഞെട്ടി. സോമശേഖരൻെറ പുറകിലോട്ടു മാറി.

സന്യാ:—അജ്ഞാതമായി കഴിയണമെന്നു അശേഷം ഉദ്ദേശമില്ലാ. ഞാൻ ഗൌണ്ഡനാണെന്നു എല്ലാവരും അറിഞ്ഞുകൊള്ളട്ടെ.

സോമ:—ഇക്കാലമെല്ലാം സ്വാമി എവിടെയായിരുന്നു?

സന്യാ:—അതു പറയാം. ദയവു ചെയ്തു എന്നെ സ്വാമി എന്നു വിളിക്കാതിരുന്നാൽ കൊള്ളാം.

സോമ:—കാഷായത്തിൻെറ മാഹാത്മ്യം ഒന്നു വേറെയാണല്ലൊ. അതിനെ ആദരിക്കാതിരിക്കാൻ നിവത്തിയില്ലാ.

സന്യാ:—കണ്ടപ്പോൾ തന്നെ നിങ്ങൾ രണ്ടുപേരെയും മനസ്സിലാക്കി. നിങ്ങൾ ഇങ്ങിനെ ദമ്പതികളാകുമെന്നു, അക്കാലത്തു അശേഷവും ഞാൻ ഊഹിച്ചില്ലാ. അമ്മാൾ എന്നെ പേടിക്കണ്ടാ. പഴയ

ഗൌണ്ഡന്റെ ക്രൌര്യവും, വിഷപ്പല്ലുകളും മൃഗീയതയും പൊയ്പ്പോയി. ഒരു പുതിയ ജന്മമെടുത്താണ് ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. നിങ്ങൾ ഇരിക്കുക. എന്റെ ചരിത്രം ചുരുക്കിപ്പറയാം.

താഴെയായി, വെറം തറയിൽ ഞങ്ങൾ ഇരുന്നു.

ഗൌ:-അന്നു നിങ്ങളെ കണ്ടു മുട്ടിയതു് ഈശ്വരാനുഗ്രഹമാണു്. അതുകൊണ്ടാണു് ഗൌണ്ഡൻ നല്ല പാഠം പഠിച്ചതു്. ആ ഏററുമുട്ടൽ ജീവിതാന്തരത്തിനു കാരണമായി. പേപ്പട്ടിയായിരുന്ന ഗൌണ്ഡൻ മനുഷ്യനാകുന്നതിനു കാരണഭൂതർ നിങ്ങളാണു്. നിങ്ങളോടുള്ള കടപ്പാടും, കൃതജ്ഞതാഭാരവും നിലനില്ക്കും.

ജയിലിൽ നിന്നു വിട്ടശേഷം അയാൾ നാട്ടിൽ നിന്നു കടന്നു. ഹിമാചലപ്രദേശങ്ങളായ ബദരി-ഉത്തരകാശി-വസിഷ്ഠഗുഹ- പരാശരഗുഹ-ഹൃഷീകേശം മുതലായ ഇടങ്ങളിൽ താമസിച്ചിട്ടുണ്ടു്. ഒരു ദിവ്യപുരുഷന്റെ കാരുണ്യാതിരേകത്താൽ പഴയ ഗൌണ്ഡൻ-എന്നു വച്ചാൽ അന്നത്തെ ഭയങ്കര മനഃസ്ഥിതി-നശിച്ചു. ആ ദുഷ്ട മറവൻ തിരോധാനം ചെയ്തു. ഇയ്യാൾ ഒരു സാധകനാണു്. നിങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു് ബ്രഹ്മചാരി ശാന്തചൈതന്യനാണു്. ഗൌണ്ഡന്റെ ദുഷ്ടസ്വഭാവവും, ദുരയും, ശിലാഹൃദയവും, ആ ഹിമാലയൻ മഹാത്മാവിന്റെ സമ്പർക്കം കൊണ്ടു ഭസ്മീകൃതമായി. സദ്വാസനകളും, മയമുള്ള ഹൃദയവും, ആത്മജിജ്ഞാസയും അദ്ദേഹം ജനിപ്പിച്ചു. ചെന്നായ്, മാനായിത്തീർന്നു. മാനസാന്തരം

ബാഹ്യത്തിലും പ്രകാശിക്കുന്നുണ്ടാവണം. അന്നത്തെ ബീഭത്സമായ തടിയെല്ലാം പോയി, ഇന്നു ചടച്ചിട്ടുണ്ടു്. നിറത്തിനും വ്യത്യാസമുണ്ടു്.

ഞങ്ങൾ അത്ഭുതപരതന്ത്രരായി. ഈശ്വരശക്തികൊണ്ടു എന്തെല്ലാം മറിമായങ്ങൾ നടക്കുന്നു. എന്നാലും, അവയെ അവഗണിച്ചും, മായാമയനെ വിസ്മരിച്ചും, മനുഷ്യൻ വിഷയങ്ങളിൽ മുഴുകി വിമൂഢനായി കാലയാപനം ചെയ്യുന്നല്ലൊ-എന്നെല്ലാം ചിന്തിച്ചു.

ഗൌ:-എനിക്കു രണ്ടുദിവസം കൂടി ഇവിടെ താമസമുണ്ടു്. ഇവിടന്നു രാമേശ്വരത്തേക്കു പോകുന്നു. ജ്ഞാനമാൎഗ്ഗമാണു് എനിക്കു നിർദ്ദേശിച്ചിരിക്കുന്നതു്. തികഞ്ഞ ഒരു ജ്ഞാനിയെ കണ്ടെത്തുമെന്നും, അദ്ദേഹം എന്നെ വസ്തുവിങ്കലേക്കു നയിക്കുമെന്നും ഗുരു അനുഗ്രഹിച്ചിട്ടുണ്ടു്. ഇവിടെ വന്നതിനുശേഷം ബ്രഹ്മാനന്ദതിരുവടികളെകുറിച്ചു കേൾക്കാനിടയായി,

സോമ:-നാളെ ഉച്ചക്കു അവിടന്നു ഞങ്ങളുടെ വസതിയിൽ ഭിക്ഷക്കു വരണമെന്നു പ്രാൎത്ഥിക്കുന്നു.

ഗൌ:-ബ്രഹ്മചാരികൾ, ഗൃഹസ്ഥഭവനങ്ങളിൽ താമസിക്കരുതെന്നാണു് ഒരു വയ്പു്. എങ്കിലും നിങ്ങളുടെ അപേക്ഷ സ്വീകരിച്ചിരിക്കുന്നു.

ഞങ്ങൾ അദ്ദേഹത്തെ താണുവണങ്ങിവസതിയിലേക്കുപോയി പിറേറദിവസം മദ്ധ്യാഹ്നത്തിനുമുമ്പായിസ്വാമി എഴുന്നള്ളി. ഞങ്ങൾ യഥായോഗ്യം സൽക്കരിച്ചു. ഭിക്ഷകഴിഞ്ഞു അല്പം വിശ്രമിച്ചു. പിന്നീടുഇങ്ങിനെ സംഭാഷണം നടന്നു.

ഗൌ:-എൻെറ നിശ്ചയം ലംഘിച്ചു നിങ്ങളുടെ ആതിത്ഥ്യം സ്വീകരിച്ചതു എന്താണെന്നറിയാമൊ?

ഞാൻ:-അറിയാൻ വയ്യാ.

ഗൌ:-നിങ്ങളാണ് എനിക്കു നേർവഴി തെളിയാൻ നിമിത്തമായതു്. ഈ മഹതിയെ കാണാൻ ഇടവന്നില്ലെങ്കിൽ ഞാൻ പഴയ ഗൌണ്ഡനായിട്ടു തന്നെ കഴിയുകയും, കൂടുതൽ ദുഷിക്കുകയും ചെയ്യുമായിരുന്നു. ഇവരുടെ സമീപത്തേക്കു എന്നെ നയിച്ചതു സോമശേഖരനാണ്. ഈ സ്ത്രീയുടെ പക്കലുള്ള ദ്രവ്യം കണ്ടപ്പോൾ ഗൌണ്ഡൻെറ ദുര ഉച്ചകോടിയിലേക്കു ചാടുകയും, ഉള്ളിൽ തിങ്ങിക്കൂടിയ ദുഷ്ടത മുഴുവൻ ഒന്നായിട്ടു വിജൃംഭിക്കുകയും ചെയ്തു. അനന്തരഫലങ്ങൾ അറിയാമല്ലൊ. കേസുകൾ-പോലീസുമർദ്ദനം-ശിക്ഷ ഇവയെല്ലാം അയാളെ ശുദ്ധീകരിച്ച സ്ഥലങ്ങളായിരുന്നു. അഗ്നിപ്രവേശന പരീക്ഷയായിരുന്നു. ഉയിർത്തെഴുന്നേററ ഇയ്യാൾക്കു, പഴയ മലിനജീവിതത്തെ മാറിനിന്നു വീക്ഷിക്കാൻ ഇന്നു കഴിയുന്നുണ്ടു്. നിങ്ങളോടു ഏററവും കടപ്പെട്ടവനാണ് ഞാൻ.

മനുഷ്യജീവിതത്തിൻെറ സാഫല്യം ആത്മലാഭമെന്നും അതിലേക്കു ഉററുപരിശ്രമിക്കണമെന്നും ഉപദേശിച്ചിട്ടു അദ്ദേഹം യാത്ര പറഞ്ഞു.

## XXVII

ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും എത്രവേഗം കടന്നുപോയി. ഇതിനിടക്കു മീനാക്ഷി ഒരു മാതാവായി. ഞാൻ മാതാമഹിയുമായി. വിശേഷസംഭവങ്ങളൊന്നും കൂടാതെ രണ്ടു സംവത്സരങ്ങൾ കാലപ്ര

വാഹത്തിൽ ലയിച്ചു. ഞാൻ മധുരയിൽ വന്നിട്ടു ഏകദേശം മൂന്നുകൊല്ലമായിരിക്കണം.

ഒരു വൈകുന്നേരം, വരദൻെറ കൂടെ അതിസുഭഗനായ ഒരു കൊച്ചൻ അവിടെ വന്നു. ദീപ്തങ്ങളായ വലിയ കണ്ണുകളും, തെളിഞ്ഞു വിസ്തൃതമായ ഫാലദേശവും, കറുത്തു ചുരുണ്ട മുടിയും, വികസിച്ച ചെന്താമരപോലെയുള്ള മുഖവും, വളരെ ആകർഷണീയമായിട്ടുതോന്നി. ഒരു മാസത്തിനു മുമ്പു് ബാരിസ്റ്റർപരീക്ഷ ജയിച്ചു ശീമയിൽ നിന്നു വന്നതാണെന്നും, ബാലസുന്ദരം എന്നാണു് പേരെന്നും, വരദൻെറ കീഴിൽ അഭിഭാഷകവൃത്തി ശീലിക്കയാണെന്നും ഞങ്ങളെ മനസ്സിലാക്കി. ഞാനറിയാതെ എൻെറ ഹൃദയം ആ യുവാവിങ്കലേക്കു പ്രവഹിച്ചു. വരദൻ വരുമ്പോൾ, മിക്കവാറും അയാൾകൂടെ വരികയും ആഹാരങ്ങൾ കഴിക്കയും സാധാരണമായി. കൊച്ചനു അച്ഛനമ്മമാർ ഇല്ലെന്നാണു് എന്നെ ധരിപ്പിച്ചതു്.

ഓരോ ദിവസം ചെല്ലുന്തോറും ബാലസുന്ദരത്തിനോടു കൂടുതൽ കൂടുതൽ സ്നേഹം എനിക്കുണ്ടായി. മീനക്കു ഒരു സഹോദര വാത്സല്യം തോന്നി.

രണ്ടുമാസത്തിനുശേഷം ഒരു സായങ്കാലം, ഞാനും സോമശേഖരനും ഒന്നിച്ചിരുന്നു കാപ്പികഴിക്കയായിരുന്നു. മംഗളം അടുത്തുനിന്നുവിളമ്പി. സംഭാഷണ വിഷയങ്ങൾ മാറിമാറി ഒടുവിൽ ബാലസുന്ദരത്തിനെ കുറിച്ചായി.

സോമ:— ആ കൊച്ചൻ ഒരുകാലത്തു തീർച്ചയായും വലിയ നിലയിലെത്തും. അവൻെറ സ്വഭാവമാ

ധൂൎയ്യത്തെയും, ബുദ്ധിശക്തിയേയും, കുറിച്ചു വരദനു എപ്പോഴും പ്രശംസതന്നെ.

ഞാൻ:-കണ്ടതു മുതൽ അയാളെക്കുറിച്ചു എനിക്കു മഹത്തരമായ പ്രതീക്ഷകളുണ്ടു്. മറെറാരു യുവാവും ഇതുപോലെ എന്നെ ആകർഷിച്ചിട്ടില്ലാ.

മംഗളം സോമശേഖരൻെറ മുഖത്തു അൎത്ഥഗൎഭമായി ഒന്നുനോക്കി. അദ്ദേഹം മന്ദഹസിച്ചു. കമ്പിയില്ലാക്കമ്പിത്തപാൽ വഴി അവർപരസ്പരം പകൎന്ന ആശയം എന്തെന്നു എനിക്കു ലേശവും മനസ്സിലായില്ലാ

ഞാൻ:-കുട്ടിയുടെ അച്ഛൻ ഓർമ്മയാകുന്നതിനു മുമ്പു മരിച്ചെന്നും, ഏഴെട്ടു സംവത്സരം കഴിഞ്ഞപ്പോൾ അമ്മ അഛനെ അനുഗമിച്ചെന്നും പറയുന്നു. കുറച്ചു ദിവസങ്ങളായി എൻെറ മനസ്സിൽകുടികൊണ്ടിരിക്കുന്ന ഒരാഗ്രഹം തുറന്നുപറയട്ടയൊ?

സോമ:- ഓ-ഹോ-പറഞ്ഞാലും

ഞാൻ:-നമുക്കു സന്താനമില്ലാ. മകനായിട്ടു സുന്ദരനെ ദത്തെടുത്താൽ എന്താണു്? നമ്മുടെ ശേഷക്രിയാദികൾ നടത്താനും, സ്വത്തുപരിപാലിക്കാനും, ഒരു മകൻ വേണ്ടയൊ? പുത്രനില്ലാത്തവൎക്കു സൽഗതിയില്ലെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു.

ഒരു നിമിഷത്തേക്കു അദ്ദേഹം ചിന്തയിൽമുഴുകി.

സോമ:- അതിലേക്കു അയാളുടെ അഭിമതം അറിയണ്ടയൊ? ദത്തു അഭിമാനത്തിനു പോരായ്മയെന്നു തോന്നിയാലൊ?

ഞാൻ:–അങ്ങിനെ വരില്ലാ. നമ്മുടെ ഭാരിച്ച സമ്പത്തു അത്ര അഗണ്യമായി കരുതുമൊ? അയാൾ നമ്മുടെ മകനായിത്തീരുംമെന്നാണ് എനിക്കുള്ള ഭ്രുതോദയം.

സോമ:– ഏതായാലും നാളെ അയാൾ കൂടിവരുമ്പോൾ ഈ വിഷയം ആലോചനചെയ്യാം.

അദ്ദേഹം മംഗളത്തിൻെറ നേരെ കണ്ണിറുമ്മി. എന്തോ അജ്ഞാതരഹസ്യം അവർ പൊതിഞ്ഞു വച്ചിട്ടുണ്ടെന്നു ഞാൻ വിചാരിച്ചു.

പിറേറദിവസം പൊതുഒഴിവായിരുന്നു. ഉച്ചതിരിഞ്ഞപ്പോൾ വരദനും, മീനയും, സുന്ദരവുംകൂടിവന്നു. ലഘുഭക്ഷണത്തിനുശേഷം ഞാൻ മീനയുടെ കുഞ്ഞിനെ താലോലിച്ചു കൊണ്ടിരുന്നു. സോമശേഖരനും മംഗളവുംകൂടി അടുത്തമുറിയിൽ പോയി എന്തോ മന്ത്രിച്ചു കൊണ്ടു നിന്നതായി അറിയാം. പിന്നീട് മംഗളം വരദനോടു സംസാരിക്കുന്നതു കണ്ടു. എൻെറ ശ്രദ്ധകുഞ്ഞിൻെറ കളികളിലായിപ്പോയി. പല്ലില്ലാത്ത വട്ടവായ് മുഴവൻ വിടർത്തി അതു ദിവ്യമായി മന്ദഹസിക്കുകയും, തേഞ്ചൊരിവായിൽ ഞാൻ ചുംബനങ്ങൾ വർഷിച്ചപ്പോൾ കിടുകിടാ ചിരിക്കുകയും, പൊന്നൻ കൈകൾകൊണ്ടു എൻെറ ഗണ്ഡങ്ങളിൽ അടിക്കുകയും ചെയ്തു. വരദനും, സുന്ദരനും കൂടി സംസാരിച്ചുകൊണ്ടിരുന്നു. ദത്തുകാൎയ്യത്തെക്കുറിച്ചായിരിക്കണം. എട്ടു പത്തു മിനിട്ടു കഴിഞ്ഞപ്പോൾ എല്ലാവരും ഒന്നിച്ചുകൂടി.

വരദ:–ദത്തുകാൎയ്യത്തിൽ സുന്ദരനു വിപരീതമില്ലാ.

S/8864

മംഗ:—ഇടക്കു ഞാൻ ഒന്നുപറഞ്ഞുകൊള്ളട്ടെ. ഇവിടെ ദത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ.

ഞാൻ:—അതെന്താണ്?

മംഗളം സോമശേഖരനെ നോക്കി. അദ്ദേഹം ഒരു ഇന്ദ്രജാലക്കാരന്റെ മട്ടിൽ ഇപ്രകാരമാണ് തുടങ്ങിയത്.

സോമ:—ആരും സംശയിച്ചിട്ടില്ലാത്ത ഒരത്ഭുത സംഗതി വെളിപ്പെടുത്തട്ടെ. എല്ലാവരും തയാറായിക്കൊള്ളുക. മറനീക്കാൻ പോകുന്നു

മീനയുടെ ഉണ്ടക്കുഞ്ഞിനെ താഴെകിടത്തിയിട്ടു ഞാൻ വാപൊളിച്ചു നിന്നു. എന്റെ നെഞ്ചിനുള്ളിൽ ഒരു തകിലടി നടന്നു. നെററിയിൽ സേ്വദകണങ്ങൾ പൊടിഞ്ഞു.

സോമ:—ബാലസുന്ദരം പങ്കജത്തിന്റെ മകൻ സുന്ദരേശൻ തന്നെയാണ്. അവൻ മരിച്ചതായി മംഗളം കമ്പിയടിച്ചതു ഒരു പക്ഷെ ക്ഷന്തവ്യമല്ലാത്ത ഒരു ചതിവാണെന്നു വ്യാഖ്യാനിച്ചേക്കാം. ഞങ്ങൾ കരുതിക്കൂട്ടി പ്രവർത്തിച്ചതാണ്. എന്നാൽ അശേഷം ദോശവിചാരമില്ലായിരുന്നു. വിഷയവൈരാഗ്യം വർദ്ധിച്ചു, പങ്കജം ആത്മാഭിമുഖമായി പാടെ തിരിയണമെന്നുള്ള മംഗളത്തിന്റെ ഉൽകൃഷ്ടവിചാരമായിരുന്നു., ഒന്നാമതായി പ്രേരിപ്പിച്ചതു. രണ്ടാമതായി താങ്ങാൻ വയ്യാത്ത ആനന്ദനിർവൃതികൊണ്ടു, സുന്ദരേശന്റെ അമ്മ ഒരവസരത്തിൽ വിഷമിക്കുന്നതു കാണാനുള്ള കൌതുകവും, ആ നിർവൃതിയിൽ പങ്കുകൊള്ളാനുള്ള മോഹവും ആയിരുന്നു. ഈ രണ്ടു ഉദ്ദേശങ്ങൾ മുൻനിർത്തിയാണ് ഞങ്ങൾ ഈ മഹാ രംഗം തയാറാ

ക്കിയതു്. നിർദ്ദോഷമായ ഞങ്ങളുടെ കളവു നിമിത്തം യാതൊരു ദോഷവും സംഭവിച്ചില്ലെന്നുള്ള ഒരു സമാധാനമുണ്ടു്.

ഞാൻ നിലത്തിരുന്നു. ഒരു മോഹാലസ്യം വരുന്നതുപോലെതോന്നി. അദ്ദേഹം സംസാരം നിറുത്തിയില്ല.

സോമ:—സുന്ദരൻ മട്രിക്കുലേഷൻ പരീക്ഷ ഉയൎന്ന നിലയിൽ പാസായി. എൻെറ പണമുപയോഗിച്ചു ഉപരിപഠനത്തിന്നായി അവനെ ശീമക്കയച്ചു. അവൻ ബാരിസ്റ്ററായി വന്നിട്ടു അഞ്ചുമാസമായി. വിദേശവാസം കൊണ്ടു ശരീരത്തിന്നുണ്ടായിരുന്ന അസുഖങ്ങൾ നിശ്ശേഷംമാറി, നല്ല ആരോഗ്യവാനായിട്ടുണ്ടു്. പങ്കജം! ഇങ്ങിനെയൊരു കപടനാടകമാടിയ തെററു ക്ഷമിക്കണം. മകനെ കൈക്കൊള്ളുക.

കൽപ്രതിമപോലെ ഞാൻ ഇരുന്നേടത്തു നിന്നു അനങ്ങിയില്ല. ആ പ്രകൃതത്തിൽ ഇതികർത്തവ്യവിമൂഢയാകാതെ എന്തുചെയ്യും. എനിക്കൊന്നും തോന്നിയില്ല.

അടുത്ത നിമിഷം ഹൃദയാന്തർഭാഗത്തെ അണപൊട്ടി. ദുർബ്ബലതകളെ തട്ടിത്തകർത്തുണ്ടായ പ്രേമപ്രവാഹത്തിൻെറ ശക്തിപ്രസരത്തിൽ ഞാൻ ചാടി എണീററു. എൻെറ തങ്കക്കുട്ടനെ പുണർന്നു, കണ്ണുനീരിൽ കുളിപ്പിച്ചു. ചുംബനങ്ങളാൽ തോത്തി. തീരാക്കൊതിയോടുകൂടി, മടിയിൽ വച്ചു തെരുതെരെ ചുംബിച്ചു. പൊന്നുമകനാകട്ടെ, എൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു "അമ്മേ! പെററതായേ! കടവുളെ!" എന്നെല്ലാം നിലവിളിച്ചുകൊണ്ടു, ചുംബനങ്ങളാൽ എ

ൻെറ മുഖവും, കഴുത്തും, വക്ഷസ്സും മൂടി. ബാരിസ്റ്റർ, മുലകുടിക്കുന്ന ശിശുവിനെപ്പോലെ പെരുമാറി.

ഞാനും, എൻെറ ഉണ്ണിയും, കെട്ടിപ്പിണഞ്ഞു മരുവുഃമ്പാൾ, മീനാ, ഞങ്ങൾ രണ്ടുപേരെയും കെട്ടിപ്പിടിച്ചും, ചുംബിച്ചും ആനന്ദാശ്രു വർഷിച്ചു. അന്നത്തെ ഹൃദയസ്പൃക്കായ രംഗം വർണ്ണിക്കാൻ ഇപ്പോഴും ഞാൻ അശക്തയാണു്.

മീനാ:–പൊന്നനിയാ! ഇത്രകാലവും അമ്മയെയും അക്കാളെയും തീരെ മറന്നു ഒളിവിൽ ഇരുന്നതെന്തിനാണു?

സുന്ദ:–എൻെറ കുററമല്ലല്ലൊ. നിങ്ങളും എന്നെ മറന്നു.

നാടകം പരിപൂർണ്ണ വിജയമായി കലാശിച്ചതിൻെറ പ്രസാദം സോമശേഖരൻെറയും, മംഗളത്തിൻെറയും മുഖങ്ങളിൽ തെളിഞ്ഞു കണ്ടു.

രംഗം പ്രശാന്തമായപ്പോൾ "കൊച്ചമ്മ ചതിവു ക്ഷമിച്ചു മാപ്പുതരണം" എന്നു പ്രാർത്ഥിച്ചുകൊണ്ടു മംഗളം എൻെറ പാദങ്ങളിൽ വീണുകരഞ്ഞു. ഞാൻ അവളെ പിടിച്ചെഴുന്നേല്പിച്ചു മാറോടണച്ചു. കൊഴുത്ത കവിൾത്തടങ്ങളിൽ ഓരോന്നു ചുംബിക്കയും ചെയ്തു.

ഞാൻ:–നിങ്ങൾ ഇക്കാര്യം മറച്ചുവെച്ചതുകൊണ്ടു എനിക്കു ആനന്ദസമുദ്രത്തിൽ ആറാടാൻ സാധിച്ചു. എൻെറ ഹൃദയം അപാരമായി വികസിച്ചു. ഈശ്വരഭക്തി വളരെ വർദ്ധിച്ചു. പ്രത്യുപകാരത്തിനു വശമില്ലാത്ത ഉപകാരമാണു് നിങ്ങൾ ചെയ്തതു്. ദേവീ! മീനാക്ഷീ! അവിടത്തെ വിലാസങ്ങൾ അത്യത്ഭുതം തന്നെ.

മംഗ:- മീനാക്ഷീ സുന്ദരേശന്മാർ വിജയിക്കട്ടെ! മീനക്കുഞ്ഞിന്റെ വെളിപ്പെടുത്തിയ ദിവസം "ഇനിയും അത്ഭുതങ്ങൾ ഉണ്ടാകും" എന്നു ഞാൻപറഞ്ഞതു കൊച്ചമ്മ ഓർമ്മിക്കുന്നുണ്ടോ?

ഞാൻ:- ഉണ്ടു്. ഇപ്പോൾ അതിൻെറ പൊരുൾ മനസ്സിലായി.

മംഗ:-സുന്ദരംകുഞ്ഞിൻെറ ഒരു ചെവിഅല്പം മടങ്ങിയിരുന്നല്ലൊ. ഇടതു കാലിൽ 6 വിരലുമുണ്ടായിരുന്നു. ശരിയാണൊ എന്നു കൊച്ചമ്മ നോക്കണം. ആൾതെററിപ്പോയെങ്കിൽ മഹാകുഴപ്പമല്ലെ?

എൻെറ പൊൻകുഞ്ഞിനെ അടുത്തു നിറുത്തി പരിശോധിച്ചപ്പോൾ, അതെല്ലാം വളരെ ശരിയായിരുന്നു.

ഞാൻ:- മണിക്കുട്ടാ! തങ്കമേ! ഇനി നീ കൊള്ളരുതാത്ത അമ്മയുടെ കൂടെത്തന്നെ താമസിക്കണം. ഈ ഇരിക്കുന്നതു് നിൻെറ പിതാവിനെക്കാൾ തുലോം മഹത്വമുള്ള വസ്തുവാണു്.

"ഞാൻ നല്ലവണ്ണം അറിഞ്ഞിട്ടുണ്ടു്" എന്നുമകൻ പറഞ്ഞു.

സുന്ദരം സോമശേഖരൻെറ സമീപം ചെന്നു കാൽക്കൽ നമസ്കരിച്ചു. ആ ശുദ്ധാത്മാവു് അവനെ വാരിയെടുത്തു മടിയിൽവച്ചു മൂർദ്ധാവിൽ കൈവയ്ക്കുകയും, കപോലങ്ങളിൽ ചുംബിക്കുകയും ചെയ്തു.

## XXVIII

അന്നു് ഒന്നാംലോക മഹായുദ്ധം നടക്കുന്ന കാലമായിരുന്നു. യുദ്ധത്തിൽ മരണമടയുന്നവരുടെ ലിസ്റ്റും

എല്ലാദിവസവും പേപ്പറിൽ പ്രസിദ്ധം ചെയ്യുന്നു. ഒരു ദിവസത്തെ ലിസ്റ്റിൽ "ജമേദാർ മുരുകേശൻ–പാരിസ്സിൻെറ അതിർത്തിയിൽ വച്ചു കൊല്ലപ്പെട്ടു. ജർമ്മൻകാരുടെ ആക്രമണം തടഞ്ഞുനിർത്താൻ ഇന്ത്യൻപട്ടാളം നടത്തിയ ധീരമായ പോരാട്ടത്തിലാണു്" എന്നു കണ്ടു. ആരാം ആരെന്നു എനിക്കും സോമശേഖരനും സംശയമുണ്ടായില്ലാ. ഈ വാർത്ത കുട്ടികളെ അറിയിച്ചിട്ടു ആവശ്യമില്ലെന്നു ഞങ്ങൾ വിചാരിച്ചു. പരമസുന്ദരനായിരുന്ന അഛൻെറ പ്രതിഛായ തന്നെയായിരുന്ന മീനയെ കാണുമ്പോളെല്ലാം എനിക്കു സങ്കടമുണ്ടായി.

സുന്ദരം എന്നോടുകൂടിയാണു് താമസിച്ചതു്. രണ്ടാമതു് മധുരയിൽ വന്നതിനുശേഷം അതുവരെയുള്ള എൻെറ ജീവിതം ക്ലേശരഹിതവും ആനന്ദപൂർണ്ണവും, ആയിരുന്നു. ലൌകിക സൌഭാഗ്യം അതിൻെറ ആരോഹണസീമയിലെത്തി. എല്ലാ ആരോഹണത്തിനും അവരോഹണം ഉണ്ടു്. വേനലിനു–വർഷം, കുന്നിനു കുഴി–ചൂടിനു തണുപ്പു്– സുഖത്തിനു ദുഃഖം – വെളിച്ചത്തിനു ഇരുട്ടു് ഇങ്ങിനെ വിപരീതദ്വന്ദങ്ങളുടെ പട്ടിക നീണ്ടു നീണ്ടു പോകും. ഈ ദ്വന്ദങ്ങളുടെ ഘടനയാണു് പ്രപഞ്ചം. നാനാത്വത്തിൽപെട്ട ഓരോന്നിനും വിപരീതമുണ്ടു്. ദ്വന്ദദൃഷ്ടിയും, നാനാത്വദൃഷ്ടിയും ഒന്നുതന്നെ. പശ്ചാത്തലമായ സച്ചിദാനന്ദത്തിൽ അടിയുറച്ചു കിട്ടുന്നതുവരെ നാനാത്വദൃഷ്ടിമാറുകയില്ലാ. ഇതെഴുതുമ്പോൾ എനിക്കുള്ള ജ്ഞാനം വച്ചുകൊണ്ടാണു് ഇത്രയും പറഞ്ഞതു്.

ഉച്ചത്തിൽ നിന്ന എൻെറ സുഖരേഖയുടെ അവരോഹണ നിലകളാണു് ഇനി കുറിക്കാൻ പോകുന്നതു്

പുതുക്കോട്ട രാജകുടുംബവുമായി ബന്ധമുണ്ടെന്നു നടിച്ചുനടന്ന ഒരു രാജായെ വായനക്കാർ പരിചയപ്പെട്ടിട്ടുണ്ടല്ലൊ. ഈ വ്യക്തിയാണു് എൻെറ ജന്മത്തിൽ നിന്ന ശനി. കൽക്കട്ടായിൽ വച്ചു അയാൾ പലപ്പോഴും എന്നെ സന്ദർശിച്ചിരുന്നു. വിടകേസരിയും കൃത്രിമാഗ്രേസരനും, പരമനീചനും ആയ ഈ മനുഷ്യൻ എന്നെ വ്യാമോഹിപ്പിക്കാൻ ചെയ്ത പരിശ്രമങ്ങളും നൽകിയ മോഹബോധനകളും വിഫലങ്ങളായി. ഉജ്വലിക്കുന്ന പ്രതീകാര വഹ്നിയിൽഎന്നെ ദഹിപ്പിച്ചു നാമാവശേഷമാക്കാൻ പരിപാടി തയാറാക്കി അവസരം പാർത്തിരുന്നു.

അയാൾ മധുരയിലെത്തി. ഒരു രാത്രിയിലാണു് അവിടെ കയറിവന്നതു്. സോമശേഖരൻ ഉണ്ടായിരുന്നു. ഞങ്ങൾ വേണ്ടവണ്ണം സൽക്കരിച്ചു. ഞങ്ങളുടെ സൌഭാഗ്യ ജീവിതത്തിൽ അയാളുടെ ചിത്തംഅസൂയാകലുഷിതമായി. ഉദാര മനസ്കനായ സോമശേഖരൻ അയാളെ ബാങ്കുകെട്ടിടത്തിൽ താമസിക്കാൻ അനുവദിച്ചു. ജന്മ ശനിയുടെ അനിഷ്ടഫലങ്ങൾ അന്നു മുതൽ തുടങ്ങി. "ഒതല്ലോ" നാടകത്തിലെ പ്രസിദ്ധപാത്രമായ "അയാഗോ"വിനെക്കാൾ അയാൾ ഭയങ്കരനാണെന്നു വായനക്കാർക്കു ക്രമേണ മനസ്സിലാകും.

രാജാ എല്ലാദിവസവും ഞങ്ങളുടെ വസതിയിൽ വന്നു ആതിഥ്യം സ്വീകരിക്കയെന്നതു് സാധാരണമായി. സോമശേഖരൻ ബാങ്കിലിരിക്കുമ്പോൾ അയാൾ അദ്ദേഹത്തിൻെറ മുറിയിൽ കയറിച്ചെന്നു ധാരമുറിയാതെ സംഭാഷണങ്ങൾ നടത്തി. ലോലമനസ്കനായ അദ്ദേഹത്തെ കുറേശയായി സ്വാധീനപ്പെടുത്തി

വന്നു. ക്രമേണ അദ്ദേഹത്തിൻെറ ചങ്ങാതിത്വം സമ്പാദിച്ചു. എന്നെക്കുറിച്ചു ദോഷാരോപണങ്ങൾ കെട്ടിച്ചമച്ചു അല്പാല്പമായി അദ്ദേഹത്തിൻെറ ചെവികളിൽക്കൂടി അകത്തേക്കു കടത്തിവിട്ടു. കുറെമാസങ്ങൾ കൊണ്ടാണു് ഈ ദ്രോഹപരിശ്രമം പൂർത്തിയാക്കിയതു്. അകൃത്രിമിയും, നേരസ്ഥനും, ശുദ്ധനുമായ അദ്ദേഹത്തിൻെറ ഹൃദയത്തിൽ പൂർണ്ണവളർച്ചപ്രാപിച്ചു പൂവിട്ടു നിന്ന പ്രേമദ്രുമത്തെ ആ കശ്മലൻ വേരൊടെ പിഴുതെറിഞ്ഞു. ആ ഹൃദയത്തിൽ എന്നോടുള്ള വെറുപ്പും, കഠിനവൈരവും വളർത്തി. ഈ വിഷച്ചെടികൾ സൌഖ്യസുന്ദരമായ ആ ഹൃദയത്തെ കണ്ടകനിബിഡമാക്കി. ഇതെല്ലാം എനിക്കു മനസ്സിലായതു് പില്ക്കാലത്തെ അനുഭവത്തിൽ നിന്നാണു്.

രാജാ പറയുന്നതെല്ലാം, മുമ്പുപിന്നു ആലോചനകൂടാതെ കണ്ണടച്ചു, അപ്പാടെ സോമശേഖരൻ വിശ്വസിച്ചു. മനസ്സിൽ തിളച്ചു പൊങ്ങിയ വിപ്രിയവും, വെറുപ്പും, എന്നോടുള്ള വാക്കിലും, പെരുമാററത്തിലും പ്രകാശിക്കാൻ തുടങ്ങി. ഉല്ലാസമായി ധാരാളം സംസാരിച്ചിരുന്ന അദ്ദേഹം തീരെ സംസാരിക്കാതെയായി. ഞങ്ങൾ ഒന്നിച്ചു ആഹാരം കഴിക്കുമ്പോൾ മിക്കവാറും മൌനമായിരുന്നു. എന്നോടുകൂടി ഇരിക്കുന്നതിൽ വിരസത തോന്നിയതു നിമിത്തം ആഹാരംവേണ്ടെന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. വീട്ടിലുള്ള സമയം, എൻെറ സാമീപ്യത്തിൽ നിന്നു അകലാൻവേണ്ടി, മുകളിലത്തെ ലൈബ്രറിയിൽ ചെന്നിരുന്നു പുസ്തകങ്ങൾ മറിച്ചുകൊണ്ടിരിക്കും. ഞാൻ അടുത്തു ചെന്നാൽ എൻെറ സാന്നിദ്ധ്യം അഗണ്യമാക്കി

പുസ്തകത്തിൽ നിന്നു കണ്ണെടുക്കയില്ലാ. എൻെറ സഹവാസവും സംസർഗ്ഗവും അസഹ്യമായിട്ടു കരുതി.

അദ്ദേഹത്തിൻെറ മുഖത്തു കടുത്ത നൈരാശ്യവും വേദനയും പ്രത്യക്ഷപ്പെട്ടു തുടങ്ങി. കൂടക്കൂടെ അതി ദീർഘമായ നിശ്വാസങ്ങൾ പൊഴിച്ചു. ദിനംപ്രതി ശരീരം ക്ഷീണിച്ചു മെലിഞ്ഞുവന്നു. കുടലുകളെയും, ഹൃദയത്തെയും ഇളക്കിമറിക്കുന്ന, ഒരു ജാതിചുമ അടിക്കടി പീഡിപ്പിച്ചു. അതിൻെറ ഭയങ്കരമായ മുഴക്കം, അകലത്തായി, താഴത്തെ മുറികളിൽ പെരുമാറിയ എൻെറ കർണ്ണപുടങ്ങളെ ഭേദിച്ചു, ഹൃദയത്തെ തകൎക്കുന്നുണ്ടായിരുന്നു. മാനസികമായും, ശാരീരികമായും, പെട്ടെന്നുണ്ടായ ഈ മാററങ്ങൾ എന്തെന്നറിയാതെ ഞാൻ കഠിനദുഃഖമനുഭവിച്ചു.

മുകളിലത്തെ കിടപ്പുമുറിയിൽ രണ്ടുവശങ്ങളിലായി രണ്ടു കട്ടിലുകൾ ഇട്ടിരുന്നു. മിക്കവാറും, എല്ലാ രാത്രികളിലും, ആഹാരം കഴിക്കാതെ അദ്ദേഹം നേരത്തെ പോയി, ഒരു കട്ടിലിൽ ചുവരിനോടു തിരിഞ്ഞു കിടക്കും. ഞാൻ കൊണ്ടുചെല്ലുന്ന പാല്, എത്ര നിർബ്ബന്ധിച്ചാലും കുടിക്കയില്ലാ. രാത്രി മുഴുവൻ ഒരു വാക്കുപോലും സംസാരിക്കുകയൊ, എന്നെ ഒന്നു നോക്കുകയൊ, ചെയ്യില്ലാ. എൻെറ അന്തരംഗം നീറിപ്പുകഞ്ഞു ചാമ്പലാകുകയായിരുന്നു.

ഒരു നാൾ, അർദ്ധരാത്രിസമയം, ഞാൻ ഇമകൂട്ടാതെ മനം നീറി നീറി കത്തിയിരിക്കുന്ന വേളയിൽ അദ്ദേഹം കരയുന്നതായിട്ടു തോന്നി. ഞാൻ എണീററു ചെന്നു കട്ടിലിൽ ഇരുന്നു. എൻെറ വലതുകൈകൊണ്ടു മുഖത്തു സ്പർശിച്ചപ്പോൾ കണ്ണുനീരൊലിക്കുന്നുണ്ടാ

യിരുന്നു. ഞാൻ വിളക്കെടുത്തുകൊണ്ടുവന്നു അരികിലുള്ള മേശമേൽ വച്ചു.

ഞാൻ:-കുറച്ചു കാലമായി കാണുന്ന ഈ ഭാവവ്യത്യാസങ്ങൾ എൻെറ ഹൃദയത്തെ ഞെരിച്ചുപൊടിക്കുന്നു. നാഥാ! എന്താണു് ഹേതുവെന്നു എന്നോടു തുറന്നു പറയണം. ആവശ്യപ്പെടാൻ ഇവൾക്കു അവകാശമുണ്ടു്. അറിഞ്ഞു യാതൊരപരാധവും ഞാനായിട്ടു ചെയ്തിട്ടില്ലാ. എന്നോടു തുറന്നു പറഞ്ഞില്ലെങ്കിൽ പിന്നെ ആരോടാണു്?

അദ്ദേഹം എണീററിരുന്നു. എൻെറ സാരിത്തുമ്പുകൊണ്ടു, അവിടത്തെ നനഞ്ഞ മുഖം ഞാൻ തുടച്ചു. ശരീരത്തോടു ചേൎന്നിരുന്നു. ഇടതുകൈ അദ്ദേഹത്തിൻെറ കഴുത്തിൽക്കൂടി ഇടുകയും, വലതുകൈകൊണ്ടു നെഞ്ചു സാവധാനത്തിൽ തലോടുകയും ചെയ്തു. എന്നാൽ എൻെറ ഇടതുകൈ ബലമായി വിടുവിച്ചുകൊണ്ടു, കട്ടിലിൻെറ അററത്തേക്കു നീങ്ങിഇരിക്കയാണു് ചെയ്തതു്.

സോമ:-നീ എന്നെ തൊടണ്ടാ-

ഞാൻ:-എന്താണു് ഇങ്ങിനെയൊക്കെ? അവിടത്തെ പ്രേമഭാജനം, ഇപ്പോൾ ഒരു വിഷജന്തുവായോ?

സോമ:-വിഷജന്തു എത്ര ഭേദം. ഒരു കടിക്കു കാൎയ്യം തീൎക്കുമെല്ലോ. നീ ഇഞ്ചിഞ്ചായിട്ടു എന്നെ വെട്ടിമുറിക്കയല്ലെ ചെയ്യുന്നതു്.

ഞാൻ ചെവി രണ്ടും പൊത്തി. എൻെറ ഹൃദയം തകൎന്നു. അദ്ദേഹത്തിൻെറ കാലുകളിൽ കെട്ടിപ്പിടിച്ചു. എൻെറ കണ്ണുനീൎക്കണങ്ങൾ വീണു കാൽ

നനാഞ്ഞതു ഞാനറിഞ്ഞില്ലാ. പാദങ്ങളെ വീണ്ടും വീണ്ടും ചുംബിച്ചു.

അദ്ദേഹം അനങ്ങാതിരുന്നു. നിശ്ശബ്ദമായി രണ്ടുമൂന്നു് നിമിഷങ്ങൾ കടന്നുപോയി.

ഞാൻ:—പ്രാണേശാ! അവിടത്തെ പങ്കജത്തോടു അല്പമെങ്കിലും അനുഭാവമുണ്ടെങ്കിൽ കാര്യങ്ങൾ തുറന്നു പറയണം. എൻെറ ഹൃദയവേദന അവിടന്നറിയുന്നില്ല.

സോമ:—എല്ലാം തുറന്നു പറയണമെന്നാണൊ നീ അവകാശപ്പെടുന്നതു്? നിൻെറ കാര്യങ്ങൾ മുഴുവൻ, ഇത്രയും കാലമായിട്ടും, എന്നോടു തുറന്നു പറഞ്ഞിട്ടുണ്ടോ? പലതും മറച്ചു വച്ചിട്ടുണ്ടെന്നു ഇപ്പോൾ എനിക്കറിയാം.

ഞാൻ:—(ഗൽഗദത്തോടുകൂടി) എന്താണു് ഞാൻ മറച്ചിട്ടുള്ളതു്?

സോമ:—പറഞ്ഞേ തീരു എന്നു നിർബ്ബന്ധമാണെങ്കിൽ പറയാം.

ഞാൻ:—നിർബ്ബന്ധമുണ്ടു്. എനിക്കറിയണം.

സോമ:—എന്നാൽ കേട്ടുകൊള്ളുക. കൽക്കട്ടായിൽ വച്ചു നൃത്തം ചെയ്യാറുണ്ടായിരുന്നൊ?

ഞാൻ:—ഒരിക്കൽമാത്രം നൃത്തം ചെയ്തു.

സോമ:—അതു എന്നോടു ഇതേവരെ പറയാത്തതെന്താണു്? കണ്ടു രസിക്കാൻ തക്ക കലാരസികത എനിക്കു ഇല്ലാതെന്നായിരിക്കും.

ഞാൻ:—ആ സംഗതിക്കു പറയത്തക്ക പ്രാധാന്യമൊന്നും, ഇല്ലല്ലൊ.

സോമ:—അക്കാലത്തു ആ പ്രദേശം നാററിച്ചിരുന്ന ചില കോമാളിപ്പരിഷകളേയും, വിടാഗ്രേസരന്മാരെയും, രസിപ്പിച്ചു പാട്ടിലാക്കാനല്ലെ നീ വേഷം കെട്ടി കൂത്താടിയതു്?

ഞാൻ:—അവിടത്തെ ഉററമിത്രമായ രാജായുടെ നിർബ്ബന്ധംകൊണ്ടു ഒരിക്കൽ അങ്ങിനെ പററിപ്പോയെന്നേ ഉള്ളു.

സോമ:—അയാൾ ഉററമിത്രമൊന്നുമല്ലാ. പരമാത്ഥം പറയുന്നവനാകകൊണ്ടു എനിക്കു വിശ്വാസമുണ്ടു്. ഏഷണി കൂട്ടിയതുനിമിത്തം അയാൾക്കു എന്തു ലാഭമാണു് കിട്ടാനുള്ളതു്? നിൻെറ ഭവനത്തിൽ എല്ലാ രാത്രിയിലും ആഭാസകേസരികൾ സമ്മേളിച്ചിരുന്നതു് എന്തിനാണു്?

ഞാൻ:—രാജായും കൂട്ടരും, ചിലപ്പോളെല്ലാം വന്നുകൂടാറുണ്ടായിരുന്നു. എൻെറ ഇഷ്ടപ്രകാരമല്ലാ—വലിഞ്ഞു കയറിയതാണു്. ഞാൻ വിരോധിച്ചപ്പോൾ അവരുടെ വരവു നിൽക്കുകയും ചെയ്തു.

സോമ:—ഇത്രയെങ്കിലും സമ്മതിച്ചല്ലൊ. അടിസ്ഥാനരഹിതമായി, യാതൊന്നും രാജാപറഞ്ഞിട്ടില്ലെന്നു ഇപ്പോൾ എനിക്കു കൂടുതൽ ബോദ്ധ്യമായി.

ഞാൻ:— ഇത്രയും സംഗതികളെ ഊന്നി അവിടന്നു ഇങ്ങിനെ ദുരിതപ്പെടുന്നതു് എനിക്കു വലിയ സങ്കടമാണു്.

സോമ:— ഇതൊയൊന്നുമല്ലാ. പ്രധാനസംഗതി എൻെറ നെഞ്ചുപൊടിച്ച സംഗതി—വരുന്നേയുള്ളു.

ഞാൻ:— അതെന്തെന്നു കേട്ടെതീരു.

സോമ:—നീ എത്രകാലം രാജായുടെ വയ്യാട്ടിയായിരുന്നു? നിൻെറ ധാടിമോടികളും, ചിമിട്ടു പകിട്ടുകളും പരിപൂർണ്ണമായി ഉപയോഗിച്ചു, അയാളെ വശപ്പെടുത്തി പണം മുഴവൻ അപഹരിച്ചു എന്നും, പിന്നീടു പിണമായി തള്ളിയെന്നും രാജാസത്യം ചെയ്തു പറയുന്നു.

ഇടിത്തീ തലയിൽ വീണപോലെ എനിക്കു തോന്നി. രോഷാകുലയായിട്ടാണു് മറുപടി പറഞ്ഞതു്.

ഞാൻ:— അങ്ങിനെ യാതൊന്നും ഉണ്ടായിട്ടില്ലാ. ദഹിക്കാത്ത പച്ചക്കള്ളമാണു് അയാൾ പറഞ്ഞിട്ടുള്ളതു്. ദേവിസാക്ഷി. അവിടത്തെ നിർവ്യാജം സ്നേഹിക്കുന്ന ഈ പങ്കജത്തിൻെറ വാക്കുവിശ്വസിക്കണം.

സോമ:— എന്നാൽ നിൻെറ പേരുകൊത്തിയ ഒരു മോതിരം അയാളുടെപക്കൽ എങ്ങിനെ കിട്ടി?

ഒരു നിമിഷത്തേക്കു എനിക്കു പ്രജ്ഞയില്ലാതായി. പിന്നീടുരണ്ടു കൈ കൊണ്ടും മുഖം പൊത്തിക്കരഞ്ഞു. എൻെറ കരച്ചിൽ കുററ സമ്മതമായി അദ്ദേഹം വ്യാഖ്യാനിച്ചിരിക്കാം.

ഞാൻ:— അയ്യോ! അയ്യോ! എൻെറ ദൈവമെ! എൻെറ നിർദ്ദോഷത ദൈവമെങ്കിലും കാണുന്നില്ലെ? ആ നയവഞ്ചകൻഎന്നെ നരകത്തിലേക്കു തള്ളാൻ എന്തെല്ലാം ദ്രോഹങ്ങൾ കോർത്തിണക്കിയിരിക്കുന്നു. സാങ്കല്പികമായിട്ടോ, സ്വപ്നത്തിൽ പോലുമൊ പറഞ്ഞതൊന്നും സംഭവിച്ചിട്ടില്ലാ. പിന്നെയാണൊ യഥാർത്ഥത്തിൽ. എത്ര ഭയങ്കരമായ കെട്ടുകഥകളാണു അയാൾ സൃഷ്ടിച്ചിരിക്കുന്നതു? എത്ര നീചനീചമായ ദോഷാ

രോപണങ്ങൾ! അയാളുടെ വശീകരണ വിദ്യകൾക്കും, മോഹബോധങ്ങൾക്കും ഇവൾ അടിമപ്പെടാത്തതു് കൊണ്ടാണു് ഈ പ്രതികാരമെല്ലാം. മധുരമീനാക്ഷിയാണെ, പ്രത്യക്ഷ ദൈവമായ ജീവനാഥൻെറ മലരടികളാണെ, എൻെറ കുഞ്ഞുങ്ങളാണെ, ആ ദുഷ്ടൻ എന്നെ തൊട്ടിട്ടില്ലാ. ഏതോ മോതിരത്തേൽ എൻെറ പേരു കൃത്രിമമായി കൊത്തിച്ചിട്ടുള്ളതാണു്

സോമ:-അയാൾ ഇത്ര വഞ്ചകനാണെങ്കിൽ, അടിക്കടി നിന്നെ സന്ദർശിക്കാൻ കാരണം?

ഞാൻ:-സന്ദർശനങ്ങൾ എനിക്കു അശേഷം ഹിതമായിരുന്നില്ലെന്നു പറഞ്ഞല്ലൊ. മുളയിലെ നുള്ളാത്തതു എൻെറ തെററുതന്നെ. എങ്കിലും അല്പം കഴിഞ്ഞപ്പോൾ ഞാൻ ശക്തിയായി വിലക്കി.

സോമ:-വിലക്കിയതെപ്പോൾ? അയാളുടെ സ്വത്തു മുഴുവൻ കവൎന്നു, കരിമ്പിൻ കൊത്തുപോലെ ആക്കിയശേഷം.

ഞാൻ:-യാതൊന്നും ഞാൻ കവൎന്നിട്ടില്ലാ. എല്ലായ്പോഴും എന്നിൽ നിന്നു പത്തടി അകലെയാണു് അയാൾ പെരുമാറിയിട്ടുള്ളതു്. ആ കശ്മലനുമായി പരിചയപ്പെട്ടതു എൻെറ വിവരമില്ലായ്മ.

സോമ:-വിവരമില്ലായ്മ അതിനുമുമ്പും ഉണ്ടായിട്ടുണ്ടല്ലൊ. ഈ മധുരയിൽ തന്നെ ഒരു കൊമ്പൻ ജമിന്താരെ ആരുമറിയാതെ, ഒളിവിൽ സ്വീകരിച്ചു ഏതാനും കൊല്ലങ്ങൾ കഴിച്ചുകൂട്ടിയതായി രാജാ പറഞ്ഞാണു് ഞാനറിയുന്നതു്. അതു നിഷേധിക്കുന്നുണ്ടോ?

ഞാൻ:–ഇല്ലാ.

സോമ:–(കോപം കൊണ്ടു മുഖം ചുമന്നു) അക്കാലം മധുരവാസിയും, പിന്നീടു നിന്റെ ഭർത്താവും, ആയ ഞാൻ പോലും ഈ രഹസ്യം അറിയുന്നതു ഇപ്പഴാണല്ലൊ. (ഉറച്ച ശബ്ദത്തിൽ) നിന്റെ രഹസ്യങ്ങളെല്ലാം, ഒരു ഇരുമ്പുമറക്കപ്പുറമാക്കി എന്റെ കണ്ണുപോലും നാളതുവരെ മൂടണമെങ്കിൽ നീ അസാധാരണ മിടുക്കിയും, ഇന്ദ്രജാലക്കാരിയുമായിരിക്കണം. രാജായെ എന്തിനു പഴിക്കുന്നു?. പരമ വഞ്ചകി നീയാണ്? ഇനി എന്തെല്ലാം കാര്യങ്ങൾ മറച്ചുവച്ചിട്ടുണ്ടെന്നു കടവുളിനെ അറിയാവൂ.

ഇത്രയും സംസാരിച്ച ശ്രമംകൊണ്ടു അദ്ദേഹത്തിന്റെ ചുമ പെട്ടെന്നിളകി. ശ്വാസം നിലച്ചേക്കുമെന്നോ കടൽഛർദ്ദിച്ചേക്കുമെന്നോ ഞാൻ ഭയന്നു. സർവ്വവും വിസ്മരിച്ചു അദ്ദേഹത്തിന്റെ നെഞ്ചും പുറവും ഞാൻ തലോടിക്കൊണ്ടിരുന്നു. ചുമ ഒന്നു നിലച്ചപ്പോൾ, എന്റെ കൈകൾ തട്ടിയിട്ടു വെളിയിലേക്കു പോയി.

ഞാൻ പ്രജ്ഞയററു നിലം പതിച്ചു. എനിക്കു ബോധം വന്നതു് രണ്ടു നാഴികയെങ്കിലും കഴിഞ്ഞായിരിക്കും. കൈകാലുകൾ മരവിച്ചിരുന്നതു് കൊണ്ടു എഴുനിക്കാൻ കഴിഞ്ഞില്ലാ. എണീററെങ്കിൽ താഴത്തു പോയി അദ്ദേഹത്തെ അന്വേഷിക്കുമായിരുന്നു. ഏങ്ങിയും തേങ്ങിയും വെറുംനിലത്തു കിടന്നു നേരം വെളുപ്പിച്ചു.

നേരം വെളുത്തപ്പോൾ ഒരു വിധം എണീററു താഴത്തു പോയി. സോമശേഖരനെ എല്ലാ യിടത്തും നോക്കി. അവിടെ യെങ്ങും കണ്ടില്ലാ. അദ്ദേഹം ബോട്ടിലേ

ക്കു പോയിരിക്കുമെന്നു അനുമാനിച്ചു.

മുകളിൽ വന്നു വീണ്ടും തറയിൽ കിടന്നു. ദുഃഖത്തിൻെറ ആഴംകൊണ്ടു കണ്ണുനീരു വന്നില്ലാ. എൻെറ മനസ്സിൽ വിചാരവീചികൾ പൊന്തുകയും ഉരുളുകയും ചെയ്തു. അവ ഏറക്കുറെ ഇപ്രകാരമായിരുന്നു:—

"എൻെറ സൌഭാഗ്യപുഷ്പം പറിച്ചു ചേററിലിട്ട രാജായെപ്പോലെ ഒരധമാധമൻ സൃഷ്ടിയിൽ ഉണ്ടായിട്ടില്ലാ. അയാൾക്കു ഇതുകൊണ്ടു എന്തുപ്രയോജനം സിദ്ധിക്കുന്നുണ്ടു്. എന്നെ അധോഗതിയാക്കാം. സോമശേഖരനെ ഇല്ലാതാക്കാം. ഞങ്ങളെ ബന്ധിക്കുന്ന പ്രേമച്ചരടു പൊട്ടിക്കാം. ഇത്രമാത്രം"

"ദുഷ്ടതക്കുവേണ്ടി മാത്രം ദുഷ്ടത പ്രവത്തിക്കുന്ന ദുഷ്ടന്മാക്കു അവരുടെ പ്രവത്തനം ആനന്ദപ്രദമായിരിക്കാം. ഷേക്സ്പിയരുടെ അനശ്വരസൃഷ്ടിയായ "അയാഗൊ" എന്ന നീചപാത്രത്തെക്കാൾ എത്രയെത്ര ഭയങ്കരനാണു് ഇയ്യാൾ. ഹൃദയം തകർപ്പു് ഉന്മേഷഭരിതമായ ഒരു വിഹാരമായിട്ടാണു് ഈ പ്രേമധ്വംസകൻ കരുതുന്നതു്."

"ഞാനും സോമശേഖരനും ഇണപിരിയാത്ത ചക്രവാകികളെപ്പോലെ എത്ര രമ്യമായി കഴിഞ്ഞു. ആ സുവർണ്ണകാലം ഇങ്ങിനി വരാതവണ്ണം അസ്തമിച്ചു. ഈ ഖലൻെറ നിശിതമായ ഏഷണി എന്നന്നേക്കുമായി ഞങ്ങളെ പിരിച്ചുവേറാക്കി. ആ പ്രേമഗൌതമൻെറ ഹൃദയചഷകം നിറഞ്ഞു തുളുമ്പിയിരുന്ന പ്രേമാമൃതത്തിൽ, ഈ കാളകൂടസർപ്പം, വിഷംകലത്തി. നീലാകാശം പ്രതിബിംബിച്ചുകൊണ്ടിരുന്ന നിശ്ചല നിർമ്മലജലത്തിൽ, ഈ വനസൂകരം വൻപാറകൾ

തള്ളിയിട്ടു, കലക്കമുണ്ടാക്കി.ശാന്തി ഇല്ലാതാക്കി."

"പ്രാണേശ്വരാ! പരമശുദ്ധനും, സത്യവ്രതനും ആയ അവിടത്തെ നിഷ്കളങ്കതയ്ക്കു കോടി കോടി നമസ്കാരം. ഈ പ്രണയിനി ഒരിക്കലും അവിടത്തെ കുററപ്പെടുത്തുകയില്ല. അനർഹയായ ഇവൾ ശാന്തസുന്ദരമായ അവിടത്തെ ജീവിതം നശിപ്പിച്ചു. സ്നേഹസുരഭിലമായ ആ ഹൃദയപുഷ്പം ഈ ദുർഭഗയിൽ അർപ്പിച്ചതു് മഹാകഷ്ടമായി. അവിടത്തെ സ്നേഹശിശിരമായ വീക്ഷണവും, മൃദുമന്ദഹാസവും, സ്നിഗ്ധ മൃദുല വചസ്സുകളും, എന്നെ കോരിത്തരിപ്പിക്കുന്ന നിമിഷം ഈ ജീവിതത്തിൽ ഇനി ഉണ്ടാകയില്ലാ. എന്നെന്നേക്കുമായി ജീവിത സൌഭാഗ്യം നശിച്ചു."

"എന്തിനു വൃഥാ, രാജായെ കുററപ്പെടുത്തുന്നു. എൻെറ കർമ്മഗതി അയാളെ നിമിത്തമാത്രമാക്കിയതാണു്. പല ജന്മങ്ങളിൽ നരകിക്കുന്നതിനു വേണ്ടതായ പാപഭാരം ഇജ്ജന്മം തന്നെ ഞാൻ കൂട്ടിയിട്ടിട്ടുണ്ടല്ലൊ. അല്പകാലത്തിനു മുമ്പുവരെ ദുരഹങ്കാരിയും, ദുർവൃത്തയും ആയിട്ടല്ലെ കഴിഞ്ഞതു്. മററാരെയും പഴിക്കണ്ടാ."

വിഷയസുഖങ്ങൾ "തൈട്ടവന്നമലരും, തൃണാഞ്ചലം വിട്ടിടുന്ന ഹിമബിന്ദുവും"പോലെ ക്ഷണികങ്ങളാണെന്നു മംഗളം പലപ്പോഴും ഊന്നിപ്പറഞ്ഞിട്ടുള്ളതു് എത്ര ശരി. വിവേകമുള്ള മനുഷ്യൻ നിത്യസുഖത്തെയാണു് തേടേണ്ടതു് സംശയമില്ലാ."

സോമശേഖരൻ അന്നു വൈകുന്നേരമാണു് വന്ന

ളു്. കുറച്ചു ദിവസത്തേക്കു ഗ്രാമത്തിൽ പോയിരുന്ന മംഗളവും തിരിച്ചെത്തി.

## XXIX

പിറേറദിവസം മുതൽ സോമശേഖരൻ മിക്കവാറും ഒരു മൌനിയായിത്തീൎന്നു. എന്തെങ്കിലും ചോദിക്കുന്നതിനുമാത്രം, ഒററവാക്കിൽ ഉത്തരം പറയുകയൊ, മൂളുകയൊ ചെയ്തിരുന്നു. കലശലായ ചുമയും ക്ഷീണവും നിമിത്തം പതിവായി ബാങ്കിൽ പോകാതായി. മിക്കവാറും കിടക്കമുറിയിൽ രോഗശയ്യയെ അവലംബിച്ചു. വിട്ടുമാറാത്ത ഒരു പനിയും ബാധിച്ചു. ക്ഷയത്തിൻെറ ആരംഭമെന്നാണു് ഭിഷഗ്വരന്മാർ അഭിപ്രായപ്പെട്ടതു്. പോഷണമില്ലായ്മകൊണ്ടും, ശോഷണംകൊണ്ടും, ശരീരം വെറും അസ്ഥിപഞ്ജരമായി. കഠിനമായ മനോവേദന നിമിത്തം അകാലവാർദ്ധക്യത്തിൻെറ ആക്രമണങ്ങൾക്കു ഞാനും വിധേയയായി. ജരാനരകൾ പ്രത്യക്ഷപ്പെട്ടു.

"ശോകമെന്നതു വരുന്നേരത്തു കൂട്ടത്തോടെ" എന്നൊരു ആപ്തവാക്യമുണ്ടു്. നിർഭാഗ്യങ്ങൾ ഒററതിരിഞ്ഞുവരികയില്ലാ. പററമായിട്ടേ വരികയുള്ളു. ഭാഗ്യത്തെ സംബന്ധിച്ചും ഇതുപറയാം. ഈ അഭിജ്ഞ വാക്യം എൻെറ കാൎയ്യത്തിൽ സാൎത്ഥമായി.

രണ്ടുനാലു ദിവസത്തിനുള്ളിൽ എൻെറ ശനി മൂർദ്ധന്യത്തിലെത്തി. കത്തിക്കൊണ്ടിരുന്ന ജീവിതത്തിൽ ഒരു ഇടിത്തീകൂടി വന്നുവീണു. ദു:ഖംകൊണ്ടും, ക്ഷീണംകൊണ്ടും തീരെ അവശനിലയിൽ സോമശേഖരൻ കിടന്നതിൻെറ അടുത്ത മുറിയിൽ ഞാൻ

കിടക്കയായിരുന്നു. പഴയജമീൻ-പ്രതാപൻ-വന്നു താഴത്തു നിൽക്കുന്നു എന്നു മംഗളം അറിയിച്ചു. എനിക്കു വല്ലാത്ത സംഭ്രമമുണ്ടായി. ആലോചിക്കാതെ ഒന്നു മൂളി. അതു അനുവാദമെന്നു ധരിച്ചു അവരു ആഗതനെ മുകളിലേക്കു ആനയിച്ചു. ആളറിയാൻ പാടില്ലാത്ത വിധത്തിൽ വാർദ്ധക്യലക്ഷണങ്ങൾ അദ്ദേഹത്തിൽ തെളിഞ്ഞിരുന്നു. ഞാൻ സാവധാനമായി എണീററു തൊഴുതു.

പ്രതാപൻ ഒരു കസാലയിൽ ഇരുന്നു.

പ്രതാ:-പങ്കജം! ഇത്ര പാരവശ്യം എന്താണ്?. ഞാൻ ഇങ്ങിനെ വിചാരിച്ചില്ലാ.

ഞാൻ:-പ്രത്യേകിച്ചു രോഗമില്ലെങ്കിലും, കുറച്ചു നാളായി മനസ്സിനും ശരീരത്തിനും തീരെ സുഖമില്ലാ.

പ്രതാ:-നാം പിരിഞ്ഞിട്ടു ഏകദേശം പത്തുകൊല്ലമായില്ലെ? ഈയിടെ രാജായുമായി പരിചയപ്പെട്ടു. പങ്കജം അയാളൊടൊന്നിച്ചു കൽക്കട്ടായിൽ മൂന്നുകൊല്ലം ജീവിച്ചു എന്നും, എന്നെ കാണാൻ കൊതിച്ചു കൊതിച്ചു ഇരിക്കയാണെന്നും, സോമശേഖരനെയും, പങ്കജത്തേയും ഞാൻ ഉടനടി വന്നുകാണണമെന്നുമാണ് അയാൾ പറഞ്ഞതു്. അതാണ് ഇത്ര തിടുക്കമായി വന്നതു്.

ഊക്കായ ഒരടി തലക്കുകൊണ്ട അനുഭവമായിരുന്നു എനിക്കു്. രാജായുടെ വിപുലമായ പ്ലാൻ ഞാൻ കണ്ടു. എന്നെ പാതാളക്കുണ്ടിലാക്കാൻ, എന്തെല്ലാം തരത്തിലുള്ള കൃത്രിമപ്പണികൾ ആ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനെ നടപ്പിലാക്കാനുള്ള

പ്രവർത്തനങ്ങളും. ഹൃദയത്തിന്നകത്തുണ്ടായ ആളിക്കത്തൽ നിമിത്തം ഞാൻ മൂകയായി.

പ്രതാ:- റാണിമരിച്ചതിൽ പിന്നെ, വിഷയവിരക്തനായിട്ടാണ് ഞാൻ ജീവിക്കുന്നതു്. ലോകത്തിൽ യാതൊന്നും ഇപ്പോൾ എനിക്കു സാരമില്ലാ. ഒരു കൊല്ലം ചുററിസഞ്ചരിച്ചു. ഭാരതത്തിലെ പ്രധാന പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. പലമഹാന്മാരെയും കണ്ടുമുട്ടി. എൻെറ സ്വത്തുക്കളെക്കുറിച്ചു ഒരു വ്യവസ്ഥ ചെയ്തിട്ടു, ആശ്രമവാസിയാകാൻ തീർച്ചയാക്കി.

ഞാൻ:- അവിടന്നു പുണ്യവാനാണ്

പ്രതാ:- തിരുവിതാംകൂറിൽ വാണരുളുന്ന ബ്രഹ്മാനന്ദസ്വാമികളുടെ തൃപ്പാദങ്ങൾ ആശ്രയിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു. ഭാരതത്തിലെന്നല്ലാ, ലോകത്തിൽ ഇതുപോലെ ഒരു മഹാത്മാവില്ലാ.

ഞാൻ:- അദ്ദേഹത്തെക്കുറിച്ചു ഞാനും കേട്ടിട്ടുണ്ടു്.

പ്രതാ:- ഒരു പ്രധാന സംഗതിയിൽ ഭവതിയുടെ അനുവാദം പ്രാർത്ഥിക്കാനും കൂടിയാണ് ഞാൻ വന്നതു്.

ഞാൻ:- അതെന്താണ്?

പ്രതാ:- എനിക്കു രണ്ടുലക്ഷത്തിൽ കുറയാത്ത സ്വത്തുണ്ടു്. ഭവതിയുടെ പുത്രൻ സുന്ദരനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഞാൻ നല്ലവണ്ണം മനസ്സിലാക്കി. അയാളെ എൻെറ അവകാശിയാക്കാൻ അനുവദിക്കണം

ഞാൻ മൌനം ധരിച്ചതെഉള്ളു. മൌനം എൻെറ സമ്മതമായിട്ടാണൊ എടുത്തതെന്നു അറിഞ്ഞുകൂടാ

പ്രതാ:-സുന്ദരനെപ്പോലെ ഒരു നല്ല കൊച്ചനെ കാണാൻ പ്രയാസമാണ് അയാളുമായി വരദൻ മുഖാന്തിരം ഈ വിഷയം സംസാരിച്ചതിൽ വിപരീതമൊന്നും പറഞ്ഞില്ലാ

ആ സമയം അടുത്ത മുറിയിൽ കിടന്നിരുന്ന സോമശേഖരൻ കലശലായി ചുമച്ചു. അദ്ദേഹത്തിൻെറ കട്ടിലും ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്ന സ്ഥലവും തമ്മിൽ 20 അടിയിൽ കൂടുതൽ അകലമില്ലായിരുന്നു. ഞങ്ങളുടെ സംഭാഷണം അദ്ദേഹം േകട്ടിരിക്കണം..

പ്രതാ:- അതാരാണ് ചുമക്കുന്നതു്?

ഞാൻ:-അദ്ദേഹം വളരെ അവശനായി അടുത്ത മുറിയിൽ കിടക്കുന്നു.

പ്രത:- ആരു? സോമശേഖരനൊ? എന്നാൽ ഒന്നു കണ്ടു കളയാം.

ജമീൻ അടുത്ത മുറിയിലേക്ക് ചെന്നു. താൻ ഇന്നാരാണെന്നു് ധരിപ്പിച്ചു.

സോമ:- അടുത്തകാലത്തു നിങ്ങളെക്കുറിച്ചു രാജാ പറഞ്ഞിട്ടുണ്ടു്. കണ്ടതു സന്തോഷം.

പ്രതാ:- സുഖക്കേടിനു ആശ്വാസമുണ്ടല്ലൊ.

സോമ:- മൂന്നു നാലു് ദിവസം കഴിയുമ്പോൾ എല്ലാ സുഖക്കേടുകളിൽ നിന്നും രക്ഷ ലഭിക്കും.

പ്രതാ:- എല്ലാം പരം പൊരുളിൻെറ കയ്യിലാണു്. അവിടെ ആശ്രയിക്കാനെ നമുക്കു കത്തവ്യമുള്ളു.

സോമ:- ഇങ്ങോട്ടുവരാൻ വിശേഷാൽ വല്ല സംഗതിയുമുണ്ടൊ?

പ്രതാ:- അതാണ് അപ്പുറത്തു സംസാരിച്ചു കൊണ്ടിരുന്നതു്. സുന്ദരനെ എൻെറ അവകാശിയാക്കണെ

3371

മെന്നുണ്ടു്

സോമ:— നല്ലതു തന്നെ

പ്രതാ:— അതിലേക്ക അയാളുടെ അമ്മയുടെയും അവിടത്തെയും അനുമതി പ്രാത്ഥിക്കാൻ വന്നതാണു്

സോമ:— എൻെറ അനുമതി എന്തിനു?

പ്രതാ:— സുന്ദരൻെറ പിതൃസ്ഥാനമുണ്ടല്ലൊ.

സോമ:— (ശബ്ദം ഉയത്തി) ആ സ്ഥാനം നിങ്ങൾക്കമുണ്ടല്ലൊ.

ജമീൻ വിവർണ്ണവദനനായി. വാതിൽക്കൽ ഞാൻ നിന്നിരുന്നതു് കൊണ്ടു എല്ലാം കാണുകയും, കേൾക്കയും ചെയ്തു.

പിന്നീട്ടു സോമശേഖരൻ കുറച്ചുനേരം ചുമച്ചു.

പ്രതാ:— അധികം സംസാരിക്കുന്നതു ശ്രമമാണു്. ഒട്ടും ശ്രമപ്പെടരുതു്. തല്ക്കാലം എന്നെ പോകാൻ അനുവദിക്കണം.

പ്രതാപൻ ഞങ്ങളോടു യാത്ര ചോദിച്ചിട്ടു പോയി. എൻെറ അകത്തുകൂടി വിദ്യുഛക്തി പായുന്നതു പോലെ തോന്നി. ബോധമില്ലാതെ എൻെറ കിടക്കയിൽ ചെന്നുവീണു.

രണ്ടു മണിക്കൂർ കഴിഞ്ഞാണു് ഞാൻ കണ്ണു തുറന്നതു്. കാലുകൾക്കിടറുന്നുണ്ടായിരുന്നെങ്കിലും, സാവധാനമായി അടുത്തമുറിയിൽ ചെന്നു. സോമശേഖരൻെറ കാല്ക്കൽ നിന്നു. അദ്ദേഹം കണ്ണുകൾ തുറിച്ചു എന്നെ നോക്കി. മുഖത്തു കൊടിയ ഈൎഷ്യയും, കോപവും സ്ഫുരിച്ചു.

സോമ:— പഴയ പ്രിയതമയെ കാണാൻ ജമീൻ വന്നല്ലൊ. പ്രേമത്തിൻെറ ശക്തി അത്രക്കുണ്ടു്.

ഞാൻ:-വന്നകാര്യം എന്താണെന്നു അവിടത്തോടും പറഞ്ഞല്ലോ.

സോമ:- നിങ്ങളുടെ സ്വകാര്യങ്ങളിൽ എനിക്കെന്തുകാര്യം? ഈ മണ്ടനെ നീ നല്ലവണ്ണം കുരങ്ങു കളിപ്പിച്ചു. നിൻെറ ജീവിതത്തിൽ നിന്നു ഞാൻ ഒഴിഞ്ഞുമാറി നില്ക്കുയാണു്. പഴയ പ്രേമഭാജനത്തിനെ എടുത്തു കൊള്ളാൻ പ്രതിബന്ധമില്ലാ.

ഞാൻ:- ശവത്തിന്മേൽ വീണ്ടും വീണ്ടും ഇങ്ങിനെ കുത്തരുതു്. ഈ ഏഴയുടെ തെററുകൾ ക്ഷമിച്ചു മാപ്പുതരണമെന്നു് പ്രേമ പൂൎവ്വം പ്രാൎത്ഥിക്കുന്നു.

സോമ:-നിൻെറ പ്രേമം ഇനി ആവശ്യമില്ലാ. നാം തമ്മിൽ പരിചയപ്പെട്ട കാലത്തു ജമീൻെറ വപ്പാട്ടി ആയിരുന്നല്ലോ. ആ വസ്തുത ഇത്ര ഗോപ്യമായി സൂക്ഷിച്ച നിൻെറ സാമൎത്ഥ്യം ഞാൻ അഭിനന്ദിക്കുന്നു. എനിക്കു നിന്നെ ഭയമാണു്. നാമൊന്നിച്ചു ഇനി ജീവിതമില്ലാ. ഞാൻ നാളെ ആശുപത്രിക്കു പോകുന്നു.

എൻെറ ഹൃദയാകാശത്തിൽ വിദ്യുല്ലതികകളും, ഇടികളും തിമൎത്തുകൊണ്ടിരുന്നു. ഒരു ജീവച്ഛവമായി താഴത്തിരുന്നു. ഞാൻ മുറിവിട്ടു പൊയ്ക്കൊള്ളണമെന്നു അദ്ദേഹം ആജ്ഞാപിച്ചു. അടുത്ത മുറിയിൽ വന്നിരുന്നു, കരഞ്ഞു, പിഴിഞ്ഞു രാത്രികഴിച്ചു.

പറഞ്ഞതുപോലെ പിറേറദിവസം കാലത്തു ഒരു വണ്ടി വരുത്തി അദ്ദേഹം ആശുപത്രിക്കുപോയി.

## XXX

അവിചാരിതമായി അനുച്ഛക്കരാജാ അവിടെ വന്നു. എന്നെ അത്യാവശ്യമായി കണ്ടേ തീരു എന്നു

മംഗളത്തിനോടാവശ്യപ്പെട്ടു. എണീക്കാൻ വയ്യാതെ ഞാൻ കിടപ്പാണെന്നു അവൾ പറഞ്ഞു. ആ നിർമ്മര്യാദപ്പെരുമാൾ അശേഷം കൂസൽകൂടാതെ ചടാപ്പടായെന്നു മുകളിലേക്കു കയറി വന്നു. ചുമരിന്നു അഭിമുഖമായി, ഞാൻ പുറം തിരിഞ്ഞു കിടക്കയായിരുന്നു. അയാൾ രണ്ടുമൂന്നു ചുമച്ചപ്പോൾ ഞാൻ സാവധാനത്തിൽ എണീററിരുന്നു. അയാളും ആസനസ്ഥനായി.

രാജാ:-ഭവതിയുടെ അവശസ്ഥിതിയറിഞ്ഞു ഞാൻ ഓടിവന്നതാണു്. എക്കാലവും ഇവൻ അഭ്യുദയകാംക്ഷിയും, ആത്മസുഹൃത്തും ആണെന്നു കരുതിക്കൊള്ളണം.

അയാൾ ദഹിക്കത്തക്കവണ്ണം രൂക്ഷമായി ഞാനൊന്നു നോക്കി. അയാളോടുള്ള വൈരാഗ്യവിദ്വേഷങ്ങൾ മുഴുവൻ ആ നോട്ടത്തിൽ നിന്നിരുന്നു.

രാജാ:- (മന്ദഹസിച്ചുകൊണ്ടു) സോമശേഖരൻ രക്ഷപ്പെടുമെന്നുള്ള ആശവേണ്ടാ, ആശുപത്രിയിൽ വന്നപ്പോൾ ഞാൻകൂടി ഉണ്ടായിരുന്നു. ഉടൽ രണ്ടാണെങ്കിലും ഞങ്ങളുടെ ജീവൻ ഒന്നാണു്. ഡാക്ടറന്മാർ എൻെറ സ്നേഹിതന്മാരാണു്. ഞാൻ പ്രത്യേകം പറഞ്ഞു അവരെക്കൊണ്ടു നിഷ്കർഷയായിപരിശോധിപ്പിച്ചു. പനി, ക്ഷയം, പ്രമേഹം, രക്തസമ്മർദ്ദം, ഇവയെല്ലാം അപായകരമായ നിലയിൽ സംയോജിച്ചിട്ടുണ്ടെന്നു അവർ രഹസ്യമായി എന്നോടു പറഞ്ഞു.

ഞാൻ:-അതെല്ലാം ഇരിക്കട്ടെ. ഇപ്പോൾ എന്തിനു ഇങ്ങോട്ടു വന്നു?

രാജാ:- എനിക്കു വരാൻ പ്രത്യേകകാര്യം വല്ലതും വേണോ? കൽക്കട്ടായിൽ വന്നതുമുതൽ ഭവതി എൻെറ പ്രേമ പാത്രമാണു്. സോമശേഖരൻെറ കാല

ശേഷം രക്ഷിതാവായി ഇവനുണ്ടെന്നുള്ള സമാധാനം തരാനാണ് വന്നതു.

അവശത കൊണ്ടു അർദ്ധപ്രാണനായിരുന്നെങ്കിലും ഞാൻ പല്ലു ഞെരിച്ചുകൊണ്ടു ചാടിയെണീററു.

"എടാപട്ടീ! ദ്രോഹീ! മഹാപാതകീ! നിൻെറ ചതിപ്രയോഗങ്ങൾ മുഴുവൻ ഞാനറിഞ്ഞു. ഞങ്ങളുടെ സുന്ദര ജീവിതം പരമനീചനായ നീ നശിപ്പിച്ചു. കടക്ക് പുറത്തു"

ഈററപ്പുലി അലറുന്ന രീതിയിലായിരുന്നു ഈ വാക്കുകൾ പുറപ്പെട്ടതു്. ഉത്തരക്ഷണത്തിൽ മേശപ്പുറത്തു കിടന്നിരുന്ന ഒരു വലിയ കത്തി ഞാൻ കയ്യിലെടുത്തു. ആ ഭീരു ഉടൻ താഴോട്ടു പോയി.

മുകളിലത്തെ കോലാഹലം യാതൊന്നുമറിയാതെ മംഗളം അടുക്കളയിൽ നിന്നിരുന്നു. രൂപവതിയായ അവളുടെ സമീപത്തുചെന്നു തൻെറകൂടെ വരണമെന്നും, ഒരു രാജാവിൻെറ ഭാര്യപദത്തിലിരുന്നു,

അതികാമ്യമായ ഭോഗങ്ങൾ ഭുജിക്കാമെന്നും മററും അയാൾ പ്രേരിപ്പിച്ചുനോക്കി. അവൻെറ ക്രിത്രിമങ്ങൾ അവൾ ഏറെക്കുറെ അറിഞ്ഞിരുന്നു. മറുപടിയൊന്നും പറഞ്ഞില്ലാ. അവളുടെ കൈക്കു കടന്നു പിടിക്കാൻ ഭാവിച്ചപ്പോൾ ഒട്ടും മടിക്കാതെ ചൂലെടുത്തു ആ ഖലകുലപ്പെരുമാളിൻെറ തിരുമുഖത്തുതന്നെ "പ്ലാച്ച്" "പ്ലാച്ച്" എന്നു നാലഞ്ചെണ്ണം തുടർച്ചയായി കൊടുത്തു ഇരുട്ടത്തു. കിട്ടിയതു് വെളിച്ചത്തു കാട്ടാതെ അയാൾ ഓടി. ഇക്കഥ പിന്നീടു മംഗളം എന്നോടു പറഞ്ഞതാണു്.

രാജാവിനെ പിന്നീടു ആ പരിസരപ്രാന്തങ്ങളിൽ കണ്ടിട്ടേ ഇല്ലാ

ഉച്ചതിരിഞ്ഞ ഉടൻ ഞാനും മംഗളവും ആശുപത്രിയിലേക്കു പോയി. സോമശേഖരനു ബോധമുണ്ടായിരുന്നില്ലാ. ഏററവും ദയനീയമായ നിലയിലായിരുന്നു കിടപ്പ്. കഠുത്ത ജ്വരവും ചുമയും വല്ലാതെ കഷ്ടണിപ്പിച്ചു. കഴിവുള്ള എല്ലാ ശിശ്രൂഷകളും ചെയ്തു ഞങ്ങൾ രാപ്പകൽ ആ മുറിയിൽ തന്നെ മൂന്നു ദിവസം കഴിച്ചു. നാലാം ദിവസം സന്ധ്യകഴിഞ്ഞപ്പോൾ അദ്ദേഹത്തിനു ബോധം വന്നു. കണ്ണുകൾ നല്ലവണ്ണം തുറന്നു. മുന്നിൽ എന്നെ കണ്ടപ്പോൾ ഒന്നു മന്ദഹസിച്ചു. ഞാൻ കിടക്കയിൽ ചെന്നിരുന്നു, അദ്ദേഹത്തിൻെറ ശോഷിച്ച കൈകൾ ഗ്രഹിച്ചു, അവയിൽ ചുംബിച്ചു. പിന്നീടു വലതു കൈകൊണ്ടു ശിരസ്സും, കുഴിഞ്ഞ കവിളുകളും തലോടി. നെററിയിലും കപോലങ്ങളിലും കൂടി ചുംബിച്ചു. എൻെറ ഒന്നുരണ്ടു കണ്ണുനീർക്കണങ്ങൾ ആ മുഖത്തു വീണു. എൻെറ പ്രേമ പ്രകടനങ്ങൾ അദ്ദേഹത്തിനു നിർവൃതി നൽകുന്നതായിട്ടു കണ്ടു.

അലൌകികമായ ഒരു പ്രസന്നത ആ മുഖത്തു കളിയാടി. ലക്ഷണ യുക്തനായിരുന്ന അദ്ദേഹത്തിൻെറ സൌന്ദര്യം മുഴുവൻ അവിടെ പ്രകാശിച്ചു. ഉന്മാദം പൂണ്ടിരുന്ന കണ്ണുകളിൽ ഒരു നനവും ശാന്തിയും പ്രത്യക്ഷപ്പെട്ടു. ദിവ്യമായ ഒരു പരിവേഷം ആ മോഹന വദനത്തെ ആവരണം ചെയ്യുന്നതു പോലെ തോന്നി. മുമ്പുണ്ടായിരുന്ന പാരുഷ്യത്തിൻെറയും, നീരസത്തിൻെറയും ഒരു ലാഞ്ഛനപോലും അവിടെ കണ്ടില്ല ആ ഉത്തമ പുരുഷൻെറ വിശാല ഹൃദയത്തിൽ നിന്നു ബാലിശ സംസ്കാരങ്ങൾ നിശ്ശേഷം നീങ്ങി.

അദ്ദേഹത്തിൻെറ വീക്ഷണങ്ങളും, ഭാവങ്ങളും ഒരു ശിശുവിൻെറതു പോലെ നിർദ്ദോഷവും നിർമ്മലവും, മധുരവും ആയിരുന്നു. അസ്ഥിക്കാലുകൾ മാത്രമായിരുന്ന കരങ്ങൾ കൊണ്ടു എൻെറ കരങ്ങളും മുഖവും തഴുകിക്കൊണ്ടിരുന്നു. രണ്ടുമൂന്നു പ്രാവശ്യം വിറപൂണ്ട വലതുകരം ഉയർത്തി അനുഗ്രഹപൂർവ്വം എൻെറ ശിരസ്സിൽ ചേർത്തു.

മഞ്ഞു തുള്ളിപോലെ കുളുർമകലന്ന മന്ദസ്വരത്തിൽ "പങ്കജം""പങ്കജം" എന്നു വിളിച്ചിട്ടു മേശപ്പുറത്തിരുന്ന തുകൽപ്പെട്ടിയിലേക്കു അദ്ദേഹം കൈചൂണ്ടി. ഞാൻ അതെടുത്തു കൊണ്ടുവന്നു കിടക്കയിൽ വച്ചു തുറന്നു. വിറക്കുന്ന കൈകൊണ്ട് അദ്ദേഹം അതിൽ നിന്നു ഒരു നീണ്ട കവർ എടുത്തു എന്നെ ഏൾപ്പിച്ചു, "വരദനുകൊടുക്കണം'' എന്നുപറഞ്ഞു.

തീരെ അപ്രതീക്ഷിതമായ ഒരു സംഭവമാണ് പിന്നീടു നടന്നത്. ആ വലിയ കണ്ണുകൾ മുഴുവൻ തുറന്നു നേരെ മുകളിലേക്കു തുറിച്ചുനോക്കി. വിദൂരതയിൽ എന്തിനെയൊ സൂക്ഷിക്കുന്നതായിട്ടു കണ്ടു. അതിനുശേഷം കൃഷ്ണമണികൾ അകത്തോട്ടു വലിഞ്ഞു ഒരു ധ്യാനി ദൃഷ്ടിയിലായി. നെഞ്ചിൽ ചേർത്തിരുന്ന കരയുഗളങ്ങൾ കമല മുകുളങ്ങളായി. ക്ഷീണഭാവം മാററി നിറുത്തി, മൃദുവായ ശാരീരത്തിൽ ഒരുസംസ്കൃത ശ്ലോകം ചൊല്ലി. ചിലവാക്കുകൾ അസ്പഷ്ടങ്ങളായിരുന്നെങ്കിലും ശ്ലോകം എനിക്കു മനസ്സിലായി. മലയാളഭാഷ ഇതാണ്.

കർമ്മത്താലിന്ദ്ര പട്ടപ്പദവിയുമിടിയും,
തുഛമാസപജ്ഞസൌഖ്യം

ബ്രഹ്മാദ്യം വാസമെല്ലാംപ്രളയഗഡുവിലായ്.
　　തീരുമെന്തിന്നിതെല്ലാം,
ബ്രഹ്മധ്യാനത്തിനാലെൻ ദുരിത തതിദഹി.
　　പ്പിച്ചിരുട്ടററ രണ്ടാം.
ജന്മം പററാത്ത നിത്യസ്ഥല മതിലഖിലം
　　വിട്ടു പോകുന്നിതാ ഞാൻ."

പിന്നീടു ഒന്നും മിണ്ടിയിട്ടില്ലാ. ആ പുണ്യവാൻെറ സാത്വിക ഹൃദയം എത്ര ഉച്ചകോടിയിലാണു് നില്ക്കുന്നതെന്നു ഞാൻ അത്ഭുതപ്പെട്ടു. രോമാഞ്ചകഞ്ചുകിതമായമിട്ടു, തുടിക്കുന്ന ഹൃദയത്തോടും, നനഞ്ഞകണ്ണുകളോടും, തൊഴുകയ്യോടുംകൂടി, ഞാൻ കട്ടിലിൻെറ കാൽക്കൽ നിന്നു. നിസ്വാത്ഥ പ്രേമത്തിൻെറ മധുരിമ എന്നെ മതിയാവോളം ആസ്വദിപ്പിച്ച ആ മംഗള വിഗ്രഹത്തെ നോക്കിക്കൊണ്ടു്.

അർദ്ധരാത്രികഴിഞ്ഞപ്പോഠം മട്ടുമാറി. ശ്വാസഗതി മുറുകി. കണ്ണുകഠം പ്രകാശം കുറഞ്ഞു അർദ്ധനിമീലിതങ്ങളായി. ഡാക്ടർ വന്നുനോക്കി. ഒന്നു കുത്തിവച്ചിട്ടു "വലിയതാമസമില്ലാ" എന്നു പറഞ്ഞു പോയി. ബ്രാഹ്മമുഹൂർത്തത്തിൻെറ മദ്ധ്യത്തിൽ, പ്രേമത്തിൻെറയും ത്യാഗത്തിൻെറയും മൂർത്തിയായിരുന്ന ആ പരമ പരിശുദ്ധൻ ദിവം ഗതനായി. നിർജ്ജീവമായ കാലുകളിൽ എൻെറ ശിരസ്സു ചേർത്തും, മോഹിച്ചു നിലത്തു വീണതും മാത്രം എനിക്കോർമ്മയുണ്ടു്.

സജല നയനങ്ങളോടെ, ഒരു വമ്പിച്ച പുരുഷാരം, മധുരാപട്ടണത്തിലെ പ്രധാന പൌരൻെറ ശവമഞ്ചത്തെ പിന്തുടർന്നു. സംസ്കാരവും, ശേഷക്രിയകളും ശാസ്ത്രീയരീതിയിൽ നടത്തി. പുത്രന്മാരുടെ നില

യിൽ, വരദനും, സുന്ദരനും കർമ്മം ചെയ്തു.

ദുഃഖസൂചകമായ ബാഹ്യപ്രകടനങ്ങളൊന്നും കൂടാതെയാണു് ഞാനിരുന്നതു്. അത്രക്കു ആഴമുള്ളതായിരുന്നു എൻെറ അത്തൽ. ദുഃഖത്തിൻെറ ആഴത്തിൽ നിന്നു പരിപൂൎണ്ണമായ വിഷയവൈരാഗ്യത്തിലേക്കാണു് എൻെറ മനസ്സു തിരിഞ്ഞതു്. സോമശേഖരൻ രോഗശയ്യയെ അവലംബിച്ചതുമുതൽ ഒററ ആഭരണംപോലും ഞാൻ ധരിച്ചിരുന്നില്ലാ. മരിച്ച 12 ദിവസം കഴിഞ്ഞപ്പോൾ പനങ്കുലപോലെ സമൃദ്ധമായ എൻെറ തലമുടി വെട്ടിക്കളഞ്ഞു. ശിരസ്സു മുണ്ഡനം ചെയ്യിച്ചു. വെറും വെള്ളവസ്ത്രമേ ധരിക്കയുള്ളു എന്നു ദൃഢനിശ്ചയം ചെയ്തു. തിലകം പാടെ തിരസ്കരിച്ചു. നെററിയിലും, കൈകളിലും ഭസ്മവിലേപനം മാത്രം നടത്തി. ഞാൻ അവലംബിച്ച മാററങ്ങൾ മംഗളവും അതേപടി സ്വീകരിച്ചു. പരമ പരിപാവനയും, വൈരാഗ്യമൂൎത്തിയും ആയ അവൾക്കു പുറമെവട മാററങ്ങൾ വേണ്ടിയിരുന്നില്ലാ.

സോമശേഖരൻ ഏല്പിച്ച കവർ ഞാൻ വരദൻെറ കയ്യിൽ കൊടുത്തു. അതു പൊട്ടിച്ചപ്പോൾ ഉള്ളടക്കം ഒരു വിൽപ്പത്രമാണെന്നു കണ്ടു. ആകരണം നിയമാനുസരണമായി, സാക്ഷിപ്പെടുത്തി രജിസ്ത്രാക്കിയിരുന്നു. അദ്ദേഹത്തിൻെറ സ്വത്തുക്കൾ രണ്ടരലക്ഷത്തിനു വില കണക്കാക്കി, സ്ഥാവരവും, ജംഗമങ്ങളും, പണവും പ്രത്യേകം പട്ടിക ചേൎത്തിരുന്നു. ഓരോരുത്തൎക്കായി ഇവ വിഭജിച്ചു എ. ബി. സി. എ

ന്നുള്ള വേറെ പട്ടികകളും ഉണ്ടായിരുന്നു. സ്വത്തിന്റെ വിഭജനം, സാമാന്യമായി ഇപ്രകാരമായിരുന്നു:—

എ. പങ്കജം—ഒരു ലക്ഷം രൂപാ വിലപിടിപ്പുള്ള സ്വത്തു്

ബി. സുന്ദരേശൻ 50000
സി. മീനാക്ഷി 25000
ഡി. വരദൻ 30000

ഇത്രയും പട്ടികക്കാക്കു, സ്ഥാവരസ്വത്തും, ജംഗമങ്ങളും പണവും കൊടുത്തിരുന്നു. ഇനി വരാൻപോകുന്ന പട്ടികകളിൽ പണം മാത്രമെ ചേർത്തിരുന്നൊള്ളു.

ഇ. മംഗളത്തിനു 12000 രൂപാ
എഫ്. രാജാ 5000 രൂപാ
ജി. പങ്കജവും വരദനുംകൂടി നിശ്ചയിക്കുന്ന ഒരു ധർമ്മ സ്ഥാപനത്തിനു 15000 രൂപാ
എച്ച്. സോമശേഖരന്റെ സംസ്കാരാദി ചിലവുകൾക്കു 3000 രൂപാ

രണ്ടാഴ്ച കഴിഞ്ഞപ്പോൾ പ്രതാപന്റെ ഒരെഴുത്തും, ഒരു രജിസ്റ്റർ കവറും എനിക്കു കിട്ടി. അയച്ചു തന്ന പ്രമാണം ഒരു നിശ്ചയപത്രമായിരുന്നു. അതിൽ സുന്ദരനെ അവകാശിയായിട്ടു നിശ്ചയിക്കുകയും, രണ്ടു ലക്ഷത്തിനു വരുന്ന സ്വത്തു കൈവശം കൊടുക്കയും ചെയ്തിരുന്നു. സുന്ദരൻ അനുസരിക്കുന്നതിനായി താഴെ കാണിക്കുന്ന പ്രത്യേക നിർദ്ദേശങ്ങളും കൊടുത്തിരുന്നു.

1. സ്വത്തു മുഴുവൻ സ്വന്തമായിട്ടെടുത്തു ഭരിച്ചു കൊള്ളണം.

2. യാതൊരു സ്വത്തും അന്യാധീനം ചെയ്യാൻ പാടില്ലാ.
3. സ്വത്തു പുത്രസന്താന വഴിക്കു ഇരിക്കും. ഭാഗിക്കാൻ പാടില്ലാ.
4. 30000 രൂപായുടെ അടുത്തുവരുന്ന കടങ്ങൾ ആദായംകൊണ്ടു തീൎത്തുകൊള്ളണം.
5. 25000 രൂപാ ബാങ്കിൽ നിക്ഷേപിച്ചു, മാസാമാസം പലിശ വാങ്ങി പ്രതാപൻ ഇരിക്കുന്നടത്തു അയച്ചുകൊടുക്കണം.
6. 5000 രൂപാ പ്രതാപൻ നിശ്ചയിക്കുന്ന ധൎമ്മസ്ഥാപനത്തിനു കൊടുക്കണം.

എഴുത്തനുസരിച്ചു സുന്ദരനെ ഞാൻ രാമനാട്ടിലേക്കയെച്ചു.

രണ്ടുമാസം കൊണ്ടു വരദൻ വിൽപ്പത്രത്തിലെ വ്യവസ്ഥകൾ നടപ്പാക്കി. വിഭജനപ്രകാരം വസ്തുവകകളും, പണവും അതാതു വീതക്കാൎക്കു കൊടുത്തു. രാജായെ കണ്ടില്ലാ. അയാൾക്കു ചെല്ലേണ്ട പണവും, ധൎമ്മസ്ഥാപനത്തിനു നിശ്ചയിച്ചതും, എന്റെ പണവും കൂടി ഒന്നായി എന്റെ പേരിൽ ബാങ്കിൽ കിടന്നു.

നിശ്ചയപത്രപ്രകാരമുള്ള വ്യവസ്ഥകൾ നടപ്പാക്കാനുള്ള പരിശ്രമങ്ങളിൽ സുന്ദരനും വ്യാപൃതനായിരുന്നു.

എന്റെ സ്വന്തം സ്വത്തുക്കൾ സംബന്ധിച്ചു ചില നിശ്ചയങ്ങൾ ഞാനും എഴുതിവച്ചു. യഥാവസരം ഓരോന്നായി നടപ്പാക്കണമെന്നെ ഉദ്ദേശിച്ചിട്ടുള്ളു.

1. 10000 രൂപാ ബ്രഹ്മാനന്ദ സ്വാമികളുടെ ആശ്രമത്തിലേക്കുകൊടുക്കണം.

2. 10000 രൂപാ എനിക്കു യഥേഷ്ടംകൈകാര്യം ചെയ്യുന്നതിനു ഒരു പ്രത്യേക കണക്കിൽ ബാങ്കിലിടണം.

3. എൻെറയും കോമളത്തിൻെറയും ചിലവിലേക്കു പ്രതിമാസം 250 രൂപാ പലിശ കിട്ടത്തക്കവണ്ണമുള്ള സംഖ്യ ബാങ്കിൽ നിക്ഷേപിക്കണം.

4. തിരുനൽവേലിയിലെ വസ്തുവും കെട്ടിടവും 5000 രൂപായും സുന്ദരനു്.

5. മധുരയിലെ സ്ഥലവും കെട്ടിടവും, 5000 രൂപായും മീനക്കു്.

6. പണയത്തിന്മേൽകൊടുത്തിട്ടുള്ള സംഖ്യകൾ, പലിശകൾ, ഷെയറുകളുടെ ആദായം, മുതലായവ വരദൻ ഈടാക്കിയെടുത്തു, എൻെറ അക്കൌണ്ടിൽ ബാങ്കിലിടുകയും ശരിയായ കണക്കുകൾ വയ്ക്കുകയും ചെയ്യണം.

ഇപ്രകാരമെല്ലാം സ്വത്തു സംബന്ധിച്ച കാര്യങ്ങൾ ഒരു വിധം ഒതുങ്ങി. അടുത്ത പ്ലാൻ ഭാരതഭൂമിയിലുള്ള പ്രധാനസ്ഥലങ്ങൾ കാണുന്നതിനായി ഒരു പര്യടനം നടത്തണമെന്നുള്ളതായിരുന്നു. ഓരോ സ്ഥലത്തുനിന്നും കമ്പിയടിച്ചു ആവശ്യപ്പെടുന്ന മുറയനുസരിച്ചു പണമയക്കാമെന്നു വരദൻ ഏററു. ഒരു നല്ല ദിവസം നോക്കി ഞാനും, മംഗളവും പുറപ്പെട്ടു.

## XXXII

ഭാരത പര്യടനം കഴിഞ്ഞു മടങ്ങിയെത്തുന്നതിനു 15 മാസങ്ങൾ വേണ്ടിവന്നു. ഹിമവൽസേതു പ

യ്യന്തമുള്ള പ്രധാന പട്ടണങ്ങളും, ചരിത്ര പ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള സ്ഥലങ്ങളും, മഹാക്ഷേത്രങ്ങളും, ഞങ്ങൾ സന്ദർശിച്ചു. പുണ്യനദികളിലും, തീർത്ഥങ്ങളിലും സ്നാനം ചെയ്തു.

ഭാരതത്തിന്റെ നാനാത്വവും, അതിനടിസ്ഥാനമായ ഏകത്വവും, ഞങ്ങൾക്കനുഭവപ്പെട്ടു. പ്രപഞ്ചത്തിന്റെ ഒരു മാതൃകയാണ് ഭാരതം. ബ്രഹ്മാണ്ഡത്തിന്റെ സർവ്വലക്ഷണങ്ങളും തികഞ്ഞ പിണ്ഡാണ്ഡമാണ് നമ്മുടെ കർമ്മഭൂമി എന്നൊക്കെ ചിന്തകന്മാരും കവികളും ഘോഷിക്കുന്നത് യഥാർത്ഥമാണ്. വിവിധ മണ്ഡലങ്ങളിൽ നിലകൊള്ളുന്ന പലവിധത്തിലുള്ള മഹത്തുക്കളെ ഞങ്ങൾ കണ്ടുമുട്ടി. പലരും തിരുവിതാംകൂറിലെ ബ്രഹ്മാനന്ദസ്വാമികളെ വാഴ്ത്തുകയും, ഇന്നത്തെ ഏററവും വലിയ മഹാത്മാവു അദ്ദേഹമാണെന്നു പറയുകയും ചെയ്തു.

മഹത്തുക്കളുമായുള്ള സമാഗമത്തിന്റെയും, തീർത്ഥാടനത്തിന്റെയും ഫലമായി, എന്നിൽ അവശേഷിച്ചിരുന്ന മലിനസംസ്കാരങ്ങൾ കുറെയൊക്കെ നീങ്ങിയിരിക്കണം. വിഷയവിഭ്രാന്തിയുടെയും, വെറും ഭൗതിക ജീവിതത്തിന്റെയും, അന്തസ്സാരശൂന്യത എനിക്കു നല്ല ബോദ്ധ്യമായി. എന്റെ ജീവിതം പാഴാക്കിക്കളഞ്ഞതോർത്തു ഞാൻ കലശലായി പശ്ചാത്തപിച്ചു. മനുഷ്യജീവിതത്തിന്റെ സാഫല്യം തത്വാനുഭൂതിയാണെന്നുള്ള അചഞ്ചല വിശ്വാസം എന്നിൽ വേരൂന്നി.

ബ്രഹ്മാനന്ദ സ്വാമികളുടെ ദിവ്യതൃപ്പാദങ്ങളിലണയാൻ ഇനിയുംകാലം വൈകിക്കരുതെന്നുള്ള തീവ്ര

വിചാരത്തോടുകൂടിയാണ് ഞങ്ങൾ മടങ്ങിയെത്തിയതു്. ഒരാഴ്ചകഴിഞ്ഞപ്പോൾ ഞങ്ങൾ തിരുവിതാംകൂറിലേക്കുതിരിച്ചു.

കന്യാകുമാരിയിൽനിന്നും ഉദ്ദേശം 50 മൈൽ വടക്കുമാറി, തിരുവനന്തപുരത്തിനു സമീപമായിരുന്നു ആശ്രമം. ഞങ്ങൾ അവിടെ എത്തിയപ്പോൾ വൈകുന്നേരം നാലുമണിയായിരിക്കും. ആശ്രമത്തിൽ കാലൂന്നിയതു മുതൽ ഏതോ ഉപരിലോകത്തിൽ എത്തിയതു് പോലെയും, ഒരു പുണ്യജന്മം ലഭിച്ചതു പോലെയും തോന്നി. എന്നാലും ഗുരുദേവൻെറ പരിപാവനസന്നിധിയിൽ ചെല്ലാൻ ഇത്രയും അനർഹയായ ഒരുത്തി ഇതേവരെ മനുഷ്യലോകത്തിൽ ഉണ്ടായിട്ടില്ലെന്നുള്ള കത്തുന്ന ചിന്തഎന്നെ അത്യധികം വിഷമിപ്പിച്ചു. മന്ദഗതിയിൽ നടന്നു ഞങ്ങൾ ഉടജാങ്കണത്തിൽ എത്തി. ധാരാളം ശാഖോപശാഖകളോടുകൂടിയതും, ഫലഭരേണ തലചാച്ചതും ആയ ഒരു തേന്മാവിൻെറ ശീതളഛായയിൽ ഞങ്ങൾനിന്നു. ഹൃദയവിശാലത, പ്രേമസ്വഭാവം, കാരുണ്യം, ത്യാഗം, മുതലായ മഹത്വങ്ങൾ തിങ്ങിവിളങ്ങുന്ന ഒരു മാതാവിനെയാണ്, ആ തേന്മാവു അനുസ്മരിപ്പിച്ചതു്. അഃഹേതുകമായി ഉള്ളങ്കാൽ മുതൽ ഉച്ചിവരെ ഞങ്ങൾക്കു കോരിത്തരിച്ചു. അവിടത്തെ പരമ സാത്വികമായ അന്തരീക്ഷവും, അലൌകിക ശാന്തിയും കൊണ്ടായിരിക്കാം. എന്തുകൊണ്ടോ എൻെറ നയനങ്ങളിൽ നിന്നു അശ്രുക്കൾ ഇടതടവില്ലാതെ ഒഴുകിത്തുടങ്ങി. ദുഃഖത്താൽ ഉണ്ടായതല്ലെന്നു തീർച്ച. മനസ്സിൽ നിഷ്പ്രിഷയമായ നിർവൃതിയായിരുന്നു. ഇങ്ങിനെയുള്ള കണ്ണുനീരി

ൻെറയും കരച്ചിലിൻെറയും പ്രയോജനത്തെക്കുറിച്ചു മഹാന്മാർ പറഞ്ഞിട്ടുണ്ടു്.

"കേഴുക, കേഴുക, കേഴമാൻ കണ്ണാളെ
കേഴുവോർക്കാശ്വാസമേകും ദൈവം"

എന്നാണു് കൃസ്തുഭഗവാൻെറ തിരുവായ്മൊഴി
"കണ്ണുനീർസ്നാനം കൊണ്ടു മനോമലം, കഴുകിട്ട
ന്നോരാം ഭവൽ ഭക്തരും"

എന്നു ഒരു ദിവ്യകവികോകിലം അശ്രുവിൻെറ മാഹാത്മ്യത്തെക്കുറിച്ചു പാടിയിട്ടുണ്ടു്. ഞാൻ എത്ര ഹീനയെങ്കിലും കണ്ണുനീർത്ധരി എൻെറ മനോമാലിന്യങ്ങൾ കുറെയെങ്കിലും കഴുകിക്കളയുമെന്നും, നിലവിളിക്കുന്ന എനിക്കു കരുണാകരനായ സർവ്വശക്തൻ സമാധാനം നൽകുമെന്നും സമാശ്വസിച്ചു.

തോട്ടത്തിൻെറ ഒരു ഭാഗത്തുനിന്നു, കൃഷ്ണവർണ്ണനായ ഒരു പ്രാംശുകായൻ മുട്ടോളമെത്തുന്ന വസ്ത്രഖണ്ഡം മാത്രം ധരിച്ചു കിളക്കുന്നതുകണ്ടു. ഞങ്ങളെ സൂക്ഷിച്ചു നോക്കിയിട്ടു അയാൾ അടുത്തുവന്നു താണുവണങ്ങി. ഞങ്ങൾ അത്ഭുതപ്പെട്ടു. ആൾ ഗൌണ്ഡനാണെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ലാ. അത്രക്കു വിനയവാനും ശാന്തനും ആയിത്തീൎന്നിരുന്നു. മധുരാനിവാസികൾ പൂജിച്ച ശാന്ത ചൈതന്യനാണു് ആശ്രമത്തിൽ മടപ്പണിയെടുത്തതെന്നും ഓർമ്മിക്കണം.

കരുണാമൂർത്തിയായ ഗുരുദേവൻ മുകളിൽ നിന്നു ഞങ്ങളെ കണ്ടിരിക്കണമെന്നു് തോന്നുന്നു. ഒരു ഭക്തൻ വന്നു ഏററവും വിനയത്തോടുകൂടി ഞങ്ങളെ മുകളിലേക്കുനയിച്ചു. കോവണികയറിയപ്പോൾ എൻെറ കാൽ മുട്ടുകൾവിറച്ചു. കാണാൻ കൊതിച്ചിരുന്ന

മംഗളമൂൎത്തിയുടെ പുണ്യദൎശനം സമാഗതമായതുകൊണ്ടു, പ്രതീക്ഷാനിൎഭരമായ ഹൃദയം ശക്തിയായിതുടിച്ചു. വിശാലമായ ഹാളിൽ ഞങ്ങൾ ചെന്നുനിന്നു. പ്രത്യക്ഷപ്പെട്ട രംഗം ഹൃദയാവൎജ്ജകമായിരുന്നു.

ഞങ്ങൾ സങ്കല്പിച്ചിരുന്നതു്, താടിമീശകളും ജടാജൂടവും, രുദ്രാക്ഷ തുളസീമാലകളും, കാഷായവും ധരിച്ചു, യോഗദണ്ഡും കമണ്ഡലുവും, ഇരുപാൎശ്വങ്ങളിൽ വച്ചു, വ്യാഘ്രചൎമ്മത്തിൽ പത്മാസനസ്ഥനായിരിക്കുന്ന ഒരു സ്വരൂപമാണു്. അവിടെ അതൊന്നുമല്ലാ കണ്ടതു്. ഒരു ചെറിയചാരുകസാലയിൽ സുസ്മേരവദനനായി ഗുരുദേവൻ ഇരിക്കുന്നു. അങ്ങോട്ടു സൂക്ഷിച്ചു നോക്കാൻ എനിക്കു കെല്പുണ്ടായില്ലാ. എങ്കിലും അവിടത്തെ ദിവ്യമംഗളരൂപം ഏതാണ്ടൊന്നു മനസ്സിലാക്കി. വീതികുറഞ്ഞ ഒററ വെളുത്ത വസ്ത്രം മാത്രമെ അവിടുന്നു ധരിച്ചിരുന്നൊള്ളു. മുണ്ഡനംശിരസ്സും, കണ്ണാടിപോലെ മിനുങ്ങുന്ന ഓമനമുഖാംബുജവും, കരുണാൎദ്രരസംനിറഞ്ഞു തുളുമ്പുന്ന നീണ്ട കണ്ണുകളും, ശാന്തഗംഭീര ഭാവങ്ങളും, നിശിതമായ ധിഷണാ പ്രാഗത്ഭ്യം തിളങ്ങുന്ന വിസ്തീൎണ്ണതിരുനെററിയും, മൃണാളകോമളമായ കരവല്ലികളും, മോക്ഷദായകമായ കരപങ്കജങ്ങളും, പുഷ്പസദൃശമായ കോമളമേനിയും, ആൎക്കും അഭയം നൽകുന്ന ചേവടിത്താരിണകളും, ഒരു നോക്കു ഞാൻകണ്ടു. കോൾമയിൎത്തരിപ്പുകൊണ്ടു ഞാൻ നിലംപതിച്ചേക്കുമെന്നു ഭയന്നു.

"ഭാരതവൎഷത്തിലെപ്പൂൎവ്വരാ മൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലുപാൎത്തുകണ്ടറിഞ്ഞവർ,

യോഗൈകനിരതന്മാർ, ഭോഗനിസ്പൃ
ഹർ, പരി
ത്യാഗൈക ദ്രവീണന്മാർ"

എന്നും,

"കൃസ്തുദേവൻെറ പരിത്യാഗശീലവും, സാ
ക്ഷാൽ-
കൃഷ്ണനാംഭഗവാൻെറധർമ്മരക്ഷോപായവും,
ബുദ്ധൻെറ യഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവൻെറ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽ ച്ചേൎന്നൊത്തുകാണണ
മെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തിൽ--"

എന്നും, മഹാകവിയുടെ അനുഗ്രഹീതതൂലികയിൽ നിന്നു പുറപ്പെട്ടിട്ടുള്ള മഹൽച്ചിത്രം, സജീവമായി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവിടത്തെ ശരീരം ചെറുതായിരുന്നു. ഉയരം കുറവായിരുന്നു.

നാനാജാതിമതസ്ഥരായ പുരുഷന്മാരും സ്ത്രീകളും ആ ദിവ്യസന്നിധിയിൽ കൂടിയിരുന്നു. വലതുവശത്തു വെറും തറയിൽ അമേരിക്കയിൽ നിന്നും, യൂറോപ്പിലെ പല രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള സായ്പന്മാരും മദാമ്മകളും, കാലുകൾ പുറകോട്ടു വലിച്ചു ഇരുന്നിരുന്നു. അവൎക്കെതിരായി ഇടതുവശത്തു, മദ്ധ്യേഷ്യാ, സിലോൺ, ഈജിപ്റ്റ് മുതലായ സ്ഥലങ്ങളിൽ നിന്നുവന്ന കുറെ സ്ത്രീപുരുഷന്മാരും, ചില പാർസി

കളും, ബങ്കാളികളും മദ്രാസികളും ചമ്രംപടി ഞ്ഞാണ് ഇരുന്നതു്. ഗുരുദേവനു അഭിമുഖമായി മലയാളി ശിഷ്യകളും, ശിഷ്യന്മാരും, വിനമ്രശീർഷരും, മുകുളിതഹസ്തരും ആയി നിലകൊണ്ടു. തുടുത്ത മുഖങ്ങളും, നിറഞ്ഞ കണ്ണുകളും ധാരാളമായിരുന്നു. കുട്ടികൾ അത്ഭുതകരമാകുംവണ്ണം നിശ്ശബ്ദത പാലിച്ചു. പുരുഷന്മാരുടെ കൂട്ടത്തിൽ രണ്ടു മൂന്നു സന്യാസിമാരെയും കണ്ടു. പ്രത്യേകിച്ചും ശങ്കരഭക്തൻ എല്ലാത്തിലും പുറകിൽ കൂപ്പുകയ്യോടെ ആനന്ദമഗ്നനായി നിന്നിരുന്നു.

മംഗളം മുമ്പോട്ടുചെന്നു തൃപ്പാദങ്ങൾ തൊട്ടു നമസ്കരിച്ചു. തൃക്കൈകൾ അവളുടെ ശിരസ്സിൽ പതിഞ്ഞു. ഞാൻ, ശങ്കിച്ചു മാറിനില്ക്കുന്നതുകണ്ടു അവിടത്തെ കരുണാകടാക്ഷം എന്നിലേക്കു പാഞ്ഞു. പുളകോൽഗമത്താൽ എന്റെ രോമങ്ങൾ പറിഞ്ഞുപോയേക്കുമെന്നു തോന്നി. കണ്ണുകളിൽനിന്നു ഒരു അരുവി ബഹിർഗ്ഗളിച്ചു.

ഗുരുദേവന്റെ തൃമന്ദഹാസം അവിടമെല്ലാം പാൽനിലാവൊളി വിതറി. ശാന്തശീതളമായ മന്ദസ്വരത്തിൽ അവിടന്നു കല്പിച്ചു.

ഗുരു:–എന്തിനു സങ്കോചിക്കുന്നു. മകളെ! അടുത്തു വരിക.

ബാഷ്പനിരുദ്ധകണ്ഠയായതുകൊണ്ടു എന്റെ വാക്കുകൾ ഇടറി.

ഞാൻ:–ഈ മഹാപാതകിയുടെ സ്പർശംകൊണ്ടു തൃപ്പാദമലർ വാടിപ്പോകും.

ഗുരു:—പാതകിയെ ഞാൻ കാണുന്നില്ലാ. ആരു സ്പർശിച്ചാലും എനിക്കു ഹാനിയില്ലാ. ഇടക്കാലത്തു അല്പം വഴിതെററിപ്പോയ ഒരു മാലാഖയാണു് ഭവതി.

ഞാൻ:—ഇവരം ചേററിലാണു് പിറന്നതു്. ചേററിൽ തന്നെ ജീവിച്ചു. മേലോട്ടു ഗതി കാണുന്നില്ലാ.

ഗുരു:—പുഷ്പങ്ങളുടെ റാണിയായ ചെന്താമര പിറക്കുന്നതു ചേററിലാണു്. അതാണു് പങ്കജമെന്നുള്ള പേരു അതിനു സിദ്ധിച്ചതു്. പങ്കജത്തിൻെറ മഹത്വം മനസ്സിലാക്കിയിട്ടില്ലേ? ആ പുഷ്പം പോയി മധുരമീനാക്ഷിയുടെ ശിരസ്സിലും, ശിവലിംഗത്തിലും സ്ഥിതി ചെയ്യുന്നു. അപ്പോരം ചെന്താമര, പൊൻതാമരയൊ, വിൺതാമരയൊ ആയിത്തീരുന്നു. കുഞ്ഞിൻെറ പേരെന്താണു്?

ഞാൻ:—പങ്കജം.

ഗുരു:—ശരി. പങ്കജവും ഇതുപോലെ വിൺതാമരയായിത്തീരും. അതായതു് ദേവപങ്കജം. യാതൊരു സംശയവും വേണ്ടാ.

എന്നു സാന്ദ്രമധുരമായി അരുളിചെയ്തുകൊണ്ടു കസാലയിൽ നിന്നെണീററു വന്നു പൊന്നിൻ തൃക്കരങ്ങരം എൻെറ മൌലിയിൽ ചേർത്തു. ഞാൻ തൃപ്പാദങ്ങളിൽ പതിച്ചു. പിന്നീടൊന്നും എനിക്കോർമ്മയില്ലാ.

.... .... .... .... ....
.... .... .... .... ....

ദിവ്യാനന്ദനിർവൃതിയോടുകൂടിയാണു് ആ നിലയിൽ നിന്നു ഞാൻ നിവർത്തിച്ചുവന്നതു്. അതു ഒരു ഉ

യിത്തീഴന്നേല്ലായിരുന്നു. എൻെറ ശ്രവണപുടങ്ങളിൽ പ്രവേശിച്ചതു തത്വസംഭാഷണം ചെയ്തുകൊണ്ടിരുന്ന ഗുരുദേവൻെറ മധുരവാണികളാണു്. കണ്ണു നല്ലവണ്ണം തുറന്നപ്പോൾ ദർശിച്ചതു് അവിടത്തെ മഞ്ജുളരൂപവും. പൊന്നിൻചേവടികൾ ഞാൻആവേശത്തോടുകൂടി ചുംബിച്ചു, കണ്ണുനീർകൊണ്ടു പ്രക്ഷാളനം നടത്തി. എണീററു തൊഴുകയ്യോടുകൂടി നിന്നു.

ഗുരു:-ഇനി നമുക്കു പിരിയാം. എല്ലാവരും ഇതുപോലെ നാളെ വൈകുന്നേരവും വരണം. പങ്കജവും, കൂട്ടുകാരിയും കുറെകാലം ഇവിടെ താമസിച്ചു എന്നെ ദർശിക്കുകയും, സംഭാഷണങ്ങൾ കേൾക്കുകയും വേണം. താമസത്തിനും, പാചകത്തിനുമുള്ള സ്ഥലസൌകര്യം ഇവിടെ ഉണ്ടാക്കിത്തരും.

എല്ലാവരും താൺകൂപ്പിയതിനുശേഷം പിരിഞ്ഞു.

## XXXIII

പിറേറദിവസം വൈകുന്നേരവും എല്ലാവരും സന്നിഹിതരായി. തലേദിവസം മുതൽ തുടങ്ങിയ ആനന്ദാവേശത്തിൻെറ തള്ളൽകൊണ്ടു, അക്ഷമരായി ഞാനും മംഗളവും നേരത്തെ എത്തി.

ഗുരുദേവൻെറ പുറകിൽ ഒരാൾ ഒററവസ്ത്രം മാത്രമുടുത്തു ഭക്തിപാരവശ്യത്തോടും, സജലനയനങ്ങളോടും ഇരുകൈകൊണ്ടും പിടിച്ചു ഒരു വലിയ ചാമരം വീശികൊണ്ടിരുന്നു. എൻെറ കണ്ണുകളിൽ തിമിരം ബാധിച്ചതുപോലെ തോന്നി. ആ ഭക്തൻ പ്രതാപനായിരുന്നു. അദ്ദേഹം എന്നെ മനസ്സിലാക്കിയിരിക്കണം.

ഗുരുദേവൻെറ കാരുണ്യദൃഷ്ടി എല്ലാവരിലും ഒന്നോടിയിട്ടു എന്നിൽ പതിഞ്ഞു.

ഗുരു:—പങ്കജത്തിൻെറ കൂട്ടുകാരിയുടെ പേരെന്ത്?

ഞാൻ:—മംഗളം.

ഗുരു:—നല്ലപേരു്—സ്പർശമാത്രംകൊണ്ടു വികസിക്കത്തക്ക പരിപാകം വന്ന പുണ്യജീവി—ആൎക്കെങ്കിലും ചോദ്യമുണ്ടെങ്കിൽ ചോദിക്കാം.

എൻെറ മനസ്സിൽ തലേദിവസത്തെ ഒരു വിഷയം കിടന്നു വിങ്ങുകയായിരുന്നു.

ഞാൻ:—എന്നിൽ ഒരു പാതകിയെ കാണുന്നില്ലെന്നു ഇന്നലെ പറഞ്ഞു. എത്ര ചിന്തിച്ചിട്ടും അതു ബോദ്ധ്യമാകുന്നില്ലാ.

ഗുരു:—ആത്മദൃഷ്ടിയിലാണു് അങ്ങിനെ പറഞ്ഞതു്. ആത്മനിലയിൽ നിന്നു നോക്കുമ്പോൾ പാപിയെന്നും, പുണ്യവാളനെന്നും ഉള്ള വ്യത്യാസങ്ങൾ ഇല്ലാ. വെള്ളത്തിൽ നിന്നു നോക്കുമ്പോൾ, അതായതു് വെള്ളമായിട്ടു നില്ക്കുമ്പോൾ തിര, നുര മുതലായ ജലവികാരങ്ങൾ കാണുകയില്ലാ. സ്വർണ്ണമായിട്ടു നിൽക്കുമ്പോൾ സ്വർണ്ണവികാരങ്ങളായ ആഭരണങ്ങൾ കാണുകയില്ലാ. ദൃഷ്ടിയനുസരിച്ചാണു് ഓരോന്നു കാണുന്നതു്. ദൃഷ്ടി മാറുമ്പോൾ വിഷയത്തിൻെറ നിലയും മാറും. പ്രപഞ്ചമായിട്ടു തോന്നുന്നതു തന്നെ ഒരു ദൃഷ്ടിയാണു്. സ്ഥൂലമായ പഞ്ചേന്ദ്രിയങ്ങളിൽകൂടി നോക്കുമ്പോൾ സ്ഥൂലവിഷയങ്ങൾ പ്രകാശിക്കുന്നു. സൂക്ഷ്മേന്ദ്രിയമായ മനസ്സിൽകൂടി നോക്കുമ്പോൾ സൂക്ഷ്മവിഷയങ്ങളായ വിചാരങ്ങളും, വികാരങ്ങളും പ്രകാ

ശിക്കുന്നു. ആത്മനിലയിൽ നിന്നു നോക്കുമ്പോഠം ആത്മാവല്ലാതെ മറെറാന്നില്ലാ. സ്ഥൂലദൃഷ്ടി, സൂക്ഷ്മദൃഷ്ടി, ആത്മദൃഷ്ടി ഇങ്ങിനെ മൂന്നു ദൃഷ്ടികളാണു് ഉള്ളതു്. ഈ ഉപരി തത്വം ചിന്തിക്കുന്നതിനു മൂന്നു പദ്യങ്ങഠം തരാം.

"സ്ഥൂലേന്ദ്രിയങ്ങളിൽക്കൂടി
നോക്കിയാൽ ദൃശ്യമൊക്കെയും
സ്ഥൂലരൂപത്തിലല്ലാതെ
കാണുകില്ലെന്നു നിശ്ചയം.

സ്ഥൂലേന്ദ്രിയങ്ങളെ വിട്ടു
മനസ്സാമിന്ദ്രിയത്തിനാൽ
നോക്കുകിൽ ദൃശ്യമന്നേരം
സൂക്ഷ്മരൂപത്തിലായ് വരും.

നിരുപാധികമാം ബോധം
കൊണ്ടുനോക്കുന്നതാകിലോ
ദൃശ്യവും ബോധമായ്ക്കാണും
കാണുകില്ലന്യമൊന്നുമേ."

ഏററവും ഉപരിമണ്ഡലത്തിൽ, അതായതു് അദ്ധ്യാത്മനിലയിൽ, നിന്നാണു് ഇപ്പറഞ്ഞതു്. സാധാരണ ലോകത്തിൽ ചിലതെല്ലാം പാപകമെന്നുവച്ചിരിക്കുന്നതും ദൃഷ്ടിയനുസരിച്ചാണു്. ഒരാളുടെ ദൃഷ്ടിയും, മറെറാരാളുടെ ദൃഷ്ടിയും തമ്മിൽ ഭേദമുണ്ടു്. ഒരു ഹിന്ദു പാപമെന്നു കരുതുന്നതു മഹമ്മദീയൻെറ ദൃഷ്ടിയിൽ പാപമല്ലാ. കാലദേശസ്ഥിതികഠം അനുസരിച്ചും പാപത്തിനു വ്യവസ്ഥയില്ലാതാകുന്നു. ഇന്നലെവരെ പാപമായിരുന്നതു ഇന്നു പാപമല്ലാതാകുന്നു. മറിച്ചും.

ഇൻഡ്യയിൽ പാപമെന്നു കരുതുന്നതു് യൂറോപ്പിൽ പാപമല്ലാ. ഒരു കൃത്യം തന്നെ പ്രായം ചെന്ന ആൾ ചെയ്താൽ പാപമാകുന്നു. കുട്ടി ചെയ്താൽ പാപമല്ലാ. ചില ജീവിതവൃത്തികളെ ഉൗന്നി പങ്കജം പാപിയാണെന്നു വിചാരിക്കുന്നു. കാട്ടുജാതിക്കാരുടെ ഇടയിൽ ഈ വൃത്തികളൊന്നും പാപമല്ലായിരിക്കും. ഇങ്ങിനെ നോക്കുമ്പോൾ സാപേക്ഷ്യനിലയിൽ പാപത്തിൻെറ ശരിയായ ഒരു നിർവ്വചനം വളരെ പ്രയാസമായിട്ടു വരുന്നു.

ഇനി വേറൊരു നിലയിൽ നിന്നു പാപത്തെ പരിശോധിച്ചു നോക്കാം. മററൊരു വ്യക്തിക്കു വേദനയുണ്ടാകുന്നതെല്ലാം പാപമാണെന്നു ചിലർ പറഞ്ഞേക്കാം. അങ്ങിനെയാണെങ്കിൽ ഡാക്ടരന്മാർ ശസ്ത്രക്രിയ നടത്തുന്നതും, മാതാപിതാക്കന്മാർ കുട്ടികളെ ശിക്ഷിക്കുന്നതും, പോലീസുകാർ കുററവാളികളെ ദണ്ഡിക്കുന്നതും മററും പാപമായേക്കാൻ ഇടയുണ്ടു്. ദുർവൃത്തികളിൽ ഏർപ്പെടുന്ന ഒരു പുരുഷനും സ്ത്രീയും ആരെയും വേദനിപ്പിക്കാതിരുന്നാൽ അവർ പാപികളല്ലെന്നും വരും. അതുകൊണ്ടു ഈ നിർവ്വചനവും തൃപ്തികരമാകുന്നില്ല.

(ഇത്രയുമായപ്പോൾ, മലയാളം അറിയാത്തവർക്കു വേണ്ടി അതുവരെ പറഞ്ഞതിൻെറ സാരം, അതിസുന്ദരമായ ഇംഗ്ലീഷിൽ ഗുരുദേവൻ പരിഭാഷപ്പെടുത്തി. അവിടത്തെ സംഭാഷണങ്ങൾ എല്ലായ്പ്പോഴും ഇങ്ങിനെ മലയാളത്തിലും ഇംഗ്ലീഷിലുമായിട്ടായിരുന്നു)

ഞാൻ:—ഇന്നതെല്ലാം പാപമെന്നു ശരിയായി നിർവ്വചിക്കാൻ സാദ്ധ്യമല്ലെങ്കിൽ, ആക്കും, എന്തും യഥേഷ്ടം പ്രവർത്തിക്കാമെന്നു വന്നു കൂടുമല്ലോ.

ഗുരു:-അതില്ലാ. ജനങ്ങൾ തെററിലേർപ്പെടാതിരിക്കാൻ രാഷ്ട്രനീതികളും, സമുദായനീതികളും ധാർമ്മികനിയമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടല്ലൊ. അവയുടെ നിയന്ത്രണം ഹേതുവാൽ, അങ്ങിനെ യഥേഷ്ടം താന്തോന്നിത്തം പ്രവർത്തിക്കാൻ നിവൎത്തിയില്ല. പാപത്തെക്കുറിച്ചാണല്ലൊ നാം ചിന്തിച്ചുകൊണ്ടിരുന്നതു്. പാപമെന്തെന്നു ചുരുക്കത്തിൽ ഞാനൊന്നു പറയാം. നല്ലവണ്ണം ശ്രദ്ധിച്ചുകൊള്ളണം. മനുഷ്യന്റെ ജീവിതലക്ഷ്യം ആത്മലാഭമാണു്. അതിലേക്കു പ്രതിബന്ധമായി നിൽക്കുന്നതെല്ലാം-പ്രവൎത്തികളും, വാക്കുകളും, വിചാരങ്ങളും-പാപവിഭാഗത്തിൽപെടുന്നതാണു്. ഈ തോതുവച്ചുകൊണ്ടു വേണം നിങ്ങൾ പരിശോധന നടത്താൻ. ഓരോരുത്തരും ഓരോ നിമിഷവും ചെയ്യുന്ന മഹാപാപം എന്താണെന്നു ഞാൻ ബോധിപ്പിക്കാം. ആദ്യമായി കേൾക്കുമ്പോൾ നിങ്ങൾക്കു മനസ്സിലാക്കാൻ തന്നെ വിഷമമാണു്. ക്രമേണ തത്വത്തിൽ വളൎന്നു വരുമ്പോൾ മാത്രമെ ഇതിന്റെ മർമ്മം ധരിക്കയൊള്ളു. സാധാരണ മനുഷ്യൻ,-ശരീരം-ഇന്ദ്രിയങ്ങൾ-മനസ്സു-ആത്മവസ്തു അല്ലെങ്കിൽ പരിശുദ്ധബോധം,-ഇവയുടെ ചേരുവയാണു്. "ഞാൻ" എന്നു കുറിക്കുന്നതു് ആത്മവസ്തുമാത്രമാകാനെ തരമുള്ളു എന്നു നിങ്ങളുടെ നിത്യജീവിതാനുഭവത്തിൽ നിന്നു മനസ്സിലാക്കാം. പിന്നീടു ഇതു യുക്തിപൂർവ്വം തെളിയിച്ചു നിങ്ങളെ ബോധിപ്പിക്കാം. നിങ്ങൾ നിത്യമുക്തവും, അനഘവും, ബോധസ്വരൂപവുമായ ആത്മവസ്തുവായിരിക്കെ, ആ പരമാൎത്ഥം തീരെ വിസ്മരിച്ചു ശരീരേന്ദ്രിയ മനസ്സുകളുമായി അദ്ധ്യസിച്ചു ജീവിക്കുന്ന പാമരത്വമാണു് മഹാപാ

പം. അജ്ഞാനപരമായ ഈ അദ്ധ്യാസം അല്ലെങ്കിൽ മഹാപാപം ഇല്ലതാക്കി, സ്വരൂപനിഷ്ഠനാക്കിത്തീക്കുന്നതിനാണ് ആത്മീയപരമായ അനുഷ്ഠാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതു്.

എല്ലാവരും വളരെ ഗൌരവത്തോടുകൂടിയാണ് അന്നത്തെ അതിഗഹനമായ പ്രഭാഷണം ശ്രവിച്ചതു്. തെളിയാതിരുന്ന ഒരു വിഷയം തെളിഞ്ഞുകിട്ടി. പാപമേതെന്നു നിർണ്ണയിക്കാൻ ഒരു തോതും ലഭിച്ചു. എനിക്കു വളരെ ആശ്വാസം തോന്നി. ഹൃദയത്തിൽ വിങ്ങിക്കൊണ്ടിരുന്ന ഒരു വലിയ വിഷമം നീങ്ങി.

ഗുരു:—ഇന്നത്തേക്കു ഇത്രയും മതി. അകത്തു ചെലുത്തുന്നതു ദഹിക്കയും വേണമല്ലോ. കിട്ടുന്നതു നല്ല വണ്ണം ദഹിപ്പിച്ചു, രക്തത്തിൽ കലർത്തി സത്താക്കിത്തീക്കണം.

## XXXIV

പതിവുപോലെ അടുത്ത ദിവസവും എല്ലാവരും കൂടി.

ഗുരു:—ചോദ്യമുണ്ടെങ്കിൽ ചോദിക്കാം.

ഒരു മദാമ്മ:—"ദൈവം തന്റെ രൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു" എന്നു പറയുന്നു. ഇതിന്റെതാല്പര്യം എന്താണ്?

ഗുരു:—ഇതു മനസ്സിലാക്കുന്നതിനു മുമ്പു അതിന്റെ വിപരീതമായ മറ്റൊന്നു മനസ്സിലാക്കണം. സാധാരണ മനുഷ്യൻ ചെയ്യുന്നതു എന്താണെന്നു ചിന്തിച്ചിട്ടുണ്ടോ? ദൈവത്തെ തന്റെ രൂപത്തിൽ സാധാരണ മനുഷ്യൻ സൃഷ്ടിക്കുന്നു. സാധാരണ മനുഷ്യൻ എ

ന്നുവെച്ചാൽ ഇന്നലെ പറഞ്ഞതുപോലെ, ആത്മവസ്തുവിനെ പരിച്ഛേദം മാററി നിറുത്തിയിട്ടു, ശരീരേന്ദ്രിയമനസ്സുകൾ താനാണെന്നു അഭിമാനിക്കുന്ന മനുഷ്യൻ എന്നത്ഥം. ആ മനുഷ്യൻ തൻെറ ആവശ്യത്തിനായി ശരീരേന്ദ്രിയ മനസ്സുകളുള്ള ഒരു ദൈവത്തെ, തൻെറ പാമരരൂപത്തിൽ സൃഷ്ടിക്കുന്നു. ഒരു പട്ടി ദൈവത്തെ സൃഷ്ടിക്കുന്നതു്, അതായതു് സങ്കല്പിക്കുന്നതു് ഗംഭീരനായ ഒരു അൽസേഷ്യൻ പട്ടിയായിട്ടായിരിക്കും.

ഇന്നലത്തെ പ്രഭാഷണത്തിൽ നിന്നു, ദൈവത്തിൻെറ രൂപം ആത്മസ്വരൂപമാണെന്നു ഏറെക്കുറെ മനസ്സിലാക്കിയിരിക്കുമല്ലോ. ആ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നു എന്നുവെച്ചാൽ, മനുഷ്യൻ യഥാത്ഥത്തിൽ ആത്മസ്വരൂപം മാത്രമാണെന്നത്ഥം.

ഗൌണ്ഡ:-ബഹു ജന്മാർജ്ജിത കർമ്മഫലമാണല്ലോ അജ്ഞാനവും ബന്ധവും. കർമ്മം പെട്ടെന്നു നശിച്ചു മുക്തിസ്ഥിതി വരാൻ എളുപ്പമാണോ?

ഗുരു:-അതെ-അജ്ഞാനം അല്ലെങ്കിൽ ബന്ധം എന്നുവെച്ചാൽ ശരീരേന്ദ്രിയ മനസ്സുകളാണു് താനെന്നു അദ്ധ്യസിച്ചു ജീവിക്കുന്നതാണു്. അവ താനല്ലെന്നും ആത്മവസ്തു മാത്രമാണു് താനെന്നും ബോധിച്ചുറക്കുന്നതു മുക്തി-കാരണഗുരുവിൻെറ കാരുണ്യംകൊണ്ടാണു് അദ്ധ്യാസം മാറുന്നതും, ആത്മവസ്തുവാണു് താനെന്നു ബോധിക്കുന്നതും-തീവ്രജിജ്ഞാസയുണ്ടെങ്കിൽ മുക്തിസ്ഥിതി എളുപ്പത്തിൽ കൈവരും.

ശങ്കരഭക്തൻ:-സാധന ചതുഷ്ടയാനുഷ്ടാനത്താൽ ശമദമാദിഷൾക്കസമ്പത്തി നേടാതെ തീവ്രജിജ്ഞാസമാത്രം മതിയോ?

ഗുരു:-ധാരാളം മതി. തീവ്രജിജ്ഞാസമാത്രം കൊണ്ടു പരിപക്വതയുള്ള അധികാരിയായിത്തീരും. നിങ്ങളും, മംഗളവും അങ്ങിനെയായിട്ടുണ്ടു്. മററുള്ള വരും കാലവിളംബം കൂടാതെ അങ്ങിനെയാകും.

പ്രതാ:-ബോധസ്വരൂപമാണു് താനെന്നു, ബോധിക്കാൻ കുറെകാലം വേണ്ടയൊ?

ഗുരു:-വേണമെന്നില്ലാ.

"ലോലമാം ക്ഷണമെവേണ്ടു
ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ
മാഞ്ഞുപോവാനും"

ഒരുസാഹ്ബ്:-(ഇംഗ്ലിഷിൽ) അനേകജന്മങ്ങളായി സഞ്ചയിച്ചു ഹിമാലയൻ പർവ്വതംപോലെ കൂടിക്കിടക്കുന്ന കർമ്മം പെട്ടെന്നു ഇല്ലാതാകുന്നതു എങ്ങിനെ?

ഗുരു:-ബഹുജന്മാർജ്ജിതകർമ്മസമൂഹം, ശരീരേന്ദ്രിയമനസ്സുകളോടാണു് ഒട്ടിച്ചേർന്നു നിൽക്കുന്നതു്. നിത്യമുക്തസ്വരൂപമായ തന്നോടു അതിനു ബന്ധമില്ലാ. താൻബോധസ്വരൂപമാണെന്നു ഗുരുവിൽ നിന്നു ശരിയായി ബോധിക്കുന്ന മാത്രയിൽ, ശരിരേന്ദ്രിയ മനസ്സുകളിൽ നിന്നു താൻ വ്യതിരിക്തനായിത്തീരുന്നു. തൻേറതല്ലാത്ത കർമ്മം, താനല്ലാത്ത ശരീരേന്ദ്രിയമനസ്സുകളോടു ചേർന്നു നിന്നുകൊള്ളും. കർമ്മത്തെക്കുറിച്ചു തനിക്കു ബാദ്ധ്യതയില്ലാ. ആത്മബോധംകൊണ്ടു കർമ്മമശേഷവും, അജ്ഞാനവും, ഭസ്മീകൃതമാകുമെന്നാണു് ജ്ഞാനനിഷ്ഠന്മാരുടെ മതം. സൂര്യകിരണങ്ങൾകൊണ്ടു മഞ്ഞു മറ മായുന്നതുപോലെ പ്രജ്ഞാ

നസ്സ്ഫുരണംകൊണ്ടു കർമ്മവും, അജ്ഞാനവും മായാതെ തരമില്ലാ.

ഞാൻ:—കാലദൈർഘ്യം കൂടാതെ, അജ്ഞാനികളു, പ്രജ്ഞാനസ്സ്ഫുരണം ഉണ്ടായതിലേക്കു ഉദാഹരണങ്ങളുണ്ടോ?

ഗുരു:—ധാരാളം. ഭാഗവതത്തിൽ പിംഗളയുടെയും, ബൈബിളിൽ മഗ്ദലനമറിയത്തിൻെറയും കഥകഠം കേട്ടിട്ടില്ലേ? രണ്ടുപേരും ജീവിതത്തിൻെറ അർദ്ധഭാഗം വേശ്യാവൃത്തിയിൽ കഴിഞ്ഞവരായിരുന്നു. ഓർമ്മിക്കാൻ കൊള്ളാവുന്നതായ ഒരു ശ്ലോകം ചൊല്ലാം. നല്ലവണ്ണം ശ്രദ്ധിച്ചാലും.

"അബ്ദാഃ ത്ഥനഹരിംപ്രസന്നമകരൌഘത്താന-
പാദിശ്ശിശു
സ്സപ്താഹേന നൃപപരീക്ഷതബലാ, യാമാത്ഥ
ത, പിംഗളാ
ഘടാംശോ, ഘടികാദ്വയേന, നവതിപ്രാ
യേണ തന്നവ്യാധാ
തംകാരുണ്യനിധിം പ്രപദ്യശരണംശേഷാ
യുഷാതോഷയെ"

ആദ്യം മലയാളത്തിലും, പിന്നീടു ഇംഗ്ലീഷിലും, ഈ ശ്ലോകത്തിൻെറ താല്പര്യം ഗുരുദേവൻ അന്വപദം അത്ഥം പറഞ്ഞു വിശദപ്പെടുത്തി. 90 വയസ്സായിരുന്ന ശ്ലോകകത്താവു, ജീവിതത്തിൻെറ മുക്കാൽഭാഗവും ദുർവൃത്തനായിരുന്നിട്ടും, അന്ത്യനിമിഷത്തിൽ ഉദിച്ച ജിജ്ഞാസയുടെ തീവ്രത നിമിത്തം, ജ്ഞാനോദയത്തിനു സംഗതിയായി എന്നും പറഞ്ഞു.

പിന്നീട് ഇപ്രകാരം അരുളിച്ചെയ്തു. "തുടർച്ചയായും അടുക്കായും തത്വവിഷയങ്ങളെക്കുറിച്ചു സംസാരിക്കുന്നതു് ശ്രദ്ധാപൂർവ്വം ശ്രവിച്ചാൽ തത്വോപദേശം സ്വീകരിക്കാനുള്ള പശ്ചാത്തലവും ജിജ്ഞാസയും നിങ്ങളിൽ ഉണ്ടാകും. ഇന്നേക്കു, പത്താംദിവസം ശങ്കരഭക്തനും, മംഗളക്കും, പങ്കജത്തിനും, ശാന്തചൈതന്യനും ഞാൻ തത്വോപദേശം ചെയ്യുന്നുണ്ടു്. അതു കഴിഞ്ഞു മുറപോലെ മററുള്ളവർക്കും ചെയ്യുന്നതാണു്."

എല്ലാവരും പിരിഞ്ഞു. അടുത്ത ഒൻപതു് ദിവസം പല ഉപരി തത്വങ്ങളെക്കുറിച്ചു, ഗുരുദേവൻ ഏററവും മധുരമായ രീതിയിൽ സംഭാഷണംചെയ്തു. നാനാവിധത്തിലുള്ള ചോദ്യങ്ങൾക്കും തൃപ്തികരമായ സമാധാനം നൽകി. സമാധാനങ്ങളെല്ലാം ആത്മനിലയിൽ നിന്നായിരുന്നു. ഓരോദിവസം ചെല്ലുന്തോറും എന്നെ ഉപരിമേഖലകളിലേക്കു അതിവേഗത്തിൽ പ്രവേശിപ്പിക്കയും, എൻെറ ജിജ്ഞാസക്കു കൂടുതൽ തീവ്രത ഉണ്ടാക്കുകയും ചെയ്തു.

## XXXV

പത്താം ദിവസം വൈകുന്നേരം ആനന്ദലഹരിയിൽ മുഴുകിയാണു് ഞാൻ തിരുസന്നിധിയിൽ എത്തിയതു്. ഗുരുദേവൻെറ ചാരുകസാലയുടെ മുമ്പിൽ രണ്ടു പുൽപ്പായകളിലായി ഞങ്ങൾ നാലുപേരെയും ഇരുത്തി. ഞങ്ങൾ ശ്രവിച്ച തത്വോപദേശം അതിഗുഹ്യവും അനുഭവപരവും ആയിരുന്നു. അതിൻെറ അടുക്കനുസരിച്ചു എല്ലാം ഓർമ്മിച്ചെടുക്കാനോ, ഇവിടെ പ്രസ്താവിക്കാനോ സാധ്യമല്ലാ. ഏററവും ചുരുക്കത്തിൽ ചിലതെല്ലാം പറയാമെന്നേ ഉള്ളു. ഉപദേശം തുടങ്ങി

യപ്പോൾ ഗുരുദേവൻെറ ഭാവം പെട്ടെന്നു മാറി. ശാന്ത ഗംഭീരമായ മുഖത്തേക്കു നോക്കാൻ എനിക്കു ശക്തിയില്ലായിരുന്നു. കഴുത്തിനു മുകളിൽ, ശിരസ്സിനെ വലയംചെയ്തു് നക്ഷത്രപ്പൊടി കൊണ്ടുണ്ടാക്കിയ ഒരു പരിവേഷം കളിയാടുന്നതായിട്ടുകണ്ടു. ഞങ്ങൾ നാലു പേരെയും മാറിമാറി നോക്കിക്കൊണ്ടു ഇങ്ങിനെയാണു് സംസാരിച്ചതു്:—

"മനുഷ്യനു മൂന്നവസ്ഥകൾഉണ്ടു്. ജാഗ്രത്--സ്വപ്നം – ഗാഢസുഷുപ്തി. മനുഷ്യൻെറ യഥാത്ഥസ്വരൂപം എന്തെന്നറിയുന്നതിനു് ഈ മൂന്നവസ്ഥകളും സൂക്ഷ്മമായി പരിശോധിക്കണം. നൂററിനു തൊണ്ണൂററൊൻപതു് ജനങ്ങളും ജാഗ്രദവസ്ഥമാത്രം യഥാത്ഥമെന്നു കരുതി അതിലുണ്ടാകുന്ന അനുഭവങ്ങളെപ്പററിചിന്തിക്കുന്നു. മററു രണ്ടവസ്ഥകളേയും ഗണിക്കുന്നതേഇല്ലാ. ജാഗ്രത്, അനുഭവങ്ങളുടെ മൂന്നിലൊന്നു മാത്രമാണു് അതിനെമാത്രം പരിശോധിച്ചതുകൊണ്ടു പരമാത്ഥം അറികയില്ലാ"

ജാഗ്രദവസ്ഥയിലെ ശരീരേന്ദ്രിയങ്ങളൊ മനസ്സോ, വിഷയങ്ങളൊ, സ്വപ്നാവസ്ഥയിലേക്കു വരുന്നില്ലാ. സ്വപ്നാവസ്ഥയിൽ ഉണ്ടാകുന്ന ശരീരേന്ദ്രിയ മനസ്സുകളും, വിഷയങ്ങളും ജാഗ്രത്തിൽ ഇല്ലെന്നു തീർച്ചതന്നെ. ഈ രണ്ടവസ്ഥകളിലും ഉള്ളവ ഗാഢ സുഷുപ്തിയിൽ ഇല്ലേ, ഇല്ല. അവിടെ വിഷയങ്ങളെ ഇല്ലാ. സുഖവും, ബോധവും മാത്രം.

"ശരീരേന്ദ്രിയ മനസ്സുകൾ എന്നോടുകൂടി എല്ലാ അവസ്ഥകളിലും ഇല്ലാത്തതുകൊണ്ടു അവ ഞാനാകാൻ തരമില്ലാ. എന്നാൽ എല്ലാ അവസ്ഥകളിലും "ഞാൻ"

ഉണ്ടെന്നുള്ളതു എല്ലാവർക്കും അനുഭവമാണു്. എന്നോടുകൂടി അഭിന്നമായിട്ടു ബോധവും ആനന്ദവും ഉണ്ടു്. ആനന്ദം എന്നാൽ സന്തോഷമല്ലാ. സർവ്വവികാരങ്ങൾക്കും പശ്ചാത്തലമായിട്ടു നില്ക്കുന്ന ശാന്തിയാണു്."

"ഗാഢസുഷുപ്തിയിൽ മനസ്സില്ലാത്തതു കൊണ്ടു ദ്വൈതമില്ലാ. ഞാനും, ബോധവും ശാന്തിയും അവിടെ ഉണ്ടെന്നു പറയാമെങ്കിലും ദ്വൈതമില്ലാത്തതു കൊണ്ടു ഇവയെ മൂന്നായിട്ടു ഗണിക്കാൻ പാടില്ലാ. ബോധവും ശാന്തിയും എൻെറ സ്വരൂപമാണു്. സ്വരൂപം ഒന്നേ ആകാൻ തരമുള്ളൂ. അതുകൊണ്ടു ഞാൻ സച്ചിദാനന്ദസ്വരൂപനാണു്. സത്തു് എന്നാൽ ഉള്ളതെന്നും മാററമില്ലാത്തതെന്നും, ധരിക്കണം"

„സർവ്വത്തെയും„ "അറിയപ്പെടുന്നവയും" "അറിയുന്നവനും" എന്നു രണ്ടായിട്ടുതിരിക്കാം. ശരീരേന്ദ്രിമനസ്സുകൾ ഒഴിച്ചു ബാക്കിയെല്ലാം അറിയപ്പെടുന്നവയെന്നു എളുപ്പത്തിൽ ഏവനും ധരിക്കും. വാസ്തവത്തിൽ ശരീരേന്ദ്രിയ മനസ്സുകളും അറിയപ്പെടുന്നവ അല്ലേ? ശരീരത്തെയും അതിൻെറ നിലകളെയും ഇന്ദ്രിയങ്ങളുടെ നിലകളേയും ഞാൻ അറിയുന്നുണ്ടു്. വിചാരവികാരങ്ങളെയും ഞാൻഅറിയുന്നു. അതുകൊണ്ടു ശരീരേന്ദ്രിയ മനസ്സുകളും അറിയപ്പെടുന്നയാണു്. ഞാൻ "അറിയുന്നവൻ" എന്നു പറയുന്നേടത്തെ "അവൻ" എന്ന പദത്തിനു അർത്ഥമില്ലാ. ശരീരത്തെ ഊന്നിയാണു് "അവനും" "അവളും". ശരീരത്തിനു അതീതമായി ഞാൻ നില്ക്കുമ്പോൾ ഞാൻ"അവനല്ലാ" അറിവാണു്. നിർവ്വിഷയ ബോധമാണു്. ശുദ്ധബോധമാണു്"

"ഞാൻ വൃത്തികൾക്ക സാക്ഷിയാണു്. സാക്ഷിക്കബന്ധമില്ലാ. സാക്ഷിനിലയിൽ ഉറച്ചാൽ മുക്തനായി"

"ശുദ്ധബോധമായ ഞാനാണു് വിഷയങ്ങളായിട്ടു പ്രതീതമാകുന്നതു്. വെള്ളവും തിരകളും പോലെ. എല്ലാത്തിന്റെയും പശ്ചാത്തലം ഞാനാണു്. ഞാനല്ലാതെ മറെറാന്നില്ലാ"

ഇപ്രകാരമൊക്കെയായിരുന്നു തത്വോപദേശത്തിന്റെ ഒരു പോക്ക. ഏതാണ്ടൊക്കെ ഞാൻ പ്രാകൃതമായി പറഞ്ഞു എന്നേയുള്ളു. തത്വോപദേശം മുഴുവൻ ഇതാണെന്നു ധരിക്കരുതു്. അനവധികാര്യങ്ങളും, വിശദീകരണങ്ങളും ഉദാഹരണങ്ങളും വിട്ടുപോയിട്ടുണ്ടു്. എപ്പോഴും ഗാഢമായി ചിന്തിച്ചു അനുഭവമാക്കുന്നതിനു ഗുരുദേവൻ മൂന്നുഗംഭീര പദ്യങ്ങളുംതന്നു.

"ഓരോരൊ വിധമൊട്ടനേക സുഷിരം
കൂടും കുടത്തിൽ പ്രഭാ
പൂരോൽ ഭാസിത മായിരിക്കുമൊരു
ദീപത്തിന്നു തുല്യം സദാ
നേരോത്തീടുകിലേതു ബോധമകമേ
നിന്നും വെളിക്കിന്ദ്രിയ
ദ്വാരാ വന്നു വിഭിന്ന വൃത്തിയെ വഹി
ക്കുന്നാമഹസ്സാണു ഞാൻ—"

"ആലോചിക്കിലുറങ്ങിടുന്നളവിലും
സ്വപ്നത്തിൽ വർത്തിച്ചിടും
കാലത്തും മനതാരുണർന്നു മരു
വീടുന്നോരു നേരത്തിലും

ലോലത്വം കലരാതവസ്ഥകളിവയ്ക്കൂ
സ്സാക്ഷിയായിട്ടു ദി
ക്കാലാദ്യാ കലനാ വിഹീനാ മുദയം
ചെയ്യും മഹസ്സാണു ഞാൻ"

"ഞാൻ ദേഹമല്ല, കരണങ്ങളുമല്ല
രാഗോന്മാദം കലർന്ന മനമല്ല, മനീഷയല്ല
ഞാൻ ദേഹിയല്ലണുവുമല്ല മഹത്തുമല്ല
ഭേദങ്ങളററ പരിപാവന ബോധമത്രേ"

തത്വോപദേശം കഴിഞ്ഞപ്പോൾ ഞങ്ങൾ നാലു പേരും നമസ്കരിച്ചുകിടന്നു. അനേകായിരം മനുഷ്യർക്കു മുക്തിപ്രദാനം വഹിച്ചിട്ടുള്ള പൊന്നിൻ തൃക്കരങ്ങൾ ഞങ്ങളുടെ മൌലികളിൽ പുഷ്പസദൃശം പതിഞ്ഞു., ജ്ഞാനമുദ്ര ചാർത്തി.

## XXXVI

ഒരു കൊല്ലക്കാലം മുഴുവൻ, എല്ലാ ദിവസവും തത്വസംഭാഷണങ്ങൾ ശ്രവിക്കാൻ ഞങ്ങൾക്കെല്ലാം ഭാഗ്യമുണ്ടായി. അവിടെ വന്നുചേന്ന സുകൃതികൾക്കെല്ലാം തത്വോപദേശവും നടന്നു. ഞങ്ങളെ തത്വത്തിൻെറ നാനാവശങ്ങളിലും മാറിമാറി നിറുത്തിക്കൊണ്ടു, വിവിധ വീക്ഷണകോണങ്ങളിൽ ക്കൂടി ഞങ്ങളുടെ ദൃഷ്ടികളെ ഗുരുദേവൻ തത്വത്തിലേക്കു നയിച്ചു. കാരുണ്യനിധിയായ ഗുരുനാഥൻ അദ്ധ്യാത്മ സാമ്രാജ്യത്തിലെ ചക്രവർത്തിയും, ഞങ്ങൾ പൌരന്മാരും എന്ന നിലയിൽ കഴിഞ്ഞു. ഉപനിഷത്തുകളിലും, ശാസ്ത്രഗ്രന്ഥങ്ങളിലും അങ്ങിങ്ങായി പുതഞ്ഞു കിടക്കുന്ന അമൂല്യതത്വങ്ങൾ, ലോഭമില്ലാതെ അവി

ടന്നു ഞങ്ങൾക്കുദാനം ചെയ്തു. അവിടത്തേക്കു ഈ തത്വങ്ങൾ കിട്ടിയതു സ്വാനുഭൂതിയിൽ നിന്നുമാത്രമാണു്. ശാസ്ത്രങ്ങൾ അവിടന്നു കണ്ടിട്ടേ ഇല്ലാ. സൽഗുരുസന്നിധിയിൽ കഴിഞ്ഞു കൂടാൻ ഭാഗ്യമുണ്ടാകുക, എല്ലാസമയവും ദർശവും ശ്രവണവും സാധിക്കുക, ഗുരുവിങ്കൽനിന്നു പ്രവഹിക്കുന്ന പ്രേമ മകരന്ദം ആസ്വദിക്കുക, പീയൂഷ നിർഝരിയിൽ ആറാടിമദിക്കുക, ഇവയെക്കാൾ പരമാനന്ദപ്രദമായി ആത്മജിജ്ഞാസയുള്ള ഒരു ജീവിക്കുമറെറാന്നില്ലാ. തത്വം തെളിയാനും തത്വത്തിൽ പ്രതിഷ്ഠലഭിക്കാനും ഏററവും സഹായിക്കുന്നതു ഇതെല്ലാമാണു്.

എനിക്കു അത്ഭുതപൂർവ്വമായ ഉണർവ്വും നിർവൃതിയും ഉറപ്പും ഉണ്ടായി. എല്ലാ പ്രമാദങ്ങളും നീങ്ങി.

തത്വാനുഭൂതിയുടെ ആനന്ദം നിറഞ്ഞു തുളമ്പുന്നതു കൊണ്ടാണു് ഈ ജീവിതകഥയിൽ പലടത്തും തത്വം എടുത്തു വിളമ്പാൻ ഇടയായിട്ടുള്ളതും ഒടുവിലത്തെ അദ്ധ്യായങ്ങൾ തത്വപരമായിത്തീന്നതും. വായനക്കാർക്കു് അരോചകമായി തോന്നുമൊ എന്തോ?

സോമശേഖരനും, ഞാനും, പ്രതാപനും ധർമ്മസ്ഥാപനത്തിനായി നിശ്ചയിച്ചു വച്ചിരുന്ന സംഖ്യകൾ ഒരു ദിവസം ഗുരു തൃപ്പാദങ്ങളിൽ സമർപ്പിച്ചു. ആസംഖ്യ അവിടെ വന്നുകൂടുന്ന ജനങ്ങൾക്കു താമസിക്കാൻ വേണ്ട കെട്ടിടങ്ങളും മററു സൌകര്യങ്ങളും ഉണ്ടാക്കുന്നതിനായി വിനിയോഗിക്കണമെന്നു അവിടന്നു നിശ്ചയിച്ചു. അതിലേക്കു പ്രതാപനേയും ശങ്കരഭക്തനേയും ഒരു അമേരിക്കൻ ശിഷ്യനെയും

ച്ചുമതലപ്പെടുത്തി. ആ അവസരത്തിലും ഗുരുദേവൻ സാരമായ ഒരുതത്വം വെളിപ്പെടുത്തി.

ഗുരു:- വലുതായ ഒരു സംഭാവന കൊടുക്കുന്നതു് പൂർണ്ണമായ ത്യാഗമാണെന്നു അഭിമാനിക്കരുതു്. ഒരു വിധത്തിൽ ആ പ്രവൃത്തി അഹന്തയെ ചെറുതാക്കുന്നെങ്കിൽ മറെറാരു വശത്തുകൂടി വളരെ വലുതാക്കുന്നുമുണ്ടു്. ഒരാൾ പ്രപഞ്ചം മുഴുവനുമെടുത്തു സംഭാവന ചെയ്താലും അതു സമ്പൂർണ്ണ ത്യാഗമാകയില്ലാ. യഥാർത്ഥത്യാഗം എന്താണെന്നു നിങ്ങൾ അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാണു്. സ്വരൂപത്തിൽനിന്നു വിഭിന്നമായ ശരീരേന്ദ്രിയ മനസ്സുകൾകൂടി വിഷയ കോടിയിൽ സന്ത്യജിച്ചു സ്വതന്ത്രനായി നിൽക്കുന്നതാണു് യഥാർത്ഥമായ ത്യാഗം. ത്യാഗമെന്നു ലോകം കരുതിപ്പോരുന്ന മറേറതും അപൂർണ്ണ ത്യാഗമെ ആകയൊള്ളു.

ഗുരുദേവൻ ഒരിക്കൽ ഉപദേശിച്ചു തന്ന ഒരു പ്രധാന തത്വം പറയാൻ ഞാൻ വിട്ടുപോയി. ഇവിടെ അതു പ്രസ്താവിക്കുന്നതു അസംഗതമാകയില്ലാ. അവിടത്തെ വാക്കുകളായിട്ടു പറയാം.

"ആത്മീയ വളർച്ചയിൽ ചില പ്രധാന നിലകൾ അതായതു മേഖലകൾ ഉണ്ടു്. അവ നല്ലവണ്ണം മനസ്സിലാക്കി നിങ്ങളുടെ അന്തർദ്ദൃഷ്ടിക്കു മുമ്പാകെ സദാ നിറുത്തിക്കൊള്ളണം. സ്ഥൂലമായ ഒരു ദൃഷ്ടാന്തത്തിൽകൂടി ആ നിലകൾ തെളിച്ചുതരാം.

"വിസ്തൃതമായ പാറക്കല്ലിൽ ഒരു മനുഷ്യരൂപം കൊത്തിയിട്ടുണ്ടെന്നു വിചാരിക്കുക. കണ്ണും, മൂക്കും, ചെവിയും, മറെറല്ലാ അവയവങ്ങളും സജീവമെന്ന

പോലെ കൊത്തിയിട്ടുണ്ടു്. സാധാരണ മനുഷ്യൻ പാറ കാണാതെ ആ രൂപത്തിൻെറ മനോഹാരിതയിൽ മാത്രം ലയിച്ചുപോകുന്നു. "കണ്ണും, മൂക്കും, കൈവിരലുകളും മററും എന്തു ഭംഗിയുള്ളവ. നല്ല സൌന്ദര്യം" എന്നൊക്കെ പ്രശംസിക്കുന്നു. പ്രപഞ്ചത്തോടുള്ള ഒരു പാമരൻെറ ദൃഷ്ടി ഇതാണു്. പ്രപഞ്ചവിഷയങ്ങളല്ലാതെ മറെറാന്നും അയാളുടെ ശ്രദ്ധയിൽ പെടുന്നില്ലാ. ആത്മജിജ്ഞാസ അല്പംപോലും അങ്കുരിച്ചിട്ടില്ലാ. ഇതു ആദ്യനില."

"രൂപം കണ്ടു മനം മയങ്ങിയ മനുഷ്യൻ അല്പം വളൎന്നപ്പോൾ, കൂടുതൽ നിരീക്ഷണശക്തിയുണ്ടാകുന്നു. ആത്മജിജ്ഞാസ അങ്കുരിക്കുന്നു. അയാളുടെ ശ്രദ്ധ രൂപഭംഗിക്കു ആധാരമായി നില്ക്കുന്ന കല്ലിൽകൂടി പതിയുന്നു. "രൂപത്തിനു ആധാരമായി നില്ക്കുന്നതു് കല്ലാണെന്നു ഇപ്പോൾ മനസ്സിലായി" എന്നു പറയുന്നു. ആത്മജിജ്ഞാസ അങ്കുരിച്ചപ്പോൾ പ്രപഞ്ചത്തിനു ആ ധാ ര മാ യി ഒരു ശക്തിവിശേഷം, അല്ലെങ്കിൽ ഈശ്വരൻ ഉണ്ടെന്നു തോന്നിത്തുടങ്ങുന്നു. അപ്പോൾ പ്രപഞ്ചവും, ഈശ്വരനും എന്നായി. ഇതു ദ്വൈതിയുടെ നിലയാണു്."

"രൂപം നോക്കുന്ന മനുഷ്യൻ കല്ലിനോടു ഒന്നുകൂടി അടുക്കുന്നു. രൂപം കല്ലിൽ മാത്രമാണു് സ്ഥിതി ചെയ്യുന്നതെന്നു കാണുന്നു. അതായതു് പ്രപഞ്ചം ഈശ്വരനിൽ മാത്രമാണു് സ്ഥിതിചെയ്യുന്നതെന്നും, പ്രപഞ്ചത്തിനു ആധാരം ഈശ്വരൻ മാത്രമാണെന്നും. ആത്മജിജ്ഞാസു ബോധിക്കുന്ന നില. ഈ നിലയിൽ രൂപത്തെക്കാൾ പ്രാധാന്യം കല്ലിനു കൊടുത്തു. പ്രപ

 A:3371

ഞ്ചത്തേക്കാൾ മാഹാത്മ്യം ഈശ്വരന്നു നൾകി. ഇതു മൂന്നാമത്തെ നില".

രൂപത്തിൻെറ എല്ലാ ഭാഗങ്ങളിലും കല്ല് പ്രവേശിക്കുന്നുണ്ടെന്നു കാണുന്നു. "കണ്ണും, മൂക്കും, കാൽവിരലുകളും എല്ലാം കല്ലു തന്നെ" എന്നറിയുന്നു. ഈശ്വരൻ പ്രപഞ്ചത്തിൽ സർവ്വവ്യാപിയാണെന്നുള്ള നില. എള്ളിൽ എണ്ണപോലെ. "ഈശാവാസ്യമിദം സർവ്വം" എന്നെല്ലാം ഉപനിഷത്തു ഘോഷിക്കുന്നുണ്ടല്ലൊ. ഇതു നാലാമത്തെ നില-വിശിഷ്ടാദ്വൈതിയുടെ നില"

"പിന്നീടു രൂപം കല്ലല്ലാതെ മറെറാന്നുമല്ലെന്നു കാണുന്നു. കണ്ണും, മൂക്കും, കൈകളും എല്ലാം കല്ലു തന്നെ. രൂപം കല്ലിലുള്ള പ്രതീതിയാണ്. രൂപവും നാമവും കല്ലിന്മേലുള്ള വെറും ആരോപണങ്ങൾ മാത്രം. പ്രപഞ്ചം പരമാത്ഥവസ്തുവല്ലാതെ മറെറാന്നുമല്ലാ. പ്രപഞ്ചത്തിൻെറ നിമിത്തകാരണവും, ഉപാദാനകാരണവും ആത്മവസ്തുതന്നെ. പ്രപഞ്ചവും അതിൻെറ നാനാത്വവും ആത്മവസ്തുവിലുള്ള പ്രതീതികൾ. നാമരൂപങ്ങൾ ആത്മവസ്തുവിന്മേലുള്ള ആരോപണങ്ങൾ. രൂപം തീരെ അപ്രധാനമായി. രൂപത്തിന്നു സ്വാതന്ത്ര്യസത്ത ഇല്ലെന്നായി. കല്ല് പ്രധാനമായി. പ്രപഞ്ചത്തിന്നു സ്വാതന്ത്ര്യസത്ത ഇല്ലെന്നായി. അറിയപ്പെടുന്നതെല്ലാം വെറും തോന്നലുകളായി. ആത്മവസ്തു മാത്രമെ ഉള്ളു. എന്ന നിലയായി. ഇതു അഞ്ചാമത്തെ നില-അദ്വൈതനില".

"ഇനി ആറാമതായി ഒരു നിലകൂടി പറയാം. അഞ്ചാമത്തെ നില പരിപൂർണ്ണമായ ജ്ഞാനനിലത

ന്നെ. ആറാമത്തെ നിലയിൽ രൂപപ്രതീതിയെല്ലാം. കല്ലുമാത്രം. കല്ലുമാത്രമെന്നു അറിയുന്നവനുമില്ലാ. അതായതു വിഷയപ്രതീതി നിശ്ശേഷമില്ലാ. സച്ചിദാനന്ദംമാത്രം. ആത്മവസ്തുമാത്രം. ദ്രഷ്ടാവുമില്ലാ. ഈ ഉപരിനിലയിൽ സ്ഥിതി ചെയ്യുന്നതിനെ സ്ഥിരപ്രജ്ഞന്റെ നിലയെന്നും, ബ്രഹ്മവരിഷ്ടന്റെ നിലയെന്നും ഉപരിശാസ്ത്രങ്ങൾ പറയുന്നു. സഹജസമാധി സ്ഥിതിയാണു്. ശ്രീശുകനു ഈ നിലയായിരുന്നു"

ഇത്രയും പറഞ്ഞപ്പോൾ ഗുരുദേവന്റെ ഭാവമെല്ലാം മാറി. പറഞ്ഞു നിറുത്തിയ അത്യുപരി നിലയായിരിക്കണം അവിടെ പ്രകാശിച്ചതു്.

അതിൽ നിന്നും നിവത്തിച്ചശേഷം ഗുരുദേവൻ വീണ്ടും ഊന്നിപ്പറഞ്ഞു. "ഞാൻ ചൂണ്ടിയ നിലകൾ നല്ലവണ്ണം ബോധിച്ചുകൊള്ളണം. ഒന്നുകൂടി എടുത്തു പറയാം:—

"രൂപം മാത്രം—രൂപവും കല്ലും—കല്ലിൽരൂപം—രൂപത്തിൽ കല്ലു്—കല്ലല്ലാതെ രൂപമില്ലാ—കല്ലു്മാത്രം"

പ്രപഞ്ചവിഷയങ്ങൾ മാത്രം—പ്രപഞ്ചവും ഈശ്വരനും— ഈശ്വരനിൽ പ്രപഞ്ചം—പ്രപഞ്ചത്തിൽ ഈശ്വരൻ – ഈശ്വരൻ മാത്രം അതായതു ആത്മവസ്തുമാത്രം"

## XXXVII

ഒരുകൊല്ലം കഴിഞ്ഞപ്പോൾ ഞാനും, മംഗളവുംഗുരുതൃപ്പാദങ്ങളോടു വിടവാങ്ങി മധുരക്കു പോന്നു. പിരിഞ്ഞ അവസരത്തിൽ ഗുരുദേവൻ പറഞ്ഞു "ചേററിലെ ചെന്താമര, വിണ്ണിലെ പൊൻതാമരയായി. താമര അല്ലാതായി. താമരയെ ആയിരുന്നില്ലെന്നു ബോധിച്ചു."

അധികം താമസിയാതെ, വരദൻെറ ആലോചനയോടുകൂടി, ബ്രഹ്മാനന്ദസ്വാമികളുടെ ആശ്രമത്തിനു സമീപം, സമുദ്രതീരത്തായി ഒരു ചെറിയസ്ഥലം വാങ്ങി. മൂന്നുമുറികളും, ഒരു വരാന്തയും മാത്രമടങ്ങിയ ഒരു ചെറിയ കെട്ടിടം അവിടെ പണിയിച്ചു. ഞാനും മംഗളവും അതിൽ വാസമാരംഭിച്ചു. ആ സ്ഥലത്തു മുമ്പിനാലെ നിന്നിരുന്ന വന്മരങ്ങളുടെ ഛായാതലങ്ങൾ ശീതളമായിരുന്നു. വർണ്ണശബളമായ സുരഭിലകുസുമങ്ങൾ പ്രസവിക്കുന്ന ചെടികളും ലതകളും അവിടെ നട്ടുപിടിപ്പിച്ചു. മുമ്പിൽ സദാ കണ്ടുകൊണ്ടിരുന്ന അജ്ഞാതഗഹനമായ നീലരത്നാകരപരപ്പും, അതിൽ പ്രതിബിംബിച്ച സൂര്യാസ്തമനങ്ങളും, ചന്ദ്രികാചർച്ചിതമായ നിശകളിൽ പൊങ്ങിത്തിളങ്ങിയ വെള്ളിത്തിരകളും, നീലാകാശച്ചുരുവിലെ വർണ്ണവൈവിധ്യങ്ങളും ജലശീകരവാഹിയായി സന്തതം പ്രവഹിച്ച മന്ദമാരുതനും ചേതസ്സമാകർഷകമായിരുന്നു.

സൽഗുരുഭഗവാൻ എനിക്കു കല്പിച്ചുതന്ന ദീക്ഷാനാമം "തേജോമയി" എന്നും, മംഗളത്തിനു കൊടുത്തതു "പ്രേമമയി" എന്നും ആണ്. എല്ലാ ദിവസവും ഗുരുദർശനം നടത്തി. തിരുമുഖത്തു നിന്നു നിർഗ്ഗളിച്ച തത്വപ്രഭാഷണങ്ങളും ശ്രവിച്ചു. ഗുരുകൃപയാൽ ശാന്തിയിൽ നിന്നു വ്യതിചലനം ഉണ്ടായില്ലാ.

"ഗുരുർബ്രഹ്മാ ഗുരുർവ്വിഷ്ണു
ഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുരേവ പരം ബ്രഹ്മ
തസ്മൈ ശ്രീഗുരവേനമഃ"

240340

# ദേവററിലെ പെണ്ണുങ്ങൾ

(നോവൽ)

പി. ഗോപാലപിള്ള